سُورَةُ التَّوْبَةِ مَدَنِيَّةٌ (١١٣) (٩)

9. സൂറത്തു-ത്തൗബഃ

മദീനായിൽ അവതരിച്ചത് — വചനങ്ങൾ 129 — വിഭാഗം (റുകൂഉ്) 16

ഈ സൂറത്തിൽ പലരുടെയും തൗബഃയെ (പശ്ചാത്താപത്തെ) ക്കുറിച്ചു പ്രസ്താവിക്കുന്നതിൽ നിന്നാണു ഇതിനു സൂറത്തുത്തൗബഃ എന്നു പേർ വന്നത്. സൂറത്തുൽ 'ബറാ അത്ത്' എന്നും പേരുണ്ട്. ആരംഭ വചനത്തിന്റെ തുടക്കം 'ബറാഅത്തു' (براءة) എന്ന വാക്കാണല്ലോ. ഉള്ളടക്കത്തിന്റെ ചില പ്രത്യേക വശങ്ങളെ സൂചിപ്പിച്ചുകൊണ്ടു വേറെയും പേരുകൾ ഇതിനു പറയപ്പെട്ടിട്ടുണ്ട്. സൂറത്തു മുഴുവനും അല്ലെങ്കിൽ മിക്കഭാഗവും ഹിജ്ര ഒമ്പതാം കൊല്ലത്തിൽ തബൂക്കു യുദ്ധകാലത്തും അതിനുശേഷവുമായി അവതരിച്ചതാകുന്നു. ആദ്യത്തിലെ ഏതാനും വചനങ്ങൾ തിരുമേനി യുദ്ധം കഴിഞ്ഞു മടങ്ങുമ്പോഴാണു അവതരിച്ചതെന്നു പലരും പറയുന്നു. താഴെ വിവരിക്കുന്ന പ്രകാരം, ആ വചനങ്ങളിലടങ്ങിയ കൽപനകൾ വിളംബരപ്പെടുത്തുവാൻ മക്കായിലേക്കു തിരുമേനി ആളെ അയക്കുകയും ചെയ്തിരുന്നു.

എല്ലാ സൂറത്തുകളുടെയും ആരംഭത്തിലുള്ളതുപോലെ ഈ സൂറത്തിന്റെ ആരംഭത്തിൽ, സഹാബികളോ ശേഷമുള്ളവരോ ആരും തന്നെ അവരുടെ മുസ്ഹഫുകളിൽ 'ബിസ്മി' (البسملة) എഴുതി വന്നിട്ടില്ല. ഇതിനു ചില കാരണങ്ങൾ പറയപ്പെടുന്നു. മററുള്ളവയെപ്പോലെ ഈ സൂറത്തിൽ ബിസ്മി അവതരിച്ചിട്ടില്ല എന്നതാണ് കൂടുതൽ ശരിയായ അഭിപ്രായം. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിക്കുന്നതാണു ബിസ്മി. ഈ സൂറത്തിലെ പ്രതിപാദ്യവിഷയങ്ങൾ പ്രധാനമായും മുശ്രിക്കുകളുമായുള്ള കർശന നടപടികളെ സംബന്ധിക്കുന്നവയുമാകുന്നു. അതുകൊണ്ടാണ് ഇതിൽ ബിസ്മി അവതരിക്കാതിരിക്കുവാൻ കാരണമെന്നു ചിലർ പറയുന്നു. വേറെയും അഭിപ്രായങ്ങൾ കാണാവുന്നതാണ്. والله اعلم

1. (ഇതു) അല്ലാഹുവിൽ നിന്നും, അവന്റെ റസൂലിൽ നിന്നുമുള്ള ഒരു (ബാധ്യത) ഒഴിവാകലാണ് [ഒഴിവായിക്കൊണ്ടുള്ള പ്രഖ്യാപനമാണ്]; മുശ്രിക്കു [ബഹുദൈവ വിശ്വാസി] കളിൽ നിന്ന് നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരോട്.

١- بَرَآءَةٌ مِّنَ اللّٰهِ وَرَسُوْلِهٖٓ
اِلَى الَّذِيْنَ عَاهَدْتُّمْ
مِّنَ الْمُشْرِكِيْنَ ۝

2. ആകയാൽ, (ഹേ, മുശ്‌രിക്കുകളേ,) നിങ്ങൾ നാലു മാസം ഭൂമിയിൽ (യഥേഷ്ടം) സഞ്ചരിച്ചുകൊള്ളുവിൻ. നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങൾ അല്ലാഹുവിനെ (തോൽപിച്ച്) അശക്തമാക്കുന്നവരല്ലെന്നും, അല്ലാഹു അവിശ്വാസികളെ അപമാനപ്പെടുത്തുന്നവനാണെന്നും.

٢- فَسِيحُوا فِي الْأَرْضِ أَرْبَعَةَ أَشْهُرٍ وَاعْلَمُوا أَنَّكُمْ غَيْرُ مُعْجِزِي اللَّهِ ۙ وَأَنَّ اللَّهَ مُخْزِي الْكَافِرِينَ ○

---

1. براءة ഒരു ഒഴിവാണു, ഒഴിവു പ്രഖ്യാപനമാകുന്നു من الله അല്ലാഹുവിൽനിന്നു ورسوله അവൻെറ റസൂലിൽനിന്നും الى الذين عاهدتم യാതൊരുവരിലേക്കു, യാതൊരു കൂട്ടരോടു നിങ്ങൾ കരാർ (ഉടമ്പടി) ചെയ്തവരോടു من المشركين മുശ്‌രിക്കുകളിൽനിന്നു. 2. فسيحوا അതിനാൽ (എനി) നിങ്ങൾ സഞ്ചരിക്കുവിൻ فى الارض ഭൂമിയിൽ اربعة നാലു اشهر മാസങ്ങൾ واعلوا അറിയുകയും ചെയ്യുവിൻ انكم നിങ്ങൾ (ആകുന്നു) എന്നു غير അല്ലാത്ത(വർ) معجزى കഴിയാതാക്കുന്നവർ അശക്തമാക്കുന്നവർ (ആകുന്നു) الله അല്ലാഹുവിനെ وأن الله അല്ലാഹു (ആകുന്നു) എന്നും مخزى അപമാനിക്കുന്നവൻ, നിന്ദിക്കുന്നവൻ الكافرين അവിശ്വാസികളെ.

നബി (സ)യും സത്യവിശ്വാസികളും മക്കാ മുശ്‌രിക്കുകളുടെ മർദ്ദനംകൊണ്ട് വളരെക്കാലം പൊറുതിമുട്ടി അവസാനം മദീനയിലേക്കു ഹിജ്ര പോയി. എന്നിട്ടും അവരുടെ അക്രമങ്ങളും ആക്രമണങ്ങളും നിലച്ചില്ല തക്കംകിട്ടുമ്പോഴൊക്കെ അവരതു നടത്തിക്കൊണ്ടു തന്നെയിരുന്നു. ഭാഗങ്ങനെ ബദ്ർ, ഉഹ്ദ്, ഖൻദ്ഖ് മുതലായ യുദ്ധങ്ങളുണ്ടായി. മദീനായിലെ യഹൂദികളെക്കൊണ്ടുള്ള ശല്യം ഇതിനു പുറമെയും, അവരുമായി നബി (സ) സന്ധികൾ നടത്തിയെങ്കിലും അതെല്ലാം ലംഘിക്കുകയും. മുശ്‌രിക്കുകൾക്കു പിന്തുണ നൽകിക്കൊണ്ടു മുസ്‌ലിംകളെ കൂടുതൽ അലട്ടുകയുമാണവർ ചെയ്തത്. ഹിജ്ര 6—ാം കൊല്ലത്തിൽ മുശ്‌രിക്കുകളുമായി പ്രസിദ്ധമായ ഹുദൈബിയാ സന്ധി നടന്നു. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം മുസ്‌ലീംകളുടെ ഭാഗത്തുനിന്നു വിട്ടുവീഴ്ചകൾ അടങ്ങിയതായിരുന്നു പത്തുകൊല്ലക്കാലം അവധിവെച്ചുകൊണ്ടുള്ള ആ സന്ധി. അവധിക്കുമുമ്പേ തന്നെ മുശ്‌രിക്കുകളിൽനിന്നു സന്ധിലംഘനമുണ്ടായി. അതിനെ തുടർന്നു ഹിജ്ര 8—ാംകൊല്ലത്തിൽ മക്കാ വിജയത്തിനു ആ സന്ധി വഴി തെളിയിച്ചു. അതോടുകൂടി മുശ്‌രിക്കുകളുടെ കേന്ദ്ര ആസ്ഥാനം (മക്ക) ഇസ്‌ലാമിൻെറ അധീനത്തിൽ വന്നു. എങ്കിലും ചുററുപുറങ്ങളിലുള്ള മുശ്‌രിക്കുകൾ ഇപ്പോഴും തക്കംപാർത്തും, ഉപയോഗപ്പെടുത്തിയും കൊണ്ടിരിക്കുകയാണ്. നബി (സ)യും സഹാബികളും തബൂക്കു യുദ്ധത്തിനു മദീനാ വിട്ടുപോയിരുന്ന അവസരത്തിൽ ഇവരുടെ ഭീഷണികളും കരാറു ലംഘനങ്ങളും കൂടുതൽ പ്രകടമായി. അതു ഉപയോഗപ്പെടുത്തിക്കൊണ്ട് മദീനയിലെ കപട വിശ്വാസികൾ നാട്ടിൽ വലിയ ഭീതി ഉളവാക്കുകയും ചെയ്തു. അങ്ങനെ, കരാറു വ്യവസ്ഥകൾക്കുംസന്ധി നിശ്ചയങ്ങൾക്കും മുശ്‌രിക്കുകളുടെ പക്കൽ വിലയില്ലെന്നും, വഞ്ചനക്കും ലംഘനത്തിനും കിട്ടുന്ന പഴുതുകളെല്ലാം അവർ ഉപയോഗപ്പെടുത്തുമെന്നും അനുഭവങ്ങൾ തെളിയിച്ചു. ചുരുക്കത്തിൽ, അവർക്കിടയിൽ സമാധാനപൂർവ്വംജീവിക്കുവാനും, സന്ധി നടത്തി അടങ്ങിയിരിക്കുവാനും സാദ്ധ്യമല്ലാതായി. ഇങ്ങിനെയുള്ള ചുററുപാടിലാണു ഈ വചനങ്ങളും തുടർന്നുള്ള ഏതാനും വചനങ്ങളും അവതരിക്കുന്നത്.

മുശ്‌രിക്കുകളോടുള്ള പരസ്യമായ ഒരു വിളംബരമായിക്കൊണ്ടാണ് ഈ വചനങ്ങളും തുടർന്നുള്ള കുറേവചനങ്ങളും നിലകൊള്ളുന്നത്. വിളംബരം അല്ലാഹുവിങ്കൽനിന്നുള്ളതാണെങ്കിലും അതു നടപ്പിൽ വരുത്തുന്നതു നബി (സ) മുഖാന്തരമാണല്ലോ. അതുകൊണ്ടാണു അല്ലാഹുവിൽനിന്നും അവൻെറ റസൂലിൽ നിന്നുമുള്ള ബാധ്യത ഒഴിവാകൽ (براءة من الله ورسوله) എന്നു ആദ്യത്തെ വചനത്തിലും, അല്ലാഹുവിൽനിന്നും അവൻെറ റസൂലിൽനിന്നുമുള്ള അറിയിപ്പു (اذان من الله ورسوله) എന്നു അടുത്തവചനത്തിലും അതിന്നു ശീർഷകം നൽകിയിരിക്കുന്നതു. അക്കാലത്തു അറേബ്യമുഴുവനും പരസ്യപ്പെടുത്തേണ്ടതുള്ള വല്ല കാര്യവും വിളംബരപ്പെടുത്തുവാൻ ഹജ്ജു സമയത്തെപ്പോലെ ഉതകുന്ന മറെറാരവസരവും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണു അടുത്ത വചനത്തിൽ കാണുന്ന പ്രകാരം ഈ വിളംബരം ഹജ്ജു ദിവസം പ്രഖ്യാപനം ചെയ്‌വാൻ ആജ്ഞാപിച്ചിരിക്കുന്നതു. ഈ പ്രഖ്യാപനത്തെ സംബന്ധിക്കുന്ന ഹദീസുകളും രിവായത്തുകളും പലതും കാണാം. അവയുടെ രത്നചുരുക്കം ഇപ്രകാരമാകുന്നു:

ഹിജ്ര 9-ാം കൊല്ലത്തിൽ, തബൂക്ക് യുദ്ധം കഴിഞ്ഞു വന്നശേഷം, നബി (സ) ഹജ്ജിനു മക്കയിലേക്കു പോകുവാൻ ആഗ്രഹിച്ചു. പക്ഷെ, മുശ്രിക്കുകളും ഹജ്ജിൽ പങ്കെടുക്കുമായിരുന്നതുകൊണ്ടു തിരുമേനി പോകാതിരിക്കുകയാണുണ്ടായത്. അക്കൊല്ലം ഹജ്ജിന്റെ അമീറായി (നേതാവായി) നബി (സ) അബൂബക്കർ സിദ്ദീഖ് (റ) നെ അയച്ചു. നൂറുകണക്കിൽ മുസ്ലിംകളും അദ്ദേഹമൊന്നിച്ചു പോയിരുന്നു. അബൂബക്കർ (റ) പുറപ്പെട്ടുപോയിക്കഴിഞ്ഞശേഷം ഈ വചനങ്ങളെ ഹജ്ജിൽ വിളംബരപ്പെടുത്തുവാൻ പിന്നാലെ അലി (റ) യെയും നബി (സ) അയക്കുകയുണ്ടായി. എനിക്കുവേണ്ടി വിളംബരം നടത്തുന്ന ആൾ എന്റെ കുടുംബത്തിൽ ഒരാളായിരിക്കണമെന്നു പറഞ്ഞുകൊണ്ടാണു നബി (സ) അദ്ദേഹത്തെ അയച്ചത്. (*) അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, മററു ചിലരും കൂടി അക്കൊല്ലത്തെ ഹജ്ജ് മഹാ സമ്മേളനത്തിൽ വെച്ച് ദുൽഹജ്ജ് മാസം പത്തിന് ഈ സൂറത്തിന്റെ ആദ്യം മുതൽക്കുള്ള ഏതാനും വചനങ്ങൾ (മുപ്പതോ നാൽപതോ വചനങ്ങൾ) വിളംബരം ചെയ്തു. അതോടൊപ്പം തന്നെ, അടുത്തകൊല്ലം മുതൽ മുശ്രിക്കുകളാരും കഅ്ബത്തിങ്കൽ ഹജ്ജിനു വരരുതെന്നും, മേലിൽ ആരും നഗ്നരായി 'ത്വവാഫ്' (കഅ്ബഃ പ്രദക്ഷിണം) ചെയ്യരുതെന്നും പ്രഖ്യാപിക്കുകയുണ്ടായി. നേരത്തെത്തന്നെ ഈ രണ്ടു കാര്യങ്ങളും ഹജ്ജിൽ പ്രഖ്യാപനം ചെയ്വാൻ അബൂബക്കർ (റ) ഏൽപിക്കപ്പെട്ടിരുന്നുവെന്നും, അലി (റ) യുടെ വിളംബരത്തിലും ഇത് രണ്ടും ഉൾപ്പെട്ടിരുന്നുവെന്നും താഴെ ഉദ്ധരിക്കുന്ന അബൂഹുറൈറ (റ) യുടെ ഹദീസിൽ നിന്നും വ്യക്തമാകുന്നു.

ഈ വചനങ്ങളിലടങ്ങിയ ആശയങ്ങളെ വിവരിക്കുന്ന മദ്ധ്യെ ഇബ്നു കഥീർ (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'ഈ വചനത്തി (ന്റെ വ്യാഖ്യാനത്തി) ൽ വ്യാഖ്യാതാക്കൾക്കു വളരെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഒരു വിഭാഗം ആളുകൾ പറയുന്നു: കാലാവധി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തവരെയോ, നാലുമാസക്കാലത്തിനു താഴെ അവധി നിശ്ചയിക്കപ്പെട്ടവരെയോ സംബന്ധിച്ചാണു ഈ വചനം. അവർക്കു നാലുമാസം വരെ അവധി നൽകപ്പെടുന്നതാണ്. അവധി നിർണ്ണയിച്ചുകൊണ്ടുള്ള കരാറുകാർക്കു അവരുടെ അവധികാലം തീരുന്നതുവരെയും അവധി നൽകപ്പെടും. അവർക്കു അവരുടെ അവധി പൂർത്തിയാക്കിക്കൊടുക്കണമെന്നു (നാലാം വചനത്തിൽ) പറയുന്നുണ്ടല്ലോ. ഇപ്രകാരം ഹദീസിലും വന്നിരിക്കുന്നു. ഇതാണ് ആ അഭിപ്രായങ്ങളിൽവെച്ചു ഏററവും നല്ല അഭിപ്രായം. ഇബ്നു ജരീറും (റ) ഇതാണു നല്ലതായി അഭിപ്രായപ്പെട്ടിരിക്കുന്നത്. വേറെ പലരിൽ നിന്നും ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.'

രണ്ടാമത്തെ ആയത്തിന്റെ അവസാനഭാഗം മുശ്രിക്കുകൾക്കുള്ള താക്കീതാണെന്നു പറയേണ്ടതില്ല. ഈ പ്രഖ്യാപനം കഴിഞ്ഞതു മുതൽക്കു തന്നെ ആ താക്കീതിന്റെ ഫലം അവർ അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്.

٣- وَأَذَانٌ مِّنَ اللَّهِ وَرَسُولِهِ إِلَى النَّاسِ يَوْمَ الْحَجِّ الْأَكْبَرِ أَنَّ اللَّهَ بَرِيءٌ مِّنَ الْمُشْرِكِينَ وَرَسُولُهُ ۚ فَإِن تُبْتُمْ فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَوَلَّيْتُمْ فَاعْلَمُوا أَنَّكُمْ غَيْرُ مُعْجِزِي اللَّهِ ۗ وَبَشِّرِ الَّذِينَ كَفَرُوا بِعَذَابٍ أَلِيمٍ

3. അല്ലാഹുവിൽനിന്നും, അവന്റെ റസൂലിൽനിന്നുമുള്ള ഒരു അറിയിപ്പുമാകുന്നു. മഹത്തായ ഹജ്ജിന്റെ ദിവസത്തിൽ മനുഷ്യരോടു (പൊതുവിൽ). അല്ലാഹുവും അവന്റെ റസൂലും മുശ്രിക്കുകളിൽനിന്നു (ബാദ്ധ്യത) ഒഴിവായവരാണെന്നു. എന്നാൽ, (മുശ്രിക്കുകളേ) നിങ്ങൾ പശ്ചാത്തപിച്ചാൽ, അതു നിങ്ങൾക്കു ഉത്തമമായിരിക്കും; നിങ്ങൾ തിരിഞ്ഞു കളഞ്ഞാൽ നിങ്ങൾ അല്ലാഹുവിനെ (പരാജയപ്പെടുത്തി) അശക്തമാക്കുന്നവരല്ലെന്നു അറിഞ്ഞുകൊള്ളുവിൻ.

അവിശ്വസിച്ചവർക്കു (നബിയേ) വേദനയേറിയ ശിക്ഷയെക്കുറിച്ചു സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

(*) ഇങ്ങ[illegible]യുള്ള ഉത്തരവാദപ്പെട്ട പ്രഖ്യാപനങ്ങൾ നടത്തുവാൻ പ്രതിനിധിയെ അയക്കുമ്പോൾ, ആ പ്രതിനിധി അയാളെ ര[illegible]ന്ന ആളുടെ അടുത്ത ബന്ധുവായിരിക്കണമെന്നുള്ളതു അറബികളുടെ ഇടയിൽ അംഗീകരിക്കപ്പെട്ട ഒരു പ[illegible]യിരുന്നു.

4. (പക്ഷേ) മുശ്രിക്കുകളിൽനിന്നു നിങ്ങൾ കരാറു നടത്തിയിട്ടുള്ളവരൊഴികെ, പിന്നീടു (അതിൽ) നിങ്ങളോടു യാതൊന്നും അവർ പോരായ്മ വരുത്തിയിട്ടുമില്ല. നിങ്ങൾക്കെതിരിൽ ഒരാൾക്കും അവർ പിന്തുണ നൽകിയിട്ടുമില്ല (ഇങ്ങിനെയുള്ളവരൊഴികെ); അപ്പോൾ, അവക്കു അവരുടെ കാലം [അവധി] വരേക്കു അവരുടെ കരാറ് നിങ്ങൾ പൂർത്തിയാക്കുവിൻ.

നിശ്ചയമായും അല്ലാഹു, സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

٤- إِلَّا الَّذِينَ عَاهَدتُّم مِّنَ الْمُشْرِكِينَ
ثُمَّ لَمْ يَنقُصُوكُمْ شَيْئًا
وَلَمْ يُظَاهِرُوا عَلَيْكُمْ أَحَدًا
فَأَتِمُّوا إِلَيْهِمْ عَهْدَهُمْ إِلَىٰ مُدَّتِهِمْ ۚ
إِنَّ اللَّهَ يُحِبُّ الْمُتَّقِينَ ○

---

3. وأذان ഒരു അറിയിപ്പു (പ്രഖ്യാപനവു) മാണു من الله അല്ലാഹുവിൽ നിന്നു ورسوله അവൻെറ റസൂലിൽനിന്നും الى الناس മനുഷ്യരിലേക്കു, ജനങ്ങളോടു يوم الحج ഹജ്ജിൻെറ ദിവസം الاكبر വലിയതായ (മഹത്തായ) ان الله അല്ലാഹു (ആണു) എന്നു بريء ഒഴിവായവനാണു (എന്നു) من المشركين മുശ്രിക്കുകളിൽനിന്നു ورسوله അവൻെറ റസൂലും. فان تبتم എന്നാൽ നിങ്ങൾ പശ്ചാത്തപിക്കുന്ന പക്ഷം فهو അപ്പോൾ അതു خير لكم നിങ്ങൾക്കു ഉത്തമമാകുന്നു وان توليتم നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം فاعلموا നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ أنكم നിങ്ങൾ (ആകുന്നു) എന്നു غير معجزى അസാദ്ധ്യമാക്കാത്തവർ, അശക്തമാക്കുന്നവരല്ല (എന്നു) الله അല്ലാഹുവിനെ وبشر സന്തോഷമറിയിക്കുകയും ചെയ്യുക الذين كفروا അവിശ്വസിച്ചവരോടു بعذاب ശിക്ഷയെപ്പററി أليم വേദനപ്പെട്ട (വേദനയേറിയ)
4. الا ഒഴികെ الذين عاهدتم നിങ്ങൾ കരാർ നടത്തിയിട്ടുള്ളവർ من المشركين മുശ്രിക്കുകളിൽനിന്നു ثم പിന്നീടു لم ينقصوكم അവർ നിങ്ങൾക്കു ചുരുക്കി (നിങ്ങളോടു കുറവു വരുത്തി) യിട്ടില്ല شيئا യാതൊന്നും ولم يظاهروا അവർ പിന്തുണ നൽകിയിട്ടുമില്ല عليكم നിങ്ങൾക്കെതിരിൽ أحدا ഒരാൾക്കും فأتموا എന്നാൽ (അപ്പോൾ) പൂർത്തിയാക്കുവിൻ اليهم അവരിലേക്കു, അവരോടു عهدهم അവരുടെ കരാറു الى مدتهم അവരുടെ കാലംവരെ ان الله നിശ്ചയമായും അല്ലാഹു يحب ഇഷ്ടപ്പെടുന്നു, സ്നേഹിക്കും المتقين സൂക്ഷ്മത പാലിക്കുന്നവരെ.

يوم الحج الاكبر (മഹത്തായ ഹജ്ജിൻെറ ദിവസം) ദുൽഹജ്ജു ഒമ്പതാം ദിവസമായ അറഫാ ദിനത്തെ ഉദ്ദേശിച്ചും, പത്താം ദിവസമായ പെരുന്നാൾ ദിനത്തെ ഉദ്ദേശിച്ചും, തുടർന്നുള്ള മൂന്നു ദിവസങ്ങളായ 'അയ്യാമുത്തശ്രീഖി'നെ ഉദ്ദേശിച്ചും ഉപയോഗിക്കപ്പെടാറുണ്ട്. ചിലപ്പോൾ, ഹജ്ജു കാലത്തെ പൊതുവിൽ ഉദ്ദേശിച്ചും പറയപ്പെടും. പക്ഷേ, വിളംബരം നടത്തപ്പെട്ടതു പെരുന്നാൾ ദിവസമായിരുന്നുവെന്നു ഹദീസിനാൽ സ്ഥിരപ്പെട്ടിരിക്കകൊണ്ടു ആ ദിവസമാണിവിടെ ഉദ്ദേശ്യമെന്നു മനസ്സിലാക്കാം. ഹജ്ജിൻെറ വിശേഷണമായി الاكبر (ഏററവും വലുതായ—അഥവാ മഹത്തായ) എന്നു വിശേഷിപ്പിച്ചതിനു പലരും പല കാരണങ്ങൾ പറഞ്ഞു കാണുന്നു: ഉംറഃകർമ്മത്തെപ്പററി ചെറിയ ഹജ്ജു (الحج الاصغر) എന്നു പറയപ്പെടാറുള്ളതുകൊണ്ടു അതല്ല ഉദ്ദേശ്യമെന്നു വ്യക്തമാക്കുവാനാണെന്നും, ഹജ്ജിൻെറ പ്രധാന കർമ്മങ്ങൾ നടക്കുകയും ജനങ്ങളെല്ലാം മിനായിൽ ഒരുമിച്ചുകൂടുകയും ചെയ്യുന്നതു പെരുന്നാൾ ദിവസായതുകൊണ്ട് അതാണിവിടെ ഉദ്ദേശിച്ചതെന്നും മററുമാണ്. ഏതായാലും—ഇക്കാലത്തു ചിലർ ധരിച്ചുവശായതുപോലെ—അറഫാ ദിവസം വെള്ളിയാഴ്ചയായി വരുന്ന കൊല്ലങ്ങളിലെ ഹജ്ജിനുള്ള ഒരു പ്രത്യേക നാമമോ, വിശേഷണമോ അല്ല 'ഹജ്ജുൽ അക്ബർ (الحج الاكبر)' എന്ന വാക്ക്.

ഈ വചനങ്ങളിലടങ്ങിയ പ്രഖ്യാപനങ്ങളുടെ രത്നച്ചുരുക്കം ഇങ്ങിനെ പറയാം: (1) നബി (സ) യും മുശ്രിക്കുകളുമായുള്ള കരാറു വ്യവസ്ഥകൾ ഇതോടെ അവസാനിച്ചു. (2) കഴിഞ്ഞുപോയ തെററുകളിൽ നിന്നും ലംഘനങ്ങളിൽ നിന്നും പശ്ചാത്തപിച്ചു മടങ്ങിയാൽ അതവർക്കു ഗുണമായിത്തീരും. അല്ലാത്തപക്ഷം അതിൻെറഫലം (ഇഹത്തിലും, പരത്തിലും) അവർ അനുഭവിക്കേണ്ടിവരും. അതിൽ നിന്നു രക്ഷപ്പെടുവാൻ അവർക്കു സാദ്ധ്യമാകുക ഇല്ലതന്നെ. 'പശ്ചാത്തപിച്ചു മടങ്ങുക' എന്നതുകൊണ്ടുദ്ദേശ്യം. ഇസ്ലാമിനെ സ്വീകരിക്കുക എന്നായി

രിക്കും. കാരണം, ഇസ്‌ലാമിൽ പ്രവേശിക്കാത്ത മുസ്‌ലിംകളുടെ രക്ഷയിൽ വർത്തിക്കുവാൻ അപേക്ഷിക്കുന്ന വരെപ്പററി 6–ാം വചനത്തിൽ പ്രത്യേകം വിവരിക്കുന്നുണ്ട്. (3) മുസ്‌ലിംകളുമായി വല്ല കരാറും നിലവിലുണ്ടായിരിക്കുകയും, അതിൽ വിഘ്നം വരുത്തുകയോ, മുസ്‌ലിംകൾക്കെതിരായി ശത്രുക്കളെ സഹായിക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ മാത്രം ഇതിൽ നിന്നു ഒഴിവാകുന്നു. അവരെ സംബന്ധിച്ചിടത്തോളം മുമ്പു പറഞ്ഞ നാലുമാസങ്ങളുടെ അവധിയുടെ കണക്കില്ല. അവരുമായുള്ള കരാറിൽ നിശ്ചയിച്ച അവധി തീരുന്നതു വരെ അതു പാലിക്കുക തന്നെ ചെയ്യും.

അബൂഹുറൈറ (റ) പ്രസ്താവിച്ചതായി ഹുമൈദ്ബ്നു അബ്ദിർ റഹ്മാൻ (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ആ ഹജ്ജിൽ വെച്ച് അക്കൊല്ലത്തിനുശേഷം ഒരു മുശ്‌രിക്കും ഹജ്ജ് ചെയ്യരുതെന്നും. നഗ്നരായി ആരും 'ത്വവാഫ്' ചെയ്യരുതെന്നും ബലിപെരുന്നാൾ ദിവസം മിനായിൽ പ്രഖ്യാപനം ചെയ്യുന്നവരുടെ കൂട്ടത്തിൽ അബൂബക്കർ (റ) എന്നേയും അയച്ചിരുന്നു.' (നിവേദകനായ) ഹുമൈദു പറയുകയാണ്: 'പിന്നീട് റസൂൽ (സ) അലിയ്യുബ്നു അബീത്വാലിബ് (റ) നെയും 'ബറാഅത്തു' പ്രഖ്യാപനത്തിനായി പിന്നാലെ അയച്ചു.' അബൂഹുറൈറ (റ) തുടർന്നു പറഞ്ഞു: 'അങ്ങനെ, അലിയും തങ്ങളൊന്നിച്ചു ബലിപെരുന്നാൾ ദിവസം മിനായിലെ ജനങ്ങളിൽ 'ബറാഅത്തും', ഇക്കൊല്ലത്തിനുശേഷം മുശ്‌രിക്കുകൾ ഹജ്ജ് ചെയ്യരുതെന്നും, നഗ്നൻമാർ ത്വവാഫ് ചെയ്യരുതെന്നും വിളംബരം നടത്തി.' (ബുഖാരി)

٥- فَإِذَا انْسَلَخَ الْأَشْهُرُ الْحُرُمُ فَاقْتُلُوا الْمُشْرِكِينَ حَيْثُ وَجَدْتُمُوهُمْ وَخُذُوهُمْ وَاحْصُرُوهُمْ وَاقْعُدُوا لَهُمْ كُلَّ مَرْصَدٍ ۚ فَإِنْ تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ ۚ إِنَّ اللَّهَ غَفُورٌ رَحِيمٌ ○

5. അങ്ങനെ, (യുദ്ധം) നിഷിദ്ധമായ (ആ) മാസങ്ങൾ കഴിഞ്ഞുപോയാൽ, മുശ്‌രിക്കുകളെ നിങ്ങൾ വധിക്കുവിൻ, അവരെ കിട്ടിയേടത്തുവെച്ച്. അവരെ പിടിക്കുകയും, അവരെ ഉപരോധിക്കുകയും, എല്ലാ പതിസ്ഥലങ്ങളിലും അവർക്കുവേണ്ടി (പതി) ഇരിക്കുകയും ചെയ്യുവിൻ.

എനി, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്യുന്ന പക്ഷം, (അവർക്കു) അവരുടെ വഴി ഒഴിവാക്കി (വിട്ടു) കൊടുക്കുവിൻ.

നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനാണ്, കരുണാനിധിയാണ്.

---

5. فاذا انسلخ അങ്ങിനെ കഴിഞ്ഞാൽ الاشهر (ആ) മാസങ്ങൾ الحرم നിഷിദ്ധമായ, പരിപാവനമായ فاقتلوا നിങ്ങൾ വധിക്കുവിൻ, കൊല്ലുവിൻ المشركين മുശ്‌രിക്കുകളെ حيث ഇടത്തിൽ, വിധത്തിൽ وجدتموهم നിങ്ങൾക്കു അവരെ കിട്ടിയ, നിങ്ങൾ കണ്ടെത്തിയ وخذوهم അവരെ പിടിക്കുകയും ചെയ്യുവിൻ واحصروهم അവരെ ഉപരോധിക്കുകയും ചെയ്യുവിൻ واقعدوا ഇരിക്കുകയും ചെയ്യുവിൻ لهم അവക്കായി كل مرصد എല്ലാ പതിസ്ഥലത്തും, നിരീക്ഷണ സ്ഥാനത്തും فان تابوا എനി (എന്നാൽ) അവർ പശ്ചാത്തപിച്ചെങ്കിൽ وأقاموا അവർ നിലനിറുത്തുകയും الصلوة നമസ്കാരം واتو അവർ കൊടുക്കുകയും الزكوة സക്കാത്തു فخلوا എന്നാൽ ഒഴിവാക്കുവിൻ سبيلهم അവരുടെ വഴി, മാർഗ്ഗം إن الله നിശ്ചയമായും അല്ലാഹു غفور വളരെ പൊറുക്കുന്നവനാണു رحيم കരുണാനിധിയാണ്.

الاشهرالحرم (യുദ്ധം നിഷിദ്ധമായ മാസങ്ങൾ) കൊണ്ടു ഇവിടെ ഉദ്ദേശ്യമെന്താണെന്നുള്ളതിൽ രണ്ട് അഭിപ്രായങ്ങളുണ്ട്. (1) യുദ്ധം നിഷിദ്ധമായ ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹറം എന്നിവയും റജബുംകൂടി നാലുമാസങ്ങൾതന്നെയാണ് ഇവിടെയും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതനുസരിച്ചു മുമ്പ് കരാർ നിലവിലില്ലാത്ത മുശ്‌രിക്കുകളോടു പ്രഖ്യാപനം നടന്നതു മുതൽ അടുത്ത മുഹറം കഴിയുന്നതുവരെ നടപടിയൊന്നും എടുക്കേണ്ടതില്ലെന്നും, മുഹറം കഴിഞ്ഞാൽ—അവർ പശ്ചാത്തപിച്ചു മടങ്ങാത്തപക്ഷം—മേൽപറഞ്ഞ നടപടികൾ അവരോടു

സ്വീകരിക്കണമെന്നുമായിരിക്കും ആയത്തിൻെറ ഉദ്ദേശ്യം. (2) യുദ്ധം നിഷിദ്ധമായ ആ മാസങ്ങളല്ല ഇവിടെ ഉദ്ദേശ്യം. കഴിഞ്ഞ വചനങ്ങളിൽ നാലുമാസം ഭൂമിയിലൂടെ സഞ്ചരിച്ചുകൊള്ളുക (فسيحوا فى الارض اربعة اشهر) എന്നു മുശ്രിക്കുകളോടും അവർക്കു അവരുടെ കരാറു പൂർത്തിയാക്കിക്കൊടുക്കുക (فاتموا اليهم عهدهم) എന്നു മുസ്ലിംകളോടും പറഞ്ഞ ആ കാലമാണുദ്ദേശ്യം. ഇതനുസരിച്ചു ഈ പ്രഖ്യാപനത്തിനുശേഷം അതാതു കൂട്ടർക്കു അനുവദിക്കപ്പെട്ടതും അവരോടു യുദ്ധം നടത്തുവാൻ പാടില്ലാത്തതുമായ ആ മാസങ്ങൾ കഴിയുന്നതുവരെ അവരോടു ഒരു നടപടിയും എടുക്കേണ്ടതില്ലെന്നും, അതു കഴിഞ്ഞാൽ പിന്നെ — അവർ പശ്ചാത്തപിച്ചു മടങ്ങാത്തപക്ഷം — മേൽപറഞ്ഞ നടപടികൾ സ്വീകരിക്കണമെന്നുമായിരിക്കും ഉദ്ദേശ്യം. ഈ അഭിപ്രായത്തിനാണു ഇബ്നുകഥീർ(റ) മുൻഗണന നൽകിയിരിക്കുന്നത്. മുജാഹിദു, ഇബ്നുഇസ്ഹാഖ്, ഖത്താദഃ സുദ്ദീ (റ) എന്നിവരുടെയും അഭിപ്രായം അതാണെന്നും, സന്ദർഭംകൊണ്ടു മനസ്സിലാകുന്നതു ഇതാണെന്നും, യുദ്ധം നിഷിദ്ധമായ നാലു മാസങ്ങളെ സംബന്ധിച്ച വിധി ഈ സൂറത്തിൽതന്നെ (36-ാം വചനത്തിൽ) പ്രത്യേകം താഴെ വരുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

കരാറു പ്രകാരം യുദ്ധ നടപടിയെടുക്കുവാൻ പാടില്ലാത്ത ആ മാസങ്ങൾ കഴിഞ്ഞതിനുശേഷം അവർ പശ്ചാത്തപിക്കാതെ പഴയപടി തന്നെ തുടരുകയാണെങ്കിൽ അവരുടെ നേരെ സ്വീകരിക്കേണ്ടുന്ന നടപടികൾ ഇവയാകുന്നു: (1) കിട്ടിയേടത്തുവെച്ചു കൊലപ്പെടുത്തുക. (2) പിടിച്ചു ബന്ധനത്തിലാക്കുക. ബന്ധനത്തിലാക്കുന്നതു സംബന്ധിച്ചു സൂറത്തുൽ അൻഫാൽ 67—ാം വചനത്തിൽ പ്രസ്താവിച്ച ആക്ഷേപം ഇപ്പോൾ നിലവിലില്ല. മുസ്ലിംകൾക്കു ശക്തിയും പ്രതാപവും വന്നു കഴിഞ്ഞിരിക്കുകയാണല്ലോ. (3) ഉപരോധം ചെയ്യുക. അവർ കോട്ടക്കകത്തോ മറേറാ പ്രവേശിച്ചു രക്ഷപ്പെടുന്ന പക്ഷം അവർ പുറത്തുവന്ന് കീഴൊതുങ്ങാൻ നിർബന്ധിതരാകുമാറു ഉപരോധം ഏർപ്പെടുത്തണമെന്നു സാരം. (4) തക്കവും തരവും നോക്കി എല്ലാ മർമ്മ സ്ഥാനങ്ങളിലും പതിയിരുന്നുകൊണ്ടു അവരെ സ്വൈരവിഹാരം കൊള്ളുവാൻ അനുവദിക്കാതിരിക്കുക അക്കാലത്തു ശത്രു വിഭാഗങ്ങൾ തമ്മിലുണ്ടായിരുന്ന യുദ്ധ നയങ്ങളാണിതെല്ലാം.

ഈ പ്രഖ്യാപനം കഴിഞ്ഞ ശേഷവും ആരെങ്കിലും പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം അതു വരെ അവർ ചെയ്ത അക്രമങ്ങളുടെയോ മത്സരങ്ങളുടെയോ പേരിൽ യാതൊരു നടപടിയും എടുക്കപ്പെടുകയില്ല. പശ്ചാത്തപിക്കുക എന്നു പറഞ്ഞതിൻെറ ഉദ്ദേശ്യം ശിർക്കിൽ നിന്നു പിൻമാറി ഇസ്ലാമിനെ അംഗീകരിക്കുക എന്നാകുന്നു. പക്ഷെ, ഇസ്ലാമിൻെറ മുദ്രാവാക്യങ്ങളായ ശഹാദത്തു കലിമകൾ നാവുകൊണ്ടു പറഞ്ഞാൽ മാത്രം പോരാ, അതു പ്രവർത്തനംകൊണ്ടു തെളിയിക്കുകയും വേണം. അതായതു ശാരീരികമായി ഏററവും വലിയ നിർബ്ബന്ധകടമയായ നമസ്കാരം നിലനിറുത്തിപ്പോരുകയും, ധനപരമായി ഏററവും വലിയ കടമയായ സക്കാത്തു കൊടുക്കുകയും വേണം. അതവർ ചെയ്താൽ മുസ്ലിംകൾക്കുള്ള എല്ലാ പൗരാവകാശങ്ങൾക്കും അവർ അർഹരായിത്തീർന്നു. പ്രസിദ്ധമായ ഒരു ഹദീസിൽ നബി (സ) ഈ തത്വം ഇങ്ങിനെ വ്യക്തമാക്കുന്നു: 'അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദു അല്ലാഹുവിൻെറ റസൂലാണെന്നും സാക്ഷ്യപ്പെടുത്തുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തുകൊടുക്കുകയും ചെയ്യുന്നതുവരെ യുദ്ധം മനുഷ്യരോടുചെയ്യാൻ എന്നോടു കല്പിക്കപ്പെട്ടിരിക്കുന്നു. അതവർ ചെയ്താൽ അവരുടെ രക്തങ്ങളും, സ്വത്തുക്കളും എന്നിൽ നിന്നും അവർ കാത്തു രക്ഷിച്ചു; (മററു കുററകൃത്യങ്ങൾ കാരണം) ഇസ്ലാമിക നിയമമനുസരിച്ച് (നടപടി) വേണ്ടി വന്നാലല്ലാതെ. (മററു നിലക്കുള്ള) അവരുടെ വിചാരണ (അഥവാ കൃത്യമായ കണക്കു പരിശോധന) അല്ലാഹുവിൻെറ ബാധ്യതയാണു.' (ബു; മു) ഇപ്രകാരം ഇസ്ലാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ ഇസ്ലാമിൻെറ മുറപ്രകാരമുള്ള ശാസനകളൊന്നും നിഷേധിക്കുവാൻ അവർക്കു പാടില്ല. നിഷേധിച്ചാൽ അതിൻെറ പേരിൽ അവരോടു നിയമാനുസൃതമായ നടപടി എടുക്കുക തന്നെ ചെയ്യും എന്നു സാരം. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണ്, നബി (സ) യുടെ വിയോഗാനന്തരം, മേലിൽ തങ്ങൾ സക്കാത്തുകൊടുക്കുകയില്ലെന്നു ശഠിച്ചവരോട് ഒന്നാം ഖലീഫ അബൂബക്കർ (റ) യുദ്ധം നടത്തിയത്.

6. (നബിയേ) മുശ്രിക്കുകളിൽ നിന്നു ഏതെങ്കിലും ഒരാൾ നിന്നോട് രക്ഷ [അഭയം] തേടിയെങ്കിൽ, അവൻ അല്ലാഹുവിൻെറ വചനം കേൾക്കുന്നതുവരെ അവനു രക്ഷ [അഭയം] നൽകുക.

٦- وَإِنْ أَحَدٌ مِّنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَامَ اللَّهِ

---

6. وان أحد വല്ല ഒരുവനും (ഏതെങ്കിലും ഒരാൾ) എങ്കിൽ من المشركين മുശ്രിക്കുകളിൽ നിന്നു استجارك നിന്നോടു രക്ഷ (അഭയം-കാവൽ) തേടി (യെങ്കിൽ) فاجره എന്നാലവനു രക്ഷ (അഭയം-കാവൽ) നൽകുക حتى يسمع അവൻ കേൾക്കുവാൻ വേണ്ടി, കേൾക്കുന്നതുവരെ كلام الله അല്ലാഹുവിൻെറ വചനം

ثُمَّ أَبْلِغْهُ مَأْمَنَهُ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ ۝٦

പിന്നെ, അവനെ അവൻെറ അഭയസ്ഥാനത്തു എത്തിച്ചു കൊടുക്കുക. അതു അവർ അറിഞ്ഞുകൂടാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടത്രെ.

ثم പിന്നീടു أبلغه അവനെ എത്തിച്ചുകൊടുക്കുക مأمنه അവൻെറ അഭയ (സമാധാന) സ്ഥാനത്തു ذلك അതു (കാരണം) بأنهم അവർ (ആണ്) എന്നുള്ളതു കൊണ്ടാണു قوم ഒരു ജനതയാണു (എന്നുള്ളതു) لا يعلمون അവർക്കറിഞ്ഞുകൂടാ.

മുസ്ലിംകളുമായി കരാറുകളൊന്നും നിലവിലില്ലാത്തവരും കണ്ടേടത്തുവെച്ചു വധിക്കപ്പെടുവാൻ അനുവദിക്കപ്പെട്ടവരുമായ മുശ്രിക്കുകളായിരുന്നാൽപോലും, അവരിൽ ആരെങ്കിലും ഖുർആൻ കേട്ടു മനസ്സിലാക്കുവാൻ ഉദ്ദേശിച്ചു മുസ്ലിംകളെ സമീപിച്ചാൽ, അവർക്കു അഭയം നൽകുകയും അവർക്കു ഖുർആൻ കേൾപ്പിച്ചുകൊടുക്കുകയും ചെയ്യണം. അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, പിന്നീടു അവരുടെ അഭയസ്ഥാനത്തു-നാട്ടിലും ജനങ്ങളിലും സുരക്ഷിതമായി എത്തിച്ചുകൊടുക്കുകയും ചെയ്യണം എന്നു അല്ലാഹു കൽപിക്കുന്നു. ഖുർആൻ കേൾക്കുക എന്നു പറഞ്ഞതുകൊണ്ടു വിവക്ഷ ഇസ്ലാമിനെപ്പററി സാമാന്യമായെങ്കിലും അവർ പഠിക്കുക എന്നാകുന്നു. അറബികളെ സംബന്ധിച്ചിടത്തോളം അന്നു അവർക്കു ഖുർആൻ കേട്ടാൽതന്നെ അതിൻെറ ആശയം ശരിക്കു മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ. സത്യം ഗ്രഹിച്ചിട്ടും സത്യവിശ്വാസം സ്വീകരിക്കാതെ, മർക്കടമുഷ്ടിയോടെ കഴിയുന്ന പലരും മുശ്രിക്കുകളിൽ ഉണ്ടാവാമെങ്കിലും മുശ്രിക്കുകൾ പൊതുവെ ഇസ്ലാമിനെപ്പററി വേണ്ടതുപോലെ അറിയാത്തവരായിരിക്കും. അതുകൊണ്ടാണു അവർക്കു അഭയം നൽകണമെന്നും, ഖുർആൻ കേൾപ്പിക്കണമെന്നും കല്പിച്ചതെന്നുകൂടി അല്ലാഹു ഉണർത്തുന്നു. ഇസ്ലാമിനെപ്പററി മനസ്സിലാക്കുവാൻ വരുന്നവരെ ഏതു പരിതസ്ഥിതിയിലും സ്വാഗതം ചെയ്യണമെന്നും, അതിനുവേണ്ടി സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണമെന്നുമാണു ഇതിൽനിന്നു വ്യക്തമാകുന്നത്.

പല സന്ദർഭങ്ങളിൽ ഓരോ ആവശ്യാർത്ഥം മുശ്രിക്കുകളായ ആളുകൾ നബി (സ) യുടെ അടുക്കൽ വന്നപ്പോൾ, അവിടുന്നു അവരോടു സമാധാനപൂർവ്വം പെരുമാറുകയും, ചിലർക്കു ഇസ്ലാമിനെക്കുറിച്ചു മനസ്സിലാക്കുവാൻ അവസരമുണ്ടാക്കിക്കൊടുക്കുകയും ചെയ്ത ചില സംഭവങ്ങളെ സൂചിപ്പിച്ചുകൊണ്ടു ഇബ്നു കഥീർ (റ) പറയുന്നു: 'ശത്രു നാട്ടിൽ നിന്നു ഇസ്ലാമിൻെറ നാട്ടിലേക്കു വല്ല ദൗത്യവും നിർവ്വഹിക്കുവാൻ വേണ്ടിയോ, കച്ചവടത്തിനു വേണ്ടിയോ, വല്ല കരാറും സന്ധിയും ആവശ്യപ്പെട്ടു കൊണ്ടോ, കപ്പം അടച്ചു തീർക്കുവാൻ വേണ്ടിയോ, അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും ആവശ്യത്തിനു വേണ്ടിയോ വല്ലവരും വന്ന് ഭരണാധികാരിയോടോ, അദ്ദേഹത്തിൻെറ പ്രതിനിധിയോടോ അഭയം ആവശ്യപ്പെട്ടാൽ, അയാൾ ഇസ്ലാമിൻെറ നാട്ടിൽ സ്ഥിതി ചെയ്യുമ്പോഴും, അയാളുടെ അഭയ സ്ഥാനത്തേക്കും നാട്ടിലേക്കും മടങ്ങിപ്പോകുന്നതുവരെയും അയാൾക്കു അഭയം നൽകേണ്ടതാണ്''. പക്ഷെ, ദീർഘകാലമോ, ആവശ്യത്തിലധികം കാലമോ അവരെ അവിടെ താമസിക്കുവാൻ അനുവദിക്കുന്നതു നല്ലതല്ലെന്നും, പല അനർത്ഥങ്ങൾക്കും അതു കാരണമാവാനിടയുണ്ടെന്നും പറയേണ്ടതില്ല.

വിഭാഗം-2

٧- كَيْفَ يَكُونُ لِلْمُشْرِكِينَ عَهْدٌ عِندَ اللَّهِ وَعِندَ رَسُولِهِ إِلَّا الَّذِينَ عَاهَدتُّمْ عِندَ الْمَسْجِدِ الْحَرَامِ

7. എങ്ങിനെയാണ് (ആ) മുശ്രിക്കുകൾക്കു അല്ലാഹുവിൻെറ അടുക്കലും, അവൻെറ റസൂലിൻെറ അടുക്കലും ഒരു കരാർ (നിലവിൽ) ഉണ്ടാകുന്നത്? നിങ്ങൾ 'മസ്ജിദുൽ ഹറാമി'ൻെറ അടുക്കൽവെച്ചു കരാറു നടത്തിയവർക്കല്ലാതെ!

فَمَا اسْتَقَامُوا لَكُمْ فَاسْتَقِيمُوا لَهُمْ ۚ إِنَّ اللَّهَ يُحِبُّ الْمُتَّقِينَ ۝

എന്നാൽ, അവർ നിങ്ങളോടു ചൊവ്വിനു നില കൊള്ളുമ്പോഠം, നിങ്ങഠം അവരോടും ചൊവ്വിനുനിലകൊള്ളുവിൻ. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

---

7. كيف എങ്ങിനെ ഉണ്ടായിരിക്കും, ഉണ്ടാകും للمشركين മുശ്രിക്കുകഠംക്കു عهد ഒരു കരാർ. വല്ല ഉടമ്പടിയും عند الله അല്ലാഹുവിൻെറ അടുക്കൽ وعند رسوله അവൻെറ റസൂലിൻെറ അടുക്കലും إلا الذين യാതൊരു കൂട്ടരൊഴികെ, ഒരു കൂട്ടർക്കല്ലാതെ عاهدتم നിങ്ങഠം കരാർ (സന്ധി) നടത്തിയ عند المسجد الحرام മസ്ജിദുൽ ഹറാമിൻെറ അടുക്കൽവെച്ചു فما استقاموا എന്നാൽ അവർ ചൊവ്വിനു (നേർക്കു നേരെ) നിലകൊള്ളുമ്പോഠം لكم നിങ്ങളോടു فاستقيموا നീങ്ങഠം (നിങ്ങളും) ചൊവ്വിനു നിലകൊള്ളുവിൻ لهم അവരോടു إن الله നിശ്ചയമായും അല്ലാഹു يحب ഇഷ്ടപ്പെടുന്നു, സ്നേഹിക്കും المتقين സൂക്ഷ്മത പാലിക്കുന്നവരെ.

നാലുമാസം കഴിഞ്ഞാൽ സന്ധിയില്ലാ സമരം നടത്തുമെന്നു പ്രഖ്യാപിക്കപ്പെട്ട ആ മുശ്രിക്കുകളെപ്പററിയാണു പറയുന്നത്. അല്ലാഹുവിൻെറയും റസൂലിൻെറയും ഭാഗത്തുനിന്നു ഒരു കരാറും നടത്തപ്പെടുവാനുള്ള യാതൊരു അർഹതയും അവർക്കില്ല. അവരുടെ ഇതപര്യന്തമുള്ള ചെയ്തികളും, കരാറു ലംഘനങ്ങളും, അല്ലാഹുവിനോടും റസൂലിനോടും അവർ അനുവർത്തിച്ചുകൊണ്ടിരുന്ന നയങ്ങളുമെല്ലാം നിലവിലിരിക്കെ, അതിനു അവർക്കു എങ്ങിനെ അർഹതയുണ്ടാകുവാനാണു?! പക്ഷെ, മസ്ജിദുൽ ഹറാമിൻെറ (കഅ്ബയുടെ) പരിസരത്തിൽ വെച്ചു സന്ധി നടത്തിയിട്ടുള്ള ചിലർ-തങ്ങളുടെ സന്ധി വ്യവസ്ഥ ലംഘിക്കാത്തവരായിട്ടുണ്ട്. അവർ അതേ നിലക്കു ചൊവ്വിനു നിലക്കൊള്ളുന്ന കാലത്തോളം അവർക്കു ഈ പ്രഖ്യാപനം ബാധകമാകുകയില്ല. അവരിൽ നിന്നു വല്ല ലംഘനവും ഉണ്ടാകാത്ത കാലത്തോളം അവരോടങ്ങോട്ടും വ്യവസ്ഥ പ്രകാരം ചൊവ്വിനു പെരുമാറുക തന്നെ വേണം എന്നു സാരം.

മസ്ജിദുൽ ഹറാമിൻെറ അടുക്കൽ വെച്ചു നടത്തിയ കരാറു കൊണ്ടുദ്ദേശ്യം ഹുദൈബിയായിൽവെച്ചു നബി (സ) യും മുശ്രിക്കുകളും തമ്മിൽ നടന്ന പ്രസിദ്ധ സന്ധിയാകുന്നു. ഖുറൈശികളുടെ ഭാഗത്തുനിന്നു സന്ധി ലംഘനമുണ്ടായിത്തീരുകയും, അതു മക്കാ വിജയത്തിനു കാരണമായിത്തീരുകയും ചെയ്തു. എന്നാൽ, ബനൂ കിനാനഃ, ബനൂളംറത്ത് എന്നീ രണ്ടു ഉപ ഗോത്രങ്ങഠം സന്ധി നിശ്ചയങ്ങഠം ശരിക്കും പാലിച്ചിരുന്നു. അവരെ ഉദ്ദേശിച്ചാണു അവർ ചൊവ്വിനു നിലകൊള്ളുന്ന കാലത്തോളം അവരോടങ്ങോട്ടും ചൊവ്വിനു നിലകൊള്ളണമെന്നു പറഞ്ഞത്. അല്ലാഹു തുടരുന്നു:—

٨- كَيْفَ وَإِنْ يَظْهَرُوا عَلَيْكُمْ لَا يَرْقُبُوا فِيكُمْ إِلًّا وَلَا ذِمَّةً ۚ يُرْضُونَكُمْ بِأَفْوَاهِهِمْ وَتَأْبَىٰ قُلُوبُهُمْ وَأَكْثَرُهُمْ فَاسِقُونَ ۝

8. എങ്ങിനെയാണ് (അവർക്കു കരാർ ഉണ്ടായിരിക്കുക)? നിങ്ങളുടെ മേൽ അവർ (വിജയം വരിച്ച്) [പത്യക്ഷപ്പെടുന്ന പക്ഷം, നിങ്ങളെപ്പററി കുടുംബ ബന്ധമാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തുസൂക്ഷിക്കുകയില്ല [പരിഗണിക്കുകയില്ല]! അവരുടെ വായകൊണ്ടു അവർ നിങ്ങളെ തൃപ്തിപ്പെടുത്തും; അവരുടെ ഹൃദയങ്ങഠം വെറുക്കുകയും ചെയ്യും. അവരിൽ അധികപേരും തോന്നിയവാസികളുമാകുന്നു.

---

8. كيف എങ്ങിനെയാണു وإن يظهروا അവർ [പത്യക്ഷപ്പെടുന്ന (വിജയിക്കുന്ന) പക്ഷം عليكم നിങ്ങളുടെമേൽ, നിങ്ങളോടു لا يرقبوا അവർ കാത്തിരിക്കയില്ല, പ്രതീക്ഷിക്കുകയില്ല, കാത്തുസൂക്ഷിക്കുകയില്ല فيكم നിങ്ങളിൽ, നിങ്ങളെപ്പററി إلا കുടുംബബന്ധം, സഖ്യബന്ധം ولا ذمة ബാധ്യതയും (ഉത്തരവാദിത്വവും) ഇല്ല يرضونكم അവർ നിങ്ങളെ തൃപ്തിപ്പെടുത്തും بأفواههم അവരുടെ വായകഠം കൊണ്ടു وتأبى വെറുക്കുക (വിസമ്മതിക്കുക—[പതികൂലിക്കുക)യും ചെയ്യും قلوبهم അവരുടെ ഹൃദയങ്ങഠം واكثرهم അവരിൽ അധികപേരും, അധിക ഭാഗവും فاسقون തോന്നിയവാസി (ധിക്കാരി) കളാണ്.

അവർ നിങ്ങളോട് ജയിച്ച് ശക്തി പ്രാപിക്കുന്നപക്ഷം, നിങ്ങളും അവരും തമ്മിലുള്ള കുടുംബബന്ധം പോലുള്ള ബന്ധങ്ങളോ, കരാർ വ്യവസ്ഥകളോ ഒന്നുംതന്നെ അവർ വിലവെക്കുകയില്ല. നിങ്ങൾക്കെതിരെ എന്തും പ്രവർത്തിക്കുവാൻ അവർ മടിക്കുകയില്ല. എന്നിരിക്കെ, അവരോടു വല്ല കരാറോ, സഖ്യമോ ഒന്നും നടത്തിയിട്ടു കാര്യമില്ല. നല്ല വാക്കുകൾ പറഞ്ഞും, നയത്തിൽ സംസാരിച്ചും നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ അവർ ശ്രമിക്കുമെങ്കിലും അതിൽ ആത്മാർത്ഥത തൊട്ടുതീണ്ടിയിരിക്കയില്ല. ഹൃദയങ്ങളിൽ വെറുപ്പും വിദ്വേഷവും മാത്രമായിരിക്കും ഉണ്ടായിരിക്കുക. അതോടുകൂടി, അവരിൽ ഭൂരിഭാഗമാളുകളും ധിക്കാരശീലരും തോന്നിയവാസികളുമാണ്. ഇതെല്ലാം കാരണമായിട്ടാണ് മേൽപറഞ്ഞപ്രകാരം അവരോടു സന്ധിയില്ലാ സമരംതന്നെ സ്വീകരിക്കണമെന്നു കൽപിക്കുവാൻ കാരണം എന്നു താൽപര്യം.

9. അല്ലാഹുവിന്റെ 'ആയത്തു' കൾക്കു [ലക്ഷ്യദൃഷ്ടാന്തങ്ങൾക്കു]അവർ അല്പമായ വിലവാങ്ങി; അങ്ങനെ, അവന്റെ മാർഗ്ഗത്തിൽനിന്നു അവർ (ആളുകളെ) തടഞ്ഞു.

നിശ്ചയമായും അവർ പ്രവർത്തിച്ചുവരുന്നതു വളരെ ചീത്ത!

٩-اِشْتَرَوْا بِاٰيٰتِ اللّٰهِ ثَمَنًا قَلِيْلًا فَصَدُّوْا عَنْ سَبِيْلِهٖ ؕ اِنَّهُمْ سَآءَ مَا كَانُوْا يَعْمَلُوْنَ ○

---

9. اشتروا അവർ വാങ്ങി (പകരമെടുത്തു) بايات ആയത്തുകൾക്കു, ലക്ഷ്യദൃഷ്ടാന്തങ്ങൾക്കു (പകരം) الله അല്ലാഹുവിന്റെ ثمنا വില قليلا അൽപമായ فصدوا അങ്ങനെ (അതിനാൽ) അവർ തടഞ്ഞു عن سبيله അവന്റെ മാർഗ്ഗത്തിൽനിന്നു انهم നിശ്ചയമായും അവർ ساء വളരെ മോശം, ചീത്ത ما كانوا അവർ ആയിരിക്കുന്നതു يعملون പ്രവർത്തിക്കും.

അല്ലാഹുവിന്റെ ലക്ഷ്യദൃഷ്ടാന്തങ്ങളെ അവഗണിക്കുക മാത്രമല്ല, അവക്കുപകരം ഐഹികമായ സ്വാർത്ഥലാഭങ്ങൾകൊണ്ടു അവർ തൃപ്തി അടയുകയും ചെയ്തു. ഇതിനായി, മററുള്ളവരെകൂടി നേർമാർഗ്ഗത്തിൽ ചരിക്കുവാനനുവദിക്കാതെ അതിൽനിന്നു തട്ടിനീക്കിക്കൊണ്ടിരുന്നു. ഇതാണു അവർ ഇത്രയും ദുഷിച്ചുപോകുവാനുള്ള സാക്ഷാൽ കാരണം.

10. ഒരു സത്യവിശ്വാസിയെപ്പററിയും കുടുംബ ബന്ധത്തെയാകട്ടെ, (കരാറ്) ബാധ്യതയാകട്ടെ അവർ കാത്തു സൂക്ഷിക്കുക [പരിഗണിക്കുക] യില്ല.

അക്കൂട്ടർ തന്നെയാണു അതിക്രമികളും.

١٠-لَا يَرْقُبُوْنَ فِىْ مُؤْمِنٍ اِلًّا وَّلَا ذِمَّةً ؕ وَاُولٰٓئِكَ هُمُ الْمُعْتَدُوْنَ ○

---

10. لا يرقبون അവർ കാത്തു സൂക്ഷിക്കുകയില്ല فى مؤمن ഒരു സത്യവിശ്വാസിയിലും, സത്യവിശ്വാസിയെപ്പററിയും الا കുടുംബ (സഖ്യ) ബന്ധം ولا ذمة ബാധ്യതയും (ഉത്തരവാദിത്വവും) ഇല്ല واولئك هم അക്കൂട്ടർതന്നെ المعتدون അതിക്രമികൾ, അതിരു വിട്ടവർ.

ബഹു ദൈവ വിശ്വാസികൾ സത്യ വിശ്വാസികൾക്കെതിരെ വിജയം നേടി ശക്തി പ്രാപിച്ചാൽ പിന്നെ അവർ കുടുംബ ബന്ധങ്ങളോ കരാറു വ്യവസ്ഥകളോ ഒന്നും വില വെക്കുകയില്ല, അതിനൊന്നും ഒരു പരിഗണനയും അവർ നൽകുകയില്ല എന്നു 8-ാം വചനത്തിൽ ഉണർത്തിയ ശേഷം, സത്യവിശ്വാസികൾക്കെതിരെ ഇതവരുടെ സ്ഥിരമായ ഒരു സ്വഭാവമാണെന്നും, അക്രമവും ധിക്കാരവും പ്രവർത്തിക്കുന്നതിൽ ഒരു അതിരും വരമ്പും അവർക്കില്ലെന്നും അല്ലാഹു വീണ്ടും ആവർത്തിച്ചുണർത്തുകയാണ്. മേൽ പ്രസ്താവിച്ച പ്രകാരം, അവരോടു നിഷ്കരുണം പെരുമാറാതെ അവരോടു സന്ധിക്കും വിട്ടു വീഴ്ചക്കും ഒരുങ്ങുകയോ, അല്ലെങ്കിൽ അവ[illegible]ട

വാക്കുകൾ കേട്ടു വഞ്ചിതരാവുകയോ ചെയ്താൽ, അതു നിങ്ങളുടെ ഭാവിക്കു വളരെ ആപത്തായിത്തീരുമെന്നാണു ഇതു മൂലം സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുന്നത്.

ഇതിനു കാരണങ്ങളായി 8, 9, 10 വചനങ്ങളിൽ അല്ലാഹു എടുത്തു പറഞ്ഞ അവരുടെ സ്വഭാവങ്ങൾ ഇവയാണു: (1) അവർ വിജയം നേടിക്കഴിഞ്ഞാൽ നിങ്ങളുമായുള്ള കുടുംബ ബന്ധങ്ങളോ കരാറു വ്യവസ്ഥകളോ ഒന്നും അവർ വില വെക്കുകയില്ല. എല്ലാ സത്യവിശ്വാസികളോടുമുള്ള അവരുടെ നിലപാടു ഇതു തന്നെയായിരിക്കുമെന്നു കൂടി ഉണർത്തിയിരിക്കുന്നു. (2) വായകൊണ്ടു നല്ല വാക്കു പറഞ്ഞും നയത്തിൽ സംസാരിച്ചും നിങ്ങളെ അവർ തൃപ്തിപ്പെടുത്തും. പക്ഷെ, ഹൃദയത്തിൽ നേരെ മറിച്ചു വെറുപ്പും വിദ്വേഷവുമാണുണ്ടായിരിക്കുക. (3) അവരിൽ മിക്കവരും തോന്നിയ വാസികളായിരിക്കും. അഥവാ എന്തു അക്രമവും ധിക്കാരവും പ്രവർത്തിക്കുവാൻ അവർ മടിക്കയില്ല. (4) അല്ലാഹുവിന്റെ ലക്ഷ്യ ദൃഷ്ടാന്തങ്ങൾ വകവെക്കാതെ അതിനു പകരം നിസ്സാരമായ സ്വാർത്ഥ ലാഭങ്ങളെയാണവർ തിരഞ്ഞെടുത്തിരിക്കുന്നത്. (5) അതിനെ തുടർന്നു മററുള്ളവരെ അവർ നേർമാർഗ്ഗത്തിൽ നിന്നു തിരിച്ചു വിടുകയും ചെയ്യുന്നു. (6) അതിക്രമികളായിരിക്കും അവർ. അഥവാ തോന്നിയവാസങ്ങൾ പ്രവർത്തിക്കുന്നതിൽ വല്ല ക്രമമോ, അതിരോ അവർക്കുണ്ടായിരിക്കയില്ല.

ഇത്രയും വിശദവും വ്യക്തവുമായ രൂപത്തിൽ മുശ്രിക്കുകളുടെ സ്വഭാവങ്ങൾ അല്ലാഹു വിവരിച്ചതു സത്യവിശ്വാസികൾ അവരെപ്പററി ജാഗ്രതയോടു കൂടിയിരിക്കുവാൻവേണ്ടിയും ഓർക്കാപുറത്ത് അപകടത്തിൽ പെട്ടു പോകാതിരിക്കുവാൻ വേണ്ടിയുമത്രെ. സത്യവിശ്വാസികളെ വിളിച്ചുകൊണ്ടു അല്ലാഹു സൂ: ആലു ഇംറാനിൽ പറയുന്നു: لا يألونكم خبالا.....وما تخفى صدورهم اكبر (സാരം: അവർ നിങ്ങളോടു കുഴപ്പത്തിൽ വീഴ്ച വരുത്തുകയില്ല. നിങ്ങൾ ബുദ്ധിമുട്ടുവാൻ അവർ ആഗ്രഹിക്കുന്നു. അവരുടെ വായിൽ നിന്നു ഈർഷ്യത വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഒളിച്ചു വെക്കുന്നതാകട്ടെ കൂടുതൽ വലിയതുമാകുന്നു. (ആലു ഇംറാൻ 118) മേൽ വിവരിച്ചതു നബി (സ) യുടെ കാലത്തുള്ള മുശ്രിക്കുകളെപ്പററിയാണെങ്കിലും—ചരിത്ര സാക്ഷ്യങ്ങളും അനുഭവ യാഥാർത്ഥ്യങ്ങളും പരിശോധിച്ചാൽ— എല്ലാ കാലത്തും ഇസ്ലാമിന്റെയും മുസ്ലിംകളുടെയും ശത്രുക്കളായി രംഗ പ്രവേശം ചെയ്യുന്നവരുടെ—വിശേഷിച്ചും മുശ്രിക്കുകളുടെ—സ്വഭാവം ഇതു തന്നെയാണ്. കഴിഞ്ഞകാല ചരിത്രത്തിൽ ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. അത്രയുമല്ല, വിവിധ നാടുകളിലായി മുസ്ലിംകൾക്കും അമുസ്ലിംകൾക്കുമിടയിൽ ഈ അടുത്തകാലങ്ങളിൽ ഉണ്ടാകാറുള്ള ഏററുമുട്ടലുകളിൽ തന്നെയും ഈ യഥാർത്ഥം നാം കണ്ടും കേട്ടും കൊണ്ടിരിക്കുകയാണല്ലോ. والله المستعان അല്ലാഹു പറയുന്നു:

11. എന്നാൽ, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും ചെയ്താൽ, (അവർ) മതത്തിൽ നിങ്ങളുടെ സഹോദരങ്ങളായിരിക്കും.

١١-فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَإِخْوَانُكُمْ فِي الدِّينِ ۗ

അറിയുന്ന ജനങ്ങൾക്കു വേണ്ടി നാം 'ആയത്തു' കൾ [ലക്ഷ്യ ദൃഷ്ടാന്തങ്ങൾ] വിശദീകരിക്കുകയാണ്.

وَنُفَصِّلُ الْآيَاتِ لِقَوْمٍ يَعْلَمُونَ ○

---

11. فان تابوا എന്നാൽ (എനി) അവർ പശ്ചാത്തപിക്കുന്ന പക്ഷം وأقاموا അവർ നിലനിറുത്തുകയും الصلوة നമസ്കാരം واتوا അവർ കൊടുക്കുക(നൽകുക)യും الزكوة സക്കാത്തു فاخوانكم എന്നാൽ നിങ്ങളുടെ സഹോദരങ്ങളാണു في الدين മതത്തിൽ ونفصل നാം വിശദീകരിക്കുന്നു, വിവരിക്കുകയാണു الآيات ആയത്തുകളെ, ലക്ഷ്യ ദൃഷ്ടാന്തങ്ങൾ لقوم ജനങ്ങൾക്കു വേണ്ടി يعلمون അറിയുന്നു.

12. അവരുടെ കരാറിനുശേഷം, അവർ അവരുടെ ശപഥങ്ങളെ ലംഘിക്കുകയും, നിങ്ങളുടെ മതത്തിൽ (ആക്ഷേപിച്ചു) കുത്തിപ്പറയുകയും ചെയ്തുവെങ്കിലോ, അപ്പോൾ, അവിശ്വാസത്തിന്റെ നേതാക്കളോടു നിങ്ങൾ യുദ്ധം നടത്തുവിൻ. (കാരണം) നിശ്ചയമായും അവർ--അവർക്കു ശപഥങ്ങളേയില്ല. [അതിനു അവർ ഒട്ടും വില കൽപിക്കാറില്ല] അവർ വിരമിച്ചേക്കാം.

١٢- وَإِنْ نَّكَثُوٓا أَيْمَـٰنَهُم مِّنۢ بَعْدِ عَهْدِهِمْ
وَطَعَنُوا۟ فِى دِينِكُمْ
فَقَـٰتِلُوٓا۟ أَئِمَّةَ ٱلْكُفْرِ ۙ
إِنَّهُمْ لَآ أَيْمَـٰنَ لَهُمْ لَعَلَّهُمْ يَنتَهُونَ ○

---

12. وان نكثوا അവർ ലംഘിച്ചുവെങ്കിലോ ايمانهم അവരുടെ സത്യ(ശപഥ)ങ്ങളെ من بعد ശേഷമായി, പിന്നീടു عهدهم അവരുടെ കരാറിന്റെ, ഉടമ്പടിയുടെ وطعنوا അവർ കുത്തുക(കുത്തിപ്പറയുക)യും, കുററം പറയുകയും في دينكم നിങ്ങളുടെ മതത്തിൽ فقاتلوا എന്നാൽ യുദ്ധം നടത്തുവിൻ ائمة നേതാക്കളോടു الكفر അവിശ്വാസത്തിന്റെ انهم നിശ്ചയമായും അവർ لا أيمان സത്യ(ശപഥ)ങ്ങൾ ഇല്ല لهم അവർക്കു لعلهم അവരായേക്കാം ينتهون വിരമിക്കും.

മുശ്രിക്കുകളുടെ തനി നിറങ്ങളും, അവരോടു സത്യവിശ്വാസികൾ സ്വീകരിക്കേണ്ടുന്ന രീതികളും മുമ്പു വിവരിച്ചു. അതിനുശേഷം, അവരിൽ നിന്നുണ്ടാകുന്ന പ്രതികരണം രണ്ടിലൊരു വിധത്തിലായിരിക്കാമെന്നും, ഓരോന്നിലും കൈക്കൊള്ളേണ്ട നയമെന്താണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഒന്നുകിൽ, തങ്ങളുടെ പക്കൽ ഇതേവരെ വന്നുപോയ അക്രമങ്ങളെപ്പററി അവർ ഖേദിച്ചു മടങ്ങും, അല്ലെങ്കിൽ കരാറു ബാധ്യതകളും ശപഥങ്ങളുമൊക്കെ ലംഘിച്ചു ധിക്കാരം തുടരുകയും ഇസ്ലാമിനെപ്പററി പരിഹാസങ്ങളും കുത്തുവാക്കുകളും അഴിച്ചു വിടുകയും ചെയ്യും. ഒന്നാമത്തെ നിലപാടാണു സ്വീകരിക്കുന്നതെങ്കിൽ, അതുമുതൽ അവരെ മതത്തിൽ തങ്ങളുടെ സഹോദരൻമാരായി മുസ്ലിംകൾ കണക്കാക്കണം. സത്യവിശ്വാസികൾ പരസ്പരം സഹോദരൻമാരാണല്ലോ. (انما المؤمنون اخوة) മുമ്പ് അവർ എന്തുതന്നെ ചെയ്തിരുന്നാലും അതെല്ലാം മറന്നുകളയുകയും മാപ്പാക്കുകയും വേണം. മുസ്ലിംകളുടെ സുഖദുഃഖങ്ങളിലും, അവകാശങ്ങളിലും, കടമകളിലുമെല്ലാം അവരും ഭാഗഭാക്കായിരിക്കുന്നതുമാണ്.

രണ്ടാമത്തെ നിലപാടാണു അവർ സ്വീകരിക്കുന്നതെങ്കിൽ, അവിശ്വാസത്തിന്റെയും അതിന്റെ പേരിൽ നടത്തപ്പെടുന്ന അക്രമങ്ങളുടെയും നേതൃത്വം വഹിക്കുന്ന അവരുടെ തലവൻമാരോടു ഏററുമുട്ടി അവരെ മുട്ടുകുത്തിക്കുക തന്നെവേണം. മേലിൽ അവർ വെച്ചു കാട്ടുന്ന കരാറുകളോ, ശപഥങ്ങളോ ഒന്നും അംഗീകരിച്ചു കൂടാ. അവരുടെ അടുക്കൽ കരാറിനും സത്യത്തിനും വിലയില്ലെന്നു അവർ തെളിയിച്ചു കഴിഞ്ഞതാണ്. മനസ്സുകൊണ്ടു ഖേദിച്ചു മടങ്ങിയാൽ മാത്രം പോരാ, നമസ്കാരവും, സക്കാത്തും അനുഷ്ഠിക്കുക കൂടി വേണമെന്നു 5-ാം വചനത്തിൽ പറഞ്ഞതു പോലെ ഇവിടെയും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. ഇതിനുള്ള കാരണം നാം അവിടെ വിവരിച്ചിട്ടുണ്ട്.

13. (സത്യവിശ്വാസികളേ) തങ്ങളുടെ ശപഥങ്ങളെ ലംഘിക്കുകയും, റസൂലിനെ (നാട്ടിൽനിന്നു) പുറത്താക്കുവാൻ [ശമിക്കുകയും ചെയ്ത ഒരു ജനതയോടു നിങ്ങൾക്ക് യുദ്ധം ചെയ്തു [illegible]ട? അവരാണ്, നിങ്ങളോടു ആദ്യപ്രാവശ്യം (തന്നെ, [illegible]കമണം) തുടങ്ങിട്ടുള്ളതും (എന്നിരിക്കെ)! അവരെ നിങ്ങൾ ഭയപ്പെടുകയോ?! എന്നാൽ അല്ലാഹുവത്രെ, നിങ്ങൾ ഭയപ്പെടുവാൻ ഏററവും അർഹനായുള്ളവൻ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

١٣- أَلَا تُقَـٰتِلُونَ قَوْمًا نَّكَثُوٓا۟ أَيْمَـٰنَهُمْ
وَهَمُّوا۟ بِإِخْرَاجِ ٱلرَّسُولِ
وَهُم بَدَءُوكُمْ
أَوَّلَ مَرَّةٍ ۚ أَتَخْشَوْنَهُمْ ۚ
فَٱللَّهُ أَحَقُّ أَن تَخْشَوْهُ إِن كُنتُم مُّؤْمِنِينَ ○

14. അവരോടു നിങ്ങൾ യുദ്ധം ചെയ്യുവിൻ, നിങ്ങളുടെ കരങ്ങളാൽ അല്ലാഹു അവരെ ശിക്ഷിക്കും; അവരെ അവൻ അപമാനിക്കുകയും, അവർക്കെതിരിൽ നിങ്ങളെ അവൻ സഹായിക്കുകയും ചെയ്യും; സത്യവിശ്വാസികളായ ജനങ്ങളുടെ നെഞ്ചു [മനസ്സു] കൾക്കു അവൻ ശമനം നൽകുകയും ചെയ്യും;

١٤- قَاتِلُوْهُمْ يُعَذِّبْهُمُ اللّٰهُ بِأَيْدِيْكُمْ وَيُخْزِهِمْ وَيَنْصُرْكُمْ عَلَيْهِمْ وَيَشْفِ صُدُوْرَ قَوْمٍ مُّؤْمِنِيْنَ ۝

15. അവരുടെ ഹൃദയങ്ങളിലെ ക്ളേശം അവൻ (നീക്കി) കളയുകയും ചെയ്യും. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതുമാണ്. അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

١٥- وَيُذْهِبْ غَيْظَ قُلُوْبِهِمْ ۗ وَيَتُوْبُ اللّٰهُ عَلٰى مَنْ يَّشَآءُ ۗ وَاللّٰهُ عَلِيْمٌ حَكِيْمٌ ۝

---

13. ألا تقاتلون നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേ, ചെയ്തുകൂടേ قوما ഒരു ജനതയോടു نكثوا അവർ ലംഘിച്ചു أيمانهم അവരുടെ ശപഥ (സത്യ)ങ്ങളെ وهموا അവർ ഉദ്ദേശിക്കുക (ശ്രമിക്കുക) യും ചെയ്തു باخراج പുറത്താക്കുന്നതിനു الرسول റസൂലിനെ وهم അവരാകട്ടെ, അവരാണ് بدءوكم നിങ്ങളോടു തുടങ്ങിയിരിക്കുന്നു, ആരംഭിച്ചത് أول مرة ഒന്നാം (ആദ്യ) പാവശ്യം (ആദ്യം തന്നെ) أتخشونهم അവരെ നിങ്ങൾ ഭയപ്പെടുകയാണോ, ഭയപ്പെടുന്നോ فالله എന്നാൽ അല്ലാഹു احق ഏററം അർഹൻ ان تخشوه അവനെ നിങ്ങൾ ഭയപ്പെടുവാൻ ان كنتم നിങ്ങളാണെങ്കിൽ مؤمنين സത്യവിശ്വാസികൾ 14. قاتلوهم അവരോടു യുദ്ധം ചെയ്യുവിൻ يعذبهم അവരെ ശിക്ഷിക്കും الله അല്ലാഹു بايديكم നിങ്ങളുടെ കരങ്ങളാൽ ويخزهم അവരെ അപമാനിക്കുക (വഷളാക്കുക)യും ചെയ്യും وينصركم നിങ്ങളെ അവൻ സഹായിക്കുകയും ചെയ്യും عليهم അവരുടെ മേൽ (എതിരിൽ) ويشف അവൻ ശമനം നൽകുകയും ചെയ്യും صدور നെഞ്ചു(ഹൃദയം)കൾക്കു قوم مؤمنين സത്യവിശ്വാസികളായ ജനങ്ങളുടെ 15. ويذهب അവൻ നീക്കി (പോക്കി) കളയുകയും ചെയ്യും غيظ ക്ളേശം, രോഷം, ക്രോധം قلوبهم അവരുടെ ഹൃദയങ്ങളുടെ ويتوب الله അല്ലാഹു പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യും على من يشاء അവൻ ഉദ്ദേശിക്കുന്നവരുടെ والله عليم അല്ലാഹു അറിയുന്നവനാണ് حكيم അഗാധജ്ഞനാണ്.

കരാറു നിശ്ചയങ്ങൾ ലംഘിക്കുക, റസൂലിനെ നാട്ടിൽ നിന്നു പുറത്താക്കാൻ ശ്രമിക്കുക, ആദ്യമായി ഇങ്ങോട്ടുവന്നു യുദ്ധം നടത്തുക മുതലായ അക്രമങ്ങൾ പ്രവർത്തിച്ച ആ ശത്രുക്കളോടു യുദ്ധം ചെയ്യാൻ എന്തിനു മടിക്കണം?! നിങ്ങൾ അവരെ ഭയപ്പെടുകയാണോ?! സത്യവിശ്വാസികൾക്കു അല്ലാഹുവിനെ മാത്രമാണല്ലോ ഭയപ്പെടുവാനുള്ളത്. അവനാണല്ലോ നിങ്ങളോടു യുദ്ധം നടത്തണമെന്നു പറയുന്നതും. ഇങ്ങിനെ സത്യവിശ്വാസികളെ അല്ലാഹു യുദ്ധത്തിനു പ്രേരിപ്പിക്കുകയും, അവർക്കു അതിനു ആവേശവും ധൈര്യവും നൽകുകയുമാണ്. ഹുദൈബിയാ സന്ധിയിലെ നിശ്ചയങ്ങൾക്കു വിരുദ്ധമായി, മുസ്ലിംകളോടു സഖ്യബന്ധത്തിലായിരുന്ന ബനൂ ഖുസാഅഃ (خزاعة) ഗോത്രത്തിനെതിരിൽ, തങ്ങളോടു സഖ്യബന്ധമുണ്ടായിരുന്ന ബനൂ ബക്റിനെ ഖുറൈശികൾ സഹായിക്കയുണ്ടായി. റസൂൽ (സ) തിരുമേനിയെ നാട്ടിൽനിന്നു ബഹിഷ്കരിക്കുവാൻ അവർ ശ്രമം നടത്തുകയും ചെയ്തു. മുസ്ലിംകളുടെ നേരെ ആദ്യമായി അക്രമ മർദ്ദനങ്ങൾ അഴിച്ചു വിട്ടതും അവ[illegible]ന്ന. അതെ, ഒന്നാമത്തെ യുദ്ധമായ ബദ്ർ യുദ്ധത്തിനു കാരണമുണ്ടാക്കിയതു അവരാണു. അബൂ സുഫ്[illegible]ും സംഘത്തെയും രക്ഷിക്കാനാണു അവർ മക്കയിൽനിന്നു പുറപ്പെട്ടതെങ്കിലും, അവർ രക്ഷപ്പെട്ട വിവരം അ[illegible]ിട്ടും മടങ്ങിപ്പോകാതെ, ബദ്റിൽ വന്നു പോർവിളി നടത്തുകയാണല്ലോ അവർ ചെയ്തത്. ഇതൊക്കെയാണു അവരോടു യുദ്ധം നടത്തേണ്ടതിന്റെ ആവശ്യകതയായി അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

ഈ യുദ്ധാഹ്വാനം നിമിത്തം ഉണ്ടാകാൻ പോകുന്ന ഫലങ്ങളെയും അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നു. (1) നിങ്ങളുടെ കൈക്കു അല്ലാഹു അവരെ ശിക്ഷിക്കും. യുദ്ധത്തിൽ വെച്ചു വധവും, ബന്ധനവും പരാജയവും അനുഭവിക്കുന്നതു ഇഹത്തിൽവെച്ചുള്ള ശിക്ഷയാണല്ലോ. (2) അല്ലാഹു അവരെ അപമാനപ്പെടുത്തും.

ഒന്നാമതു പറഞ്ഞ സംഗതിയുടെ അനിവാര്യഫലമാണിത്. (3) നിങ്ങളെ അല്ലാഹു സഹായിക്കും. അല്ലാഹുവിൻെറ സഹായം ലഭിക്കുന്ന പക്ഷം വിജയം നിങ്ങൾക്കു തന്നെയായിരിക്കുമല്ലോ. (4) സത്യവിശ്വാസികളുടെ മനസ്സിനു ആശ്വാസം നൽകും. മേൽപറഞ്ഞ മൂന്നു കാര്യങ്ങളും ഉണ്ടാകുന്നതോടുകൂടി ഇതുവരെ അവർ അനുഭവിച്ചുകൊണ്ടിരുന്ന മനോ വേദനകൾക്കു ശമനം വരുക സ്വാഭാവികമാണല്ലോ. (5) സത്യവിശ്വാസികളുടെ ഹൃദയങ്ങളിലുള്ള ക്ലേശത്തെ നീക്കിക്കളയും. അവരുടെ അമർഷവും മനോ വേദനയും നീക്കി അവർക്കു പൊതുവെ ആശ്വാസവും സമാധാനവും നൽകുമെന്നുദ്ദേശ്യം. യുദ്ധത്തിൽ പങ്കുവഹിച്ചവരും അല്ലാത്തവരും ഈ രണ്ടു വിഷയത്തിലും ഭാഗഭാക്കായിരിക്കുന്നതുകൊണ്ടാണു അവസാനത്തെ രണ്ടു കാര്യങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ, മുൻ വാക്യങ്ങളിലെ ശൈലിയനുസരിച്ചു 'നിങ്ങളുടെ ഹൃദയങ്ങൾ' എന്നു പറയാതെ 'സത്യവിശ്വാസികളായ ജനങ്ങളുടെ ഹൃദയങ്ങൾ' എന്നു പറഞ്ഞിരിക്കുന്നതും.

١٦- أَمْ حَسِبْتُمْ أَنْ تُتْرَكُوا وَلَمَّا يَعْلَمِ اللَّهُ الَّذِينَ جَاهَدُوا مِنْكُمْ وَلَمْ يَتَّخِذُوا مِنْ دُونِ اللَّهِ وَلَا رَسُولِهِ وَلَا الْمُؤْمِنِينَ وَلِيجَةً ۚ وَاللَّهُ خَبِيرٌ بِمَا تَعْمَلُونَ ۝

16. അതല്ല, നിങ്ങൾ കണക്കാക്കിയോ, നിങ്ങൾ (വെറുതെ) ഉപേക്ഷിക്കപ്പെടുമെന്ന് ? നിങ്ങളിൽ നിന്നു സമരം ചെയ്യുകയും, അല്ലാഹുവിനും, അവൻെറ റസൂലിനും, സത്യവിശ്വാസികൾക്കും പുറമെ ഒരു രഹസ്യക്കൂട്ടുകെട്ട് ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്തവരെ അല്ലാഹു (പ്രത്യക്ഷത്തിൽ കണ്ട്) അറിയാത്ത സ്ഥിതിക്ക് !

അല്ലാഹുവാകട്ടെ, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പററി സൂക്ഷ്മമായറിയുന്നവനാകുന്നു.

---

16. أم അതല്ല, അഥവാ, അതോ حسبتم നിങ്ങൾ കണക്കാക്കി(ഗണിച്ചു–കരുതി)യോ أن تتركوا നിങ്ങൾ വിടപ്പെടു (ഉപേക്ഷിക്കപ്പെടു)മെന്നു ولما يعلم അറിയാത്ത സ്ഥിതിക്കു, അറിയാതെ الله അല്ലാഹു الذين جاهدوا സമരം ചെയ്തവരെ منكم നിങ്ങളിൽ നിന്നു ولم يتخذوا അവർ ഉണ്ടാക്കിയിട്ടുമില്ല من دون الله അല്ലാഹുവിനു പുറമെ, അല്ലാഹുവിനെ കൂടാതെ ولا رسوله അവൻെറ റസൂലിനും (പുറമെ)ഇല്ല ولا المؤمنين സത്യവിശ്വാസികൾക്കും (പുറമെ)ഇല്ല وليجة ഒരു രഹസ്യക്കൂട്ടുകെട്ടു, സ്വകാര്യബന്ധുവെ, ഉള്ളുകള്ളിക്കാരെ والله അല്ലാഹു خبير സൂക്ഷ്മമായി അറിയുന്നവനാണു بما تعملون നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പററി

സമരങ്ങളും യുദ്ധങ്ങളും നടത്തുവാൻ കൽപിക്കുന്നതിലടങ്ങിയ ഒരു പ്രധാന രഹസ്യം അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. അതായത്, അല്ലാഹുവിൻെറ കൽപനകൾ അനുസരിക്കുകയും, അതിനു വേണ്ടിവരുന്ന ത്യാഗങ്ങളും ബുദ്ധിമുട്ടുകളും സഹിക്കുകയും ചെയ്വാൻ ആത്മാർത്ഥമായി മുന്നോട്ടു വരുന്നവർ ആരാണു, അതിനു തയ്യാറില്ലാത്തവർ ആരാണു എന്നു വേർതിരിഞ്ഞു കാണുവാനുള്ള ഒരു പരീക്ഷണമാണിത്. അതുകൊണ്ടു അല്ലാഹുവിനോടും, റസൂലിനോടും, സത്യവിശ്വാസികളോടും ഉണ്ടായിരിക്കേണ്ടുന്ന ബന്ധത്തിനു നിരക്കാത്ത കൂട്ടുകെട്ടുകളിൽ നിന്നും, സ്വകാര്യബന്ധങ്ങളിൽ നിന്നും വിമുക്തരായിക്കൊണ്ടു അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുന്നവരും, അല്ലാത്തവരും തമ്മിൽ പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു കാണാതെ– നിങ്ങൾ സത്യവിശ്വാസികളാണെന്നും മുസ്ലിംകളാണെന്നും അവകാശപ്പെട്ടതുകൊണ്ടുമാത്രം– നിങ്ങളെ ഒഴിവാക്കി വിടുമെന്നു നിനക്കരുതേണ്ട; അതു സംഭവിക്കുവാൻ പോകുന്നില്ല. എന്നു സാരം. മറെറാരിടത്തു അല്ലാഹു പറയുന്നു: احسب ان يتركوا ان يقولوا آمنا وهم لا يفتنون (സാരം: ഞങ്ങൾ വിശ്വസിച്ചു എന്നു പറയുന്നതുകൊണ്ടു മാത്രം തങ്ങൾ പരീക്ഷിക്കപ്പെടാതെ ഉപേക്ഷിക്കപ്പെടുമെന്നു മനുഷ്യർ കണക്കാക്കിയിരിക്കുന്നുവോ ? ! (29: 2)

ചെറുതു–വലുതു, ഭൂത–വർത്തമാന–ഭാവി, രഹസ്യം–പരസ്യം എന്നിങ്ങിനെയുള്ള വ്യത്യാസമില്ലാതെ എല്ലാ കാര്യങ്ങളും സസൂക്ഷ്മം അറിയുന്നവനാണു അല്ലാഹു. അവൻെറ അറിവിനെതിരായി ഒരു അണുത്തൂക്കവും സംഭവിക്കുകയുമില്ല. എന്നിരിക്കെ, സമരം ചെയ്യുന്നവരെയും അല്ലാത്തവരെയും അവനു തിരിച്ചറിയുവാനാണു ഇങ്ങനെയുള്ള പരീക്ഷണങ്ങൾ എന്നു പറയുന്നതിൻെറ അർത്ഥമെന്താണെന്നു വല്ലവർക്കും സംശയം തോന്നിയേക്കാം.

ണ്ടു യാഥാർത്ഥ്യങ്ങൾ ഓർത്തിരുന്നാൽ, ഈ സംശയം അസ്ഥാനത്താണെന്നു സ്വയം ബോധ്യപ്പെടും. (1) സംഭവിച്ചു കഴിഞ്ഞിട്ടില്ലാത്ത ഭാവി കാര്യങ്ങളെപ്പററി അവ ഇന്നിന്ന പ്രകാരമേ സംഭവിക്കൂ എന്നു അല്ലാഹുവിനറിയാം. പക്ഷെ, അതു അനുഭവത്തിലും പ്രവർത്തനരംഗത്തും പ്രത്യക്ഷപ്പെട്ടു കാണലും, സംഭവിക്കുമ്പോൾ ഇന്നിന്ന പ്രകാരമായിരിക്കും അതു സംഭവിക്കുക എന്നു മുൻകൂട്ടി അറിഞ്ഞിരിക്കലും വെവ്വേറെ കാര്യങ്ങളാണ്. (2) മനുഷ്യൻ ചെയ്യുന്ന കാര്യങ്ങൾക്കനുസരിച്ചാണു അല്ലാഹു അവനു പ്രതിഫലം നൽകുന്നത്. അഥവാ ഇന്നിന്ന പ്രകാരത്തിലായിരിക്കുമെന്നുള്ള അല്ലാഹുവിൻെറ അറിവിൻെറ അടിസ്ഥാനത്തിലല്ല അതു. അതുകൊണ്ടു ഓരോരുത്തൻെറയും നൻമ തിൻമകൾ കണക്കാക്കപ്പെടുന്നതിനു അവ അവൻെറ പ്രവർത്തന രംഗത്തു തന്നെ പ്രകടമായിക്കാണേണ്ടിയിരിക്കുന്നു. الله اعلم

വിഭാഗം-3

17. مَا كَانَ لِلْمُشْرِكِيْنَ أَنْ يَّعْمُرُوْا مَسٰجِدَ اللّٰهِ شٰهِدِيْنَ عَلٰٓى اَنْفُسِهِمْ بِالْكُفْرِ ۚ أُولٰٓئِكَ حَبِطَتْ اَعْمَالُهُمْ ۚ وَفِي النَّارِ هُمْ خٰلِدُوْنَ ○

17. മുശ്രിക്കുകൾക്കു അല്ലാഹുവിൻെറ പള്ളികളെ പരിപാലിക്കുവാൻ പാടുള്ളതല്ല; (അവർ) തങ്ങളുടെ സ്വന്തങ്ങളുടെ മേൽ അവിശ്വാസത്തെപ്പററി സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്.

അക്കൂട്ടർ–അവരുടെ കർമ്മങ്ങൾ പൊളിഞ്ഞു (നിഷ്ഫലമായി) പോയിരിക്കുന്നു. നരകത്തിലാകട്ടെ, അവർ സ്ഥിരവാസികളുമായിരിക്കും.

18. إِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ يَخْشَ اِلَّا اللّٰهَ ۖ فَعَسٰٓى أُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ ○

18. നിശ്ചയമായും, അല്ലാഹുവിൻെറ പള്ളികളെ പരിപാലിക്കുക,– അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും, അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാകുന്നു. [അവർക്കേ അതിനർഹതയുള്ളു] എന്നാൽ, അക്കൂട്ടർ സൻമാർഗ്ഗം പ്രാപിച്ചവരുടെ കൂട്ടത്തിലായിത്തീർന്നേക്കാം

---

17. ما كان ആകുകയില്ല, ആകാവതല്ല, പാടില്ല, നിവൃത്തിയില്ല للمشركين മുശ്രിക്കുകൾക്കു أن يعمروا അവർ പരിപാലിക്കു(ശുശ്രൂഷിക്കു–സംരക്ഷിക്കു)വാൻ مساجد പള്ളികളെ الله അല്ലാഹുവിൻെറ شاهدين സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ടു على أنفسهم തങ്ങളുടെ സ്വന്തങ്ങളുടെ (തങ്ങളുടെ തന്നെ)മേൽ بالكفر കുഫ്റിനു, അവിശ്വാസത്തെപ്പററി أولئك അക്കൂട്ടർ حبطت പൊളിഞ്ഞിരിക്കുന്നു, നിഷ്ഫലമായി أعمالهم അവരുടെ പ്രവൃത്തി(കർമ്മം)കൾ وفي النار നരകത്തിൽ هم അവർ خالدون സ്ഥിരവാസികളാണു 18. إنما നിശ്ചയമായും തന്നെ (മാത്രം) يعمر പരിപാലിക്കും, ശുശ്രൂഷിക്കും مساجد الله അല്ലാഹുവിൻെറ പള്ളികളെ من آمن വിശ്വസിച്ചവർ (തന്നെ–മാത്രം) بالله അല്ലാഹുവിലും واليوم الآخر അന്ത്യദിനത്തിലും وأقام നിലനിറുത്തുകയും ചെയ്തു الصلوة നമസ്കാരം وآتى الزكوة സക്കാത്തു കൊടുക്കുകയും ചെയ്തു ولم يخش ഭയപ്പെട്ടതുമില്ല إلا الله അല്ലാഹുവിനെയല്ലാതെ فعسى എന്നാൽ (അപ്പോൾ) ആയേക്കാം أولئك അക്കൂട്ടർ أن يكونوا അവരായിരിക്കുക من المهتدين സൻമാർഗ്ഗം പ്രാപിച്ചവരിൽ പെട്ട(വർ)

നാലുമാസത്തിലധികം അവധിവെച്ച കരാറു നിലവിലുള്ളവരൊഴിച്ചു മററെല്ലാ മുശ്രിക്കുകൾക്കും നാലു മാസത്തെ ഒഴിവു നൽകുകയും, പിന്നീടു സന്ധിയില്ലാ സമരമായിരിക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തുകൊ

ണ്ടാണല്ലോ സൂറത്തിന്റെ തുടക്കം. തുടർന്നുകൊണ്ടു ഈ പ്രഖ്യാപനത്തിനു ആസ്പദമായ കാരണങ്ങളും വിവരിച്ചു. എന്നാൽ കഅ്ബയുടെ സംരക്ഷണം, ശുശ്രൂഷ, ഹജ്ജിനു വരുന്നവർക്കു വെള്ളം എത്തിച്ചുകൊടുക്കൽ മുതലായ ചില നല്ല കാര്യങ്ങൾ അവർ നടത്തിവന്നിരുന്നു. അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ആ സ്ഥിതിക്കു ഈ പ്രഖ്യാപനത്തിന്റെ ന്യായതയെക്കുറിച്ചു സംശയിക്കപ്പെടുവാനിടയുണ്ട്. 'ഞങ്ങളുടെ നൻമകളെ നിങ്ങൾ മൂടിവെക്കുകയും, തിൻമകളെ നിങ്ങൾ എടുത്തുപറയുകയും ചെയ്യുന്നു' വെന്നു അവർക്കു ആക്ഷേപമുണ്ടായിരുന്നതായും പറയപ്പെടുന്നു. പ്രസ്തുത നൻമകളെ സമ്മതിച്ചുകൊണ്ടുതന്നെ, അതിനുള്ള മറുപടിയാണു ഈ വചനങ്ങളിലും അടുത്ത ചില വചനങ്ങളിലും കാണുന്നത്.

കഅ്ബയുടെ ശുശ്രൂഷകൻമാരും പരിപാലകൻമാരുമായിരുന്നു അവരെന്നുള്ളതു ശരി. പക്ഷെ, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന്റെ നാമം സ്മരിക്കുകയും ചെയ്വാൻ വേണ്ടി സ്ഥാപിക്കപ്പെടുന്നതാണ് പള്ളികൾ. ഇവരാകട്ടെ, പ്രത്യക്ഷത്തിൽ തന്നെ ബഹുദൈവാരാധകൻമാരും വിഗ്രഹാരാധകൻമാരുമാണ്. എന്നിരിക്കെ, പള്ളികളുടെ ശുശ്രൂഷ, മേൽനോട്ടം, അവയിൽവെച്ചുള്ള ആരാധനാകർമ്മങ്ങൾ എന്നിങ്ങിനെയുള്ള പരിപാലനങ്ങൾ അവരോടു യോജിക്കുന്ന കാര്യങ്ങളല്ല. അതിനവർക്കു അർഹതയുമില്ല. പള്ളികളിൽ വെച്ചു ഏററവും വലിയ പള്ളി കഅ്ബയാണല്ലോ. അപ്പോൾ അതിന്റെ പരിപാലന കൃത്യം വിശേഷിച്ചും അവർക്കു പാടില്ലാത്തതാണ്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും, നമസ്കാരം, സക്കാത്തു മുതലായ നിർബ്ബന്ധ കാര്യങ്ങൾ അനുഷ്ഠിക്കുകയും അല്ലാഹുവിനെ മാത്രം ഭയപ്പെടുകയും ചെയ്യുന്ന സത്യവിശ്വാസികൾക്കു മാത്രമേ അതിനവകാശമുള്ളു. ഇതാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

'പരിപാലിക്കുക' എന്നു ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നതു يعمر (യഹ്മുറു) എന്ന ക്രിയാരൂപത്തെയാകുന്നു. ഇതിന്റെ ധാതു നാമമാണു അടുത്ത വചനത്തിൽ കാണുന്ന عمارة (ഇമാറത്ത്) എന്ന പദം. ഈ ക്രിയയുടെ കർത്താവും, കർമ്മം (الفاعل والمفعول) എന്നിവയുടെ വ്യത്യാസമനുസരിച്ച് പരിപാലനത്തിന്റെ സ്വഭാവത്തിലും വ്യത്യാസമുണ്ടായിരിക്കും. പള്ളികളെക്കുറിച്ചു പറയുമ്പോൾ രണ്ടു തരത്തിലുള്ള അർത്ഥത്തിൽ അതു ഉപയോഗപ്പെടാം. (1) കെട്ടിടത്തിന്റെ കേട്ടുപാടുകൾ നന്നാക്കുക, ഭരണവും നടത്തിപ്പും കൈകാര്യം ചെയ്യുക മുതലായ ബാഹ്യമായ ശുശ്രൂഷകൾ. (2) സന്ദർശിച്ചും, പ്രാർത്ഥന, നമസ്കാരം മുതലായ ആരാധനാ കർമ്മങ്ങൾ നടത്തിയും അവയുടെ സ്ഥാപനോദ്ദേശ്യങ്ങളെ സജീവമാക്കുക. ഈ രണ്ടാമത്തെ അർത്ഥത്തിലുള്ള പരിപാലനമാണു ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഒന്നാമത്തെ അർത്ഥത്തിലുള്ള പരിപാലനത്തിന്റെ സ്ഥിതിയും ഇതിൽ നിന്നു ഭിന്നമല്ലെന്നു വ്യക്തമാണ്. പള്ളി നിർമ്മാണത്തിന്റെയും നടത്തിപ്പിന്റെയും ലക്ഷ്യം അതിൽവെച്ചു അല്ലാഹുവിനെ മാത്രം ആരാധിക്കലും, അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണല്ലോ.

പള്ളിയുടെ നിർമ്മാണത്തിലും, ഭരണത്തിലും അമുസ്ലിംകൾക്കു പങ്കുണ്ടായിക്കൂടാ എന്നു ഈ വചനത്തിന്റെ അർത്ഥ വ്യാപ്തിയിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. പല മഹാന്മാരും ഇവിടെ അതു പ്രസ്താവിച്ചു കാണാം. ഇന്നത്തെ പൊതു പരിതസ്ഥിതികൾ നോക്കുമ്പോൾ വിശേഷിച്ചും അതു ക്രമേണ മുസ്ലിംകൾക്കെതിരെ അവകാശവാദങ്ങൾ ഉന്നയിക്കുവാൻ അവർക്കൊരു പഴുതു വെച്ചു കൊടുക്കൽകൂടിയായിരിക്കും. ഇതിനു ചില ഉദാഹരണങ്ങൾ ചില രാജ്യങ്ങളിൽ സംഭവിച്ചു കഴിഞ്ഞതുമാണ്. അമുസ്ലിംകളായ തൊഴിലാളികളെയും, കൂലിക്കാരെയും പള്ളി സംബന്ധമായ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനു ഇതൊന്നും ബാധകമാകുന്നതല്ലതാനും. അമുസ്ലിംകൾ പള്ളിയിൽ പ്രവേശിക്കുന്നതു സംബന്ധമായ ഏതാനും വിവരങ്ങൾ താഴെ 28-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ കാണാം. പള്ളി പരിപാലനത്തെ(عمارة المسجد)പ്പററി ഇബ്നു കഥീർ (റ) പറഞ്ഞ ചില വാക്കുകൾ വളരെ ശ്രദ്ധേയമാകുന്നു. അദ്ദേഹം പറയുന്നു: 'അവയെ പരിപാലിക്കുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അവയെ മോടി കൂട്ടുകയും, അവയുടെ ആകൃതി നിലനിറുത്തുകയും ചെയ്യുക എന്നുള്ളതല്ല. അവയെ പരിപാലിക്കൽ, അവയിൽ വെച്ചു അല്ലാഹുവിനെ സ്മരിക്കുകയും, അവന്റെ 'ശറഇ' നെ (മതനിയമങ്ങളെ) അതിൽ നിലനിറുത്തുകയും, ശിർക്കിൽ നിന്നും മ്ളേച്ഛമായ കാര്യങ്ങളിൽ നിന്നും അവയെ ശുദ്ധമാക്കുകയും ചെയ്യുന്നതു മുഖേനയാണുണ്ടാകുന്നത്.'

പള്ളികളുടെ സ്ഥാപന ലക്ഷ്യത്തിനുതന്നെ വിരുദ്ധമായി കുഫ്റിന്റെ (അവിശ്വാസത്തിന്റെ) വാക്കുകളും, പ്രവർത്തികളും മുഖേന, തങ്ങൾ അവിശ്വാസികളാണെന്നു വ്യക്തമായി തെളിയിച്ചുകൊണ്ടിരിക്കുന്നവരാണ് മുശ്രിക്കുകൾ. എന്നിരിക്കെ, പള്ളി പരിപാലനവും അവരും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടും ?! രണ്ടും പരസ്പരവിരുദ്ധമാണല്ലോ എന്നത്രെ شاهدين على أنفسهم بالكفر (തങ്ങളുടെ സ്വന്തം ദേഹങ്ങളുടെമേൽ അവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ടു) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. മേൽ പറഞ്ഞ പ്രകാരമുള്ള ഗുണങ്ങളോടുകൂടിയവർക്കാണു യഥാർത്ഥത്തിൽ പള്ളിപരിപാലനത്തിനു അർഹതയുള്ളതെങ്കിലും ഇസ്ലാമിന്റെ ചില വിധി

വിലക്കുകയോ പാലിക്കുന്നില്ലെന്ന കാരണത്താൽ, മുസ്‌ലിംകളായ വ്യക്തികൾ പള്ളിപരിപാലനത്തിൽ പങ്കുവഹിക്കാനുള്ള അവകാശം—കുഫ്‌റിൻെറതായ അടയാളമൊന്നും അയാളിൽ പ്രത്യക്ഷപ്പെടാത്ത കാലത്തോളം— തടയപ്പെട്ടുകൂടാ എന്നു ഇതിൽ നിന്നു മനസ്സിലാക്കാം. الله اعلم

അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുക (ولم يخش إلا الله) എന്നു പറഞ്ഞതു കൊണ്ടുദ്ദേശ്യം അല്ലാഹുവിൻെറ വിധിവിലക്കുകൾ പാലിക്കുന്നതിലും, മതപരമായ കടമകൾ നിർവ്വഹിക്കുന്നതിലും മററാരെയും ഭയപ്പെടാതിരിക്കുകയാണ് എന്നു സാമാന്യമായിപ്പറയാം എന്നല്ലാതെ, വല്ല ആപത്തുകൾ വരുന്നതിനെക്കുറിച്ചോ, ക്രൂരജന്തുക്കൾ മുതലായവയെക്കുറിച്ചോ ഭയമുണ്ടാകാതിരിക്കുക എന്നല്ല: ഇമാം ബൈളാവീ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ പ്രകൃത്യാ മനുഷ്യനിൽ ഉണ്ടായിത്തീരുന്ന ഒരു സ്വഭാവമാണത്. ബുദ്ധിയുള്ള ഒരാളിലും അതുണ്ടാകാതിരിക്കയില്ല. خشية (ഖശ്‌യത്ത്) എന്ന ധാതുവിൻെറ അർത്ഥം 'ഭയപ്പാടു, പേടി, സൂക്ഷ്മത' എന്നൊക്കെയാണെങ്കിലും ഭക്തി ബഹുമാനത്തോടുകൂടിയുള്ള ഭയപ്പാടിലാണ് അതിൻെറ പ്രയോഗമെന്നു ഇമാം റാഗിബ് (റ) വ്യക്തമാക്കിയിട്ടുള്ളതും പ്രസ്താവ്യമാകുന്നു.

പള്ളി നിർമ്മാണം, പള്ളി പരിപാലനം എന്നീ വിഷയങ്ങളെ സംബന്ധിക്കുന്ന ഹദീസുകൾ പലതും കാണാം. ഉദാഹരണാർത്ഥം ചിലതു നമുക്കിവിടെ ഓർമ്മിക്കാം; (1) നബി (സ) പ്രസ്താവിച്ചതായി ഉസ്മാൻ (റ) ഉദ്ധരിക്കുന്നു: 'ആരെങ്കിലും അല്ലാഹുവിനു ഒരു പള്ളി സ്ഥാപിച്ചാൽ അല്ലാഹു അവനു സ്വർഗ്ഗത്തിൽ ഒരു വീടു സ്ഥാപിക്കുന്നതാണ്.' (ബു ;മു; തി) റസൂൽ (സ) തിരുമേനിയുടെ പള്ളി ഉസ്മാൻ (റ) പുതുക്കിപ്പണിയുകയും, അതിൽ ചില പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തതിനെപ്പററി ചിലർ ആക്ഷേപിച്ചു പറഞ്ഞതിനദ്ദേഹം മറുപടി നൽകിയ അവസരത്തിലായിരുന്നു നബി (സ) യിൽനിന്നു അദ്ദേഹം കേട്ട ഈ വചനം അദ്ദേഹം ഉദ്ധരിച്ചത്. (2) നബി (സ) പ്രസ്താവിച്ചതായി അബൂഹുറൈറ: (റ) ഉദ്ധരിക്കുന്നു: 'ആരെങ്കിലും പള്ളിയിലേക്കു പോകുകയോ വരുകയോ ചെയ്യുന്നതായാൽ, അവൻ പോകുമ്പോഴും വരുമ്പോഴുമെല്ലാം അവനു അല്ലാഹു സ്വർഗ്ഗത്തിൽ വിരുന്നു ഒരുക്കുന്നതാണ്.' (ബു; മു) (3) അല്ലാഹുവിൻെറ തണലല്ലാത്ത മറെറാരു തണലും ഇല്ലാതിരിക്കുന്ന ദിവസം (ഖിയാമത്തു നാളിൽ) അല്ലാഹുവിൻെറ തണൽ ലഭിക്കുന്ന ഏഴു കൂട്ടരെപ്പററി പ്രസ്താവിക്കുന്ന പ്രസിദ്ധമായ നബി വചനത്തിൽ 'ഹൃദയം പള്ളികളുമായി ബന്ധപ്പെട്ട ആളുകളെ'യാണു നബി (സ) ഒന്നു എണ്ണിയിരിക്കുന്നത്. (ബു;മു) (4) റസൂൽ (സ) പറഞ്ഞതായി അബൂ സഈദ് (റ) ഉദ്ധരിക്കുന്നു: 'ഒരു പുരുഷൻ പള്ളിയിലേക്കു പതിവായി പോകുന്നതു കണ്ടാൽ, അവൻെറ സത്യവിശ്വാസത്തിനു നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുവിൻ.' പിന്നീടു തിരുമേനി ഈ (18-ാം) വചനം ഓതുകയും ചെയ്തു. (അ;തി;ജ) (5) പള്ളിയിൽ അടിച്ചു വാരിയിരുന്ന—തൂപ്പുവേല ചെയ്തിരുന്ന—ഒരു സ്ത്രീ മരണപ്പെട്ടു. ആ സ്ത്രീയെ കാണാതായപ്പോൾ നബി (സ) അവരെപ്പററി അന്വേഷിച്ചു. അവർ മരണപ്പെട്ടുവെന്നറിഞ്ഞപ്പോൾ, 'അവരുടെ പേരിൽ നമസ്കരിക്കുവാൻ വേണ്ടി എന്നെ ഒന്നു വിവരം അറിയിച്ചു കൂടായിരുന്നോ?' എന്നു പറഞ്ഞുകൊണ്ട് തിരുമേനി അവരുടെ ഖബ്റിൻെറ അടുക്കൽ ചെന്നു അവരുടെ പേരിൽ (ജനാസഃ) നമസ്കാരം നടത്തി. (ബു; മു; ദാ; ജ)

19. ഹജ്ജ് ചെയ്യുന്നവർക്കു കുടിപ്പാൻ (വെള്ളം)കൊടുക്കലും, 'മസ്ജിദുൽ ഹറാമി'ൻെറ പരിപാലനവും (ചെയ്യുന്നവരെ) നിങ്ങൾ ആക്കുകയോ?-അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്യുന്നവരെപ്പോലെ!

അവർ അല്ലാഹുവിൻെറ അടുക്കൽ സമന്മാരാകുകയില്ല. അല്ലാഹു, അക്രമികളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

١٩- أَجَعَلْتُمْ سِقَايَةَ الْحَاجِّ وَعِمَارَةَ
الْمَسْجِدِ الْحَرَامِ كَمَنْ آمَنَ بِاللَّهِ
وَالْيَوْمِ الْآخِرِ وَجَاهَدَ فِي سَبِيلِ اللَّهِ ۚ
لَا يَسْتَوُونَ عِنْدَ اللَّهِ ۗ
وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ ۝

---

19. اجعلتم നിങ്ങൾ ആക്കിയോ, ആക്കുകയാണോ سقاية കുടിപ്പാൻ കൊടുക്കൽ, വെള്ളം നൽകൽ الحاج ഹജ്ജു ചെയ്യുന്നവനു, ഹജ്ജിനു വരുന്നവർക്കു وعمارة പരിപാലനവും, ശുശ്രൂഷയും المسجد الحرام മസ്ജിദുൽ ഹറാമിൻെറ كمن ഒരുവനെ(യാതൊരുവരെ)പ്പോലെ آمن വിശ്വസിച്ചു بالله അല്ലാഹുവിൽ واليوم الآخر അന്ത്യദിനത്തിലും وجاهد സമരം ചെയ്കയും في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ لا يستوون അവർ സമമാകുകയില്ല عند الله അല്ലാഹുവിങ്കൽ والله അല്ലാഹുവാകട്ടെ لا يهدي നേർമാർഗ്ഗ(സൻമാർഗ്ഗ) ത്തിലാക്കുകയില്ല القوم ജനങ്ങളെ الظالمين അക്രമികളായ

മുമ്പു ചൂണ്ടിക്കാട്ടിയതുപോലെ, മക്കാ മുശ്‌രിക്കുകൾ തങ്ങളുടെ ശ്രേഷ്ഠ ഗുണങ്ങളായി എണ്ണി വന്നിരുന്നതാണു ഹാജിമാർക്കു വെള്ളം എത്തിച്ചുകൊടുക്കുവാനുള്ള ഏർപ്പാടും, കഅ്ബയുടെ ശുശ്രൂഷയും, മക്കായിൽ അക്കാലത്തു വെള്ളത്തിനു വളരെ ക്ഷാമമായിരുന്നതു കൊണ്ടു ഹജ്ജിനു വരുന്നവർക്കു അതതിടങ്ങളിൽ വെള്ളം എത്തിക്കുന്നതു വളരെ പ്രധാനപ്പെട്ട ഒരു ഏർപ്പാടായിരുന്നു. അതെല്ലാം നല്ലതും വേണ്ടപ്പെട്ടതുമായ കാര്യങ്ങളാണെങ്കിലും സത്യവിശ്വാസം സ്വീകരിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്‌വാൻ താൽപര്യമില്ലാത്ത കാലത്തോളം അല്ലാഹുവിന്റെ അടുക്കൽ അതിനു നിലയും വിലയുമില്ലെന്നു അല്ലാഹു മുശ്‌രിക്കുകളെ ഉൽബോധിപ്പിക്കുകയാണ്.

٢٠- اَلَّذِيْنَ اٰمَنُوْا وَهَاجَرُوْا وَجَاهَدُوْا فِيْ سَبِيْلِ اللّٰهِ بِاَمْوَالِهِمْ وَاَنْفُسِهِمْ ۙ اَعْظَمُ دَرَجَةً عِنْدَ اللّٰهِ ؕ وَاُولٰٓئِكَ هُمُ الْفَآئِزُوْنَ ○

20. വിശ്വസിക്കുകയും, 'ഹിജ്ര' പോകുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും, തങ്ങളുടെ ദേഹം കൊണ്ടും സമരം നടത്തുകയും ചെയ്തവർ, അല്ലാഹുവിന്റെ അടുക്കൽ, പദവിയിൽ ഏററവും മഹത്തായവരത്രെ.

അക്കൂട്ടർ തന്നെയാണ് ഭാഗ്യം പ്രാപിച്ചവരും.

٢١- يُبَشِّرُهُمْ رَبُّهُمْ بِرَحْمَةٍ مِّنْهُ وَرِضْوَانٍ وَّجَنّٰتٍ لَّهُمْ فِيْهَا نَعِيْمٌ مُّقِيْمٌ ○

21. അവരുടെ റബ്ബ് തന്റെ പക്കൽ നിന്നുള്ള ഒരു (മഹത്തായ) കാരുണ്യത്തെയും, പ്രീതിയെയും, അവർക്കായുള്ള ചില സ്വർഗ്ഗങ്ങളെയും കുറിച്ചു അവരെ സന്തോഷവാർത്ത അറിയിക്കുന്നു. അതിൽ (ശാശ്വതമായി) നിലനിൽക്കുന്ന സുഖാനുഭവമുണ്ടായിരിക്കും;

٢٢- خٰلِدِيْنَ فِيْهَآ اَبَدًا ؕ اِنَّ اللّٰهَ عِنْدَهٗٓ اَجْرٌ عَظِيْمٌ ○

22. അതിൽ എന്നെന്നും (അവർ) നിത്യവാസികളായിക്കൊണ്ട്. നിശ്ചയമായും അല്ലാഹു—അവന്റെ അടുക്കൽ മഹത്തായ പ്രതിഫലമുണ്ട്.

---

20. الذين آمنوا വിശ്വസിച്ചവർ وهاجروا ഹിജ്ര പോകുകയും ചെയ്തു وجاهدوا സമരം നടത്തുകയും ചെയ്തു في سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ باموالهم തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ടു وأنفسهم തങ്ങളുടെ ദേഹങ്ങൾകൊണ്ടും أعظم വമ്പിച്ചവരാണു درجة പദവി, പദവിയിൽ عند الله അല്ലാഹുവിന്റെ അടുക്കൽ وأولئك هم അക്കൂട്ടർ തന്നെ الفائزون ഭാഗ്യവാൻമാർ, വിജയികൾ. 21. يبشرهم അവരെ സന്തോഷമറിയിക്കുന്നു ربهم അവരുടെ റബ്ബു برحمة ഒരു കാരുണ്യത്തെപ്പററി, കാരുണ്യം കൊണ്ടു منه അവനിൽ നിന്നുള്ള ورضوان പ്രീതികൊണ്ടും وجنات ചില സ്വർഗ്ഗങ്ങൾ കൊണ്ടും لهم അവർക്കുള്ള, അവരുടേതായ فيها അതിൽ (അവയിൽ) ഉണ്ടു نعيم സുഖാനുഭവം, സുഖജീവിതം مقيم നിലനിൽക്കുന്ന 22. خالدين നിത്യവാസികളായിക്കൊണ്ടു فيها അതിൽ أبدا എക്കാലവും, എന്നെന്നും إن الله നിശ്ചയമായും അല്ലാഹു عنده അവന്റെ അടുക്കലുണ്ടു أجر കൂലി, പ്രതിഫലം عظيم വമ്പിച്ച, മഹത്തായ

23. ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ പിതാക്കളും, സഹോദരങ്ങളും സത്യവിശ്വാസത്തെക്കാൾ അവിശ്വാസത്തോടു ഇഷ്ടം കാണിക്കുന്നപക്ഷം, അവരെ നിങ്ങൾ മിത്രങ്ങൾ (അഥവാ കൈകാര്യക്കാർ) ആക്കരുത്. നിങ്ങളിൽ നിന്നു ആരെങ്കിലും അവരോടു മിത്രബന്ധം പുലർത്തുന്ന (അഥവാ അവർക്കു കൈകാര്യ കർതൃത്വം നൽകുന്ന) പക്ഷം, അക്കൂട്ടർ തന്നെയാണു അക്രമികൾ.

٢٣-يَاأَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا آبَاءَكُمْ وَإِخْوَانَكُمْ أَوْلِيَاءَ إِنِ اسْتَحَبُّوا الْكُفْرَ عَلَى الْإِيمَانِ ۚ وَمَنْ يَتَوَلَّهُمْ مِنْكُمْ فَأُولَٰئِكَ هُمُ الظَّالِمُونَ ○

24. (നബിയേ) പറയുക: 'നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുകുടുംബങ്ങളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, നിങ്ങൾ വിലയിടിവു (അഥവാ ചിലവാകായ്മ) ഭയക്കുന്ന കച്ചവടവും, നിങ്ങൾ ഇഷ്ടപ്പെടുന്ന പാർപ്പിടങ്ങളുമാണ് അല്ലാഹുവിനെയും, അവൻെറ റസൂലിനെയും, അവൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനെയും കാൾ (അധികം) നിങ്ങൾക്കു പ്രിയങ്കരമെങ്കിൽ, എന്നാൽ അല്ലാഹു അവൻെറ കൽപന കൊണ്ടു വരുന്നതു വരെ നിങ്ങൾ കാത്തിരിക്കുവിൻ!

അല്ലാഹു തോന്നിയവാസികളായ ജനങ്ങളെ സന്മാർഗ്ഗത്തിലാക്കുകയില്ല.

٢٤-قُلْ إِنْ كَانَ آبَاؤُكُمْ وَأَبْنَاؤُكُمْ وَإِخْوَانُكُمْ وَأَزْوَاجُكُمْ وَعَشِيرَتُكُمْ وَأَمْوَالٌ اقْتَرَفْتُمُوهَا وَتِجَارَةٌ تَخْشَوْنَ كَسَادَهَا وَمَسَاكِنُ تَرْضَوْنَهَا أَحَبَّ إِلَيْكُمْ مِنَ اللَّهِ وَرَسُولِهِ وَجِهَادٍ فِي سَبِيلِهِ فَتَرَبَّصُوا حَتَّىٰ يَأْتِيَ اللَّهُ بِأَمْرِهِ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الْفَاسِقِينَ ○ ع

---

23. يا أيها الذين آمنوا വിശ്വസിച്ചവരേ لا تتخذوا നിങ്ങൾ ആക്കരുതു آباءكم നിങ്ങളുടെ പിതാക്കളെ وإخوانكم നിങ്ങളുടെ സഹോദരങ്ങളെ (സഹോദരൻമാരെ)യും أولياء ബന്ധുക്കൾ, കൈകാര്യക്കാർ, ഉടയവർ إن استحبوا അവർ ഇഷ്ട (തൃപ്തി)പ്പെടുന്ന പക്ഷം الكفر അവിശ്വാസത്തെ على الايمان സത്യവിശ്വാസത്തെക്കാൾ, വിശ്വാസത്തിനെതിരെ ومن يتولهم ആരെങ്കിലും(ആർ-വല്ലവനും) അവരോടു മിത്രബന്ധം പുലർത്തിയാൽ, അവർക്കു കൈകാര്യം നൽകിയാൽ منكم നിങ്ങളിൽ നിന്നു فأولئك എന്നാൽ അക്കൂട്ടർ هم الظالمون അവർ തന്നെ അക്രമികൾ 24. قل പറയുക إن كان ആണെങ്കിൽ, ആയിരുന്നാൽ آباءكم നിങ്ങളുടെ പിതാക്കൾ وأبناءكم നിങ്ങളുടെ പുത്രൻമാരും (മക്കളും) وإخوانكم നിങ്ങളുടെ സഹോദരങ്ങളും وأزواجكم നിങ്ങളുടെ ഇണകളും (ഭാര്യാഭർത്താക്കളും) وعشيرتكم നിങ്ങളുടെ ബന്ധുകുടുംബവും وأموال സ്വത്തുക്കളും, ധനവും اقترفتموها നിങ്ങളതു സമ്പാദിച്ചുണ്ടാക്കി, തെണ്ടിച്ചുണ്ടാക്കിയ وتجارة കച്ചവടവും, വ്യാപാരവും تخشون നിങ്ങൾ ഭയപ്പെടുന്നു كسادها അതിൻെറ ചിലവഴിയായ്മയെ, വിലയിടിവ് ومساكن പാർപ്പിടങ്ങളും ترضونها നിങ്ങളതിനെ ഇഷ്ടപ്പെടുന്നു أحب അധികം പ്രിയപ്പെട്ടതു, ഇഷ്ടപ്പെട്ടതു اليكم നിങ്ങൾക്കു من الله അല്ലാഹുവിനെക്കാൾ ورسوله അവൻെറ റസൂലിനെയും (കാൾ) وجهاد സമരത്തെയും (കാൾ) في سبيله അവൻെറ മാർഗ്ഗത്തിൽ فتربصوا എന്നാൽ നിങ്ങൾ കാത്തിരിക്കുവിൻ, പ്രതീക്ഷിക്കുവിൻ حتى يأتي വരുന്നതുവരെ الله അല്ലാഹു بامره അവൻെറ കൽപനയും കൊണ്ടു والله അല്ലാഹു لا يهدي അവൻ നേർമാർഗ്ഗത്തിലാക്കുകയില്ല القوم ജനതയെ, ജനങ്ങളെ الفاسقين തോന്നിയവാസികളായ, ദുർന്നടപ്പുകാരായ

സ്വന്തം പിതാക്കളോ സ്വന്തം സഹോദരങ്ങളോ ആയിരുന്നാൽ പോലും-അവർ സത്യവിശ്വാസം സ്വീകരിക്കാതെ അവിശ്വാസം കൊണ്ട് തൃപ്തിപ്പെടുന്ന പക്ഷം-അവരുമായി മിത്രബന്ധം പുലർത്തുകയും, അവരെ കൈകാര്യക്കാ

രാക്കി വെക്കുകയും ചെയ്തുകൂടാ എന്നു സത്യവിശ്വാസികളോടു അല്ലാഹു കൽപിക്കുന്നു. മത്സരത്തിൽ കഴിയുന്ന അവിശ്വാസികളോടു മൈത്രിയിലും കൂട്ടുകെട്ടിലും പെരുമാറുന്നതിനെപ്പററി ഒന്നിലധികം സ്ഥലത്തു ഖുർആനിൽ അല്ലാഹു വിരോധിച്ചിരിക്കുന്നതു കാണാം. സൂ : മുജാദലഃയിൽ പറയുന്നു: അല്ലാഹുവിനോടും അവൻെറ റസൂലിനോടും മത്സരം കാണിക്കുന്നവരോട് അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിക്കുന്ന ഒരു ജനത സ്നേഹബന്ധം പുലർത്തുന്നതായി നീ കണ്ടെത്തുകയില്ല. അവർ തങ്ങളുടെ പിതാക്കളോ, പുത്രൻമാരോ, സഹോദരങ്ങളോ, ബന്ധു കുടുംബങ്ങളോ ആയിരുന്നാലും ശരി. അങ്ങിനെയുള്ളവരുടെ—സ്നേഹബന്ധം പുലർത്താത്തവരുടെ—ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസം രേഖപ്പെടുത്തിയിരിക്കുന്നു. അവൻെറ പക്കൽനിന്നുള്ള ഒരു ആത്മാവു മുഖേന അവൻ അവരെ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (58:22)

കുടുംബ ബന്ധത്തെ ഓർത്തും, സ്വകുടുംബത്തിൻെറ അപ്രീതിയുണ്ടാകരുതെന്നു കരുതിയും, സ്വത്തുക്കൾക്കോ, പാർപ്പിടങ്ങൾക്കോ നാശം സംഭവിക്കുമെന്നു വിചാരിച്ചുമൊക്കെ ദുർബ്ബല വിശ്വാസികളായ ചില മുസ്ലിംകൾ യുദ്ധം ചെയ്വാനോ, ഹിജ്ര പോകാനോ ശ്രമിക്കാതെ ഒഴിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. അവരുടെ വിഷയത്തിലാണ് ഈ വചനങ്ങൾ അവതരിച്ചതെന്നു പറയപ്പെടുന്നുണ്ടെങ്കിലും ഈ തത്വം എല്ലാ കാലത്തുള്ളവർക്കും ബാധകം തന്നെയാണ്. അതായതു, അല്ലാഹുവിൻെറ ദീനിനോടു മത്സരം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നവർ എത്ര അടുത്ത ബന്ധുക്കളായാലും അവരോടു ഹൃദയം ഇണങ്ങിക്കൊണ്ടു അണഞ്ഞ ബന്ധം പുലർത്തിക്കൊണ്ടിരിക്കുവാൻ സത്യവിശ്വാസികൾക്കു ഒരു കാലത്തും പാടില്ലാത്തതാകുന്നു. മാതാപിതാക്കൾ മുശ്രിക്കുകളായിരുന്നാൽ പോലും അവരോടു ഇഹത്തിൽ നന്നായി പെരുമാറണമെന്നും, അവിശ്വാസികളോടും നീതിയും മര്യാദയും പാലിക്കേണമെന്നും, നീതികേടും അക്രമവും ആരോടും പാടില്ലെന്നുമുള്ള കൽപനകൾ ഇപ്പറഞ്ഞതിനു എതിരല്ലതാനും.

കുടുംബ ബന്ധങ്ങളോ, സ്നേഹ ബന്ധങ്ങളോ, സ്വത്തുക്കളിലും ജീവിത സൗകര്യങ്ങളിലുമുള്ള താൽപര്യങ്ങളോ ഒന്നുംതന്നെ, അല്ലാഹുവിൻെറയും റസൂലിൻെറയും വിധിവിലക്കുകൾ അനുസരിക്കുന്നതിനോ, അല്ലാഹുവിൻെറ ദീനിനുവേണ്ടി സമരവും ത്യാഗവും അനുഷ്ഠിക്കുന്നതിനോ തടസ്സമായിരിക്കുവാൻ പാടില്ല. അങ്ങിനെ തടസ്സമാകത്തക്കവണ്ണം അവക്കു പ്രാധാന്യം കൽപിച്ചാൽ അതിൻെറ ഭവിഷ്യത്തു വളരെ ആപൽകരമായിരിക്കുമെന്നു സത്യവിശ്വാസികളോടുള്ള ഒരു താക്കീതാണു 24-ാം വചനത്തിൽ കാണുന്നത്. 'അല്ലാഹു അവൻെറ കൽപനകൊണ്ടു വരുന്നതുവരെ കാത്തിരിക്കുവിൻ' (فتربصوا حتى يأتي الله بامره) എന്നുള്ള ആ കനത്ത താക്കീതു വിഷയത്തിൻെറ ഗൗരവമാണു ചൂണ്ടിക്കാട്ടുന്നത്. ആ കൽപനകൊണ്ടുദ്ദേശ്യം ഇന്നതാണെന്നോ, അതു എപ്പോഴായിരിക്കുമെന്നോ അല്ലാഹു വെളിപ്പെടുത്തിയിട്ടില്ല. ഇഹത്തിൽവെച്ചും, പരത്തിൽവെച്ചും അതിൻെറ ഭവിഷ്യത്തു നിങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും, അതു നിങ്ങൾക്കു താങ്ങാനാവാത്തതായിരിക്കുമെന്നുമത്രെ ആ വാക്കു സൂചിപ്പിക്കുന്നത്. അല്ലാഹുവിൻെറയും റസൂലിൻെറയും ആജ്ഞാനിർദ്ദേശങ്ങളെക്കാൾ അത്തരം കാര്യങ്ങൾക്കു പ്രാധാന്യം കൽപിച്ചുകൊണ്ടിരിക്കുന്നതു നിമിത്തം മുസ്ലിംകൾ അന്നും ഇന്നും എന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഐഹികമായ ഭവിഷ്യത്തുകൾ ബുദ്ധിയും വിശ്വാസവുമുള്ള ആർക്കും അജ്ഞാതമല്ല തന്നെ. അതുമൂലം ലോകത്തുവെച്ചുണ്ടാകാനിരിക്കുന്ന ഭവിഷ്യത്തിനെപ്പററി പ്രത്യേകം പറയേണ്ടതില്ലതാനും.

നബി (സ) ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'എൻെറ ആത്മാവു യാതൊരുവൻെറ കയ്യിലാണോ അവൻതന്നെ സത്യം ! നിങ്ങളിൽ ഒരാൾക്കുംതന്നെ, അവൻെറ മാതാപിതാക്കളെയും, മക്കളെയും എല്ലാ മനുഷ്യരെയും കാൾ ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കുന്നതുവരെ അവൻ സത്യവിശ്വാസി ആയിരിക്കയില്ല.' (ബു; മു) ഒരിക്കൽ ഉമർ (റ) നബി (സ) യോട് ഇങ്ങനെ പറയുകയുണ്ടായി: 'അല്ലാഹുവിനെതന്നെ സത്യം! അല്ലാഹുവിൻെറ റസൂലേ, അങ്ങുന്നാണു എൻെറ ദേഹം ഒഴിച്ചുള്ള മറെറല്ലാററിനെക്കാളും എനിക്കിഷ്ടപ്പെട്ട ആൾ.' 'അപ്പോൾ റസൂൽ (സ) പറഞ്ഞു: 'നിങ്ങളിലൊരാൾക്കു അവൻെറ ദേഹത്തേക്കാളും ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കുന്നതുവരെ അവൻ സത്യവിശ്വാസിയായിരിക്കയില്ല.' അപ്പോൾ ഉമർ (റ) പറഞ്ഞു: 'എന്നാൽ—ഇപ്പോൾ—അല്ലാഹുതന്നെ സത്യം! അങ്ങുന്നു എനിക്കു എൻെറ ദേഹത്തേക്കാൾ ഇഷ്ടപ്പെട്ടവനാകുന്നു.' അപ്പോൾ നബി തിരുമേനി പറഞ്ഞു: 'ഇപ്പോഴാണ്, ഉമറേ, തൻെറ വിശ്വാസം പരിപൂർണ്ണമായത്.' (അ; മു) അല്ലാഹുവിനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിൻെറ അനിവാര്യ ഫലമാണല്ലോ റസൂലിനെ സ്നേഹിക്കലും അനുസരിക്കലും. അഥവാ അതു രണ്ടും അർത്ഥത്തിൽ ഒന്നു തന്നെ. മനുഷ്യൻെറ ഐഹികവും പാരത്രികവുമായ നൻമകൾക്കുള്ള ഏക നിദാനവും അതുതന്നെ. എന്നിരിക്കെ, അതിനേക്കാൾ ഉപരിയായി മറെറാരു കാര്യവും ഒരു യഥാർത്ഥ സത്യവിശ്വാസിക്കു ഉണ്ടായിരിക്കുവാൻ പാടില്ലല്ലോ. 'ഇപ്പോഴാണു ഉമറേ തൻെറ വിശ്വാസം പരിപൂർണ്ണമായതു' എന്ന തിരുവചനം ഈ വസ്തുതയാണു ചൂണ്ടിക്കാട്ടുന്നത്. ഇതുതന്നെയാണു സൂ:അഹ്സാബിൽ النبي اولى بالمؤمنين من أنفسهم (നബി സത്യവിശ്വാസികളോടു അവരുടെ ദേഹങ്ങളേക്കാൾ അധികം ബന്ധപ്പെട്ടവനാകുന്നു. (33:6) എന്ന വാക്യം മുഖേന അല്ലാഹു അറിയിക്കുന്നത്.

വിഭാഗം- 4

25. വളരെ (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്; ഹുനൈൻ (യുദ്ധ) ദിവസവും (സഹായിച്ചു); അതായതു, നിങ്ങളുടെ (ആധം) പെരുപ്പം നിങ്ങളെ സംതൃപ്തിപ്പെടുത്തിയിട്ട് അതു നിങ്ങധംക്കു യാതൊന്നും പര്യാപ്തമാക്കാതിരുന്നപ്പോധം; ഭൂമി വിശാലമായതോടെ അതു നിങ്ങധംക്കു ഇടുക്കമാകുകയും ചെയ്തു; പിന്നീട് നിങ്ങധം പിന്നോക്കം തിരിഞ്ഞോടുകയും ചെയ്തു.

٢٥- لَقَدْ نَصَرَكُمُ اللّٰهُ فِيْ مَوَاطِنَ كَثِيْرَةٍ ۙ وَّيَوْمَ حُنَيْنٍ ۙ اِذْ اَعْجَبَتْكُمْ كَثْرَتُكُمْ فَلَمْ تُغْنِ عَنْكُمْ شَيْـًٔا وَّضَاقَتْ عَلَيْكُمُ الْاَرْضُ بِمَا رَحُبَتْ ثُمَّ وَلَّيْتُمْ مُّدْبِرِيْنَ ۝

26. പിന്നെ, അല്ലാഹു അവന്റെ റസൂലിന്റെ മേലും, സത്യവിശ്വാസികളുടെ മേലും തന്റെ (വക) ശാന്തത ഇറക്കിക്കൊടുത്തു; നിങ്ങധം കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെ അവൻ ഇറക്കുകയും ചെയ്തു: അവിശ്വസിച്ചവരെ അവൻ ശിക്ഷിക്കുകയും ചെയ്തു.

അതത്രെ, അവിശ്വാസികളുടെ പ്രതിഫലം.

٢٦- ثُمَّ اَنْزَلَ اللّٰهُ سَكِيْنَتَهٗ عَلٰى رَسُوْلِهٖ وَعَلَى الْمُؤْمِنِيْنَ وَاَنْزَلَ جُنُوْدًا لَّمْ تَرَوْهَا ۚ وَعَذَّبَ الَّذِيْنَ كَفَرُوْا ۗ وَذٰلِكَ جَزَآءُ الْكٰفِرِيْنَ ۝

27. പിന്നീടു അതിനുശേഷം, താൻ ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്.

അല്ലാഹു (വളരെ) പൊറുക്കുന്നവനും കരുണാനിധിയുമത്രെ.

٢٧- ثُمَّ يَتُوْبُ اللّٰهُ مِنْۢ بَعْدِ ذٰلِكَ عَلٰى مَنْ يَّشَآءُ ۗ وَاللّٰهُ غَفُوْرٌ رَّحِيْمٌ ۝

---

25. لقد തീർച്ചയായും ഉണ്ടു نصركم الله അല്ലാഹു നിങ്ങളെ സഹായിച്ചു في مواطن (യുദ്ധ) രംഗങ്ങളിൽ كثيرة വളരെ ويوم حنين ഹുനൈൻ ദിവസവും إذ أعجبتكم നിങ്ങളെ സംതൃപ്തി(അത്ഭുത)പ്പെടുത്തിയപ്പോധം كثرتكم നിങ്ങളുടെ പെരുപ്പം, ആധിക്യം فلم تغن എന്നിട്ടതു ധന്യമാക്കിയില്ല, പര്യാപ്തമാക്കിയില്ല, ഉപകരിച്ചില്ല عنكم നിങ്ങധംക്കു شيئا യാതൊന്നും وضاقت ഇടുങ്ങുക (കുടുസ്സായിരിക്കുക)യും ചെയ്തു عليكم നിങ്ങധംക്കു, നിങ്ങളുടെ മേൽ الارض ഭൂമി بما رحبت അതു വിശാലമായതോടെ ثم وليتم പിന്നെ നിങ്ങധം തിരിഞ്ഞുപോന്നു مدبرين പിൻതിരിഞ്ഞവരായി (പിന്നോക്കം) 26. ثم أنزل പിന്നെ ഇറക്കി الله അല്ലാഹു سكينته അവന്റെ ശാന്തത, സമാധാനം, അടക്കം على رسوله തന്റെ റസൂലിന്റെ മേൽ وعلى المؤمنين സത്യവിശ്വാസികളുടെ മേലും وأنزل അവൻ ഇറക്കുകയും ചെയ്തു جنودا ചില സൈന്യങ്ങളെ لم تروها നിങ്ങളതു കണ്ടിട്ടില്ല, കാണാത്ത وعذب അവൻ ശിക്ഷിക്കുകയും ചെയ്തു الذين كفروا അവിശ്വസിച്ചവരെ وذلك അതു, അതത്രെ. جزاء പ്രതിഫലമത്രെ, പ്രതിഫലം الكافرين അവിശ്വാസികളുടെ 27. ثم يتوب പിന്നെ പശ്ചാത്താപം (മടക്കം) സ്വീകരിക്കും الله അല്ലാഹു من بعد ذلك അതിന്റെശേഷം على من يشاء അവൻ ഉദ്ദേശിക്കുന്നവരുടെ والله അല്ലാഹു غفور (വളരെ) പൊറുക്കുന്നവനാകുന്നു رحيم കരുണാനിധിയാണു

കുടുംബബന്ധം, ധനം, വാസസ്ഥലം ആദിയായവയെക്കാളെല്ലാം പ്രാധാന്യം നൽകേണ്ടതു അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം സമ്പാദിക്കുന്നതിനും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനുമാണെന്നും, അല്ലാത്തപക്ഷം അതിന്റെ ഭവിഷ്യത്തു ഭയങ്കരമാണെന്നും അറിയിച്ചശേഷം, അല്ലാഹുവിൽനിന്നുള്ള സഹായം ഇതിനുമുമ്പു നിങ്ങധംക്കു പലപ്പോഴും ലഭിക്കുകയുണ്ടായിട്ടുണ്ടെന്നും, അതൊന്നും നിങ്ങളുടെ ശക്തി കൊണ്ടോ പ്രതാപംകൊണ്ടോ ആയിരുന്നില്ലെന്നും അല്ലാഹു സത്യവിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. കൂട്ടത്തിൽ ഹുനൈൻ യു

ദ്ധത്തിൽ നൽകിയ സഹായവും, അതിന്റെ സന്ദർഭവും പ്രത്യേകം അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. എണ്ണം കൊണ്ടും വണ്ണംകൊണ്ടും മുമ്പെന്നെത്തെക്കാളും പ്രബലമായ ഒരു സേനയായിരുന്നു അന്നു മുസ്ലിംകളുടേത്. അതിൽ അവർ അഭിമാനം കൊള്ളുകയും, ഇക്കുറി ഏതായാലും നമുക്കു തോൽവി പിണയുകയില്ലെന്ന് അവർ കണക്കാക്കുകയും ചെയ്തിരുന്നു. പക്ഷേ, അവർ അല്ലാഹുവിങ്കൽനിന്നുള്ള ഒരു പരീക്ഷണത്തിനു വിധേയരാകുകയും, തിരിഞ്ഞോടേണ്ടി വരികയും ചെയ്തു. ആൾപ്പെരുപ്പംകൊണ്ടല്ല മുസ്ലിംകൾക്കു വിജയം കൈവരുന്നതെന്നു അവർക്കു ബോധ്യമായി. അവസാനം, അല്ലാഹുവിങ്കൽ നിന്നുള്ള ചില പ്രത്യേകാനുഗ്രഹങ്ങൾ വഴി യുദ്ധം വമ്പിച്ച വിജയമായി കലാശിച്ചു. ഈ വചനങ്ങൾ അവതരിക്കുന്നതിനു അൽപമാത്രം മുമ്പു കഴിഞ്ഞതും, ഓർമ്മ മങ്ങിപ്പോയിട്ടില്ലാത്തതുമാണ് ആ സംഭവം. അതുകൊണ്ടാണ് അതിവിടെ പ്രത്യേകം ഓർമ്മിപ്പിക്കുവാൻ കാരണം.

ഓരോ സന്ദർഭത്തിലായി അൽപം അംഗങ്ങൾ മാത്രം അടങ്ങുന്ന ചെറിയ സൈന്യസംഘങ്ങളെ നബി (സ) പല ഭാഗത്തേക്കും അയക്കുകയുണ്ടായിട്ടുണ്ട്. ഈ സംഘങ്ങൾ سرية (ചെറിയ സൈന്യസംഘം) എന്ന പേരിൽ അറിയപ്പെടുന്നു. നബി (സ)യുടെ നേതൃത്വത്തിൽ പല സ്ഥലത്തേക്കുമായി നയിക്കപ്പെട്ട സൈന്യങ്ങൾ മൊത്തം ഇരുപതിൽ പരം വരും. ഇവ غزوة (പടയെടുപ്പു) എന്ന പേരിലും അറിയപ്പെടുന്നു. ചിലതിൽ ശത്രുക്കളുമായി സന്ധി നടത്തി ഏററുമുട്ടലൊന്നും കൂടാതെ തിരിച്ചുപോരുകയും, ചിലതിൽ യുദ്ധം നടക്കുകയും ഉണ്ടായിട്ടുണ്ട്. ബദ്ർ, ഉഹ്ദു, അഹ്സാബ് (ഖൻദഖ്), ഖുറൈളഃ, മുസ്ത്വലഖ്, ഖൈബർ, മക്കാ (വിജയം), ഹുനൈൻ, ത്വാഇഫ് (*) എന്നിവയിലാണ് ഏററുമുട്ടലുണ്ടായത്. മിക്കവാറും എല്ലാററിലും വിജയം പൂർണ്ണമായും മുസ്ലിംകൾക്കു തന്നെയായിരുന്നു. ചുരുക്കം ചിലതിൽ മുസ്ലിംകൾക്കു വന്നുപോയ ചില പാകപ്പിഴവുകൾ നിമിത്തം അവർ പരീക്ഷണങ്ങൾക്കു വിധേയരാവുകയും ഉണ്ടായി. ആദ്യഘട്ടത്തിൽ വിജയം കണ്ടെങ്കിലും അവസാനം പരാജയത്തിൽ കലാശിച്ച യുദ്ധമാണു ഉഹ്ദു—ഇതിനെപ്പററി സൂ: ആലു ഇംറാനിൽ വിവരിച്ചിരിക്കുന്നു. ഇടക്കുവെച്ചു പരാജയം നേരിട്ടെങ്കിലും അവസാനം വിജയത്തിൽ കലാശിച്ച യുദ്ധമാണു ഹുനൈൻ. അതിന്റെ ചില വശങ്ങളെപ്പററിയാണു ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിന്റെ ചുരുക്കം അറിയുന്നതു ഈ വചനത്തിലെ ആശയം മനസ്സിലാക്കുവാൻ ഉപകരിക്കുന്നതാണ്.

ഹുനൈൻ യുദ്ധം

ഹിജ്ര എട്ടാം കൊല്ലത്തിൽ മക്കാ വിജയം ഉണ്ടായതോടുകൂടി വിഗ്രഹ മതത്തിന്റെ പതാക നിലംപതിക്കുകയും, അറബികൾ മിക്കവരും ഇസ്ലാമിനു കീഴ്പ്പെടുകയും, ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ, ഹവാസിൻ, ഥഖീഫ് (هوازن ، ثقيف) എന്നീ ഗോത്രക്കാർക്കു (**) രോഷം മുഴുക്കുകയാണുണ്ടായതു. അവർ തങ്ങളുടെ ദുരഭിമാനം വിട്ടില്ല. മുഹമ്മദു ഇങ്ങോട്ടു പടയെടുക്കും മുമ്പ് നമുക്കങ്ങോട്ടു പടയെടുക്കാമെന്നു നിശ്ചയിച്ച് അവർ അതിനു ഒരുക്കം കൂട്ടുകയായി. വേറെ ചില ഗോത്രക്കാരും അതിൽ അവരോടു സഹകരിച്ചിരുന്നു. തങ്ങളുടെ സൈന്യം ഒരിക്കലും പരാജയപ്പെട്ടു പിൻമാറാതെ ആത്മവീര്യത്തോടുകൂടി യുദ്ധക്കളത്തിൽ ഉറച്ചു നിൽക്കണമെന്ന ഉദ്ദേശത്തിൽ, സാധാരണ പതിവുകൾക്കെതിരായി അവരുടെ സൈന്യനായകനായ മാലികുബ്നു ഔഫു ഒരു പുതിയ പരിപാടി ആവിഷ്കരിച്ചു. അവരിലുള്ള ഒരു നേതാവും ധീരനുമായിരുന്ന ദുറൈദ് അതിനെ എതിർത്തുവെങ്കിലും സൈന്യാധിപൻ അതു നടപ്പിലാക്കുക തന്നെ ചെയ്തു. സ്ത്രീകൾ, കുട്ടികൾ, തങ്ങളുടെ സ്വത്തുക്കളായ ആടുമാടുകൾ എന്നിവയെല്ലാം സൈന്യനിരയുടെ തൊട്ടു പിന്നിലായി നിരത്തി നിറുത്തുകയായിരുന്നു ആ പരിപാടി. തങ്ങളുടെ കുടുംബങ്ങളെയും സ്വത്തുക്കളെയും മുഴുവൻ ശത്രുക്കൾക്കു (മുസ്ലിംകൾക്കു) വിട്ടുകൊടുത്തുകൊണ്ടു ആരും യുദ്ധത്തിൽനിന്നു പിൻതിരിഞ്ഞോടിപ്പോകുകയില്ല എന്നായിരുന്നു അവൻ കണക്കുകൂട്ടിയത്.

ഇവരുടെ പുറപ്പാടിനെപ്പററി നബി (സ)ക്കു വിവരം കിട്ടി. മദീനായിൽ നിന്നു വന്ന് മക്കാ വിജയ സംഭവത്തിൽ പങ്കെടുത്തിരുന്ന പതിനായിരം സഹാബികളോടുകൂടി നബി (സ) അവരുടെ നേരെ പടയെടുത്തു. അവർക്കു പുറമെ, മക്കയിൽനിന്നുള്ള രണ്ടായിരം പേർ വേറെയും ഉണ്ടായിരുന്നു. ഇവർ അധികവും പുതുവിശ്വാസികളും, വിശ്വാസം ദൃഢമായിക്കഴിഞ്ഞിട്ടില്ലാത്തവരുമായിരുന്നു. പലരും 'ഗനീമത്തു' മോഹിച്ചും പുറപ്പെട്ടിരുന്നു. ഇസ്ലാമിനെ അംഗീകരിച്ചു കഴിയാത്ത ഏകദേശം എൺപതു മുശ്രിക്കുകളും ഈ പടയെടുപ്പിൽ നബി (സ) യെ അനുഗമിക്കുകയുണ്ടായി. അതേ സമയത്തു മറുപക്ഷത്തു ശത്രുക്കളുടെ എണ്ണം നാലായിരം മാത്രമായിരുന്നു. അതെ, കേവലം മൂന്നിലൊന്നുമാത്രം. ഇത്തവണ തങ്ങളുടെ സംഖ്യാബലം കണ്ടു മുസ്ലിംകൾ അഭിമാനം കൊള്ളുകയും,

---

(*) മിക്കസ്ഥലങ്ങളും പടം 9ൽ കാണാം. (**) പടം 11 നോക്കുക.

സംതൃപ്തരാകുകയും ചെയ്തു. പക്ഷേ ഫലമുണ്ടായില്ല. മുസ്ലിംകളുടെ മുന്നണി സൈന്യം മുന്നോട്ടു നീങ്ങിയപ്പോഴേക്കും ശത്രുക്കളുടെ ഒരു വമ്പിച്ച ഒളിസൈന്യം അവരെ തുരുതുരെ ആക്രമിച്ചു. അവർ പിന്തിരിഞ്ഞ് പല പാട്ടിലും ഓടേണ്ടിവന്നു. അതോടെ സൈന്യത്തിന്റെ സമനില തെററി. പിന്നണികളും അവരെ അനുഗമിക്കുകയുണ്ടായി.

നബി (സ) തിരുമേനി യുദ്ധക്കളത്തിൽ തന്നെ ഉറച്ചു നിന്നു. ഈ യാത്രയിൽ തിരുമേനി ഇരട്ടപടയങ്കിയായിരുന്നു ധരിച്ചിരുന്നത്. മുഹാജിറുകളിലും, അൻസാരികളിലും പെട്ട ചില സഹാബീ പ്രമുഖൻമാരും തിരുമേനിയുടെ ഒന്നിച്ചു നിന്നു. 'ഇങ്ങോട്ടുവരീൻ! ഇങ്ങോട്ടുവരീൻ! അല്ലാഹുവിന്റെ അടിയാൻമാരേ! 'എന്നു നബി (സ) വിളിച്ചു പറയുന്നുണ്ടായിരുന്നു. ഓടി രക്ഷപ്പെടുന്നവർ അതു കേട്ടു മടങ്ങുകയുണ്ടായില്ല. അങ്കലാപ്പും ഭയപ്പാടും നിമിത്തം ഓടി രക്ഷപ്പെടുവാൻ പോലും ഇടമില്ലാത്തവിധം ഭൂമി വളരെ കുടുസ്സായി അവർക്കു തോന്നി. ശിർക്കിന്റെ ചുവയിൽ നിന്നു തികച്ചും രക്ഷപ്പെട്ടിട്ടില്ലാത്ത ചിലരും, പുതുവിശ്വാസികളായ ചിലരും മുസ്ലിംകൾക്കു പിണഞ്ഞ ഈ പരാജയത്തിൽ സന്തോഷം കൊണ്ടു. 'സിഹ്ർ ഇപ്പോഴാണു പൊളിഞ്ഞതു' എന്നും മററും ചിലർ പറയുകപോലുമുണ്ടായി. അതേസമയം, നബി (സ)യുടെ കൂടെ പോന്നിരുന്ന മുശ്രിക്കുകളിൽ ചിലർ അവരുടെ നേരെ പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇതെല്ലാമായിട്ടും നബി (സ) സ്ഥലം വിട്ടില്ല. അവസാനം, നബി (സ)യുടെ കൽപന പ്രകാരം അവിടുത്തെ പിതൃവ്യനും, ഉച്ചത്തിൽ ശബ്ദിക്കുന്ന ആളുമായിരുന്ന അബ്ബാസ് (റ) ജനങ്ങളെ ഉറക്കെ വിളിച്ചുകൊണ്ടിരുന്നു. അതോടെ, അവർ ഓട്ടം നിറുത്തുവാനും, നബി (സ)യുടെ ചുററും വന്നുകൂടുവാനും തുടങ്ങി. അല്ലാഹു അവർക്കു മനസ്സമാധാനവും ശാന്തിയും നൽകുകയും, മനുഷ്യർക്കു കാൺമാൻ കഴിയാത്ത സൈന്യങ്ങളെ—മലക്കുകളെ—ഇറക്കി അവരെ അനുഗ്രഹിക്കുകയും ചെയ്തു. (*) അങ്ങനെ, സത്യവിശ്വാസികൾക്കു ഒരു പുതിയ ധൈര്യവും ഉൻമേഷവും ഉളവായി. അവർ ശത്രുക്കളുടെ നേരെ കുതിച്ചു ചാടുകയായി. യുദ്ധരംഗം പാടു മാറി. ശത്രുക്കൾ തങ്ങളുടെ സ്വത്തുക്കളെയോ, സ്ത്രീകളെയും കുട്ടികളെയുമോ ഒന്നും വകവെക്കാതെ പടക്കളം വിട്ടോടിക്കളഞ്ഞു. മുസ്ലിംകൾ വിജയക്കൊടി ഉയർത്തി.

മുമ്പൊരിക്കലും ലഭിക്കാത്തത്ര ആടുമാടൊട്ടകങ്ങളടക്കം വളരെ ഗനീമത്തു സ്വത്തുക്കൾ മുസ്ലിംകൾക്കു ലഭിച്ചു. പുരുഷൻമാർക്കു പുറമെ വളരെയധികം സ്ത്രീകളും കുട്ടികളും ചിറയിലകപ്പെട്ടു. അപ്രതീക്ഷിതമായി അല്ലാഹു മുസ്ലിംകൾക്കു നൽകിയ ഈ വമ്പിച്ച സഹായം, വളരെയേറെ മുശ്രിക്കുകൾ ഇസ്ലാമിനെ ആശ്ലേഷിക്കുവാൻ കാരണമായിത്തീർന്നു. ഗനീമത്തിന്റെ വലിയൊരു ഭാഗം, വിശ്വാസം ഉറച്ചു കഴിഞ്ഞിട്ടില്ലാത്ത പുതു വിശ്വാസികൾക്കും, കൂടെ പോന്നിരുന്ന മുശ്രിക്കുകൾക്കുമായിരുന്നു നബി (സ) നൽകിയത്. ഈ ഔദാര്യം നിമിത്തവും ഇസ്ലാമിനു വളരെ നേട്ടമുണ്ടായി. വളരെ ആളുകൾ വിശ്വസിക്കുവാനും, വളരെ ആളുകളുടെ വിശ്വാസം ശക്തിപ്പെടുവാനും ഇതു കാരണമായി. അൻസാരികളായി സൈന്യത്തിലുണ്ടായിരുന്നവർക്കു കാര്യമായ ഓഹരിയൊന്നും ലഭിക്കാത്തതിൽ, അവർക്കിടയിൽ ചില പിറുപിറുപ്പുമുണ്ടായി. നബി (സ) അവരെ വിളിച്ചുകൂട്ടി അവർക്കു ഉപദേശങ്ങൾ നൽകുകയും, ഈ പ്രാവശ്യത്തെ ഗനീമത്തു മുൻവഴക്കത്തിനു വ്യത്യസ്ഥമായി വിനിയോഗിച്ചതിലടങ്ങിയ തത്വം അവരെ മനസ്സിലാക്കുകയും ചെയ്തു. 'ജനങ്ങൾ ആടുമാടുകളും കൊണ്ടുപോകുമ്പോൾ, നിങ്ങൾ അല്ലാഹുവിന്റെ റസൂലിനെയും കൊണ്ടു (തിരിച്ചു) പോകുന്നതിന് നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ?!' എന്നു തിരുമേനി അവരോടു ചോദിച്ചു. അവർ വളരെ തൃപ്തിപ്പെട്ടുവെന്നു മാത്രമല്ല, ഈ ചോദ്യം അവരിൽ ഉണ്ടാക്കിയ സന്തോഷാധിക്യം കൊണ്ട് അവർ കരയുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം, ഹവാസിൻ ഗോത്രത്തിന്റെ ഒരു നിവേദക സംഘം നബി (സ) യുടെ സന്നിധിയിൽ വന്നു ഇസ്ലാമിനെ അംഗീകരിക്കുകയും ആറായിരത്തോളം വരുന്ന തങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും വിട്ടുകൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. അവർ പലർക്കുമായി ഭാഗിക്കപ്പെട്ടു കഴിഞ്ഞിരുന്നതുകൊണ്ട് അവരെ വിട്ടുകൊടുക്കുവാൻ നബി (സ) ജനങ്ങളോടു ശുപാർശ ചെയ്തു. അതിനെത്തുടർന്നു എല്ലാവരും വിട്ടുകൊടുക്കുകയും ചെയ്തു.

ഇതാണു ഹുനൈൻ യുദ്ധത്തിന്റെ ചുരുക്കം. ഇതിൽ നിന്നു 25, 26 വചനങ്ങളിലെ പരാമർശങ്ങളെപ്പററി കൂടുതൽ മനസ്സിലാക്കാമല്ലോ. നിങ്ങൾ കണ്ടിട്ടില്ലാത്ത സൈന്യങ്ങൾ (جنودا لم تروها) കൊണ്ടുദ്ദേശ്യം മലക്കുകളാണെന്നുള്ളതിൽ—റാസീ (റ) പ്രസ്താവിച്ചതുപോലെ—ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല. പക്ഷെ, ബദ്റിൽ ഇറക്കപ്പെട്ട മലക്കുകളുടെ എണ്ണത്തെക്കുറിച്ചും മററും സൂ: ആലുഇംറാനിൽ പ്രസ്താവിച്ചതുപോലെ, ഇവിടെ അവരെക്കുറിച്ചു പ്രത്യേകമൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല. 27—ാം വചനത്തിൽ അല്ലാഹു ഉദ്ദേശിക്കുന്നവരുടെ പശ്ചാത്താപം അതിനുശേഷം അവൻ സ്വീകരിക്കും (ثم يتوب الله من بعد ذلك....) എന്നു പറഞ്ഞതിന്റെ പൂ

(*) മലക്കുകൾക്കു യുദ്ധത്തിൽ ഉണ്ടാകുന്ന പങ്കിനെപ്പററി കഴിഞ്ഞ സൂറത്തിലും അതിനു മുമ്പും വിവരിച്ചിട്ടുണ്ട്.

ലർച്ച, ഹുനൈൻ സംഭവത്തെത്തുടർന്ന വളരെയേറെ ആളുകൾ ഇസ്ലാമിലേക്കു പ്രവേശിക്കുകയുണ്ടായതിൽനിന്നു വ്യക്തമായല്ലോ.

28. يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْمُشْرِكُونَ نَجَسٌ فَلَا يَقْرَبُوا الْمَسْجِدَ الْحَرَامَ بَعْدَ عَامِهِمْ هَٰذَا ۚ وَإِنْ خِفْتُمْ عَيْلَةً فَسَوْفَ يُغْنِيكُمُ اللَّهُ مِنْ فَضْلِهِ إِنْ شَاءَ ۚ إِنَّ اللَّهَ عَلِيمٌ حَكِيمٌ ○

28. ഹേ, വിശ്വസിച്ചവരെ, നിശ്ചയമായും, മുശ്രിക്കുകൾ അശുദ്ധർ തന്നെയാകുന്നു. അതിനാൽ, അവരുടെ ഈ കൊല്ലത്തിനു ശേഷം അവർ 'മസ്ജിദുൽ ഹറാമി'നെ [പാവനമായ പള്ളിയെ] സമീപിക്കരുത്. നിങ്ങൾ വല്ലഞെരുക്കവും [ദാരിദ്ര്യവും] ഭയപ്പെടുന്ന പക്ഷം, അല്ലാഹു അവന്റെ അനുഗ്രഹത്താൽ വഴിയെ നിങ്ങളെ ധന്യരാക്കുന്നതാണു.അവൻ ഉദ്ദേശിച്ചെങ്കിൽ. നിശ്ചയമായും അല്ലാഹു, (എല്ലാം) അറിയുന്നവനും അഗാധജ്ഞനുമാകുന്നു.

---

28. يا أيها ഹേ, ഓ الذين آمنوا വിശ്വസിച്ചവരേ إنما നിശ്ചയമായും(തന്നെ—മാത്രം) المشركون മുശ്രിക്കുകൾ نجس മലിനം, വൃത്തികേടു, അശുദ്ധം (അശുദ്ധർ—വൃത്തികെട്ടവർ—മ്ളേച്ഛം) തന്നെ (മാത്രമാണു) فلا يقربوا അതിനാൽ അവർ സമീപിക്കരുതു المسجد الحرام മസ്ജിദുൽ ഹറാമിനെ بعد ശേഷം, പിറകെ عامهم هذا അവരുടെ ഈ കൊല്ലത്തിന്റെ وإن خفتم നിങ്ങൾ ഭയപ്പെടുന്നപക്ഷം. പേടിച്ചെങ്കിൽ عيلة വല്ല ഞെരുക്കവും, ദാരിദ്ര്യവും فسوف എന്നാൽ വഴിയെ, പിറകെ يغنيكم നിങ്ങളെ ധന്യമാക്കും, നിങ്ങൾക്കു ധന്യത നൽകും الله അല്ലാഹു من فضله അവന്റെ അനുഗ്രഹത്താൽ, ദയവിനാൽ إن شاء അവൻ ഉദ്ദേശിച്ചെങ്കിൽ ان الله നിശ്ചയമായും അല്ലാഹു عليم അറിയുന്നവനാണു حكيم അഗാധജ്ഞനാണു

ഒമ്പതാം കൊല്ലത്തിൽ അബൂബക്കർ (റ) ന്റെ നേതൃത്വത്തിൽ മുസ്ലിംകൾ ഹജ്ജിനു വന്നപ്പോൾ, അടുത്ത കൊല്ലം മുശ്രിക്കുകൾ ഹജ്ജിനു വരരുതെന്നു പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. ഹജ്ജു കാലത്തു പല ദിക്കുകളിൽനിന്നും ആളുകൾ മക്കായിൽ ഹജ്ജിനു സമ്മേളിക്കലും, അതിനെത്തുടർന്നു കുറേ ദിവസങ്ങളോളം ക്ഷേത്ര സാധനങ്ങളടക്കം വിവിധ ഉൽപന്നങ്ങളുടെ വലിയ കച്ചവടച്ചന്ത നടത്തലും പതിവുണ്ടായിരുന്നു. മക്കാ നിവാസികളുടെ ഒരു നല്ല വരുമാനമാർഗ്ഗമായിരുന്നു അത്. മേപ്പടി പ്രഖ്യാപനമുണ്ടായപ്പോൾ, തങ്ങളുടെ ആ വരുമാന മാർഗ്ഗം നഷ്ടപ്പെടുമെന്നും, തങ്ങൾക്കു അതുമൂലം ഞെരുക്കവും ദാരിദ്രവും ബാധിച്ചേക്കുമെന്നും പലരും ഭയപ്പെട്ടു. ഇതിനുള്ള മറുപടിയും, മേലിൽ മുശ്രിക്കുകൾ കഅ്ബയെ സമീപിക്കുവാൻ പാടില്ലെന്നു കൽപിച്ചതിന്റെ കാരണവും ഈ വചനത്തിൽ വിവരിക്കുന്നു.

മുശ്രിക്കുകൾ അശുദ്ധർ തന്നെയാണു (إنما المشركون نجس) എന്നു പറഞ്ഞതിന്റെ താല്പര്യം അവിശ്വാസികളുടെ ദേഹം 'നജസാ'ണു (അശുദ്ധമാണു) എന്നോ, അവരെ തൊട്ടാൽ ശുദ്ധിയാക്കേണമെന്നോ അല്ല. അവരുടെ വിശ്വാസവും, വിചാരവികാരങ്ങളും മ്ളേച്ഛ തരങ്ങളായതുകൊണ്ട് പവിത്രവും പരിശുദ്ധവുമായ ആ പുണ്യസ്ഥലത്തു അവർക്കു പ്രവേശനം അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു സാരം. ബഹുഭൂരിപക്ഷം പണ്ഡിതൻമാരുടെയു, അഭിപ്രായം അതാണ്. വാചകത്തിന്റെ ബാഹ്യാർത്ഥത്തെ അടിസ്ഥാനമാക്കി അൽപം ചിലർ അവിശ്വാസികളുടെ ദേഹംതന്നെ അശുദ്ധമാണെന്നും, പറയാതില്ല. നബി (സ) യുടെ ചര്യയിൽനിന്നും മററും വ്യക്തമാകുന്നതു ഭൂരിപക്ഷാഭിപ്രായമാണ് ശരിയായിട്ടുള്ളതു എന്നാകുന്നു. ചില സന്ദർഭങ്ങളിൽ നബി (സ) അവിശ്വാസികളെ പള്ളിയിൽ പ്രവേശിപ്പിക്കുകയുണ്ടായിട്ടുണ്ട്. വേദക്കാരായ അവിശ്വാസികളുടെ ഭക്ഷണം മുസ്ലിംകൾക്കു അനുവദനീയമാക്കപ്പെട്ടിട്ടുമുണ്ട്.

'അവർ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കരുതു' എന്നോ മറേറാപരയാതെ, 'അവർ അതിനെ സമീപിക്കരുത്' (فلا يقربوا المسجد الحرام) എന്നാണു അല്ലാഹു പറഞ്ഞത്. അതിന്റെ അടുത്തുപോലും ചെല്ലരുതെന്നാണല്ലോ ഇതിന്റെ അർത്ഥം, അതുകൊണ്ടു കഅ്ബയുടെ പരിസരപ്രദേശങ്ങളായ ഹറമിലും അവർക്കു പ്രവേശനമില്ല.

അബൂബക്കർ (റ)ന്റെയും, അലി (റ)ന്റെയും വിളംബരത്തിൽ, മേലിൽ അവർ ഹജ്ജ് ചെയ്യരുതെന്നും, നഗ്നരായിക്കൊണ്ടു ത്വവാഫു ചെയ്യരുതെന്നുമായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ഈ വചനം മുഖേന അവരുടെ പ്രവേശനം പോലും തടയപ്പെട്ടിരിക്കുകയാണ്. ഈ നിയമം മൂലം മേൽസൂചിപ്പിച്ചതുപോലെയുള്ള ധനാഗമമാർഗ്ഗം നഷ്ടപ്പെട്ടു മക്കക്കാർക്കു ദാരിദ്ര്യവും ബുദ്ധിമുട്ടും നേരിട്ടേക്കുമെന്ന് ഭയപ്പെടേണ്ടതില്ല, അവക്ക് വേറെ മാർഗം അല്ലാഹു ഉണ്ടാക്കിത്തരും എന്നത്രെ وان خفتم عايلة .... (നിങ്ങൾ വല്ല ഞെരുക്കത്തെയും ഭയപ്പെടുന്നപക്ഷം, അല്ലാഹു നിങ്ങൾക്കു വഴിയെ ധന്യത നൽകുന്നതാണ്) എന്നവാക്യത്തിൽ അറിയിക്കുന്നത്. ഈ വാഗ്ദത്തം അല്ലാഹു നിറവേററുകയും ചെയ്തിട്ടുണ്ട്. മക്കായിലേക്കു കൃഷിയുൽപന്നങ്ങളും, കായ്കനികളും ഇറക്കുമതി ചെയ്യപ്പെട്ടിരുന്ന ത്വാഇഫ് തുടങ്ങിയ സ്ഥലങ്ങളെല്ലാം അടുത്ത കാലത്തുതന്നെ ഇസ്ലാമിന്റെ നാടുകളായി മാറി. ഒരു കാർഷിക പ്രദേശമായ യമനും ഇസ്ലാമിന്റെ നാടായിത്തീർന്നു. അങ്ങനെ, ചുററുപുറങ്ങളിലുള്ളവരെല്ലാം തമ്മിൽ ആഭ്യന്തര സമാധാനത്തിലും സമ്പർക്കത്തിലുമായിത്തീരുകയും, ജീവിതമാർഗ്ഗങ്ങൾ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു.

ഈ വചനത്തിന്റെയും കഴിഞ്ഞ 17, 18 വചനങ്ങൾ, അൽബഖറ 114–ാം വചനം മുതലായവയുടെയും മററു തെളിവുകളുടെയും അടിസ്ഥാനത്തിൽ, മസ്ജിദുൽ ഹറാമിലും, മററു മുസ്ലിം പള്ളികളിലും അമുസ്ലിംകൾ പ്രവേശിക്കുന്നതു സംബന്ധിച്ച നിയമപരമായ വിശദീകരണങ്ങളിൽ പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്തമായ വീക്ഷണങ്ങളും അഭിപ്രായങ്ങളും കാണാം. അവയും, അതതിന്റെ ന്യായങ്ങളും തെളിവുകളും ചുരുക്കിയെങ്കിലും വിവരിക്കുന്ന പക്ഷം അതു കുറേ ദീർഘിച്ചു പോകുന്നതുകൊണ്ടും, ഇവിടെ അതിന്റെ സ്ഥാനമല്ലാത്തതുകൊണ്ടും ആ ഭാഗത്തേക്കു നാം തിരിയുന്നില്ല. അവയെപ്പററി മൊത്തത്തിലൊരു ധാരണ ഉണ്ടാകത്തക്ക ചില സൂചനകൾ കൊണ്ടു മതിയാക്കാം: (1) കഅ്ബയുടെ പരിസര പ്രദേശങ്ങളായ ഹറമിൽ അമുസ്ലിംകൾക്കു പ്രവേശനം അനുവദിച്ചു കൂടാ. എന്നാൽ, മുസ്ലിംകളുമായി സഖ്യമോ, സന്ധിയോ നിലവിലുള്ളവരോ, അമുസ്ലിംകളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു പ്രത്യേകാവശ്യാർത്ഥം വരുന്ന ദൂതൻമാരോ ആണെങ്കിൽ ഭരണാധികാരിക്കു അവരെ പ്രവേശിക്കുവാൻ അനുവദിക്കാമെന്നു ചില പണ്ഡിതൻമാർക്കു അഭിപ്രായമുണ്ട്. ഏതായാലും, ആവശ്യമായ സമയത്തിൽ കവിഞ്ഞു അവരെ അവിടെ താമസിക്കുവാൻ അനുവദിച്ചുകൂടാത്തതാകുന്നു. (2) ഹറമിനു പുറത്തുള്ള ഹിജാസിൽ അവർക്കു പ്രവേശനം അനുവദിക്കാം. സ്ഥിരവാസത്തിനു അനുവദിച്ചുകൂടാ. (3) പള്ളികളിൽ മുസ്ലിംകളുടെ സമ്മതപ്രകാരം പ്രവേശിക്കാം. സമ്മതം കൂടാതെ പ്രവേശിച്ചുകൂടാ. സദുദ്ദേശ്യപൂർവ്വമല്ലാത്ത ആവശ്യങ്ങൾക്കു സമ്മതം നൽകുവാനും പാടില്ല.

ഈമാനിന്റെയും തൗഹീദിന്റെയും (സത്യവിശ്വാസത്തിന്റെയും ഏകദൈവ വിശ്വാസത്തിന്റെയും) ചിഹ്നങ്ങളും കേന്ദ്രങ്ങളുമാണു പള്ളികൾ. മസ്ജിദുൽ ഹറാമാകട്ടെ, ആ കേന്ദ്രങ്ങളുടെയെല്ലാം കേന്ദ്രസ്ഥാനവുമാണ്. എന്നിരിക്കെ, അതിനു കടകവിരുദ്ധമായ വിശ്വാസാചാരങ്ങൾ സ്വീകരിക്കുകയും, അതിനെതിരിൽ വർത്തിക്കുകയും ചെയ്യുന്നവർക്കു അവിടങ്ങളിൽ പ്രവേശനത്തിനും സ്വൈരവിഹാരത്തിനും അനുവദിക്കുന്നതു നീതിയുക്തമല്ലല്ലോ. അതു ക്രമേണ അവയുടെ പവിത്രതക്കും, അവയുടെ ദൌത്യലക്ഷ്യങ്ങൾക്കും ആപത്തായി പരിണമിക്കുകയും ചെയ്യും. അതാണ് നിരോധത്തിലടങ്ങിയ യുക്തിതത്വം.

സൂറത്തിന്റെ ആരംഭം തൊട്ട് ഇതേ വരെയുള്ള പരാമർശങ്ങൾ മുശ്രിക്കുകളെ സംബന്ധിച്ചായിരുന്നു. അടുത്ത വചനം മുതൽ അഞ്ചാറു വചനങ്ങളിൽ വേദക്കാരെ സംബന്ധിക്കുന്ന പ്രസ്താവനകളാകുന്നു. അല്ലാഹു പറയുന്നു:—

٢٩- قَاتِلُوا الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَلَا بِالْيَوْمِ الْآخِرِ وَلَا يُحَرِّمُونَ مَا حَرَّمَ اللَّهُ وَرَسُولُهُ وَلَا يَدِينُونَ دِينَ الْحَقِّ مِنَ الَّذِينَ أُوتُوا الْكِتَابَ

29. യാതൊരു കൂട്ടരോടു നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ: അല്ലാഹുവിലാകട്ടെ, അന്ത്യനാളിലാകട്ടെ, അവർ വിശ്വസിക്കുന്നില്ല; അല്ലാഹുവും, അവന്റെ റസൂലും നിഷിദ്ധമാക്കിയതിനെ അവർ നിഷിദ്ധമാ (യി സ്വീകരി)**ക്കുന്നുമില്ല; യഥാർത്ഥ മതത്തെ അവർ (മതമായി) ആചരിക്കുന്നുമില്ല; (അതെ,) വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നു (ഇങ്ങിനെയുള്ളവരോടു യുദ്ധം ചെയ്തുകൊള്ളുവിൻ);**

حَتّٰى يُعْطُوا الْجِزْيَةَ عَنْ يَّدٍ وَّهُمْ صٰغِرُوْنَ ۝

അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ട് കയ്യോടെ (അഥവാ കഴിവനുസരിച്ച്) കപ്പം കൊടുക്കുന്നതുവരെ.

---

29. قاتلوا യുദ്ധം ചെയ്തുകൊള്ളുവിൻ الذين യാതൊരുവരോടു لا يؤمنون **അവർ വിശ്വസിക്കുന്നില്ല,** വിശ്വസിക്കാത്ത بالله അല്ലാഹുവിൽ ولا باليوم ദിവസത്തിലുമില്ല (ഇല്ലാത്ത) الآخر **അവസാന,** അന്ത്യ ولا يحرمون **അവർ** നിഷിദ്ധമാക്കുന്നുമില്ല, നിഷിദ്ധവുമാക്കാത്ത ما حرم **നിഷിദ്ധമാക്കിയതിനെ** الله ورسوله അല്ലാഹുവും അവന്റെ റസൂലും ولا يدينون **അവർ ആചരിക്കുന്നുമില്ല, മതമായി സ്വീകരിക്കുന്നുമില്ലാത്ത** دين الحق യഥാർത്ഥ മതത്തെ, സത്യമതാചാരം من الذين യാതൊരുവരിൽനിന്ന് اوتوا الكتاب (വേദ) ഗ്രന്ഥം നൽകപ്പെട്ട حتى يعطوا അവർ കൊടുക്കുന്നതുവരെ الجزية കപ്പം, ഭരണ നികുതി عن يد കയ്യോടെ, കയ്ക്ക്, കഴിവോടെ, കഴിവനുസരിച്ച് وهم അവർ ആയിരിക്കെ صاغرون ചെറുതായവർ, നിസ്സാരൻമാർ, നിന്ദ്യർ

വേദഗ്രന്ഥം നൽകപ്പെട്ടവരിൽനിന്നു അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കാതെയും, അല്ലാഹുവും അവന്റെ റസൂലും നിഷിദ്ധമാക്കിയ കാര്യത്തെ നിഷിദ്ധമാക്കാതെയും, യഥാർത്ഥ (സത്യ)മതത്തെ മതമായി ആചരിക്കാതെയും ഇരിക്കുന്നവരോടു–അവർ നിസ്സാരൻമാരായി (കീഴടങ്ങി)ക്കൊണ്ടു കയ്യോടെ അഥവാ കഴിവനുസരിച്ചു–കപ്പം കൊടുക്കുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ എന്നത്രെ അല്ലാഹു ഈ വചനത്തിൽ അറിയിക്കുന്നത്.

യഹൂദികളുടെ വിശ്വാസ വഞ്ചനയും, സന്ധി ലംഘനവും നിമിത്തം അവരുമായി ഏററുമുട്ടലും യുദ്ധവും മുമ്പുണ്ടായിട്ടുണ്ടെങ്കിലും വേദക്കാരോടു യുദ്ധം ചെയ്തുകൊള്ളുവാനുള്ള കൽപന അവതരിക്കുന്നതു ഈ വചനം മുഖേനയാകുന്നു. ഇങ്ങോട്ടു യുദ്ധം ചെയ്യുകയോ, ഇസ്ലാമിനെതിരെ അക്രമ മർദ്ദനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്നവരോടല്ലാതെ-സൗഹൃദത്തിലും സമാധാനത്തിലും വർത്തിക്കുന്നവരോടു യുദ്ധം ചെയ്യാൻ ഇസ്ലാമിൽ അനുവാദമില്ല. (2: 190 മുതലായ സ്ഥലങ്ങൾ നോക്കുക.) യഹൂദികളുമായുണ്ടായ ഏററുമുട്ടലുകളെത്തുടർന്നു അവരെക്കൊണ്ടുള്ള ശല്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. മക്കാവിജയം, ഹുനൈൻ, ത്വാഇഫ് എന്നീ യുദ്ധങ്ങളോടുകൂടി മുശ്രിക്കുകളെക്കൊണ്ടുള്ള ശല്യം മിക്കവാറും തീർന്നും പോയിരിക്കുന്നു. ക്രിസ്ത്യാനികളുമായി ഇതുവരെ കാര്യമായ സംഘട്ടനങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷെ, ശാമിൽ അന്നു ക്രിസ്ത്യാനികളുടെ മേൽക്കോയ്മ നടത്തിയിരുന്ന റോമക്കാർ ഇസ്ലാമിനു നേരെ ഒരാക്രമണം നടത്തുവാൻ ഒരുക്കം കൂട്ടിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഈ സന്ദർഭത്തിലാണു ഈ കൽപന അവതരിക്കുന്നത്. പ്രസ്തുത വിവരം കിട്ടിയപ്പോഴാണു താഴെ വചനങ്ങളിൽ കാണുന്ന പ്രകാരം നബി (സ) തബൂക്കിലേക്കു പടയെടുത്തതും. ആ പടയെടുപ്പിനുള്ള ഒരു പ്രേരണയായിട്ടാണു ഈ വചനം നിലകൊള്ളുന്നത്.

വേദക്കാരോടു യുദ്ധം ചെയ്യാൻ കൽപിക്കുമാറ് അവരിൽ നിലവിലുള്ള കുററങ്ങൾ കൂടി ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. (1) അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നില്ല. വേദക്കാർ നിരീശ്വരവാദികളോ ഭൗതികവാദികളോ ആയതുകൊണ്ടല്ല അത്. പക്ഷേ, ശിർക്കും കുഫ്റും കലർന്നുകൊണ്ടുള്ള വിശ്വാസമേ അവർക്കുള്ളൂ എന്നത്രെ ഉദ്ദേശ്യം. (2) അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ കാര്യങ്ങളെ അവർ നിഷിദ്ധമായി അംഗീകരിക്കുന്നില്ല. അതായതു, അവരുടെ വേദഗ്രന്ഥവും അവരുടെ പ്രവാചകനും മുഖേന അവർക്കു വിരോധിക്കപ്പെട്ട കാര്യങ്ങളാകട്ടെ, ഖുർആനും നബി (സ) തിരുമേനിയും മുഖേന വിരോധിക്കപ്പെട്ട കാര്യങ്ങളാകട്ടെ അവർ നിഷിദ്ധമായി ഗണിക്കുന്നില്ല. അവരുടെ മതപുരോഹിതൻമാരും പണ്ഡിതൻമാരും അവർക്കു നിഷിദ്ധമായി വിധിക്കുന്ന കാര്യങ്ങൾ മാത്രമേ അവർ തങ്ങൾക്കു നിഷിദ്ധമായി കരുതുന്നുള്ളൂ. (3) അവർ യഥാർത്ഥ മതത്തെ മതമായി ആചരിക്കുന്നില്ല. അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാമാകുന്ന ഏക മതമാണല്ലോ. ഇസ്ലാമിന്റെ അടിത്തറക്കു പോലും വിരുദ്ധമായ വിശ്വാസാചാരങ്ങളാൽ മലീമസമാണു അവർ ആചരിച്ചു വരുന്ന മതം. യഥാർത്ഥ ഇസ്ലാംമതമായിരുന്നു അവർഅനുഷ്ഠിച്ചു വരുന്നതെങ്കിൽ–അഥവാ അതിനവർ തയ്യാറാവുകയാണെങ്കിൽ–നബി (സ) തിരുമേനിയിൽ ഏററവും ആദ്യം വിശ്വസിക്കേണ്ടതു അവരായിരുന്നുവല്ലോ. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്ത മതം ഇസ്ലാമാണെന്നിരിക്കെ, ചില പ്രവാചകൻമാരിൽ വിശ്വസിക്കുകയും, ചില പ്രവാചകൻമാരെ–അന്ത്യപ്രവാചകനെ വിശേഷിച്ചും–നിഷേധിക്കുകയും ചെയ്യാൻ നിവൃത്തിയില്ലതാനും. സത്യമാർഗ്ഗത്തിൽ നിന്ന് വേദക്കാർ വ്യതിചലിച്ചു പോകുവാനുള്ള മൂല കാരണങ്ങൾ അടുത്ത വചനങ്ങളിൽ കാണാവുന്നതാണ്.

വേദക്കാർ മുസ്ലിംകൾക്കു കപ്പം കൊടുപ്പാൻ തയ്യാറായാൽ അവരോടു യുദ്ധം ചെയ്തു കൂടാ എന്നാണു حتى يعطوا الجزية (അവർ കപ്പം കൊടുക്കുന്നതുവരെ) എന്ന വാക്യം അറിയിക്കുന്നത്. ഹജർ (هجر) എന്ന സ്ഥലത്തെ 'മജൂസീ'കളിൽ (അഗ്നിയാരാധകൻമാരിൽ) നിന്നു നബി (സ) കപ്പം സ്വീകരിച്ചതായും, അവരോടും വേദക്കാരോടു സ്വീകരിക്കപ്പെടുന്ന നടപടി സ്വീകരിക്കേണ്ടതാണെന്നു നബി (സ) പറഞ്ഞതായും ഹദീസിൽ വന്നിരിക്കുന്നു. അതുകൊണ്ടു വേദക്കാരായ യഹൂദികളിൽനിന്നും, ക്രിസ്ത്യാനികളിൽ നിന്നും, മജൂസീകളിൽ നിന്നും കപ്പം സ്വീകരിക്കാമെന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ പറയത്തക്ക അഭിപ്രായവ്യത്യാസമൊന്നുമില്ല. മുശ്രിക്കുകളിൽനിന്നും, മററുള്ള അവിശ്വാസികളിൽനിന്നും കപ്പം വാങ്ങാമോ എന്നുള്ളതിൽ പണ്ഡിതൻമാർക്കിടയിൽ രണ്ടുപക്ഷമാണുള്ളത്. ആയിശ (റ) യിൽനിന്നു ബുറൈദ: (റ) ഉദ്ധരിച്ചതും മുസ്ലിം (റ) രേഖപ്പെടുത്തിയതുമായ ഒരു ഹദീസിൽ, നബി (സ) സൈന്യങ്ങളെ അയക്കുമ്പോൾ, അവരുടെ നായകൻമാർക്കു നൽകുന്ന ഉപദേശങ്ങളിൽ ഒന്നുകിൽ ശത്രുക്കൾ ഇസ്ലാമിനെ സ്വീകരിക്കുക, അല്ലെങ്കിൽ കപ്പം നൽകുക, രണ്ടും ചെയ്യാത്തപക്ഷം യുദ്ധം ചെയ്യുക എന്നു പറഞ്ഞതായി കാണാം ഇതിനെ ആസ്പദമാക്കി എല്ലാ അവിശ്വാസികളിൽനിന്നും കപ്പം സ്വീകരിക്കാമെന്നാണു ഒരു വിഭാഗത്തിൻെറ അഭിപ്രായം. വിശദീകരണത്തിൻെറ സ്ഥാനം ഫിഖ്ഹു ഗ്രന്ഥങ്ങളത്രെ.

ഒരുതരം ഭരണ നികുതിയാണു കപ്പം(الجزية). കപ്പം നൽകുവാൻ നിശ്ചയിക്കുന്നതോടുകൂടി അവരുടെ ഭരണഭാരവും, സംരക്ഷണത്തിൻെറ ചുമതലയും മുസ്ലിംകളുടെ മേൽ ഭവിക്കുന്നു. ഇതിൻെറ പേരിൽ ഈടാക്കപ്പെടുന്ന ഒരു തുച്ഛ സംഖ്യമാത്രമാണതു. നബി (സ) യും, ആദ്യകാല ഖലീഫമാരും (ഖുലഫാഉ–ർ–റാശിദീനും) വേദക്കാരിൽനിന്നു ഈടാക്കിയിരുന്ന കപ്പങ്ങളുടെ തോത് പരിശോധിച്ചാൽ ഏറെക്കുറെ ഒരു സാധാരണക്കാരൻെറ മേൽ കൊല്ലത്തിൽ പന്ത്രണ്ടു ദിർഹം (വെള്ളിപ്പണം) മാത്രമായിരുന്നു (*) കപ്പം ചുമത്തപ്പെട്ടിരുന്നത്. ധനികന്മാരുടെ പേരിൽ അൽപം കൂടുതൽ ചുമത്തപ്പെട്ടെന്നുംവരും. പലപ്പോഴും നാണയത്തിനു പകരം അതതു സ്ഥലങ്ങളിലെ ഉൽപ്പന്നങ്ങളായി അതുകൊടുത്തു തീർക്കുവാനുള്ള വ്യവസ്ഥയും ഉണ്ടായിരിക്കും. കപ്പം കൊടുത്തു കീഴടങ്ങുന്നവർ 'ദിമ്മികൾ' (اهل الذمة) അഥവാ മുസ്ലിംകളാൽ ഉത്തരവാദിത്വം ഏൽക്കപ്പെട്ടവർ എന്ന പേരിൽ അറിയപ്പെടുന്നു. ഇവരെപ്പററി മുസ്ലിംകൾക്കുള്ള ഉത്തരവാദിത്വം എത്രത്തോളമുണ്ടെന്നു അനുമാനിക്കാൻ നബി (സ) യുടെ ഒരേ ഒരു ഹദീസു മതിയാകുന്നതാണ്. ഇബ്നു ഉമർ (റ) ഉദ്ധരിച്ച ആ നബി വചനം ഇതാകുന്നു: 'സമാധാന ഉടമ്പടി ചെയ്ത ഒരാളെ ആരെങ്കിലും കൊലപ്പെടുത്തിയാൽ അവനു സ്വർഗ്ഗത്തിൻെറ വാസന ലഭിക്കുകയില്ല. അതിൻെറ വാസനയാകട്ടെ, നാൽപതു കൊല്ലത്തെ ദൂരത്തു നിന്നുണ്ടാകുന്നതുമാകുന്നു.' (ബു.) അതോടു കൂടി, അവരുടെ മതാചാരങ്ങളിലും, വിശ്വാസ സിദ്ധാന്തങ്ങളിലും അവർ തികച്ചും സ്വതന്ത്രരുമായിരിക്കും.

കപ്പം നൽകുന്നതിനെപ്പററി രണ്ടു ഉപാധികൾ അല്ലാഹു എടുത്തുകാണിച്ചിരിക്കുന്നു. (1) عن يد (കയ്യോടെ) എന്നും (2) وهم صاغرون (അവർ നിസ്സാരൻമാരായിക്കൊണ്ടു) എന്നും. يد (യദുൻ) എന്ന വാക്കിനു സാക്ഷാൽ അർത്ഥം 'കൈ' എന്നാണെങ്കിലും 'കഴിവു, അനുഗ്രഹം, പങ്ക്, അധികാരം' എന്നിങ്ങിനെയും സന്ദർഭമനുസരിച്ചു അതിനു അർത്ഥങ്ങൾ വരാറുണ്ട്. عن (അൻ) എന്ന അവ്യയവും അതുപോലെ പല അർത്ഥത്തിലും ഉപയോഗിക്കപ്പെടും. അതിനാൽ ഒന്നാമത്തെ ഉപാധിയായ عن يد (അൻയദിൻ) എന്ന വാക്കിനു 'കഴിവനുസരിച്ചു, റൊക്കമായ്ക്കൊണ്ടു, കീഴൊതുങ്ങിക്കൊണ്ടു, ഒരു മുടക്കം കൂടാതെ, (മുസ്ലിംകളുടെ വക) അനുഗ്രഹമായിട്ടു' എന്നിങ്ങനെയൊക്കെ അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഓരോ നിലക്കു എല്ലാ അർത്ഥവും പരിഗണനാർഹമാണെങ്കിലും ആദ്യത്തെ രണ്ടർത്ഥങ്ങളാണു കൂടുതൽ നന്നായിത്തോന്നുന്നത്. അല്ലാഹുവിനറിയാം. ഒന്നാമത്തെ അർത്ഥപ്രകാരം അവരുടെ കഴിവനുസരിച്ചായിരിക്കണം കപ്പം വാങ്ങുന്നതെന്നും, രണ്ടാമത്തെ അർത്ഥപ്രകാരംഅതു കടമായിരുന്നാൽപോര– റൊക്കം തന്നെ നൽകണം–എന്നും സാരമായിരിക്കും صاغرون (സ്വാഗിറൂൻ) എന്ന വാക്കിനു പദാർത്ഥം 'ചെറുതായവർ' എന്നാണെങ്കിലും 'നിസ്സാരൻമാർ, കീഴൊതുങ്ങിയവർ നിന്ദ്യൻമാർ' എന്നൊക്കെയുള്ള ഉദ്ദേശ്യത്തിൽ അത് ഉപയോഗിക്കപ്പെടുന്നു. ഈ ഉദ്ദേശ്യാർത്ഥങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ചില വിശദാംശങ്ങളിലും പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ കാണാം. സാമാന്യമായിപ്പറഞ്ഞാൽ, കഴിവനുസരിച്ചും, റൊക്കമായും മുസ്ലിംകൾക്കു കീഴൊതുങ്ങിക്കൊണ്ടും, ഇസ്ലാമിക ഭരണത്തിനു വഴങ്ങിക്കൊണ്ടുമായിരിക്കണം കപ്പം കൊടുക്കുന്നതു എന്നു ചുരുക്കം. الله أعلم

(*) ഒരു ദിർഹം– ഏകദേശം 3 ഗ്രാം വെള്ളി.

വിഭാഗം-5

30. യഹൂദികൾ പറയുന്നു: ഉസൈർ അല്ലാഹുവിൻെറ പുത്രനാണ് എന്നു; ക്രിസ്ത്യാനികൾ പറയുന്നു: മസീഹു (ഈസാ) അല്ലാഹുവിൻെറ പുത്രനാണ് എന്നു.

അതു അവരുടെ വായകൊണ്ടു (പറഞ്ഞു വരാറു) ള്ള വാക്കത്രെ. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോടു ഇവർ സാമ്യം പുലർത്തിക്കൊണ്ടിരിക്കുന്നു.

അല്ലാഹു അവരെ നശിപ്പിക്കട്ടെ [ശപിക്കട്ടെ] ! എങ്ങിനെയാണവർ (സത്യത്തിൽ നിന്നു) തെററിക്കപ്പെടുന്നതു (ആശ്ചര്യം) !

٣٠-وَقَالَتِ الْيَهُودُ عُزَيْرٌ ابْنُ اللّٰهِ وَقَالَتِ النَّصٰرَى الْمَسِيحُ ابْنُ اللّٰهِ ۖ ذٰلِكَ قَوْلُهُمْ بِأَفْوَاهِهِمْ ۖ يُضَاهِئُونَ قَوْلَ الَّذِينَ كَفَرُوا مِنْ قَبْلُ ۚ قَاتَلَهُمُ اللّٰهُ ۚ أَنّٰى يُؤْفَكُونَ ○

---

30. وقالت പറഞ്ഞു, പറയുന്നു اليهود യഹൂദികൾ عزير ഉസൈർ ابن الله അല്ലാഹുവിൻെറ പുത്രനാണു, മകനാണു (എന്നു) وقالت പറഞ്ഞു, പറയുന്നു النصارى ക്രിസ്ത്യാനി (നസ്രാനി)കൾ المسيح മസീഹു ابن الله അല്ലാഹുവിൻെറ പുത്രനാണു (എന്നു) ذلك അതു قولهم അവരുടെ വാക്കാണു, അവർ പറയുന്നതാണു بافواههم അവരുടെ വായകൾ കൊണ്ടു يضاهئون അവർ അനുകരിക്കുന്നു, സാമ്യം പുലർത്തുന്നു قول വാക്കിനെ, പറയുന്നതിനെ الذين كفروا അവിശ്വസിച്ചവരുടെ من قبل മുമ്പു, മുമ്പേ قاتلهم അവരോടു യുദ്ധം ചെയ്യട്ടെ (നശിപ്പിക്കട്ടെ-ശപിക്കട്ടെ) الله അല്ലാഹു أنى എങ്ങിനെയാണു, എവിടെ നിന്നാണു يؤفكون അവർ തെററിക്കപ്പെടുന്നതു (തിരിച്ചുവിടപ്പെടുന്നതു)

വേദക്കാരുടെ പൊതുനിലയെപ്പററി ചിലതെല്ലാം കഴിഞ്ഞ വചനത്തിൽ ചൂണ്ടിക്കാട്ടി. മതത്തിൻെറ അടിത്തറ തന്നെ പൊളിച്ചു കളയുമാറു അവരിൽ ഓരോ വിഭാഗക്കാരും സ്വീകരിച്ചു വരുന്ന വിശ്വാസങ്ങളെയാണു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ഉസൈർ (റ) അല്ലാഹുവിൻെറ പുത്രനാണെന്നു യഹൂദികളും, ഈസാ മസീഹു (അ) അല്ലാഹുവിൻെറ പുത്രനാണെന്നു ക്രിസ്ത്യാനികളും വാദിക്കുന്നു. ഈസാ (അ) നബിയെപ്പററി ക്രിസ്ത്യാനികളുടെ ഈ വാദം സുപ്രസിദ്ധമാണ്. ഇതിനെപ്പററി സൂറത്തുൽ മാഇദയിൽവെച്ചും മററും നാം പല വിവരങ്ങളും കാണുകയും ചെയ്തു. എന്നാൽ, ഉസൈർ (അ) നെ ക്കുറിച്ച് യഹൂദികളുടെ ഈ വാദം അത്ര തന്നെ പ്രസിദ്ധമല്ല. താഴെ കാണുന്ന വിവരണത്തിൽ നിന്നു മനസ്സിലാക്കാവുന്നതു പോലെ, ഒരു വിഭാഗം യഹൂദികളുടെ വാദമായിരുന്നു അത്. ക്രമേണ അതവരിൽ പ്രചാരത്തിലായി. ഒരു സമുദായത്തെപ്പററി പൊതുവെ പ്രസ്താവിക്കുമ്പോൾ, അവരിൽ ഒരു വിഭാഗത്തിൻെറ ഗുണദോഷങ്ങളെ സമുദായത്തിൻെറ പൊതുവെയുള്ള ഗുണദോഷങ്ങളെന്ന നിലക്കു പ്രസ്താവിക്കുക പതിവാണല്ലോ. ഈ പതിവു ഖുർആനിലും കാണാം.

വേദക്കാരെന്ന നിലക്കു അങ്ങേ അററം ദൂഷിച്ച ഇത്തരം വിശ്വാസങ്ങളും വാദങ്ങളും ഉണ്ടാകുവാൻ പാടില്ലാത്തതാണ്. പക്ഷേ, വേദഗ്രന്ഥങ്ങളുമായി ബന്ധമില്ലാത്ത അവിശ്വാസികൾ തങ്ങളുടെ മത സിദ്ധാന്തങ്ങളായി മുമ്പേ കെട്ടിയുണ്ടാക്കി സ്വീകരിച്ചു വരുന്ന പല വ്യാജ സിദ്ധാന്തങ്ങളെയും വേദക്കാർ അനുകരിച്ചു വരുന്നുണ്ട്. അവയിലൊന്നാണു അവരുടെ ഈ പുത്രവാദങ്ങളുമെന്നു അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അറേബ്യയിലെ മുശ്രിക്കുകൾ മലക്കുകൾ അല്ലാഹുവിൻെറ പുത്രിമാരാണെന്നു വാദിച്ചിരുന്നു. ഹിന്ദുക്കൾ ശ്രീകൃഷ്ണനെയും, ബുദ്ധമതക്കാർ ബുദ്ധനെയും ദൈവപുത്രൻമാരായി ഗണിക്കുന്നു. ബഹുദൈവാരാധകരും വിഗ്രഹാരാധകരുമായ മിക്ക വിഭാഗങ്ങളിലും ഇതുപോലെയുള്ള ദൈവ പുത്ര—പുത്രീ വാദങ്ങൾ കാണാം. (*) സത്യത്തിനു കടക വിരുദ്ധ

(*) ക്രിസ്തുമതവും ഹിന്ദുമതവും തമ്മിൽ ഒരു താരതമ്യം നടത്തികൊണ്ടു അൽഉസ്താദ് തൗഫീഖ് അലി വഹ്ബ: എന്ന പണ്ഡിതൻ, റബാത്ത്വിൽ (മൊറോക്കോ) നിന്നു പ്രസിദ്ധീകരിക്കപ്പെടുന്ന 'ദഅ്വത്തുൽ-ഹഖ്—ഖ്' (دعوة الحق) എന്ന മാസികയുടെ 6—ാം പുസ്തകം 16—ാം ലക്കത്തിൽ ഇരുകൂട്ടരുടെയും വിശ്വാസചാരങ്ങളെ സംബന്ധിച്ചു അവരുടെ ആധികാരിക ഗ്രന്ഥങ്ങളിൽനിന്നുമാത്രം തൊണ്ണൂറിൽപരം ഉദ്ധരണികൾ നിരത്തിക്കൊണ്ട് ഒരു പഠനം നടത്തിക്കാണാം. ഈസാ (അ) ദൈവ പുത്രനാണെന്ന ക്രിസ്തീയ വാദം ഹിന്ദുമതത്തിൻെറ പരിപൂർണ്ണമായ അനുകരണമാണെന്നു അദ്ദേഹം അതിൽ അസന്നിഗ്ധമായി സ്ഥാപിച്ചിട്ടുണ്ട്.

മായ ഒരുവാദം കെട്ടിയുണ്ടാക്കിയെന്നു മാത്രമല്ല, ദൈവീകമതവുമായി നാമമാത്രബന്ധം പോലുമില്ലാത്ത അവിശ്വാസികളുടെ വാദങ്ങളെ അവർ അനുകരിക്കുകയും, അതിൽനിന്നു പ്രചോദനം കൊള്ളുകയും ചെയ്യുന്നു ഇതിൽ അല്ലാഹുവിനു അവരോടുള്ള അമർഷവും കഠിനമായ പ്രതിഷേധവുമാണു അവസാനത്തെ രണ്ടുവാക്യങ്ങളിൽ കാണുന്നത്. قاتل എന്ന പദം 'യുദ്ധം ചെയ്തു' എന്ന അർത്ഥത്തിൽ ഭൂതകാല ക്രിയാ രൂപത്തിലുള്ളതാണെങ്കിലും 'ശപിക്കട്ടെ,നശിക്കട്ടെ' എന്നിങ്ങനെയുള്ള പ്രാർത്ഥനാ രൂപത്തിലാണ്—ആശ്ചര്യവും പ്രതിഷേധവും പ്രകടിപ്പിച്ചുകൊണ്ടുള്ള ഇത്തരം സന്ദർഭങ്ങളിൽ—അതു ഉപയോഗിക്കപ്പെടുന്നത്.

ബൈബ്ളിൽ എസ്രാ എന്ന പേരിലാണു ഉസൈർ (عزير) അറിയപ്പെടുന്നത്. അദ്ദേഹത്തെപ്പററി ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും, വേദ പുസ്തക ചരിത്രങ്ങളിലും പ്രസ്താവിച്ചു കാണുന്നതിന്റെ രത്നച്ചുരുക്കം ഇതാണു: അദ്ദേഹം യഹൂദികളിലെ വേദ ശാസ്ത്ര വിദഗ്ധനും ഒരു എഴുത്തുകാരനുമായിരുന്നു. ബാബിലോണിയക്കാർ യഹൂദികളെ അക്രമിച്ചു രാജ്യം നശിപ്പിക്കുകയും, അവരെ ബാബിലോണിയയിലേക്കു ബന്ധനസ്ഥരാക്കി കൊണ്ടുപോകുകയും ചെയ്തതോടെ, തൗറാത്തിന്റെ വിജ്ഞാനങ്ങൾ അവരിൽ നിന്നു നഷ്ടപ്പെട്ടു പോയി അദ്ദേഹം തന്റെ ഓർമ്മയിൽനിന്നും മററുമായി അതു വീണ്ടും എഴുതി പുനരുദ്ധരിച്ചു. തൗറാത്തിന്റെ മൂല ഭാഷയായിരുന്ന ഹിബ്രു (عبرانية) ഭാഷ യഹൂദികളിൽനിന്നു മിക്കവാറും വിസ്മരിക്കപ്പെട്ടു പോയിരുന്നതു നിമിത്തം അൽപം ഹിബ്രുവും കലർത്തികൊണ്ട് ബാബിലോണിയൻ ഭാഷയായ കൽദേയ (كلدانية) ഭാഷയിലായിരുന്നു അദ്ദേഹം അതെഴുതിയിരുന്നത്. പിന്നീട് തൗറാത്തിന്റെ യഥാർത്ഥ പകർപ്പു കണ്ടു കിട്ടിയപ്പോൾ അദ്ദേഹം എഴുതിയുണ്ടാക്കിയിരുന്ന പകർപ്പ ശരി തന്നെയാണെന്നു മനസ്സിലായി. ബൈബ്ളിലെ എസ്രാ, നെഹേമ്യാവു, ദിനവൃത്താന്തം എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവു അദ്ദേഹമാകുന്നു. [*] ബാബിലോണിയയിൽ നിന്നു യഹൂദികളെ മോചിപ്പിച്ചു സ്വദേശമായ യരൂശലേമിൽ (ബൈത്തുൽ മുഖദ്ദസിൽ) തിരിച്ചു കൊണ്ടുവരുവാനും, അവരിൽ നിന്നു നശിച്ചുപോയിരുന്ന വേദവിജ്ഞാനവും മത സംസ്ക്കാരവും പുനർജ്ജീവിപ്പിക്കുവാനും അദ്ദേഹം വമ്പിച്ച പരിശ്രമങ്ങൾ നടത്തി. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ക്രിസ്താബ്ദത്തിനുമുമ്പ് അഞ്ചാം നൂററാണ്ടിലായിരുന്നു അദ്ദേഹത്തിന്റെ കാലം. അദ്ദേഹം യഹൂദീ പ്രവാചകൻമാരിൽപെട്ട ഒരു പ്രവാചകനായിരുന്നു. മേൽ പ്രസ്താവിച്ച അദ്ദേഹത്തിന്റെ മഹൽ കൃത്യങ്ങളെയും യോഗ്യതകളെയുംമുൻനിറുത്തി യഹൂദികളിൻ ഒരു വിഭാഗം അദ്ദേഹത്തെ ദൈവപുത്രനായിക്കരുതുകയും വിശ്വസിക്കുകയും ചെയ്തു. [**]

ഇബ്നു ഇസ്ഹാഖ്, ഇബ്നു ജരീർ (റ) മുതലായവർ ഇബ്നു അബ്ബാസ് (റ)ൽ നിന്നുദ്ധരിച്ച ഒരു രിവായത്തിൽ, സലാമുബ്നു മുശ്കം (سلام بن مشكم) തുടങ്ങിയ ചില യഹൂദീ പ്രമുഖൻമാർ നബി (സ) യോട് ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു; 'താങ്കളെ ഞങ്ങൾ എങ്ങിനെ പിൻപററും?! ഞങ്ങളുടെ ഖിബ്ലയെ താങ്കൾ വിട്ടുകളഞ്ഞു. ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്നു താങ്കൾ പറയുന്നുമില്ല.' ഈ രിവായത്തിൽനിന്നു ഖുർആൻ അവതരിക്കുന്ന കാലത്തു മദീനായിലെ യഹൂദികൾ ആ വിശ്വാസക്കാരായിരുന്നുവെന്നു മനസ്സിലാക്കാവുന്നതാണ്. വേദക്കാരുടെ വഴിപിഴവുകൾക്കു അടിസ്ഥാനപരമായ മറെറാരു കാരണം അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു. പൂർവ്വികരായ അവിശ്വാസികളെ അവർ അനുകരിക്കുകയാണെന്നുള്ളതിനു ഒരു വിശദീകരണം കൂടിയാണതു. അല്ലാഹു പറയുന്നു:—

---

[*] അദ്ദേഹം വേറെയും പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെന്നും, അവയെല്ലാം 'അപ്പൊക്രീഫാ' എന്നറിയപ്പെടുന്ന പുറംതള്ളപ്പെട്ട വേദഗ്രന്ഥങ്ങളിൽ ഉൾപെടുത്തപ്പെട്ടിരിക്കുകയാണെന്നും പറയപ്പെടുന്നു. വാസ്തവം അല്ലാഹുവിനറിയാം.

[**] ദൈവ പുത്രനാക്കിയെന്നതൊഴിച്ചു ബാക്കിയുള്ള പ്രസ്തുത വിവരണം ഏറെക്കുറെ വേദപുസ്തക നിഘണ്ടുവിലും കാണാം.

31. തങ്ങളുടെ പണ്ഡിതൻമാരെയും, തങ്ങളുടെ പുരോഹിതൻമാരെയും അല്ലാഹുവിനു പുറമെ അവർ റബ്ബുകളാക്കി വെച്ചു. മർയമിൻെറ മകൻ മസീഹിനെയും (റബ്ബാക്കിവെച്ചു).

ഒരേ ഇലാഹിനെ [ആരാധ്യനെ] ആരാധിക്കുവാനല്ലാതെ അവരോടു കൽപിക്കപ്പെട്ടിട്ടില്ല താനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധൻ!

٣١- اِتَّخَذُوْٓا اَحْبَارَهُمْ وَرُهْبَانَهُمْ
اَرْبَابًا مِّنْ دُوْنِ اللّٰهِ
وَالْمَسِيْحَ ابْنَ مَرْيَمَ ۚ
وَمَآ اُمِرُوْٓا اِلَّا لِيَعْبُدُوْٓا اِلٰهًا وَّاحِدًا ۚ
لَآ اِلٰهَ اِلَّا هُوَ ۭ
سُبْحٰنَهٗ عَمَّا يُشْرِكُوْنَ ○

---

31. اتخذوا അവർ ആക്കിവെച്ചു, ആക്കിത്തീർത്തു, ഏർപ്പെടുത്തി احبارهم അവരുടെ മതപണ്ഡിതൻമാരെ ورهبانهم അവരുടെ പുരോഹിതൻമാരെയും أربابا റബ്ബുകൾ من دون പുറമെ, കൂടാതെ الله അല്ലാവിനു, അല്ലാഹുവിനെ والمسيح മസീഹിനെയും ابن مريم മർയമിൻെറ മകൻ, പുത്രനായ وما أمروا അവർ (അവരോടു) കൽപിക്കപ്പെട്ടിട്ടുമില്ല إلا ليعبدوا അവർ ആരാധിക്കുവാനല്ലാതെ الها واحدا ഒരേ (ഏക) ഇലാഹിനെ لا إله ഒരു ആരാധ്യനുമില്ല, ഇലാഹേ ഇല്ല إلا هو അവനല്ലാതെ سبحانه അവൻ മഹാ (എത്രയോ) പരിശുദ്ധൻ عما യാതൊന്നിൽനിന്നു يشركون അവർ പങ്കു ചേർക്കുന്ന.

യഹൂദികളിലുള്ള മതപണ്ഡിതൻമാരും വേദശാസ്ത്രികളുമായ ആളുകൾക്കു احبار (അഹ്ബാർ) എന്നും, ക്രിസ്ത്യാനികളിൽ തപസ്സും സന്യാസവും സ്വീകരിച്ചുവരുന്ന പുരോഹിതൻമാർക്കു رهبان (റുഹ്ബാൻ) എന്നും പറയപ്പെടാറുണ്ട്. ഭാഷാർത്ഥം നോക്കുമ്പോൾ എല്ലാ പണ്ഡിതൻമാർക്കും പുരോഹിതൻമാർക്കും പൊതുവെ അവ ഉപയോഗിക്കാവുന്നതുമാകുന്നു. ഇവിടെ, യഹൂദികളും, ക്രിസ്ത്യാനികളുമാകുന്ന വേദക്കാരിലുള്ള പണ്ഡിതൻമാരെയും പുരോഹിതൻമാരെയും അവർ റബ്ബുകളാക്കിയതിനെക്കുറിച്ചത്രെ അല്ലാഹു പ്രസ്താവിക്കുന്നത്. 'അവർ അവരെ റബ്ബുകളാക്കി' എന്നു പറഞ്ഞതു–ഇമാം റാസീ (റ) യും മററും ചൂണ്ടിക്കാട്ടിയതുപോലെ—അവർ അവരെ ദൈവങ്ങളാക്കി അവർക്കു ആരാധന നടത്തിവന്നിരുന്നുവെന്നർത്ഥ ത്തിലല്ല. താഴെ ഉദ്ധരിക്കുന്ന ഹദീസിൽ നബി (സ) വ്യക്തമാക്കിയതുപോലെ, അവർ അവർക്കു മതനിയമ നിർമ്മാണാധികാരം വകവെച്ചു കൊടുക്കുകയും, അവർ നിർമ്മിക്കുന്ന നിയമങ്ങളെ അവർ തങ്ങളുടെ യഥാർത്ഥ മത നിയമങ്ങളായി അംഗീകരിച്ചു പോരുകയും ചെയ്തുവെന്ന അർത്ഥത്തിലാകുന്നു. വാസ്തവത്തിൽ ഇതിനു പുറമെ, വേദക്കാർ (താഴെ ചൂണ്ടിക്കാട്ടുന്നപോലെ) അവരുടെ പണ്ഡിത പുരോഹിതൻമാരിൽ ഓരോ തരത്തിലുള്ള ദിവ്യത്വം കൽപിച്ചു വരുന്നതായും കാണാവുന്നതാകുന്നു.

ഇമാം അഹ്മദ്, തിർമദീ, ഇബ്നു ജരീർ (റ) എന്നിവർ പല മാർഗ്ഗങ്ങളിലൂടെയും അദിയ്യുബ്നു ഹാതിമുത്ത്വാഈ (عدى بن حاتم الطائى رض)യെക്കുറിച്ചു ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: 'അദ്ദേഹത്തെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ടു നബി (സ) തിരുമേനിയുടെ ക്ഷണം വന്നപ്പോൾ അദ്ദേഹം ശാമിലേക്കു ഓടിപ്പോയി. അദ്ദേഹം ജാഹിലിയ്യത്തിൽ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അദ്ദേഹത്തിൻെറ സഹോദരിയും ഗോത്രത്തിൽ പെട്ട കുറെ ആളുകളും ചിറയിലകപ്പെട്ടു. (*) പിന്നീടു അവരെ (സഹോദരിയെ) നബി (സ) ഉദാരപൂർവ്വം വിട്ട

(*) ഹിജ്ര 9–ാം കൊല്ലം റബീഉൽ അവ്വലിൽ ത്വയ്യിഉ് ഗോത്രത്തിൻെറ വിഗ്രഹം നശിപ്പിക്കുവാൻ അലി (റ) യുടെ നേതൃത്വത്തിൽ അയക്കപ്പെട്ട സൈന്യസംഘവുമായി അവിടെയുള്ളവർ ഏററുമുട്ടിയതിനെ തുടർന്നാണ് അവർ ചിറ പിടിക്കപ്പെട്ടത്. അദിയ്യ് (റ) ൻെറ സഹോദരിയുടെ പേർ സിഫാനഃ (റ) എന്നാകുന്നു. മദീനായിൽ വന്ന ശേഷം സിഫാനഃ (റ) യുടെ അപേക്ഷയനുസരിച്ച് മോചനമൂല്യം കൂടാതെ നബി(സ)അവരെ വിട്ടയച്ചു. തിരുമേനിയുടെ ഔദാര്യത്തിൽ ആകൃഷ്ടയായതുകൊണ്ടാണ് അവർ ശാമിലേക്കു പോയതും, അദിയ്യ് (റ)നെ നബി(സ) യുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുവാൻ ശ്രമിച്ചതും. രണ്ടുപേരുടെയും പിതാവായ ഹാതിം ത്വാഈ ജാഹിലിയ്യാ കാലത്തു ഔദാര്യത്തിലും, ദാനധർമ്മങ്ങളിലും വളരെയധികം പ്രസിദ്ധി നേടിയ ഒരു മഹാനായിരുന്നു. 'ഹാതിം' എന്ന വാക്കുപോലും 'ധർമ്മിഷ്ടൻ എന്ന വാക്കിൻെറ പര്യായമായി അറബി സാഹിത്യങ്ങളിൽ ഉപയോഗിക്കാറുള്ളതു ഇന്നും സാധാരണമാകുന്നു.

യച്ചു. അനന്തരം അവർ മടങ്ങി സഹോദരന്റെ അടുക്കൽ ചെന്നു. അദ്ദേഹത്തെ ഇസ്ലാമിനെ അംഗീകരിക്കുവാനും നബി (സ)യുടെ അടുക്കൽ വരുവാനും പ്രോത്സാഹിപ്പിച്ചു. അങ്ങനെ, അദിയ്യ് (റ) മദീനായിൽ വന്നു. ത്വയ്യിഉ് (طيئ) ഗോത്രത്തിലെ ഒരു നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വരവിനെപ്പററി ജനങ്ങൾ സംസാരിച്ചു. അദ്ദേഹം റസൂൽ (സ) തിരുമേനിയുടെ അടുക്കൽ പ്രവേശിക്കുമ്പോൾ തിരുമേനി ഈ (31-ാം) വചനം ഓതുന്നുണ്ടായിരുന്നു. അദിയ്യ് (റ) പറയുകയാണ്: 'അവർ അവരെ ആരാധിച്ചിട്ടില്ലല്ലോ! (എന്നിരിക്കെ അവരെ അവർ റബ്ബുകളാക്കി എന്നു പറയുന്നതു എന്തുകൊണ്ടാണ്?)' എന്നു ഞാൻ ചോദിച്ചു. അപ്പോൾ, തിരുമേനി പറഞ്ഞു: 'ഇല്ലാതേ! അവർ അവർക്കു ഹലാലിനെ (അനുവദനീയമായതിനെ) ഹറാമാക്കി (നിഷിദ്ധമാക്കി). ഹറാമിനെ ഹലാലാക്കുകയും ചെയ്തു. എന്നിട്ട് അവർ അവരെ പിൻപററി. അതാണ് അവർ അവർക്കു ചെയ്ത ആരാധന'. പിന്നീടു റസൂൽ (സ) അദ്ദേഹത്തോടു ഇങ്ങനെ പറഞ്ഞു: 'അദിയ്യേ, താനെന്തു പറയുന്നു? 'അല്ലാഹു അക്ബർ' (അല്ലാഹു ഏററവും വലിയവൻ) എന്നു പറയുന്നതിനു താങ്കൾക്കു വിരോധമുണ്ടോ? അല്ലാഹുവിനേക്കാൾ വലിയവനായി ആരെയെങ്കിലും തനിക്കറിയാമോ? 'ലാഇലാഹ ഇല്ലല്ലാഹു' (അല്ലാഹു അല്ലാതെ ആരാധ്യനേയില്ല) എന്നു പറയുന്നതിനു തനിക്കു വിരോധമുണ്ടോ? അല്ലാഹുവല്ലാതെ വല്ല ഇലാഹിനെയും താങ്കൾക്കറിയാമോ?' പിന്നീടു തിരുമേനി അദ്ദേഹത്തെ ഇസ്ലാമിലേക്കു ക്ഷണിച്ചു. അദ്ദേഹം ഇസ്ലാമിനെ അംഗീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അദ്ദേഹം പറയുകയാണ്: 'അപ്പോൾ തിരുമേനിയുടെ മുഖം സന്തോഷം പൂണ്ടതായി ഞാൻ കണ്ടു'. പിന്നീടു തിരുമേനി പറഞ്ഞു: 'നിശ്ചയമായും യഹൂദികൾ കോപവിധേയരും (مغضوب عليهم) ക്രിസ്ത്യാനികൾ വഴിപിഴച്ചവരും (ضالون) ആകുന്നു'.

വേദക്കാർ തങ്ങളുടെ പണ്ഡിത പുരോഹിതൻമാരെ റബ്ബുകളാക്കി എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിന്റെ നിയമങ്ങൾക്കെതിരായി അവർ നിയമിച്ച നിയമങ്ങളെ മതനിയമങ്ങളായി ഗണിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുവെന്നതാണെന്നും, ഇതവരെ റബ്ബുകളാക്കലാണെന്നും ഈ ഹദീസിൽനിന്നു സ്പഷ്ടമാണ്. ഖുർആൻ വ്യാഖ്യാതാക്കളും, അല്ലാത്തവരുമായ പല മഹാൻമാരും പറയാറുള്ളതുപോലെ, മുസ്ലിം സമുദായം വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാണിതു. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും—അഥവാ ഖുർആന്റെയും സുന്നത്തിന്റെയും—വിധികളെപ്പററി ഗൗനിക്കാതെ, ഏതെങ്കിലും ഇമാമോ, പണ്ഡിതനോ, അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗം ആളുകളോ പറയുന്നതുമാത്രം മതവിധിയായി അംഗീകരിക്കലും, അതിനെതിരിൽ തക്കതായ തെളിവു കണ്ടാൽപോലും അതു സ്വീകരിക്കാതിരിക്കലും വേദക്കാരുടെ സമ്പ്രദായമാണെന്നും ഇതു ആ ഇമാമുകളെയും പണ്ഡിതന്മാരെയും റബ്ബുകളാക്കലാണെന്നും ഈ ഹദീസിൽ നിന്നു വ്യക്തമാണ്. ഇന്നു മുസ്ലിം സമുദായത്തിലെ ബഹുഭൂരിഭാഗവും ആപൽക്കരമായ ഈ രോഗം ബാധിച്ചവരാണെന്നുള്ളതു അത്യധികം വേദനാ ജനകമായ ഒരു പരമാർത്ഥമത്രേ. അത്രയുമല്ല, അതിനെപ്പററി ഗുണദോഷിക്കുന്നവരെ പിഴച്ചവരായി മുദ്രകുത്തുകയും ചെയ്യുന്നു! വേദക്കാരെ ചാണിനു ചാണായും മുഴത്തിനു മുഴമായും നിങ്ങൾ പിൻപററുമെന്നു മുസ്ലിം സമുദായത്തിനു അല്ലാഹുവിന്റെ റസൂൽ മുന്നറിയിപ്പു നൽകിയിട്ടുള്ളതു പ്രസിദ്ധമാണല്ലോ. അല്ലാഹുവിൽ ശരണം!

വിവരമില്ലാത്ത ആളുകൾ പണ്ഡിതൻമാരോടു മതവിധികൾ അന്വേഷിക്കലും, അതനുസരിക്കലും പാടില്ലെന്നല്ല ഇതിനർത്ഥം. ഇന്നിന്നവർ പറഞ്ഞതേ മതനിയമമായി അംഗീകരിച്ചുകൂടൂ. ഖുർആനിലും സുന്നത്തിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരുന്നാലും അവർ പറഞ്ഞതിനെതിരിൽ മറെറാന്നു സ്വീകാര്യമല്ല എന്നുള്ള നിലപാടാണു ആപൽക്കരം. ഇമാം റാസീ (റ) യുടെ വന്ദ്യനായ ഗുരുവര്യൻ (*) അക്കാലത്തു പറഞ്ഞ ചില വാക്കുകൾ അദ്ദേഹം അദ്ദേഹത്തിന്റെ തഫ്സീറിൽ ഇവിടെ ഉദ്ധരിച്ചതു കാണുക: 'ഫുഖഹാക്കളെ തഖ്ലീദു ചെയ്യുന്ന (കർമ്മ ശാസ്ത്ര പണ്ഡിതൻമാരുടെ അഭിപ്രായങ്ങളെ അനുകരിക്കുന്ന) വരിൽപെട്ട ഒരു കൂട്ടം ആളുകളെ ഞാൻ കാണുകയുണ്ടായി. ചില പ്രശ്നങ്ങളെ സംബന്ധിച്ചു അല്ലാഹുവിന്റെ കിതാബിൽനിന്നുള്ള പല ആയത്തുകളും ഞാൻ അവരെ ഓതിക്കേൾപ്പിച്ചു. അവരുടെ മദ്ഹബുകൾ (അവർ സ്വീകരിച്ച അഭിപ്രായ ഗതികൾ) ആയത്തുകൾക്കു എതിരായിരുന്നു. അവരതു സ്വീകരിച്ചില്ല. അതിലേക്കു തിരിഞ്ഞുനോക്കിയതുമില്ല. ഞങ്ങളുടെ മുൻഗാമികളിൽനിന്നുള്ള രിവായത്തു ഇതിനു എതിരായിരിക്കെ, ഈ ആയത്തുകളുടെ ബാഹ്യാർത്ഥങ്ങളെ ഞങ്ങൾ എങ്ങിനെ അനുഷ്ഠാനത്തിൽ സ്വീകരിക്കും! എന്നിങ്ങിനെ എന്നെനോക്കി ആശ്ചര്യപ്പെടുകയാണ് അവർ ചെയ്തത്. ശരിക്കു ആലോചിച്ചു നോക്കുന്നപക്ഷം ലോകത്തുള്ള മിക്കവരുടെ ഞരമ്പുകളിലും ഈ രോഗം പടർന്നിരിക്കുന്ന

(*) لعله يعني والد، عمر ضياء الدين رح او محي السنة البغوى رح - الله أعلم

തായിക്കാണാം.' ഇമാം റാസീ (റ) യുടെ 'കാലത്തെ–ഏതാണ്ടു എട്ടു നൂററാണ്ടുകൾക്കു മുമ്പുള്ള–കഥയാണു ആ മഹാൻ ഇതുവഴി ചൂണ്ടിക്കാട്ടുന്നത്. ഇന്നത്തെ കഥയോ?.....ആലോചിച്ചു നോക്കുക! *

അന്ധമായ ഈ അനുകരണ മഹാവ്യാധി പൂർവ്വാധികം പകരുക മാത്രമല്ല സമുദായത്തിൽ ചെയ്തിരിക്കുന്നത്. ഖുർആൻെറയും ഹദീസിൻെറയും അദ്ധ്യാപനങ്ങൾക്കു എതിരാണെന്നതിരിക്കട്ടെ, കഴിഞ്ഞുപോയ ഏതെങ്കിലും ഇമാമിൻെറ വാക്കുകളിൽപോലും കാണപ്പെടാത്ത പല പുതിയ മതവിധികളും സ്വാർത്ഥമതികളായ ചില പണ്ഡിതൻമാർ–ഒററക്കായും–കൂട്ടായും നിർമ്മിച്ചുണ്ടാക്കിക്കൊണ്ടിരിക്കുന്നു! ഒരു വിഭാഗം തങ്ങളുടെ ജീവിതമാർഗ്ഗം നിലനിറുത്തുന്നതിനും, ജനമദ്ധ്യേ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണിതു ചെയ്യുന്നതെങ്കിൽ, വേറൊരു വിഭാഗം, കാലത്തിൻെറ ഒഴുക്കനുസരിച്ച് മതസിദ്ധാന്തങ്ങളിൽ ഒരു പൊളിച്ചെഴുത്തു നടത്തി ജനസമ്മതിയും കീർത്തിയും ലക്ഷ്യമാക്കിക്കൊണ്ടാണു ചെയ്യുന്നത്. 34–ാം വചനത്തിൽ പറയുന്ന താക്കീതു ഇങ്ങനെയുള്ളവർക്കെല്ലാം ബാധകം തന്നെ. അല്ലാഹു സമുദായത്തെ കാത്തുരക്ഷിക്കട്ടെ! (ആമീൻ)

വേദക്കാരിൽ, യഹൂദികളും ക്രിസ്ത്യാനികളും അടങ്ങുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവർ യേശുക്രിസ്തുവിനെ ദൈവവും കർത്താവുമായി അംഗീകരിച്ചു വരുന്നതു പ്രസിദ്ധമാണ്. പുറമെ, അവരുടെ പണ്ഡിത പുരോഹിതൻമാർക്കു പൊതുവിലും വിശുദ്ധ സ്ഥാനം നൽകപ്പെട്ടിട്ടുള്ള ചില വ്യക്തികൾക്കു വിശേഷിച്ചും ദിവ്യത്വവും ദൈവത്തിൻെറ അധികാരാവകാശങ്ങളും അവർ വകവെച്ചു കൊടുക്കുന്നു. വിശുദ്ധരെന്നു കരുതപ്പെടുന്ന വ്യക്തികളുടെ പ്രതിമയുണ്ടാക്കലും അവരെ ആരാധിക്കലും വരെ അതു എത്തിയിട്ടുണ്ട്. പാപമോചനത്തിനും മത നിയമ നിർമ്മാണത്തിനുമുള്ള അധികാരം പണ്ഡിത പുരോഹിതൻമാർക്കുണ്ടെന്നുള്ളതിനു അവർക്കുള്ള പ്രധാന ആധാരം യേശുക്രിസ്തു ശിഷ്യൻമാരോടു പറഞ്ഞതായി അവരുടെ വേദഗ്രന്ഥത്തിൽ ഉദ്ധരിച്ച ഒരു വാക്യമത്രെ. അതായതു: 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.' (മത്തായി: (18ൽ 18.) (**) യഹൂദികൾ പ്രത്യക്ഷത്തിൽ ഈ വിഷയത്തിൽ അൽപം പിന്നോക്കമാണെന്നു തോന്നാമെങ്കിലും പണ്ഡിത പുരോഹിതൻമാരുടെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണല്ലോ അവർ നബി (സ)യുടെ ദൗത്യത്തെയും പ്രവാചകത്വത്തെയുമെല്ലാം നിഷേധിക്കുന്നതും, യഥാർത്ഥത്തിൽ മതത്തിൽ ഇല്ലാത്ത ചില നിയമങ്ങൾ മത നിയമങ്ങളായിക്കരുതുന്നതും.

പണ്ഡിത പുരോഹിതൽമാർക്കു ദൈവത്തിൻെറ പല അധികാരാവകാശങ്ങളും സ്ഥാനമാനങ്ങളും വകവെച്ചു കൊടുക്കുന്ന സമ്പ്രദായം അമുസ്ലിം സമുദായത്തിലും ധാരാളം കാണാം. മുസ്ലിംകളിലും ചില മഹാത്മാക്കൾക്കു അതിരുകവിഞ്ഞ അധികാരങ്ങളും അവകാശങ്ങളും സ്ഥാനമാനങ്ങളും കൽപിക്കപ്പെടുന്നതും സാധാരണമാണല്ലോ. ചില 'ത്വരീഖത്തി'ൻെറ 'ശൈഖു'മാരെ അവരുടെ 'മുരീദു'കൾ ദൈവാവതാരങ്ങളും മററുമാക്കിക്കൊണ്ടു അവരെ ദൈവതുല്യരാക്കുന്നതു അതുകൊണ്ടത്രെ. ഉദാഹരണസഹിതം വിവരിക്കുന്നപക്ഷം അതു കുറേ ദീർഘിച്ചുപോയേക്കും. (والى الله المشتكى)

അല്ലാഹു മാത്രമാണു ഇലാഹും റബ്ബും; അവനെ മാത്രമേ ആരാധിക്കാവൂ എന്നു എല്ലാ സമുദായങ്ങളോടുമെന്നപോലെ വേദക്കാരോടും കൽപിക്കപ്പെട്ടിരിക്കുന്നു. എന്നിട്ടും അവർ ഇങ്ങനെയൊക്കെ ചെയ്തുകളഞ്ഞുവെന്നുള്ള ആക്ഷേപമാണു ആയത്തിൻെറ അവസാന ഭാഗത്തിൽ കാണുന്നത്. വേദക്കാരുടെ കൈവശമുള്ള അവരുടെ വേദഗ്രന്ഥങ്ങളിൽ–അവയിൽ എത്ര തന്നെ കൈകടത്തലുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ പോലും–അല്ലാഹുവിൻെറ ഈ

---

* ونص عبارة الرازى : قال شيخنا و مولانا ..... قد شاهدت جماعة من مقلدة الفقهاء قرأت عليهم ايات كثيرة من كتاب الله تعالى فى بعض مسائل وكانت مذاهبهم بخلاف تلك الايات فلم يقبلوا تلك الايات ولم يلتفتوا اليها وبقوا ينظرون الى كالمتعجب يعنى.... ولو تأملت حق التأمل وجدت هذا الداء ساريا فى عروق الاكثرين من أهل الدنيا اه

(**) ബൈബിളിൻെറ ചില വിവർത്തനങ്ങളിൽ 'കെട്ടുന്നതെല്ലാം' എന്നതിനുപകരം 'കെട്ടിയതെല്ലാം' എന്നും, 'അഴിക്കുന്നതെല്ലാം' എന്നതിനു പകരം 'അഴിച്ചതെല്ലാം' എന്നും (ഭൂത ക്രിയാ രൂപത്തിൽ) ആകുന്നുവെന്നു സൂക്ഷ്മാന്വേഷികളായ ചില പണ്ഡിതൻമാർ ചൂണ്ടിക്കാട്ടുന്നു. രണ്ടു പ്രയോഗവും തമ്മിൽ ഉദ്ദേശ്യത്തിൽ എത്ര മാററം?!

കൽപന അവിടവിടെയായി ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. (പുറപ്പാടു: 20ൽ 3, 4; ആവർത്തനം: 4ൽ 35; സങ്കീർത്തനം: 96ൽ 5; യെശയ്യാവു: 43ൽ 10, 11; 45ൽ 22; മത്തായി: 4ൽ 10; മാർക്കോസ്: 12ൽ 29 മുതലായവ നോക്കുക.) അല്ലാഹു തുടരുന്നു:—

٣٢- يُرِيْدُوْنَ اَنْ يُّطْفِـُٔوْا نُوْرَ اللّٰهِ بِاَفْوَاهِهِمْ وَيَاْبَى اللّٰهُ اِلَّآ اَنْ يُّتِمَّ نُوْرَهٗ وَلَوْ كَرِهَ الْكٰفِرُوْنَ ○

32. തങ്ങളുടെ വായകൊണ്ടു അല്ലാഹുവിന്റെ പ്രകാശത്തെ (ഊതി) കെടുത്തു കളയുവാൻ അവർ ഉദ്ദേശിക്കുന്നു. തന്റെ പ്രകാശത്തെ പൂർത്തിയാക്കുവാനല്ലാതെ(മറ്റൊന്നിനു) അല്ലാഹു വിസമ്മതിക്കുകയും ചെയ്യുന്നു; അവിശ്വാസികൾ വെറുത്താലും ശരി.

٣٣- هُوَ الَّذِيْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ ۙ وَلَوْ كَرِهَ الْمُشْرِكُوْنَ ○

33. അവനത്രെ, മാർഗ്ഗദർശനവും, യഥാർത്ഥ മതവുമായി തന്റെ റസൂലിനെ അയച്ചിട്ടുള്ളവൻ; എല്ലാ മതത്തേക്കാളും അതിനെ വെളിപ്പെടുത്തു[വിജയിപ്പിക്കു]വാൻ വേണ്ടി മുശ്രിക്കുകൾ [ബഹുദൈവ വിശ്വാസികൾ] വെറുത്താലും ശരി.

---

32. يريدون അവർ ഉദ്ദേശിക്കുന്നു ان يطفئوا അവർ കെടുത്തുവാൻ نور الله അല്ലാഹുവിന്റെ പ്രകാശ (വെളിച്ച)ത്തെ بافواههم അവരുടെ വായകൾകൊണ്ടു ويأبى الله അല്ലാഹു വിസമ്മതിക്കുക (വെറുക്കുക)യും ചെയ്യുന്നു الا أن يتم അവൻ പൂർത്തിയാക്കുന്നതിനല്ലാതെ نوره തന്റെ പ്രകാശത്തെ ولو كره വെറുത്താലും ശരി, അതൃപ്തിപ്പെട്ടാലും الكافرون അവിശ്വാസികൾ. 33. هو അവനത്രെ الذى ارسل അയച്ചവൻ رسوله തന്റെ റസൂലിനെ بالهدى മാർഗ്ഗ ദർശനവും കൊണ്ടു, സൻമാർഗ്ഗവുമായി ودين الحق യഥാർത്ഥ (സത്യ) മതവും ليظهره അതിനെ വെളിപ്പെടുത്തു (പ്രത്യക്ഷപ്പെടുത്തു-വിജയിപ്പിക്കു)വാൻവേണ്ടി على الدين മതത്തേക്കാൾ كله എല്ലാ, അതെല്ലാം ولو كره വെറുത്താലും ശരി المشركون മുശ്രിക്കുകൾ.

മേൽ വിവരിച്ച പ്രകാരമുള്ള മാർഗ്ഗങ്ങളിലൂടെ അല്ലാഹുവിന്റെ മതത്തെ നിഷ്പ്രഭമാക്കുവാനാണു വേദക്കാരടക്കമുള്ള അവിശ്വാസികളുടെ ഉദ്ദേശ്യം. സൂര്യപ്രകാശം വായകൊണ്ടു ഊതിക്കെടുക്കുവാൻ സാധ്യമല്ലല്ലോ. അതുപോലെ, ഇസ്ലാമാകുന്ന പ്രകാശത്തെ വായകൊണ്ടു ഊതിക്കെടുത്തി ഇവിടെ അന്ധകാരമയമാക്കുവാൻ അവർക്കു സാധ്യമല്ല. അതിനു ഒരിക്കലും അല്ലാഹു അനുവദിക്കുകയില്ല. ആ പ്രകാശത്തെ പരിപൂർണ്ണമാക്കി പ്രകാശിപ്പിക്കുവാനാണു അവൻ ഉദ്ദേശിക്കുന്നത്. ആ ആവശ്യാർത്ഥം, വേണ്ടത്ര ലക്ഷ്യ ദൃഷ്ടാന്തങ്ങൾ സഹിതം ആ മതം അതിന്റെ സാക്ഷാൽ രൂപത്തിൽ പ്രബോധനം ചെയ്യാനും, മറ്റെല്ലാ കൃത്രിമ മതങ്ങളെയും വെല്ലുമാറ് അതിനെ ലോകത്ത് പ്രത്യക്ഷപ്പെടുത്തുവാനും വേണ്ടിയാണു അന്ത്യപ്രവാചകനായ ഈ റസൂലിനെ അവൻ അയച്ചിരിക്കുന്നതും. വേദക്കാർക്കോ, മുശ്രിക്കുകൾക്കോ, മറ്റേതെങ്കിലും സത്യ നിഷേധികൾക്കോ അതിൽ വെറുപ്പും പ്രതിഷേധവും ഉണ്ടായിരുന്നാലും ശരി, അല്ലാഹു അതു നടപ്പിൽ വരുത്തുകതന്നെ ചെയ്യും. എന്നൊക്കെയാണു ഈ വചനത്തിൽ അല്ലാഹു ഉറപ്പിച്ചു പ്രസ്താവിക്കുന്നത്. അല്ലാഹു അക്കാര്യം നടപ്പിൽ വരുത്തിയിട്ടുണ്ടുതാനും. الحمد لله

എല്ലാ മതത്തെക്കാളും അതിനെ—അഥവാ ഇസ്ലാമിനെ—വെളിപ്പെടുത്തുവാൻ (ليظهره على الدين كله) എന്നു പറഞ്ഞതിന്റെ താൽപര്യം, മററു മതങ്ങളൊന്നും ലോകത്തു നിന്നു അപ്രത്യക്ഷമാകുമെന്നോ, മുഴുവനും ഇസ്ലാമിനു അടിയറവെച്ചു കീഴടങ്ങുമെന്നോ അല്ല. ന്യായം, പ്രമാണം, ദൃഷ്ടാന്തം, വിജ്ഞാനം, സ്വാധീനം, അധികാരം, പ്രതാപം, നേർമാർഗ്ഗം, പ്രചാരം ആദിയായവയിലെല്ലാം തന്നെ, ഒരു മതമെന്ന നിലക്കു ഇസ്ലാമിനു സിദ്ധിച്ച വിജയം മറ്റൊരു മതത്തിനും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മറ്റേതെങ്കിലും സംസ്കാരത്തിനോ നാഗരീകതക്കോ ശക്തിക്കോ ലോകത്തു കൂടുതൽ സ്വാധീനം കൈവന്നിട്ടുണ്ടെങ്കിൽ, അതു ഇസ്ലാം മതത്തിന്റെ

പോരായ്കയല്ല. ഇസ്ലാമിന്റെ അനുയായികളാകുന്ന മുസ്ലിം സമുദായത്തിൽ കാലക്രമത്തിൽ കടന്നു കൂടിയ പലതരം പോരായ്മകളാണിതിനു കാരണം. പ്രമാണപരവും ബുദ്ധിപരവുമായ ലക്ഷ്യദൃഷ്ടാന്തങ്ങളിലും, സനാതനവും പ്രായോഗികവുമായ തത്വസംഹിതകളിലും, കാലദേശാനുസൃതങ്ങളായ നിയമ വ്യവസ്ഥകളിലും ഇസ്ലാമിനോടു കിടപിടിക്കുന്ന വേറൊരു മതം ലോകത്തില്ല. യാഥാർത്ഥ്യത്തിനു നേരെ കണ്ണടക്കുകയോ, ഭൌതികവും പൈശാചികവുമായ ദുഷ്പ്രേരണകൾ നിമിത്തം മാനുഷിക മൂല്യങ്ങളെയും സനാതന തത്വങ്ങളെയും ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യാത്ത ആർക്കും ഈ വാസ്തവം നിഷേധിക്കുക സാധ്യമല്ല. ഇസ്ലാമിനോടു ശത്രുത പുലർത്തി വരുന്ന ചില മഹാരഥൻമാർ പോലും സമ്മതിക്കാറുള്ളതാണിത്.

ഈ വചനങ്ങൾ അവതരിച്ചുകൊണ്ടിരുന്ന പ്രവാചക കാലഘട്ടത്തെ അപേക്ഷിച്ചു നോക്കുമ്പോൾ, എല്ലാ മതത്തെക്കാളും ഈ മതത്തെ വെളിപ്പെടുത്തുമെന്നു പറഞ്ഞതു അതിന്റെ എല്ലാ അർത്ഥത്തിലും നിവൃത്തിയായിട്ടുണ്ടെന്നു കാണാവുന്നതാണ്. പ്രവാചകത്വം നിലവിലുണ്ടായിരുന്ന കാലമായ ഇരുപത്തിമൂന്നു കൊല്ലത്തിൽ, മക്കായിൽവെച്ചു ക്ഷമയുടെയും സഹനത്തിന്റെയും പതിമൂന്നു കൊല്ലം കഴിച്ച് ബാക്കി കഷ്ടിച്ചു പത്തുകൊല്ലക്കാലമാണു ഇസ്ലാമിന്റെ യഥാർത്ഥ പ്രചാരണ കാലം. ഇസ്ലാമിനെതിരെ കനത്ത ഉരുക്കു കോട്ടയായി നിലകൊണ്ടിരുന്ന അറേബ്യാ ഉപദ്വീപു മുഴുവനും ഇക്കാലത്തിനകം ഇസ്ലാമിന്റേതായിമാറി. അക്കാലത്തു അറിയപ്പെട്ടിരുന്ന ഏററവും വമ്പിച്ച ലോക ശക്തികളായ റോമായും, പേർഷ്യായും ഇസ്ലാമിന്റെ പ്രതാപത്തിനു മുമ്പിൽ ചിറകു താഴ്ത്തേണ്ടിയും വന്നു. രണ്ടുമൂന്നു ദശവത്സരങ്ങൾ കൂടി കടന്നുപോയപ്പോഴേക്കും അവിടങ്ങളിൽ ഇസ്ലാമിന്റെ പതാക പാറിക്കളിക്കുവാനും തുടങ്ങി. ഇസ്ലാമിനെതിരിൽ വിരൽ ചൂണ്ടുവാൻ തക്ക ഒരു ശക്തി ലോകത്തില്ലാതായി. അതെ, അക്ഷരാർത്ഥത്തിൽ തന്നെ അല്ലാഹു അവന്റെ റസൂൽ മുഖാന്തരം അവന്റെ മതമാകുന്ന ആ പ്രകാശം ലോകത്തു വെളിപ്പെടുത്തി. തുടർന്നുള്ള നൂററാണ്ടുകളിൽ ഇസ്ലാമിനു ലോകത്തു പ്രചാരവും ശക്തിയും വർദ്ധിച്ചു. ചരിത്രത്തിന്റെ പ്രഥമപാഠങ്ങൾ ഗ്രഹിച്ചവർക്കെല്ലാം അറിയുന്നതാണിത്. താഴെ കാണുന്നതു പോലെയുള്ള ഖുർആൻ വചനങ്ങളും നബിവചനങ്ങളും മുമ്പിൽ വെച്ചുകൊണ്ടു ഈ വചനങ്ങളുടെ ഉള്ളടക്കത്തെപ്പററി ഒന്നുകൂടി ചിന്തിച്ചു നോക്കുക:—

അല്ലാഹു പറയുന്നു: 'നിങ്ങൾ—സത്യവിശ്വാസികൾ—അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുവിൻ. നിങ്ങൾ അന്യോന്യം (ഭിന്നിച്ച്) പിണങ്ങുകയും ചെയ്യരുത്. എന്നാൽ നിങ്ങൾക്കു ഭീരുത്വം പിണയുകയും, നിങ്ങളുടെ കാററ് (വീര്യം) പോയിപ്പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യണം. നിശ്ചയമായും, അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു'. (8: 46.) 'നിങ്ങൾ ദുർബ്ബലരാകുകയും, വ്യസനിക്കുകയും ചെയ്യരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങളത്രെ ഉന്നതൻമാർ'. (3: 139) 'നിശ്ചയമായും ഞാനും എന്റെ റസൂലുകളും വിജയിക്കുക തന്നെ ചെയ്യുമെന്നു അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു'. (58: 21.)

നബി (സ) തിരുമേനിയും, അദിയ്യുബ്നു ഹാതിമും (റ) തമ്മിൽ നടന്ന ഒരു സംഭാഷണത്തിൽ അഹ്മദു (റ) ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: ....തിരുമേനി പറഞ്ഞു: '(അദിയ്യേ) താൻ പറയുമായിരിക്കും: ഇസ്ലാമിനെ പിൻപററിയിരിക്കുന്നതു ജനങ്ങളിലുള്ള ദുർബ്ബലരും കഴിവില്ലാത്തവരുമാണ്, അറബികൾ അവരെ എയ്തു (ആക്രമിച്ചു) കൊണ്ടിരിക്കുന്നുണ്ട് എന്ന്. തനിക്ക് ഹീറാ (حيرة) രാജ്യം (*) അറിയുമോ?' ഞാൻ (അദിയ്യു) പറഞ്ഞു: 'ഞാൻ കണ്ടിട്ടില്ല—കേട്ടിട്ടുണ്ട്''. തിരുമേനി പറഞ്ഞു: 'എന്നാൽ, എന്റെ ദേഹം യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! ഈ മതത്തെ അല്ലാഹു പൂർത്തിയാക്കുക തന്നെ ചെയ്യും. അങ്ങനെ, യാത്രക്കാരിയായ ഒരു സ്ത്രീ ഹീറായിൽ നിന്നു ഒരാളുടെയും രക്ഷ കൂടാതെ വന്നു കഅ്ബായെ ത്വവാഫു ചെയ്യുന്നതാണ്. (പേർഷ്യാ ചക്രവർത്തിയായ) ഹുർമുസിന്റെ മകൻ ക്രിസാ (കൊസ്രു)യുടെ നിക്ഷേപങ്ങൾ ജയിച്ചടക്കപ്പെടുക തന്നെ ചെയ്യും'. ഞാൻ ചോദിച്ചു: 'ഹുർമുസിന്റെ മകൻ കിസ്രായുടെയോ?;' തിരുമേനി പറഞ്ഞു: 'അതെ, ഹുർമുസിന്റെ മകൻ കിസ്രായുടെ തന്നെ. വാങ്ങുവാൻ ഒരാളും ഇല്ലാതിരിക്കത്തക്കവിധം ധനം വിതരണം ചെയ്യപ്പെടുകയും ചെയ്യും.' (പിന്നീടു) അദിയ്യു (റ) പറയുകയാണ്: 'ഇതാ! ഒരു യാത്രക്കാരി ആരുടെയും രക്ഷ കൂടാതെ വന്നു കഅ്ബ ത്വവാഫു ചെയ്യുന്നു. (ഇതു ഞാൻ അനുഭവത്തിൽ കണ്ടു.) കിസ്രായുടെ നിക്ഷേപങ്ങൾ ജയിച്ചടക്കിയവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. എന്റെ ദേഹം യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! മൂന്നാമതു പറഞ്ഞ കാര്യവും നിശ്ചയമായും ഉണ്ടാകുക തന്നെ ചെയ്യും. കാരണം, റസൂൽ (സ) അതു പറഞ്ഞിരിക്കുന്നു.' (അധികം താമസിയാതെത്തന്നെ, പേർസ്യൻ വിജയങ്ങളും ഉത്തരാഫ്രിക്കൻ വിജയങ്ങളും നടന്ന കാലത്തു ഈ മൂന്നാമത്തെ കാര്യവും ധർമ്മം വാങ്ങുവാൻ ആവശ്യക്കാരില്ലാതെ വരുമാറ് ധനവിതരണത്തിന്റെ ആധിക്യവും—സംഭവിച്ചതായി ഇസ്ലാമിക ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചാൽ കാണാവുന്നതാണ്.)

(*) ഇറാഖിലെ ഒരു രാജ്യമാണു ഹീറഃ (حيرة) ഇറാക്കിൽ മുസ്ലിംകൾ ആദ്യം ജയിച്ചടക്കിയരാജ്യമാണിതു.

ഥൗബാൻ (റ) ഉദ്ധരിക്കുന്നു: നബി (സ) പറഞ്ഞു: 'ഭക്ഷണം കഴിക്കുന്നവർ അവരുടെ ഭക്ഷണപ്പാത്രത്തിലേക്കു ചെന്നു വീഴുന്നതു (തിരക്കി കൈ നീട്ടുന്നതു) പോലെ, നിങ്ങളുടെമേൽ സമുദായങ്ങൾ വന്നു വീഴുവാൻ കാലം അടുത്തുവരുന്നു.' അപ്പോൾ ഒരാൾ ചോദിച്ചു: 'ഞങ്ങൾ അന്നു കുറവായിരിക്കുന്നതുകൊണ്ടാണോ?' തിരുമേനി പറഞ്ഞു: (അല്ല) പക്ഷെ, അന്നു നിങ്ങൾ അധികമുണ്ടായിരിക്കും. എങ്കിലും മലവെള്ളത്തിലെ ചവറുപോലെയുള്ളവരായിരിക്കും നിങ്ങൾ. നിങ്ങളുടെ ശത്രുവിന്റെ മനസ്സുകളിൽ നിന്നു നിങ്ങളെ സംബന്ധിച്ചുള്ള ഗൗരവം അല്ലാഹു നീക്കിക്കളയും. നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ ദൗർബ്ബല്യം ഇട്ടേക്കുകയും ചെയ്യും'. ഒരാൾ ചോദിച്ചു: 'റസൂലേ! എന്തായിരിക്കും ദൗർബ്ബല്യം?' തിരുമേനി പറഞ്ഞു: 'ഇഹലോകത്തോടുള്ള സ്നേഹവും, മരണത്തെക്കുറിച്ചുള്ള വെറുപ്പും.' (അബൂദാവൂദും, ബൈഹഖീ–ദലാഇലിലും) സൂറത്തുൽ അഹ്സാബ് 40–ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ച ഏതാനും ആയത്തുകളും ഹദീസുകളും ഇവിടെ സ്മരണീയമാകുന്നു.

٣٤- يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ كَثِيرًا مِّنَ ٱلْأَحْبَارِ وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَٰلَ ٱلنَّاسِ بِٱلْبَٰطِلِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۗ وَٱلَّذِينَ يَكْنِزُونَ ٱلذَّهَبَ وَٱلْفِضَّةَ وَلَا يُنفِقُونَهَا فِى سَبِيلِ ٱللَّهِ ۙ فَبَشِّرْهُم بِعَذَابٍ أَلِيمٍ ۝

34. ഹേ, വിശ്വസിച്ചവരേ, നിശ്ചയമായും മതപണ്ഡിതൻമാരിൽ നിന്നും പുരോഹിതൻമാരിൽ നിന്നും വളരെ ആളുകൾ, മനുഷ്യരുടെ സ്വത്തുക്കളെ അന്യായമായി തിന്നുക തന്നെ ചെയ്യുന്നു; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു അവർ (ആളുകളെ) തടയുകയും ചെയ്യുന്നു. സ്വർണ്ണവും, വെള്ളിയും നിക്ഷേപിച്ചു വെക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അതിനെ ചിലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാകട്ടെ, അവർക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക!—

٣٥- يَوْمَ يُحْمَىٰ عَلَيْهَا فِى نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ ۖ هَٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا۟ مَا كُنتُمْ تَكْنِزُونَ ۝

35. 'ജഹന്നമി'ന്റെ [നരകത്തിന്റെ] അഗ്നിയിൽ വെച്ചു അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന ദിവസം, എന്നിട്ട് അതുകൊണ്ടു അവരുടെ നെററികൾക്കും, പാർശ്വങ്ങൾക്കും, മുതുകുകൾക്കും ചൂടു വെ(ച്ച് കരി)ക്കപ്പെടുകയും ചെയ്യുന്ന (ദിവസം).

'ഇതത്രെ, നിങ്ങൾ നിങ്ങളുടെ സ്വന്തങ്ങൾക്കു വേണ്ടി നിക്ഷേപിച്ചു വെച്ചത്; അതിനാൽ, നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നതിനെ നിങ്ങൾ രുചിച്ചുനോക്കിക്കൊള്ളുവിൻ'! (എന്നു അവരോടു പറയപ്പെടുകയും ചെയ്യും.)

---

34. يا ايها الذين امنوا ഹേ വിശ്വസിച്ചവരേ إن كثيرا നിശ്ചയമായും വളരെ (അധികം പല) ആളുകൾ من الاحبار മതപണ്ഡിതന്മാരിൽ നിന്നു والرهبان പുരോഹിതൻമാരിൽ നിന്നും ليأكلون അവർ തിന്നുകതന്നെ ചെയ്യും, തിന്നുന്നു اموال സ്വത്തുക്കളെ الناس മനുഷ്യരുടെ بالباطل അന്യായമായിട്ടു, വ്യർത്ഥമായ വഴിക്കു ويصدون അവർ തടയുകയും ചെയ്യുന്നു عن سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നു والذين يكنزون നിക്ഷേപിച്ചു വെക്കുന്നവരാകട്ടെ الذهب സ്വർണ്ണം والفضة വെള്ളിയും ولا ينفقونها അതിനെ അവർ ചിലവഴിക്കയുമില്ല فى سبيل الله അല്ലാഹുവിന്റെ മാർഗ്ഗത്തിൽ فبشرهم അവർക്കു നീ സന്തോഷമറിയിക്കുക بعذاب ശിക്ഷയെപ്പററി اليم വേദനയേറിയ 35. يوم ദിവസം يحمى عليها അതു കാച്ചിപ്പഴുപ്പിക്കപ്പെടുന്ന فى نار തീയിൽ, അഗ്നിയിൽ جهنم ജഹന്നമിന്റെ فتكوى എന്നിട്ടു ചൂടു കുത്തപ്പെടും, കരിക്കപ്പെടും بها അതുകൊണ്ടു, അതിനാൽ جباههم അവരുടെ നെററികൾ وجنوبهم അവരുടെ പാർശ്വങ്ങളും, ഭാഗങ്ങളും وظهورهم അവരുടെ പുറങ്ങളും, മുതുകുകളും هذا ഇതു ما كنزتم നിങ്ങൾ നിക്ഷേപിച്ചു വെച്ചത് لانفسكم നിങ്ങളുടെ സ്വന്തങ്ങൾ (ദേഹങ്ങൾ)ക്കു വേണ്ടി فذوقوا അതിനാൽ (എനി) നിങ്ങൾ രുചി നോക്കുവിൻ, ആസ്വദിക്കുവിൻ ما كنتم നിങ്ങളായിരുന്നതിനെ تكنزون നിങ്ങൾ സൂക്ഷിച്ചു വെക്കും

യഹൂദ പണ്ഡിത വർഗ്ഗത്തിലും, ക്രിസ്തീയ പുരോഹിത വർഗ്ഗത്തിലും പെട്ട വളരെ ആളുകൾ അന്യായമായവഴിക്ക് ജനങ്ങളുടെ ധനം വാങ്ങിത്തിന്നുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു അവർ ജനങ്ങളെ തട്ടിത്തിരിക്കുകയും ചെയ്തുവരുന്നുവെന്നും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ ധനം കെട്ടിപ്പൂട്ടിവെക്കുന്നവർക്ക് അതേ ധനംകൊണ്ടുതന്നെ നരകത്തിൽവെച്ചു കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും അല്ലാഹു അറിയിക്കുന്നു. വേദക്കാരിലുള്ള ആ സ്വഭാവം മുസ്ലിംകളിൽ ഉണ്ടായിക്കൂടാ എന്നും, ഉണ്ടാകുന്ന പക്ഷം, അവരും അതേ ശിക്ഷക്കു വിധേയരായിരിക്കുമെന്നും മുസ്ലിംകൾക്കുള്ള ഒരു താക്കീതാണിത്. അതുകൊണ്ടാണു يا ايها الذين امنوا (ഹേ, വിശ്വസിച്ചവരെ) എന്നു വിളിച്ചുകൊണ്ടു ഈ കാര്യം പ്രസ്താവിച്ചിരിക്കുന്നത്. ജനങ്ങളുടെ ഇഷ്ടത്തിനൊത്തു 'ഫത്വാ' (മതവിധി) നൽകിയും, ഹിതത്തിനനുസരിച്ചു മത വിധികളിൽ നീക്കുപോക്കു സ്വീകരിച്ചുംകൊണ്ടു ജനങ്ങളിൽ നിന്നു കോഴയും കൈക്കൂലിയും വാങ്ങുക, സൂത്രമാർഗ്ഗങ്ങൾ ഉപയോഗിച്ചു പലിശ വാങ്ങുക, ഖബ്ർ സ്ഥാനങ്ങളുടെയും പുണ്യവാളൻമാരുടെയും പേരിൽ നേർച്ചയും വഴിപാടും സ്വീകരിക്കുക മുതലായ കാര്യങ്ങളെല്ലാം അന്യായമായി ധനം സമ്പാദിക്കലാകുന്നു. സാമാന്യമായിപ്പറഞ്ഞാൽ, മതപണ്ഡിതൻ തന്റെ പണ്ഡിത്യത്തിന്റെയും, മത പുരോഹിതൻ തന്റെ പൗരോഹിത്യത്തിന്റെയും ചുവടു പിടിച്ചുകൊണ്ടു ജനങ്ങളുടെ ധനം ചൂഷണംചെയ്യുന്ന എല്ലാ ഏർപ്പാടുകളും ഇപ്പറഞ്ഞതിൽ ഉൾപെടുന്നു. ജനങ്ങളെ നേർമാർഗ്ഗത്തിൽ നിന്നു അകററി നിറുത്തൽ ഇതിന്റെ സ്വാഭാവികമായ ഫലവുമത്രെ.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ സ്വർണ്ണവും വെള്ളിയും കെട്ടിപ്പൂട്ടിവെക്കുന്നവരുടെ ശരീരഭാഗങ്ങളെ അതേ സ്വർണ്ണവും വെള്ളിയും നരകത്തിൽവെച്ചു ചുട്ടുപഴുപ്പിച്ച് അതുകൊണ്ടു പൊള്ളിച്ചു കരിക്കുമെന്നും, ഇതു നിങ്ങൾ നിക്ഷേപിച്ചുവെച്ചിരുന്ന ആ സ്വർണ്ണവും വെള്ളിയുമാണ്—അതിന്റെ രുചി നല്ലവണ്ണം ആസ്വദിച്ചുകൊള്ളുക—എന്നു അവരോടു പറയപ്പെടുമെന്നുള്ള അല്ലാഹുവിന്റെ ഈ താക്കീതു ഒരു പൊതുവായ താക്കീതാകുന്നു. പണ്ഡിത പുരോഹിതൻമാരെന്നോ, ന്യായമായ വഴിക്കു സമ്പാദിച്ചതെന്നോ അന്യായമായ വഴിക്കു സമ്പാദിച്ചതെന്നോ ഇതിൽ വ്യത്യാസപ്പെടുത്തിയിട്ടില്ല. പക്ഷെ, കെട്ടിപ്പൂട്ടിവെക്കുന്നവർ പണ്ഡിതൻമാരും പുരോഹിതൻമാരുംകൂടി ആയിരിക്കുകയോ, കെട്ടിപ്പൂട്ടിവെക്കുന്ന ധനം അന്യായമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചതായിരിക്കുകയോ ചെയ്യുമ്പോൾ അതിന്റെ ശിക്ഷ കൂടുതൽ കഠിനമായിരിക്കുമെന്നു പറയേണ്ടതില്ല. സ്വത്തുക്കളിൽവെച്ചു കൂടുതൽ പ്രാധാന്യം കൽപിക്കപ്പെടുന്നതും, കൂടുതൽ നിക്ഷേപിച്ചു വെക്കപ്പെടാറുള്ളതും വെള്ളിയും സ്വർണ്ണവുമാണല്ലോ. അതുകൊണ്ടാണു അതു രണ്ടും പ്രത്യേകം എടുത്തു പറയപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാതെ സംഭരിച്ചുവെക്കുന്ന എല്ലാ ധനവും ശിക്ഷക്കു കാരണമാണെന്നുള്ളതിൽ സംശയമില്ല. അവരോടു സന്തോഷവാർത്തയായി ഒന്നും തന്നെ അറിയിക്കാനില്ല—വല്ലതും ഉണ്ടെങ്കിൽ, അതു ശിക്ഷയെക്കുറിച്ചു മാത്രമാണു—എന്നാണ് 'അവർക്കു വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷമറിയിക്കുക' എന്നു പറഞ്ഞതിന്റെ താൽപര്യം. ഇതു കേവലം അവരുടെ നേരെയുള്ള ഒരു പരിഹാസം കൂടിയാകുന്നു.

നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: 'സ്വർണ്ണത്തിന്റെ ആളും വെള്ളിയുടെ ആളുമായ വല്ല മനുഷ്യനും അതിന്റെ കടമ കൊടുത്തു വീട്ടിയിട്ടില്ലെങ്കിൽ ഖിയാമത്തു നാളിൽ അതവന്നു അഗ്നികൊണ്ടുള്ള തകിടുകളാക്കി പരത്തപ്പെടുകയും, എന്നിട്ടു അവകൊണ്ടു അവന്റെ പാർശ്വവും, നെററിയും ചൂടുകുത്തി കരിക്കപ്പെടുകയും ചെയ്യാതിരിക്കുകയില്ല.' (ബു; മു.) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിൽ പിശുക്കു പിടിക്കാതെയും, ധനപരമായ കടമകൾ ബാക്കിവെക്കാതെയും സ്വത്തു സമ്പാദിക്കുന്നതിൽ തെററില്ലെന്നു ഈ വചനങ്ങളിൽനിന്നും ഈ ഹദീസിൽനിന്നും വ്യക്തമാകുന്നു. അതുകൊണ്ടാണല്ലോ മരണപ്പെടുമ്പോൾ ധനം കുറച്ചായിരുന്നാലും അധികമായിരുന്നാലും അനന്തരാവകാശികൾക്കു കൊടുക്കുവാൻ അല്ലാഹു കൽപിച്ചിരിക്കുന്നതും. (4:7) ചില ആളുകൾ ധരിച്ചുവശായതുപോലെ, സത്യവിശ്വാസികൾക്കു ധനം സമ്പാദിച്ചു വെക്കുവാനുള്ള ഒരു പഴുതും ഇസ്ലാമിലില്ലെങ്കിൽ അനന്തരാവകാശ നിയമങ്ങൾക്കും, വസിയ്യത്തുകൾക്കും പിന്നെ സ്ഥാനമില്ലല്ലോ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുക എന്നു പറഞ്ഞതിൽ, ഒന്നാമതായി നിയമപ്രകാരമുള്ള സകാത്തും അതിനുശേഷം സന്ദർഭവും പരിതസ്ഥിതികളും അനുസരിച്ചു ആവശ്യമായി വരുന്ന എല്ലാ ദാന ധർമ്മങ്ങളും ഉൾപ്പെടുന്നു. സക്കാത്തു കൊടുത്തുതീർത്താൽ ധനം ശുദ്ധിയാകുമെന്നു കാണിക്കുന്ന ചില നബിവചനങ്ങളെയും മററും ആധാരമാക്കി സക്കാത്തല്ലാത്ത കടമകളൊന്നും ധനത്തിൽ വേറെയില്ലെന്നു പറയുന്നതു പിശുക്കൻമാരുടെ ഒരു ഊന്നുവടി മാത്രമാണ്. സക്കാത്തിനു പുറമെ, ഓരോരുത്തന്റെയും കഴിവനുസരിച്ചും, ചുററുപാടനുസരിച്ചും വേറെയും പല കടമകൾ ധനത്തിൽനിന്നു നിർവ്വഹിക്കേണ്ടതുണ്ടെന്നു ധാരാളക്കണക്കിൽ ഖുർആൻ വചനങ്ങളിൽ നിന്നും നബിവചനങ്ങളിൽ നിന്നും നിരുപാധികം അറിയപ്പെട്ടതാകുന്നു.

36. നിശ്ചയമായും, അല്ലാഹുവിൻെറ അടുക്കൽ മാസങ്ങളുടെ എണ്ണം, പന്ത്രണ്ട് മാസങ്ങൾ എന്നാകുന്നു; (അതെ) ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം അല്ലാഹുവിൻെറ രേഖയിൽ [വിധി നിശ്ചയത്തിൽ]. അവയിൽ പെട്ടതാണ് (യുദ്ധം നിഷിദ്ധമാക്കപ്പെട്ട) പവിത്രമായ നാലു (മാസം)

٣٦-إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ

അതത്രെ ചൊവ്വായി നിലകൊള്ളുന്ന മതം [നടപടി]. ആകയാൽ, അവയിൽ [ആ നാലുമാസങ്ങളിൽ] നിങ്ങൾ നിങ്ങളോടു തന്നെ അക്രമം ചെയ്യരുത്. മുശ്രിക്കുകൾ നിങ്ങളോടു ആകമാനം യുദ്ധം ചെയ്യുന്നതുപോലെ, നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുവിൻ.

ذَٰلِكَ الدِّينُ الْقَيِّمُ فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ وَقَاتِلُوا الْمُشْرِكِينَ كَافَّةً كَمَا يُقَاتِلُونَكُمْ كَافَّةً

അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടു കൂടെയാണെന്നു നിങ്ങൾ അറിയുകയും ചെയ്യുവിൻ.

وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ ○

37. നിശ്ചയമായും (മാസത്തിൻെറ നിഷിദ്ധതയെ) പിന്നോട്ടു മാററൽ, അവിശ്വാസത്തിൽ ഒരു വർദ്ധനവു തന്നെയാകുന്നു. അതുമൂലം അവിശ്വസിച്ചവർ വഴി പിഴപ്പിക്കപ്പെടുന്നു: (അതായതു) ഒരു കൊല്ലം അതിനെ [മാററിവെച്ച മാസത്തെ] അവർ അനുവദനീയമാക്കുകയും, ഒരു കൊല്ലം അതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നു; അല്ലാഹു നിഷിദ്ധമാക്കിയതിൻെറ എണ്ണത്തോട് ഒപ്പിക്കുവാനും, അങ്ങനെ, അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുവാനും വേണ്ടി.

٣٧-إِنَّمَا النَّسِيءُ زِيَادَةٌ فِي الْكُفْرِ يُضَلُّ بِهِ الَّذِينَ كَفَرُوا يُحِلُّونَهُ عَامًا وَيُحَرِّمُونَهُ عَامًا لِّيُوَاطِئُوا عِدَّةَ مَا حَرَّمَ اللَّهُ فَيُحِلُّوا مَا حَرَّمَ اللَّهُ

---

36. إن عدة നിശ്ചയമായും എണ്ണം الشهور മാസങ്ങളുടെ عند الله അല്ലാഹുവിൻെറ അടുക്കൽ اثنا عشر പന്ത്രണ്ടാകുന്ന شهرا മാസം, മാസമായിട്ടു في كتاب വിധി നിശ്ചയ ഗ്രന്ഥത്തിൽ, രേഖയിൽ الله അല്ലാഹുവിൻെറ يوم خلق അവൻ സൃഷ്ടിച്ച ദിവസം السموات ആകാശങ്ങളെ والارض ഭൂമിയെയും منها അവയിൽ പെട്ടതാണു, അതിലുണ്ട് أربعة നാലു (എണ്ണം—മാസം) حرم പവിത്രമായ, (യുദ്ധം) നിഷിദ്ധമായ ذلك الدين അതു മതമത്രെ, അതു നടപടിയാണു القيم ചൊവ്വെ നിലകൊള്ളുന്ന, ഉറച്ചു നിൽക്കുന്ന فلا تظلموا അതിനാൽ നിങ്ങൾ അക്രമം ചെയ്യരുത് فيهن അവയിൽ أنفسكم നിങ്ങളുടെ സ്വന്തങ്ങളോട്, നിങ്ങളോടുതന്നെ وقاتلوا യുദ്ധം ചെയ്യുകയും ചെയ്യുവിൻ المشركين മുശ്രിക്കുകളോടു كافة ആകമാനം, ഒന്നടങ്കം كما يقاتلونكم അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നപോലെ كافة ആകമാനം, മുഴുവനും واعلموا അറിയുകയും ചെയ്യുക ان الله അല്ലാഹു (ആകുന്നു) എന്നു مع المتقين സൂക്ഷ്മത പാലിക്കുന്നവരുടെകൂടെ. 37. انما നിശ്ചയമായും മാത്രം (തന്നെ) النسيء പിന്നോട്ടു മാറൽ, പിന്തിച്ചുവെക്കൽ زيادة ഒരു വർദ്ധനവു (തന്നെ—മാത്രം) ആകുന്നു في الكفر അവിശ്വാസത്തിൽ يضل വഴി പിഴപ്പിക്കപ്പെടുന്നു به അതുകൊണ്ടു, അതുമൂലം الذين كفروا അവിശ്വസിച്ചവർ يحلونه അതിനെ അവർ ഹലാൽ (അനുവദനീയം) ആക്കുന്നു عاما ഒരു കൊല്ലം ويحرمونه അതിനെ അവർ ഹറാം (നിഷിദ്ധം) ആക്കുകയും ചെയ്യുന്നു عاما ഒരു കൊല്ലം ليواطئوا അവർ ഒപ്പിക്കുവാൻ, ഒത്തുകൂടുവാൻവേണ്ടി عدة എണ്ണത്തെ, എണ്ണത്തോടു ما حرم നിഷിദ്ധമാക്കിയതിൻെറ الله അല്ലാഹു فيحلوا അങ്ങനെ അവർ അനുവദനീയമാക്കുവാൻ ما حرم الله അല്ലാഹു നിഷിദ്ധമാക്കിയതിനെ

زُيِّنَ لَهُمْ سُوٓءُ أَعْمَالِهِمْ ۚ وَاللَّهُ لَا يَهْدِي الْقَوْمَ الْكَٰفِرِينَ ۝

അവരുടെ ദുഷ്പ്രവൃത്തികൾ അവർക്കു ഭംഗിയാക്കി ക്കാണിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു, അവിശ്വാസിക ളായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകയില്ല.

زين ഭംഗിയാക്കപ്പെട്ടിരിക്കുന്നു لهم അവർക്കു سوء اعمالهم അവരുടെ പ്രവൃത്തികളിൽ ദുഷിച്ച തു, ദുഷ്പ്രവൃത്തികൾ والله അല്ലാഹുവാകട്ടെ لا يهدي അവൻ സൻമാർഗ്ഗത്തിലാക്കുകയില്ല القوم ജനങ്ങളെ الكفرين അവിശ്വാസികളായ.

സൂറത്തിൻെറ തുടക്കം മുതൽ മുശ്രിക്കുകളെക്കുറിച്ചു സംസാരിച്ചുവരുന്ന മദ്ധ്യേ ഇടക്കുവെച്ചു വേദക്കാരെ സംബന്ധിച്ചു ചിലതെല്ലാം പ്രസ്താവിച്ചു. വീണ്ടും സംസാരം മുശ്രിക്കുകളിലേക്കു തന്നെ തിരിഞ്ഞിരിക്കുക യാണ്. മുശ്രിക്കുകൾ മതത്തിൽ കടത്തിക്കൂട്ടിയ ഒരു തോന്നിയവാസത്തെക്കുറിച്ചാണു ഈ വചനങ്ങളിലെ പരാ മർശം. ഇബ്രാഹീം (അ) നബിയുടെകാലം മുതൽക്കേ കൊല്ലത്തിൽ ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹറം, റജബ് എന്നീ നാലുമാസങ്ങൾ യുദ്ധം പാടില്ലാത്ത പവിത്ര മാസങ്ങളായി ആചരിക്കപ്പെട്ടുവന്നിരുന്നു. ഇബ്രാഹീം (അ) നബിയുടെ പാരമ്പര്യം അവകാശപ്പെടുന്നവരാണല്ലോ മുശ്രിക്കുകൾ. കാലക്രമത്തിൽ ആ സമ്പ്രദായത്തിൽ അവർ ഒരുമാററം സ്വീകരിച്ചു. പൊതുവെ യുദ്ധ പ്രിയൻമാരായ അവർക്കു ചിലപ്പോൾ ഈ നിയമം പാലിക്കുന്നതു അവ രുടെ യുദ്ധ താൽപര്യങ്ങൾക്കു യോജിക്കാതെവരും. അപ്പോൾ ഇതിൽനിന്ന് രക്ഷപ്പെടുവാൻ വേണ്ടി ഒരു മാസ ത്തിൻെറ പവിത്രത മറെറാരു മാസത്തിലേക്ക് നീട്ടിവെച്ചുകൊണ്ടു ആ മാസത്തിൽ അവർ യുദ്ധം നടത്തുകയും, മററു മാസം പവിത്രമാസമായി ആചരിക്കുകയും ചെയ്യും. അങ്ങനെ നിശ്ചിത മാസങ്ങളിൽ മാററം വരുത്തിക്കൊ ണ്ടാണെങ്കിലും കൊല്ലത്തിൽ നാലുമാസം പവിത്ര മാസങ്ങളായി ഒപ്പിക്കുകയും ചെയ്യും. ഇങ്ങിനെ, ഒരുമാസത്തിൻെറ പവിത്രത മറെറാരു മാസത്തിലേക്ക് മാററിവെക്കുന്നതിനാണു النسيء (നസീഉ്) എന്നു പറയപ്പെടുന്നത്. ഇതിനെ പ്പററിയാണു രണ്ടാമത്തെ വചനത്തിൽ പ്രസ്താവിക്കുന്നത്.

മറെറാരു തരം 'നസീഉം' അറബികളിൽ പതിവുണ്ടായിരുന്നതായി ഇമാം റാസി (റ) മുതലായ ചിലർ പ്രസ്താ വിച്ചിരിക്കുന്നു. പണ്ടു മുതൽക്കേ ചാന്ദ്രിക മാസങ്ങളുടെ അടിസ്ഥാനത്തിലാണു അറബികൾ കാലനിർണ്ണയം ചെയ്തുവന്നിരുന്നത്. സൗര വർഷവും ചന്ദ്ര വർഷവും തമ്മിൽ കൊല്ലത്തിൽ ഏതാണ്ടു പതിനൊന്നു ദിവസത്തെ വ്യത്യാസം ഉണ്ടായിരിക്കുമല്ലോ. ഉഷ്ണം, ശൈത്യം കാലവർഷം, വേനൽ മുതലായ പ്രകൃതി മാററങ്ങൾ സംഭവി ക്കുന്നതു സൗരമാസങ്ങളുടെ കണക്കിലുമായിരിക്കും. ഇതു നിമിത്തം ഹജ്ജുകാലം ചിലപ്പോൾ അത്യുഷ്ണവേള യിലും, ചിലപ്പോൾ മറിച്ചും വന്നേക്കും. ഉഷ്ണകാലത്തു ഹജ്ജു വരുന്നതുകൊണ്ട് പൊതുവെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പുറമെ, അവരുടെ ഒരു പ്രധാന ധനാഗമമാർഗ്ഗമായ ഹജ്ജു കാലത്തെ കച്ചവടോത്സവ ങ്ങൾക്കും അതു തടസ്സമായിത്തീരും. അതുകൊണ്ടു ചാന്ദ്രിക മാസങ്ങളെ കണക്കാക്കുന്നതിൽ ചില നീക്കുപോക്കു കൾ സ്വീകരിച്ചുകൊണ്ടു ഹജ്ജുകാലം അവർ മാററി നിശ്ചയിക്കും. ഇതാണു ഈ 'നസീഇ'ൻെറ ചുരുക്കം.

യുദ്ധം നിഷിദ്ധമായ നാലു മാസങ്ങൾ ഏതൊക്കെയാണെന്നു ജാഹിലിയ്യത്തിലും ഇസ്ലാമിലും പരക്കെ അറിയപ്പെട്ടതാണ്. നബി (സ)യുടെ പ്രസിദ്ധമായ ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ തിരുമേനി അക്കാര്യം ഇങ്ങനെ വ്യക്തമാക്കുകയും ചെയ്തു: 'നിശ്ചയമായും കാലം, അല്ലാഹു ആകാശ ഭൂമികളെ സൃഷ്ടിച്ച ദിവ സത്തെ മാതിരി തിരിഞ്ഞു വന്നിരിക്കുന്നു. ഒരു കൊല്ലം പന്ത്രണ്ട് മാസം. അതിൽ നാലെണ്ണം 'ഹറാമാ'യവ (അലംഘനീയമായ പവിത്ര മാസങ്ങൾ) മൂന്നെണ്ണം തുടർച്ചയായുള്ളവയാണ്. അതായതു, ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹറം എന്നിവ. (നാലാമത്തേതു) ജുമാദായുടെയും, ശ്അബാൻെറയും ഇടയിലുള്ള മുളഃർ ഗോത്രത്തിൻെറ റജബും'. (അ; ബു; മു) റജബുമാസത്തെപ്പററി നബി(സ) 'മുളഃറിൻെറ റജബു' (رجب مضر) എന്നു പറയുവാൻ കാരണം, വേറെ ചില ഗോത്രക്കാർ ആ മാസത്തിൻെറ ആചരണത്തിൽ വ്യത്യാസം വരുത്തിയിരുന്നതാണെന്നു ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു ഹജ്ജ് സമ്മേളനത്തിൽ ദൂരപ്രദേശങ്ങളിൻനിന്നു നിർഭയം വന്നു ചേരുവാ നുള്ള സൗകര്യത്തിനു വേണ്ടി ഹജ്ജ്മാസത്തിനു മുമ്പ് ദുൽഖഅ്ദുമാസവും, അതേമട്ടിൽ ഹജ്ജിൻെറ ശേഷം സമാധാനപൂർവ്വം തിരിച്ചുപോകുവാനുള്ള സൗകര്യത്തിനുവേണ്ടി അതിൻെറ ശേഷം മുഹറ മാസവും—അങ്ങിനെ മൂന്നുമാസം—അല്ലാഹു തുടർച്ചയായി യുദ്ധം ഹറാമാക്കിയിരിക്കുന്നു. ഇടക്കുവെച്ചു ഉംറഃ കർമ്മം ചെയ്തു പോകു ന്നവരുടെ സൗകര്യം കണക്കിലെടുത്തു റജബു മാസവും ഹറാമാക്കിയിരിക്കുകയാണ്.

ചില കാലങ്ങൾക്കും, ചില സ്ഥലങ്ങൾക്കും അല്ലാഹു ചില പ്രത്യേക സ്ഥാനങ്ങൾ കൽപിച്ചുവെച്ചിരിക്കുന്നു. മററുള്ളവയിലില്ലാത്ത ചില അനുഷ്ഠാനങ്ങളും ആചരണങ്ങളും അവയിൽ അവൻ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ നിശ്ചയിച്ചതിലുള്ള യുക്തി രഹസ്യങ്ങൾ അൽപം ചിലതൊക്കെ നമുക്ക് അറിയുവാൻ കഴിഞ്ഞേക്കുമെങ്കിലും മുഴുവനായോ, വിശദമായോ അതിലടങ്ങിയ തത്വരഹസ്യങ്ങൾ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. എന്തുകൊണ്ടു ദിനംപ്രതി അഞ്ചു നമസ്കാരം നിയമിച്ചു? ആഴ്ചയിലെ ദിവസങ്ങളിൽ വെള്ളിയാഴ്ച ദിവസത്തിനു എന്തുകൊണ്ടു പ്രാധാന്യം കൽപിച്ചു? മാസങ്ങളിൽ എന്തുകൊണ്ടു റംസാനു പ്രത്യേകത നൽകി? ഇതിനൊന്നും വസ്തു നിഷ്ഠവും പരിപൂർണ്ണവുമായ ഉത്തരം പറയുവാൻ നമുക്കു സാദ്ധ്യമല്ല. ഇതുപോലെ, സ്ഥലങ്ങളുടെ കൂട്ടത്തിൽ പള്ളികൾക്കും, രാജ്യങ്ങളുടെ കൂട്ടത്തിൽ മക്കാ, മദീനാ, ബൈത്തുൽ മുഖദ്ദസ് എന്നിവക്കും അല്ലാഹു ചില ശ്രേഷ്ഠതകൾ നൽകിയിരിക്കുന്നു. ഓരോന്നിനും ചില കാരണങ്ങളൊക്കെ നമുക്ക് മനസ്സിലായിട്ടുണ്ടെങ്കിലും, നമുക്കു അജ്ഞാതമായ വേറെയും യുക്തി രഹസ്യങ്ങൾ അതിലെല്ലാം അടങ്ങിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. ആ സ്ഥിതിക്കു ഓരോന്നിനും കൽപിച്ച പവിത്രതയും, സ്ഥാനവും അതേ രൂപത്തിൽ അംഗീകരിക്കുകയല്ലാതെ അതിൽ മാററമോ വ്യത്യാസമോ വരുത്തുവാൽ മനുഷ്യർക്കു അവകാശമോ, അനുവാദമോ ഇല്ല. ചോദ്യം ചെയ്യാതെ അതനുസരിക്കുകയാണു നമ്മുടെ കടമ. അതാണു നേർക്കുനേരെയുള്ള മതനടപടിയും. (ذلك الدين القيم) നേരെമറിച്ചു അവയിലൊക്കെ അല്ലാഹു കൽപിച്ചതിന്നെതിരായ മാററത്തിരുത്തങ്ങൾ വരുത്തുന്നതു അവിശ്വാസവുമായിരിക്കും. إنما النسيء زيادة في الكفر (നസീഉ് അവിശ്വാസത്തിൻ വർദ്ധനവു തന്നെയാണു) എന്ന രണ്ടാമത്തെ വചനത്തിൽ പറഞ്ഞതിൽനിന്ന് ഈ വാസ്തവം മനസ്സിലാക്കാം. മുശ്രിക്കുകൾ മുമ്പേ അവിശ്വാസികളാണു. ആ അവിശ്വാസത്തിലൂടെ മററൊരു അവിശ്വാസവുംകൂടിയാണു നസീഉ് മൂലം ഉണ്ടായിത്തീരുന്നത് എന്നത്രെ ഈ വാക്യം ചൂണ്ടിക്കാട്ടുന്നത്.

ആദ്യത്തെ വചനത്തിൽ പറഞ്ഞതിൻെറ താൽപര്യം ഇങ്ങിനെ മനസ്സിലാക്കാം: ആകാശ ഭൂമികളെ സൃഷ്ടിച്ച ദിവസം മുതൽക്കേ അല്ലാഹു നിശ്ചയിച്ചുവെച്ച നിയമവ്യവസ്ഥയാണു മാസങ്ങൾ പന്ത്രണ്ടാണെന്നുള്ള തത്വം. (ان عدة الشهور عند الله ....) അതായതു, ഈ അഖിലാണ്ഡത്തെ സൃഷ്ടിച്ചപ്പോൾ തന്നെ, അതിലടങ്ങിയ സൂര്യചന്ദ്രനക്ഷത്രാതികൾക്കും അവയുടെ ഗതിവിഗതികൾക്കുമൊക്കെ അല്ലാഹു ഓരോ നിശ്ചിത വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. ആ വ്യവസ്ഥകളിലൊന്നാണു കൊല്ലത്തിൽ പന്ത്രണ്ടു മാസങ്ങളാണെന്നുള്ളതും. ആ പന്ത്രണ്ടിൽ നാലെണ്ണം അവൻ 'ഹറാമാ'യ പവിത്ര മാസങ്ങളാക്കി വെക്കുകയും ചെയ്തിരിക്കുന്നു. (منها اربعة حرم) അതിൽ മാററമോ ഭേദഗതിയോ വരുത്താതെ അവൻ നിശ്ചയിച്ച അതേപടി ആ മാസങ്ങളെ സ്വീകരിക്കുന്നതാണു ശരിയും സ്ഥിരവുമായ മതനടപടി (ذلك الدين القيم). അവയിൽ വല്ല ഭേദഗതിയും സ്വീകരിക്കുന്നതും, അവയുടെ അലംഘനീയതക്കും പവിത്രതക്കും ഹാനികരമായ വല്ലതും പ്രവർത്തിക്കുന്നതും നിങ്ങൾ നിങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കലാകുന്നു. അഥവാ അതിൻെറ ഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും. അതുകൊണ്ടു നിങ്ങൾ നിങ്ങൾക്കെതിരെ തന്നെ അക്രമം പ്രവർത്തിക്കരുതു (فلا تظلموا فيهن أنفسكم) എന്നൊക്കെ ഉണർത്തിയശേഷം, ഒരു യാഥാർത്ഥ്യം സത്യവിശ്വാസികൾ വിസ്മരിച്ചുകളയരുതെന്നു അല്ലാഹു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതായതു, മുശ്രിക്കുകൾ കൂട്ടത്തോടെ നിങ്ങളോടു യുദ്ധത്തിനു ഒരുങ്ങി ഇറങ്ങിയിരിക്കുകയാണ്. അതുകൊണ്ടു അപ്പോലെ നിങ്ങളും ഒത്തൊരുമിച്ച് ഒററക്കെട്ടായി അവരോടങ്ങോട്ടും യുദ്ധത്തിനു തയ്യാറായിക്കൊണ്ടിരിക്കണം (وقاتلوا المشركين كافة....) എന്നത്രെ അത്. അതോടുകൂടി, സൂക്ഷ്മത പാലിക്കണമെന്നും, സൂക്ഷ്മത പാലിക്കുന്നവരുടെ ഭാഗത്താണു അല്ലാഹു എന്നു നിങ്ങൾക്കു ഓർമ്മയുണ്ടായിരിക്കണം (واعلموا ان الله مع المتقين) എന്നും ഓർമ്മിപ്പിക്കുന്നു.

വിഭാഗം-6

ഈ സൂറത്തിൻെറ അവസാനത്തെ രണ്ടു വചനങ്ങളും, ഇടക്കുള്ള ചില വചനങ്ങളും ഒഴിവാക്കിയാൽ, ഇവിടം മുതൽക്കുള്ള വചനങ്ങളിലെ പരാമർശങ്ങൾ തബൂക്ക് സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങളാകുന്നു. മദീനായുടെയും, ദിമിശ്ഖി (ഡമസ്കസി)ൻെറയും ഏതാണ്ടു മദ്ധ്യത്തിൽ, മദീനായിൽ നിന്നും ഏതാണ്ടു നാനൂറ് നാഴിക ദൂരെ സ്ഥിതിചെയ്യുന്നതും, അക്കാലത്തു ശാം രാജ്യങ്ങളിൽ ഉൾപെട്ടതുമായ ഒരു രാജ്യമാണു തബൂക്ക് (تبوك).* റോമാ ചക്രവർത്തിയുടെ മേൽകോയ്മയിലാണു അന്നു ശാം രാജ്യങ്ങൾ. താഴെ വരുന്ന പല പരാമർശങ്ങളെക്കുറിച്ചും വേണ്ടതുപോലെ മനസ്സിലാക്കുന്നതിനു തബൂക്ക് സംഭവത്തെപ്പററി സാമാന്യം അറിഞ്ഞിരിക്കുന്നതു ആവശ്യമായതുകൊണ്ടു അതിൻെറ ഒരു ചുരുക്കം ഇവിടെ വിവരിക്കാം:—

---

* തബൂക്ക് (تبوك) പടം നമ്പ്–8ൽ കാണാം.

മദീനയെ ആക്രമിക്കാൻ ശാമിൽ റോമക്കാർ ഒരുക്കം കൂട്ടുന്നുണ്ടെന്നും, ക്രിസ്ത്യാനികളായ ചില അറബി ഗോത്രങ്ങളും അതിൽ പങ്കുവഹിക്കുന്നുണ്ടെന്നും ആ ഭാഗത്തു നിന്നു ഒലീവെണ്ണ വിൽപനക്കായി വന്നിരുന്ന ചിലരിൽ നിന്നു നബി (സ)ക്കു വിവരം കിട്ടുകയുണ്ടായി. ഭക്ഷണക്ഷാമംകൊണ്ടും, അത്യുഷ്ണം കൊണ്ടും വളരെ വിഷമം പിടിച്ച ഒരു കാലമായിരുന്നു അത്. കൂടാതെ, അൽപം മുമ്പ് കഴിഞ്ഞ ഹുനൈൻ യുദ്ധത്തിനും, ത്വാഇഫ് യുദ്ധത്തിനും ശേഷം ഒരു വിശ്രമമെടുക്കുവാൻ ജനങ്ങൾക്കു അവസരവും കിട്ടിയിട്ടുണ്ടായിരുന്നില്ല. ശത്രുപക്ഷത്തുണ്ടാകാവുന്ന സൈന്യത്തിൻെറ ആധിക്യത്തെക്കുറിച്ചുള്ള ഭയവും, മദീനായിലെ ഈന്തത്തോട്ടങ്ങളുടെ ഫലം എടുക്കുന്ന കാലം അടുത്തു വന്നിരുന്നതിനാൽ ആ സമയത്തു സ്ഥലം വിടുന്നതിൽ ജനങ്ങൾക്കുള്ള വൈമനസ്യവും ഇതിനു പുറമെയും. ശാമിലേക്കുള്ള യാത്രയാണെങ്കിൽ വളരെ ക്ളേശകരവും. ഇങ്ങിനെ പലതരം പ്രതികൂലാവസ്ഥകൾ ഒത്തു ചേർന്ന ഒരു പരിതസ്ഥിതിയിലായിരുന്നു പ്രസ്തുത വിവരം ലഭിച്ചത്. ഏതെങ്കിലും ഒരു സ്ഥലത്തേക്കു പടയൊരുക്കം ചെയ്യുമ്പോൾ—ശത്രുക്കൾക്കു മുൻകൂട്ടി വിവരം ലഭിക്കാതിരിക്കുവാനുള്ള മുൻകരുതലെന്ന നിലക്ക— നബി (സ) ലക്ഷ്യസ്ഥാനം മുൻകൂട്ടി പുറത്തറിയിക്കാറില്ലായിരുന്നു. മേൽ സൂചിപ്പിച്ച പരിതസ്ഥിതികൾ നിമിത്തം, ഈ പടയെടുപ്പിൻെറ ലക്ഷ്യത്തെപ്പററി നബി (സ) നേരത്തെത്തന്നെ വ്യക്തമാക്കുകയുണ്ടായി. സൈന്യത്തിൽ പങ്കെടുക്കുവാനും, സാമ്പത്തികമായും, മററു വിധേനയും കഴിയുന്ന സംഭാവനകളും സഹകരണങ്ങളും നൽകുവാനും നബി (സ) ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരുന്നു. മക്കായിലേക്കും, മററു ചില സ്ഥലങ്ങളിലേക്കും ഈ ആവശ്യാർത്ഥം അവിടുന്നു ആളെ അയക്കുകയും ചെയ്തു.

സഹാബികൾ പലരും വമ്പിച്ച സംഭാവനകൾ നൽകുകയുണ്ടായി. ഉസ്മാൻ (റ) പതിനായിരം ദീനാറും (പൊൻപണവും), മുന്നൂറ് ഒട്ടകവും, അവയുടെ സാമഗ്രികളും, അമ്പതു കുതിരയും സംഭാവന ചെയ്തു. 'അല്ലാഹുവേ! നീ ഉസ്മാനെക്കുറിച്ച് തൃപ്തിപ്പെടേണമേ! ഞാൻ അദ്ദേഹത്തെക്കുറിച്ചു തൃപ്തിപ്പെട്ടിരിക്കുന്നു'. എന്നു അദ്ദേഹത്തിനു വേണ്ടി നബി (സ) പ്രാർത്ഥിച്ചു. ഇതുപോലെ വേറെയും സഹാബികൾ വലിയ സംഭാവനകൾ നൽകി. അബൂബക്കർ (റ) അദ്ദേഹത്തിൻെറ പക്കൽ ആകെയുണ്ടായിരുന്ന നാലായിരം ദിർഹം (വെള്ളിപ്പണം) അത്രയും സംഭാവന ചെയ്തു. ഒരു വിഷയത്തിലും അബൂബക്കറിനെ കവച്ചുവെക്കുവാൻ തനിക്കു അവസരം കിട്ടിയിട്ടില്ലെങ്കിലും ഈ പ്രാവശ്യം അതു സാധിക്കാമെന്ന പ്രതീക്ഷയോടുകൂടി, ഉമർ (റ) തൻെറ പക്കലുണ്ടായിരുന്ന ധനത്തിൻെറ പകുതിയും കൊണ്ടുവന്നു. സംഖ്യ നോക്കുമ്പോൾ, അബൂബക്കർ (റ)ൻെറ സംഖ്യയെക്കാൾ വളരെയധികം തന്നെയുണ്ടായിരുന്നു. എങ്കിലും, ഇക്കുറിയും അദ്ദേഹത്തിൻെറ പ്രതീക്ഷ അസ്ഥാനത്താകുകയാണുണ്ടായത്. അബൂബക്കർ (റ)നോടു നബി (സ) ചോദിച്ചു: 'താങ്കളുടെ വീട്ടുകാർക്കു താങ്കൾ എന്തു ബാക്കിവെച്ചിട്ടുണ്ട്?, അദ്ദേഹത്തിൻെറ മറുപടി: 'അല്ലാഹുവിനെയും റസൂലിനെയും ബാക്കിവെച്ചിട്ടുണ്ട്'. എന്നായിരുന്നു. ഇതു കേട്ടപ്പോൾ, തനിക്കു അബൂബക്കർ (റ)നെ കവച്ചുവെക്കുവാൻ സാദ്ധ്യമല്ലെന്നു ഉമർ (റ)നു ബോധ്യമായി. സ്ത്രീകളും അവരുടെ ആഭരണങ്ങൾ തുടങ്ങിയ വലിയ സംഭാവനകൾ നൽകി വന്നു. യാത്രച്ചിലവിനുപോലും കഴിവില്ലാത്ത ദരിദ്രരായ ചില സഹാബികൾ തങ്ങളെയും സൈന്യത്തിലെടുക്കണമെന്നു നബി (സ) യോടു അപേക്ഷിച്ചു. അതിനുള്ള വക ഇല്ലാത്തതുകൊണ്ടു അവരുടെ അപേക്ഷ സ്വീകരിക്കുവാൻ നബി (സ)ക്കു കഴിഞ്ഞില്ല. അങ്ങനെ, അവർ കരഞ്ഞുംകൊണ്ടിരിക്കുകയായി. ഒടുക്കം ഉസ്മാൻ, അബ്ബാസു (റ) മുതലായവർ അവരുടെ ചിലവു വഹിക്കുവാൻ ഏററു.

മദീനായിൽ നിന്നും, മററു സ്ഥലങ്ങളിൽ നിന്നുമായി മുപ്പതിനായിരം (30, 000) പേരടങ്ങുന്ന ഒരു വമ്പിച്ച സൈന്യം സജ്ജീകൃതമായി. മദീനായിൽ മുഹമ്മദുബ്നു മസ്ലമഃ (റ)യെയും, കുടുംബ കാര്യങ്ങളിൽ അലി (റ)യെയും നബി (സ) തൻെറ പ്രതിനിധികളായി നിശ്ചയിച്ചു. സൈന്യത്തിൻെറ മഹാപതാകാ വാഹകനായി അബൂബക്കർ (റ)നെയും ഏൽപിച്ചു. കപട വിശ്വാസികളായ ഒട്ടേറെ ആളുകളും, അവരുടെ തലവനായ അബ്ദുല്ലാഹിബ്നു ഉബയ്യും സൈന്യത്തിൽ പങ്കെടുത്തില്ല. 'ഇമ്മാതിരി സമയത്തു വെള്ളക്കാരോടു (റോമക്കാരോടു) യുദ്ധം ചെയ്വാനുള്ള മുഹമ്മദിൻെറ ഈ പുറപ്പാടിൻെറ ഫലം അവനറിയാറാകും, ഈ കളി നല്ലതിനല്ല.' എന്നൊക്കെ അവർ പറഞ്ഞു. വേറെ ചിലർ നാട്ടിൽ ഭീതി പ്രചരിപ്പിച്ചുകൊണ്ടുമിരുന്നു. ചിലർ നബി (സ) യുടെ അടുക്കൽ വന്നു ഒഴികഴിവുകൾ നിരത്തി. 'വെള്ളക്കാരായ സ്ത്രീകളെ കണ്ടാൽ തങ്ങളുടെ മനസ്സു ഇളകിപ്പോകും. തങ്ങളുടെ വീടുകൾ ഭദ്രമല്ലാത്തതുകൊണ്ടു തങ്ങൾക്കു വീടു വിട്ടുപോകുവാൻ നിവൃത്തിയില്ല' എന്നിങ്ങിനെ പലതും. ദാരിദ്രവും, കഴിവുകേടും നിമിത്തം പോകാതെ പിന്തി നിന്നവരും ഉണ്ടായിരുന്നു. അങ്ങിനെ, പലർക്കും നബി (സ) ഒഴിവു നൽകി. കൂട്ടത്തിൽ ബാഹ്യാവസ്ഥ കണക്കിലെടുത്തുകൊണ്ടു പല കപട വിശ്വാസികളുടെ ഒഴികഴിവുകളും നബി (സ) സ്വീകരിച്ചിരുന്നു. ഇങ്ങിനെ ഒഴികഴിവു നൽകിയതിനെപ്പററി പിന്നീടു അല്ലാഹു നബി (സ)യെ ആക്ഷേപിച്ചതായി താഴെകാണാവുന്നതാണ്. സത്യവിശ്വാസികളിൽ തന്നെ കഅ്ബുബ്നുമാലിക് (റ) പോലെയുള്ള നിഷ്കപടൻമാരായിരുന്ന ചില വ്യക്തികളും യുദ്ധത്തിനു പോകാത്തവരിൽ ഉൾപെടും. പിന്നീടു അവർ അതിനെപ്പററി അങ്ങേഅററം ഖേദിച്ചു മടങ്ങിയ വിവരവും താഴെ കാണാം.

സൈന്യം യാത്ര തുടങ്ങി. വഴിമദ്ധ്യേ ഹിജ്റി * ലെത്തി. സ്വാലിഹ് (അ) നബിയുടെ ജനതയും അല്ലാഹുവിങ്കൽനിന്നുള്ള കഠിനകഠോരമായ പൊതു ശിക്ഷമൂലം നശിപ്പിക്കപ്പെട്ടവരുമായ ഥമൂദുഗോത്രക്കാരുടെ രാജ്യ

* പടം 8 നോക്കുക.

മാണു ഹിജ്ർ. അവിടം കടന്നുപോകുമ്പോൾ, ആ അക്രമികളുടെ വാസ സ്ഥലത്തിലൂടെ കരഞ്ഞുകൊണ്ടല്ലാതെ പ്രവേശിക്കരുതെന്നു നബി (സ) സൈന്യത്തെ ഉപദേശിക്കുകയുണ്ടായി. തബൂക്ക് ജനവാസമില്ലാതെ ഒഴിഞ്ഞു കിടക്കുന്ന ഒരു പ്രദേശമായിരുന്നു. അവിടെ എത്തിയപ്പോൾ മുആദുബ്നു ജബൽ (റ) നോടു നബി (സ) പറഞ്ഞു: 'താങ്കൾക്കു ആയുസ്സുണ്ടായാൽ, ഇവിടെയൊക്കെ തോട്ടങ്ങൾ നിറഞ്ഞു കാണാറാകും.' അതങ്ങിനെത്തന്നെ പിന്നീടു സംഭവിക്കുകയും ചെയ്തു.

ഇത്രയും പ്രയാസങ്ങൾ സഹിച്ചും, സുദീർഘമായ യാത്രാക്ലേശങ്ങൾ അനുഭവിച്ചും തബൂക്കിലെത്തിച്ചേർന്നുനോക്കുമ്പോൾ, മുമ്പു കേട്ടതുപോലെയുള്ള സംവേഗതികളൊന്നും അവിടെ കണ്ടുകയുണ്ടായില്ല. കുറച്ചു ദിവസങ്ങളോളം അവിടെ പാളയമടിച്ചശേഷം, നബി (സ) തിരുമേനിയും സൈന്യങ്ങളും തിരിച്ചു പോരുകയാണുണ്ടായത്. എങ്കിലും, ഇതിനിടയിൽ അയൽ പ്രദേശങ്ങളായ ഐലഃ (അൽഅഖബ) * യിലെയും, ജർബാഉ്, അദ്റുഹ് മുതലായ സ്ഥലങ്ങളിലെയും നിവാസികളും, നാടുവാഴികളും നബി (സ) യുമായി സമാധാന സന്ധികൾ നടത്തുകയുണ്ടായി. ഒരു യുദ്ധം ഉണ്ടായില്ലെങ്കിലും മുസ്ലിംകൾക്കു വൻതോതിലുള്ള ശിക്ഷണങ്ങളും, ത്യാഗ പരിശീലനങ്ങളും ലഭിക്കുവാനും, കപട വിശ്വാസികളുടെ ഉള്ളിലിരിപ്പു വെളിച്ചത്തു വരുവാനും ഈ യാത്ര വളരെ ഉപകരിച്ചു. ഖുലഫാഉ–റാശിദീൻെറ കാലത്തു ശാമിൽ ഇസ്ലാമിനുണ്ടായ വമ്പിച്ച വിജയങ്ങൾക്കുള്ള മാർഗ്ഗം ഈ യാത്ര സുഗമമാക്കുകയും ഉണ്ടായി. എനി, നമുക്കു ആയത്തുകളിലേക്കു പ്രവേശിക്കാം:-

38. ഹേ, വിശ്വസിച്ചവരേ,

നിങ്ങൾക്കെന്താണു, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ എന്നു നിങ്ങളോടു പറയപ്പെട്ടാൽ, നിങ്ങൾ ഭൂമിയിലേക്കു കനംതൂങ്ങിക്കളയുന്ന [മടിച്ചു പിന്നോക്കം നിൽക്കുന്നു]? നിങ്ങൾ പരലോകത്തിനു (പകരം) ഐഹിക ജീവിതം കൊണ്ടു തൃപ്തിപ്പെട്ടുവോ?! എന്നാൽ, പരലോകത്തെ സംബന്ധിച്ചു (നോക്കുമ്പോൾ) ഐഹിക ജീവിതത്തിൻെറ സുഖവിഭവം ഒരൽപ (മാത്ര) മല്ലാതെയില്ല.

٣٨- يَا أَيُّهَا الَّذِينَ آمَنُوا مَا لَكُمْ إِذَا قِيلَ لَكُمُ انْفِرُوا فِي سَبِيلِ اللَّهِ اثَّاقَلْتُمْ إِلَى الْأَرْضِ أَرَضِيتُمْ بِالْحَيَاةِ الدُّنْيَا مِنَ الْآخِرَةِ ۚ فَمَا مَتَاعُ الْحَيَاةِ الدُّنْيَا فِي الْآخِرَةِ إِلَّا قَلِيلٌ ○

39. നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടുപോകുന്നില്ലെങ്കിൽ, അവൻ [അല്ലാഹു] നിങ്ങളെ വേദനയേറിയ ശിക്ഷ ശിക്ഷിക്കും; നിങ്ങളല്ലാത്ത (വേറെ) വല്ല ജനതയെയും അവൻ പകരം കൊണ്ടുവരുകയും ചെയ്യും; അവനു നിങ്ങൾ യാതൊന്നും (തന്നെ) ഉപദ്രവം വരുത്തുന്നതുമല്ല. [നിങ്ങൾക്കു തന്നെയായിരിക്കും അതു ഉപദ്രവമായിരിക്കുക]

അല്ലാഹു, എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

٣٩- إِلَّا تَنْفِرُوا يُعَذِّبْكُمْ عَذَابًا أَلِيمًا وَيَسْتَبْدِلْ قَوْمًا غَيْرَكُمْ وَلَا تَضُرُّوهُ شَيْئًا ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ○

---

38. يا أيها الذين امنوا ഹേ വിശ്വസിച്ചവരേ ما لكم നിങ്ങൾക്കെന്താണു إذا قيل പറയപ്പെട്ടാൽ لكم നിങ്ങളോടു انفروا നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ, ധൃതിയിൽ പോകുവിൻ في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ اثاقلتم നിങ്ങൾ കനം തൂങ്ങുന്നു, ഭാരപ്പെട്ടു (അമർന്നു) പോകുന്നു إلى الارض ഭൂമിയിലേക്കു أرضيتم നിങ്ങൾ തൃപ്തിപ്പെട്ടുവോ بالحيوة الدنيا ഐഹിക ജീവിതം കൊണ്ടു من الاخرة പരലോകത്തിനു (പകരം) فما متاع എന്നാൽ സുഖവിഭവമില്ല, ഉപകരണമില്ല الحيوة ജീവിതത്തിൻെറ الدنيا ഐഹിക في الاخرة പരലോകത്തിൽ, പരലോകത്തെ സംബന്ധിച്ചു الا قليل അൽപമല്ലാതെ. 39. الا تنفروا നിങ്ങൾ (യുദ്ധത്തിനു) പുറപ്പെടുന്നില്ലെങ്കിൽ يعذبكم അവൻ നിങ്ങളെ ശിക്ഷിക്കും عذابا أليما വേദനയേറിയ ശിക്ഷ ويستبدل അവൻ പകരം കൊണ്ടു വരുകയും ചെയ്യും قوما ഒരു ജനതയെ غيركم നിങ്ങളല്ലാത്ത ولا تضروه അവന്നു നിങ്ങൾ ഉപദ്രവം ചെയ്കയുമില്ല شيأ യാതൊന്നും والله അല്ലാഹു على كل شيء എല്ലാ വസ്തുവിനും قدير കഴിവുള്ളവനാകുന്നു

(*) പട്ടം 8 നോക്കുക.

തബൂക്കിലേക്കുള്ള പടയെടുപ്പിൽ പങ്കെടുക്കുവാൻ നബി (സ) ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരുന്നപ്പോൾ, മുന്നോട്ടുവരുവാൻ മടിച്ചു നിന്നവരെക്കുറിച്ചുള്ള ആക്ഷേപമാണിതു. ഐഹികമായ സുഖസൗകര്യങ്ങൾ നഷ്ടപ്പെടുമെന്നു വെച്ചു പിന്നോക്കം നിന്നാൽ അതിന്റെ ദുഷ്യഫലം നിങ്ങൾ തന്നെ അനുഭവിക്കേണ്ടി വരുമെന്നു അല്ലാഹു അവരെ താക്കീതു ചെയ്യുന്നു. ഐഹികമായ ബുദ്ധിമുട്ടുകൾ എത്ര തന്നെ തരണം ചെയ്യേണ്ടിവന്നാലും പരലോക നൻമയെ അപേക്ഷിച്ചു അതു വളരെ തുച്ഛമായിരിക്കുമെന്ന് ഉണർത്തുകയും ചെയ്യുന്നു. ഒരാൾ തന്റെ വിരൽ സമുദ്രത്തിൽ മുക്കി പുറത്തെടുക്കുമ്പോൾ, ആ സമുദ്രജലത്തെ അപേക്ഷിച്ചു അവന്റെ വിരലിൽ എന്തുമാത്രം വെള്ളം ഉണ്ടായിരിക്കുമോ അതുപോലെ മാത്രമാണു പരലോകത്തെ അപേക്ഷിച്ചു ഇഹലോക വസ്തുക്കളുടെ നിലയെന്നു അഹ്മദു, തിർമദീ, മുസ്ലിം (റ) എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിൽ നബി (സ) ഉപമിച്ചിരിക്കുന്നതു ഇവിടെ പ്രസ്താവ്യമാകുന്നു.

40. നിങ്ങൾ അദ്ദേഹത്തെ [നബിയെ] സഹായിക്കുന്നില്ലെങ്കിൽ, അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയുണ്ടായിട്ടുണ്ടു [അതുപോലെ, എനിയും അവൻ സഹായിക്കും]; (അതെ) രണ്ടുപേരിൽ ഒരാളായിക്കൊണ്ട് അദ്ദേഹത്തെ (ആ) അവിശ്വസിച്ചവർ (നാട്ടിൽ നിന്നു) പുറത്താക്കിയ സന്ദർഭത്തിൽ; അതായതു, അവർ രണ്ടു പേരും (ആ) ഗുഹയിലായിരുന്നപ്പോൾ; (അതെ) അദ്ദേഹം തന്റെ ചങ്ങാതിയോടു: 'വ്യസനിക്കേണ്ടാ – നിശ്ചയമായും, അല്ലാഹു നമ്മുടെ കൂടെയുണ്ടു' എന്നു പറയുമ്പോൾ.

٤٠- إِلَّا تَنْصُرُوهُ فَقَدْ نَصَرَهُ اللَّهُ
إِذْ أَخْرَجَهُ الَّذِينَ كَفَرُوا
ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ
إِذْ يَقُولُ لِصَاحِبِهِ
لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ

അപ്പോൾ, അല്ലാഹു അദ്ദേഹത്തിനു തന്റെ (വക മനഃ) സമാധാനം ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ഒരു (തരം) സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവിശ്വസിച്ചവരുടെ വാക്യത്തെ അവൻ ഏററം താണതാക്കുകയും ചെയ്തു.

അല്ലാഹുവിന്റെ വാക്യം തന്നെയാണു ഏററം ഉന്നതമായതു. അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

فَأَنْزَلَ اللَّهُ سَكِينَتَهُ عَلَيْهِ
وَأَيَّدَهُ بِجُنُودٍ لَمْ تَرَوْهَا
وَجَعَلَ كَلِمَةَ الَّذِينَ كَفَرُوا السُّفْلَىٰ
وَكَلِمَةُ اللَّهِ هِيَ الْعُلْيَا ۗ
وَاللَّهُ عَزِيزٌ حَكِيمٌ ○

---

40. إلا تنصروه അദ്ദേഹത്തെ നിങ്ങൾ സഹായിക്കുന്നില്ലെങ്കിൽ فقد نصره തീർച്ചയായും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു الله അല്ലാഹു إذأخرجه അദ്ദേഹത്തെ പുറത്താക്കിയപ്പോൾ (സന്ദർഭം) الذين كفروا അവിശ്വസിച്ചവർ ثاني രണ്ടാമത്തേവനായിട്ടു (ഒരാളായിക്കൊണ്ടു) اثنين രണ്ടിൽ, രണ്ടാളുടെ إذهما അവർ രണ്ടാളുമായിരിക്കെ (ആയിരിക്കുമ്പോൾ) في الغار ഗുഹയിൽ, പൊത്തിൽ إذ يقول പറയുമ്പോൾ, പറയുന്ന സന്ദർഭം لصاحبه തന്റെ ചങ്ങാതിയോടു, തോഴനോടു لا تحزن വ്യസനിക്കേണ്ടാ إن الله നിശ്ചയമായും അല്ലാഹു معنا നമ്മുടെ കൂടെയുണ്ടു فانزل الله അപ്പോൾ അല്ലാഹു ഇറക്കി سكينته അവന്റെ സമാധാനം, ശാന്തത عليه അദ്ദേഹത്തിനു, അദ്ദേഹത്തിന്റെ മേൽ وايده അദ്ദേഹത്തെ അവൻ ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു (ചെയ്തു) بجنود ചില സൈന്യങ്ങളെക്കൊണ്ടു لم تروها നിങ്ങൾ കണ്ടിട്ടില്ലാത്ത, നിങ്ങളതു കണ്ടിട്ടില്ല وجعل അവൻ ആക്കുകയും ചെയ്തു كلمة വാക്യത്തെ الذين كفروا അവിശ്വസിച്ചവരുടെ السفلى താണതു, ഏററം താഴ്ന്നതു وكلمة الله അല്ലാഹുവിന്റെ വാക്യം هي അതുതന്നെ العليا അധികം ഉന്നതമായതു والله അല്ലാഹു عزيز പ്രതാപശാലിയാണു حكيم അഗാധജ്ഞനാണു

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്തും, മററു വിധേനയും നിങ്ങൾ നബിയെ സഹായിക്കുവാൻ തയ്യാറില്ലാതിരുന്നാലും നബിക്കു അതുമൂലം പരാജയമോ അപകടമോ ഒന്നും സംഭവിക്കുവാൻ പോകുന്നില്ല; ഇതിനേക്കാൾ എത്രയോ അപകടം പിടിച്ചതും നിസ്സഹായാവസ്ഥയിലുള്ളതുമായ ഘട്ടത്തിൽപോലും അല്ലാഹു അദ്ദേഹത്തെ

മുമ്പു സഹായിച്ചു രക്ഷപ്പെടുത്തിയിട്ടുണ്ട്. അതുപോലെ എനിയും അവൻ അദ്ദേഹത്തെ സഹായിക്കാതിരിക്കയില്ല എന്ന ഉദാഹരണസഹിതം സത്യവിശ്വാസികളെ അല്ലാഹു ഓർമ്മിപ്പിക്കുകയാണ്. സൂറത്തുൽ അൻഫാൽ 30ാം) വചനത്തിലും വ്യാഖ്യാനത്തിലും വിവരിച്ചതുപോലെ, അവിശ്വാസികളുടെ അക്രമങ്ങൾ നിമിത്തം സ്വദേശത്തു നിന്നു ഹിജ്റ പോകുവാൻ നബി (സ) നിർബ്ബന്ധിതനായപ്പോൾ, രാത്രിയിൽ നബി (സ)യും അബൂബക്കർ സിദ്ദീഖും (റ) കൂടി പുറപ്പെട്ട് ഥൗർ മലാ ഗുഹയിൽ പോയി ഒളിച്ചിരിക്കുകയും ഗുഹാമുഖത്ത് ചെന്ന് എത്തിനോക്കിയ ശത്രുക്കളുടെ ദൃഷ്ടിയിൽ പെടാതെ അത്ഭുതകരമാം വണ്ണം അവർ രക്ഷപ്പെടുകയും ചെയ്ത സന്ദർഭത്തെയാണു അല്ലാഹു ഉദാഹരണമായി എടുത്തു കാട്ടിയത്. ആ സമയത്തു നബി (സ)യും അവിടുത്തെ ചങ്ങാതി അബൂബക്കറും (റ) അല്ലാതെ മൂന്നാമതൊരാൾ ഉണ്ടായിരുന്നില്ലല്ലോ.

അബൂബക്കർ (റ) തന്നോടു ഇപ്രകാരം പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു: 'ഞങ്ങൾ ഗുഹയിലായിരുന്നപ്പോൾ ഞാൻ നബി (സ) യോടു പറഞ്ഞു: 'അവരിൽ (ശത്രുക്കളിൽ) ആരെങ്കിലും അവരുടെ കാലടിക്കു താഴോട്ടു നോക്കിയാൽ നമ്മെ കാണുമല്ലോ!' അപ്പോൾ നബി (സ) പറഞ്ഞു: 'അബൂബക്കറേ, അല്ലാഹു മൂന്നാമനായിക്കൊണ്ടുള്ള രണ്ടുപേരെപ്പററി താങ്കളുടെ വിചാരമെന്താണ്?!' (അ; ബു; മു) അവരെ തേടി നടക്കുന്ന ശത്രുക്കൾ ഗുഹാമുഖത്തു നിൽക്കുന്നതു കണ്ടപ്പോഴാണു സിദ്ദീഖു (റ) ഇതു പറഞ്ഞതും, നബി (സ) അദ്ദേഹത്തെ സമാധാനിപ്പിച്ചതും. അദ്ദേഹത്തിൻെറ വ്യസനം സ്വന്തം കാര്യത്തിലല്ല, നബി (സ)യുടെ കാര്യത്തിലായിരുന്നു. ഈ സന്ദർഭത്തെപ്പററിയാണു 'അദ്ദേഹം തൻെറ ചങ്ങാതിയോട്: വ്യസനിക്കേണ്ട; നിശ്ചയമായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്നു പറയുന്ന സന്ദർഭം' (اذ يقول لصاحبه ....) എന്നു പറഞ്ഞത്. 'അപ്പോൾ അല്ലാഹു അദ്ദേഹത്തിനു തൻെറ വക മനസ്സമാധാനം ഇറക്കിക്കൊടുത്തു' (فانزل الله سكينته عليه) എന്നു പഞ്ഞതു—ഇബ്നു കഥീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതു പോലെ-നബി (സ) യെ ഉദ്ദേശിച്ചും, അബൂബക്കർ (റ)നെ ഉദ്ദേശിച്ചും ആകാവുന്നതാണ്. എങ്കിലും, അബൂബക്കർ (റ)നെ ഉദ്ദേശിച്ചായിരിക്കുവാനാണു കൂടുതൽ ന്യായമെന്നും ചിലർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. കാരണം, നബി (സ)ക്കു മനസ്സമാധാനക്കുറവു ഉണ്ടായിട്ടില്ല. അബൂബക്കർ (റ)നായിരുന്നു നബി (സ) യെ ഓർത്തു മനസ്സമാധാനമില്ലാതിരുന്നത്. രണ്ടു പ്രകാരത്തിലായാലും ഒരേ സാരത്തിൽ തന്നെ അതു കലാശിക്കുന്നതാണും.

തുടർന്നുകൊണ്ടു وايده بجنود لم تروها (നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ടു അവൻ നബിയെ ബലപ്പെടുത്തുകയും ചെയ്തു) എന്നു പറഞ്ഞതിലെ جنود സൈന്യങ്ങൾ) കൊണ്ടുദ്ദേശ്യം മലക്കുകളാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല പക്ഷേ, ഈ വാക്യം ഗുഹാസംഭവത്തോടു ബന്ധപ്പെട്ടതാണോ, അതല്ല, വേറൊരു സംഭവത്തെ ചൂണ്ടിക്കാട്ടിയതാണോ എന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടഭിപ്രായമുണ്ട്. (1) നബി (സ) ഗുഹയിലായിരുന്നപ്പോൾ, ശത്രുക്കളുടെ ദൃഷ്ടിയിൽ പെടുവാൻ ധാരാളം സാധ്യത ഉണ്ടായിരുന്നിട്ടും അവർക്കു നബി (സ)യെ കാണുവാൻ സാധിക്കാത്തവിധം അവരുടെ കാഴ്ചയിൽ നിന്നു മറക്കുവാൻ ആ സന്ദർഭത്തിൽ പ്രത്യേകം അല്ലാഹു മലക്കുകളെ ഇറക്കിയിരുന്നുവെന്നാണു ചിലരുടെ അഭിപ്രായം. (2) ബദ്റിലും മററും മലക്കുകളെ ഇറക്കി സഹായിച്ചതിനെ ഉദ്ദേശിച്ചാണിതു പറഞ്ഞിരിക്കുന്നതെന്നത്രെ പ്രമുഖ വ്യാഖ്യാതാക്കൾ അധികവും അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതനുസരിച്ച് ചില പ്രത്യേക വിഷമഘട്ടങ്ങളിൽ അല്ലാഹു നബി (സ)യെ സഹായിച്ച രണ്ടു ഉദാഹരണങ്ങൾ ഈ വചനത്തിൽ അടങ്ങിയിരിക്കുന്നു. ഒന്നാമത്തെ അഭിപ്രായമനുസരിച്ചു ഗുഹാസംഭവത്തെ മാത്രമെ ഇവിടെ ഉദാഹരിച്ചിട്ടുള്ളു. രണ്ടാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ സാധ്യത കാണുന്നത്. ഗുഹാസംഭവത്തിൽ മലക്കുകളെ ഇറക്കിയിട്ടുണ്ടെന്നുള്ളതിനു ഈ വാക്യമല്ലാതെ വേറെ തെളിവുകളൊന്നുമില്ല. ഈ വാക്യമാകട്ടെ, ഗുഹാസംഭവത്തെ ഉദ്ദേശിച്ചാണെന്നു തീർത്തു പറയുവാനും സാധ്യമല്ല. ബദ്ർ യുദ്ധത്തിലും മററും മലക്കുകളെ ഇറക്കിയതിനെപ്പററി വ്യക്തമായിത്തന്നെ വേറെ സ്ഥലങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നുമുണ്ട്. (3: 124: 33: 9; 9: 26: മുതലായവ നോക്കുക)

ബദ്റിലോ മററു യുദ്ധങ്ങളിലോ മലക്കുകൾ തീരെ പങ്കെടുത്തിട്ടില്ലെന്ന വാദക്കാരിൽ ചിലർ ഈ വാക്യത്തെ (وايده بجنود لم تروها) ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു തങ്ങളുടെ വാദത്തിനു അതും ഒരു തെളിവാക്കി വ്യാഖ്യാനിച്ചു കാണുന്നു. ഇതു ശരിയല്ലെന്നു ഈ വിവരണത്തിൽ നിന്നു മനസ്സിലാക്കാം. അവരുടെ മററു തെളിവുകളുടെ സ്ഥിതിയും ഇതുപോലെത്തന്നെ.

അവിശ്വാസികളുടെ വാക്യത്തെ അല്ലാഹു താണതാക്കിയിരിക്കുന്നുവെന്നും, അല്ലാഹുവിൻെറ വാക്യം തന്നെയാണു ഉന്നതമായതു എന്നും (وجعل كلمة الذين كفروا السفلى ....) പറഞ്ഞതിൻെറ സാരം. ശിർക്കിൻെറ മുദ്രാവാക്യവും അതുമായി ബന്ധപ്പെട്ട വാക്കുകളും നിശ്ശേഷം പരാജയപ്പെടുക തന്നെ ചെയ്യുമെന്നും, തൗഹീദിൻെറ മുദ്രാവാക്യവും അതോടു ബന്ധപ്പെട്ട വാക്കുകളും തന്നെ അവസാനം വിജയിക്കുകയും നിലനിൽക്കുകയും ചെയ്യുമെന്നും ആകുന്നു. 'ധീരത നിമിത്തമോ, രോഷം നിമിത്തമോ, (കീർത്തിയെ ഉദ്ദേശിച്ച്) ആളെ കാണിക്കുവാൻ വേണ്ടിയോ യുദ്ധം

ചെയ്യാറുണ്ട്. ഇവയിൽ ഏതാണുഅല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ളത്'? എന്നു ചോദിക്കപ്പെട്ടപ്പോൾ, നബി(സ) ഇങ്ങിനെ മറുപടി പറഞ്ഞതായി ഹദീസിൽ വന്നിരിക്കുന്നു: 'അല്ലാഹുവിൻെറ വാക്യം തന്നെ ഉന്നതമായതായിരിക്കുവാൻവേണ്ടി ആർ യുദ്ധം ചെയ്തുവോ അവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിലായിരിക്കും.' (ബു; മു.)

41. നിങ്ങൾ ലഘുവായവരായും, ഭാരമുള്ളവരായും, കൊണ്ടു (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ. നിങ്ങളുടെ ധനങ്ങൾകൊണ്ടും, ദേഹങ്ങൾ കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുകയും ചെയ്വിൻ. അതു നിങ്ങൾക്കു (വളരെ) ഉത്തമമത്രെ—നിങ്ങൾക്കറിയാമെങ്കിൽ.

٤١- اِنْفِرُوْا خِفَافًا وَّثِقَالًا
وَّجَاهِدُوْا بِاَمْوَالِكُمْ وَاَنْفُسِكُمْ فِيْ سَبِيْلِ
اللّٰهِ ؕ ذٰلِكُمْ خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ ○

---

41. انفروا നിങ്ങൾ (യുദ്ധത്തിനു) പുറപ്പെട്ടു പോകുവിൻ خفافا ലഘുവായവരായി ഭാരം കുറഞ്ഞ(സൗകര്യമുള്ള)വരായി وثقالا ഭാരമുള്ളവരായും, ഘനം കൂടിയ (അസൗകര്യമുള്ള)വരായും وجاهدوا സമരം ചെയ്യുകയും ചെയ്യുവിൻ باموالكم നിങ്ങളുടെ സ്വത്തു(ധനം)കൾ കൊണ്ടു وانفسكم നിങ്ങളുടെ സ്വന്തങ്ങൾ (ദേഹങ്ങൾ)കൊണ്ടും في سبيل الله അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ذلكم അതു خير لكم നിങ്ങൾക്കു ഉത്തമമാണു, വളരെ നല്ലതാണു ان كنتم നിങ്ങളാണെങ്കിൽ تعلمون നിങ്ങൾ അറിയുന്നു, നിങ്ങൾക്കറിയാം (എങ്കിൽ)

ഉൻമേഷം, ആരോഗ്യം, സാമ്പത്തികകഴിവു മുതലായ സൗകര്യങ്ങൾ ഉണ്ടായിരിക്കുമ്പോഴും ആരോഗ്യക്കുറവു, ദാരിദ്ര്യം, ജോലിത്തിരക്കു മുതലായ ചില വിഷമങ്ങളൊക്കെ ഉണ്ടായിരിക്കുമ്പോഴും നിങ്ങൾ പുറപ്പെടേണ്ടതുണ്ട്. ആയുധ സാമഗ്രികൾ കുറവായിരുന്നാലും, വേണ്ടത്ര ഉണ്ടായിരുന്നാലും പോകണം. അതായതു, യുദ്ധത്തിന് ക്ഷണിക്കപ്പെടുമ്പോൾ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടായാലും കുറച്ചൊക്കെ വിഷമങ്ങൾ ഉണ്ടായിരുന്നാലും ആ ക്ഷണം സ്വീകരിച്ചു അതിൽ പങ്കെടുക്കണം. അതാണു നിങ്ങൾക്കു ഗുണമെന്നു നിങ്ങൾ മനസ്സിലാക്കണം എന്നു സാരം. കാര്യമായ മുടക്കുകളുള്ളവർക്കും, വലിയ വിഷമങ്ങളുള്ളവർക്കും ഒഴികഴിവുണ്ടെന്നു താഴെ 91-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അത്രത്തോളം ബുദ്ധിമുട്ടില്ലാത്തവരെപ്പററിയാണു ഈ കൽപന.

42. അതൊരു സമീപസ്ഥമായ [വേഗം ലഭിക്കാവുന്ന] വിഭവവും, മിതമായ ഒരു യാത്രയുമായിരുന്നെങ്കിൽ, അവർ നിന്നെ പിൻതുടരുമായിരുന്നു. പക്ഷേ, വിഷമയാത്ര അവർക്കു വിദൂരമായിരിക്കയാണ്.

വഴിയെ അവർ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്യും: ഞങ്ങൾക്കു സാധ്യതയുണ്ടായിരുന്നെങ്കിൽ, ഞങ്ങൾ നിങ്ങളോടൊപ്പം പുറപ്പെടുക തന്നെ ചെയ്യുമായിരുന്നുവെന്നു.

അവർ തങ്ങളെത്തന്നെ നാശത്തിലാക്കുന്നു. അല്ലാഹുവിനറിയാം, നിശ്ചയമായും അവർ വ്യാജം പറയുന്നവർ തന്നെയാണെന്നു.

٤٢- لَوْ كَانَ عَرَضًا قَرِيْبًا
وَّسَفَرًا قَاصِدًا لَّاتَّبَعُوْكَ
وَلٰكِنْ بَعُدَتْ عَلَيْهِمُ الشُّقَّةُ ؕ
وَسَيَحْلِفُوْنَ بِاللّٰهِ
لَوِ اسْتَطَعْنَا لَخَرَجْنَا مَعَكُمْ ۚ
يُهْلِكُوْنَ اَنْفُسَهُمْ ۚ
وَاللّٰهُ يَعْلَمُ اِنَّهُمْ لَكٰذِبُوْنَ ○ ع

---

42. لو كان അതായിരുന്നെങ്കിൽ عرضا ഒരു വിഭവം, സാമാനം قريبا അടുത്തതായ, സമീപത്തുള്ള وسفرا ഒരു യാത്രയും قاصدا മിതമായ لاتبعوك അവർ നിന്നെ പിൻതുടരുകതന്നെ ചെയ്തിരുന്നു ولكن പക്ഷെ بعدت ദൂരമായി, വിദൂരപ്പെട്ടു عليهم അവരുടേ മേൽ الشقة വിഷമയാത്ര, ഞെരുക്കമാർഗ്ഗം, യാത്രക്ലേശം وسيحلفون അവർ വഴിയെ സത്യം (ശപഥം) ചെയ്യും بالله അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ടു لو استطعنا ഞങ്ങൾക്കു സാധ്യതയുണ്ടായിരുന്നെങ്കിൽ لخرجنا ഞങ്ങൾ പുറപ്പെടുകതന്നെ ചെയ്യും معكم നിങ്ങളോടൊപ്പം يهلكون അവർ നാശത്തിലാക്കുന്നു انفسهم തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ والله അല്ലാഹു (വാകട്ടെ) يعلم അറിയുന്നു انهم നിശ്ചയമായും അവർ لكاذبون വ്യാജം പറയുന്നവർ തന്നെ (എന്നു)

തബൂക്കിലേക്കു പുറപ്പെടാതെ മാറിനിൽക്കുന്ന കപട വിശ്വാസികളെക്കുറിച്ചാണു പറയുന്നത്. വളരെ പ്രയാസമെന്നും സഹിക്കാതെ അവിടെവെച്ചു വല്ല കാര്യലാഭവും വേഗമങ്ങു ലഭിക്കുമെന്നു കാണുകയും, യാത്ര കേവലം സാധാരണപോലുള്ള ഒരു മിതമായ യാത്രയായിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവരും മടി കൂടാതെ ഒപ്പം പോരുമായിരുന്നു. പക്ഷെ, യാത്ര കുറേ ക്ലേശകരമായിരിക്കുന്നതു കൊണ്ടാണവർ തയ്യാറാകാത്തത്. യഥാർത്ഥം ഇതാണ്. എനി, വഴിയെ (നിങ്ങൾ മടങ്ങിയെത്തിയശേഷം) ഞങ്ങൾക്കു സാധിക്കാറയ്കകൊണ്ട് പോരാതിരുന്നതാണെന്നു അവർ കള്ളം പറഞ്ഞു സത്യം ചെയ്യും. അതിൻെറ അനന്തരഫലം അവരുടെ തന്നെ നാശമായിരിക്കുന്നതുമാണു എന്നു സാരം. ഇവരുടെ ഒഴികഴിവുകളെപ്പററി 94-ാം വചനം മുതൽ താഴെ കൂടുതൽ വിശദീകരിക്കുന്നുണ്ട്.

വിഭാഗം-7

43. (നബിയേ) നിനക്കു അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു. എന്തിനാണു നീ അവർക്കു സമ്മതം നൽകിയതു— (അവരിൽ നിന്നു) സത്യം പറഞ്ഞവർ (ആരെന്നു) നിനക്കു വ്യക്തമായിത്തീരുകയും, വ്യാജം പറയുന്നവരെ നീ അറിയുകയും ചെയ്യുന്നതുവരെ? !

٤٣- عَفَا اللّٰهُ عَنْكَ ۚ لِمَ اَذِنْتَ لَهُمْ حَتّٰى يَتَبَيَّنَ لَكَ الَّذِيْنَ صَدَقُوْا وَتَعْلَمَ الْكٰذِبِيْنَ ○

---

43. عفا الله അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു عنك നിനക്കു, നിന്നെപ്പററി لم എന്തിനു أذنت നീ സമ്മതം കൊടുത്തു لهم അവർക്കു حتى يتبين വ്യക്തമാകുന്നതു വരെ لك നിനക്കു الذين صدقوا സത്യം പറഞ്ഞവർ وتعلم നീ അറിയുകയും (ചെയ്യുന്നതു വരെ) الكاذبين വ്യാജം പറയുന്നവരെ.

ഓരോ ഒഴികഴിവുകൾ പറഞ്ഞു ആ യാത്രയിൽ നിന്നു തങ്ങളെ ഒഴിവാക്കണമെന്നു കപട വിശ്വാസികൾ നബി (സ) യോടു അപേക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, അവരുടെ യഥാർത്ഥ സ്ഥിതി വ്യക്തമായി മനസ്സിലാക്കുവാൻ ശ്രമിക്കാതെ—അവരുടെ വാക്കുകളെമാത്രം ആസ്പദമാക്കി—അവർക്കു ഒഴിവു കൊടുത്തതു നന്നായില്ല. അത്രത്തോളം വേണ്ടതില്ലായിരുന്നു. ഒഴികഴിവു അനുവദിച്ചില്ലെങ്കിൽ തന്നെയും പോരുവാൻ തയ്യാറില്ലാത്തവരാണവർ. ഏതായാലും അങ്ങിനെ ചെയ്തതു അല്ലാഹു മാപ്പാക്കിത്തന്നിരിക്കുന്നു എന്നു സാരം. നബി (സ) ചെയ്തതു ഒരു കുററകൃത്യമായിപ്പോയെന്നോ പാപമായിപ്പോയെന്നോ, അല്ല ഇതിൻെറ അർത്ഥം. നബി(സ) വിട്ടുവീഴ്ച ചെയ്തതു കുറച്ചധികമായിപ്പോയി, അവരെപ്പററിയുള്ള സദ് വിചാരത്തിൽ തിരുമേനിക്കു പിഴവുപററിപ്പോയി എന്നു സൗമ്യമായ രൂപത്തിൽ ഉണർത്തുക മാത്രമാണുദ്ദേശ്യം. അതുകൊണ്ടാണു, ആക്ഷേപ വിഷയം എന്താണെന്നു പറയുന്നതിനു മുമ്പു തന്നെ നിനക്കു അല്ലാഹു മാപ്പു നൽകിയിരിക്കുന്നു. (عفا الله عنك) എന്നു ആദ്യമേ പറഞ്ഞത്.

44. അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നിന്നോടു സമ്മതം തേടുകയില്ല, തങ്ങളുടെ ധനം കൊണ്ടും, ദേഹങ്ങൾകൊണ്ടും സമരം നടത്തുന്നതിൽ നിന്നു (ഒഴിവാകുവാൻ). അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെപ്പററി അറിയുന്നവനുമാകുന്നു.

٤٤- لَا يَسْتَاْذِنُكَ الَّذِيْنَ يُؤْمِنُوْنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ اَنْ يُّجَاهِدُوْا بِاَمْوَالِهِمْ وَاَنْفُسِهِمْ ۗ وَاللّٰهُ عَلِيْمٌۢ بِالْمُتَّقِيْنَ ○

---

44. لا يستأذنك നിന്നോടു സമ്മതം തേടുക (ചോദിക്കുക) യില്ല الذين يؤمنون വിശ്വസിക്കുന്നവർ بالله അല്ലാഹുവിൽ واليوم ദിന (ദിവസ)ത്തിലും الاخر അന്ത്യ, അവസാന أن يجاهدوا അവർ സമരം ചെയ്യുന്നതിനു (വെറുത്തിട്ടു), സമരം ചെയ്യുന്നതിൽ നിന്നു (ഒഴിവാകുവാൻ) باموا لهم തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ടു وأنفسهم തങ്ങളുടെ ദേഹങ്ങൾ കൊണ്ടും والله عليم അല്ലാഹു അറിയുന്നവനാണു بالمتقين സൂക്ഷ്മത പാലിക്കുന്നവരെ (ഭയഭക്തരെ)പ്പററി

45. യാതൊരു കൂട്ടർ മാത്രമാണു നിന്നോടു സമ്മതി തേടുന്നതു: അല്ലാഹുവിലും, അന്ത്യനാളിലും അവർ വിശ്വ സിക്കുന്നില്ല; അവരുടെ ഹൃദയങ്ങൾ സന്ദേഹത്തിലക പ്പെടുകയും ചെയ്തിരിക്കുന്നു; അങ്ങനെ, അവർ തങ്ങളുടെ സന്ദേഹത്തിൽ (എങ്ങും ഉറക്കാതെ) ചഞ്ചലിച്ചുകൊണ്ടി രിക്കുകയാണ്. [ഇങ്ങിനെയുള്ളവരേ സമ്മതം തേടുകയുള്ളു.]

٤٥-إِنَّمَا يَسْتَأْذِنُكَ الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ وَارْتَابَتْ قُلُوبُهُمْ فَهُمْ فِي رَيْبِهِمْ يَتَرَدَّدُونَ ○

---

45. إنما നിശ്ചയമായും മാത്രം (തന്നെ) يستأذنك നിന്നോടു സമ്മതം തേടുന്നതാണ് الذين യാ തൊരുവർ (മാത്രം, തന്നെ) لا يؤمنون അവർ വിശ്വസിക്കുന്നില്ല بالله അല്ലാഹുവിൽ واليوم الاخر അന്ത്യ ദിനത്തിലും وارتابت സന്ദേഹ (സംശയ)പ്പെടുകയും ചെയ്ത, ആശയക്കുഴപ്പത്തിലുമായിരിക്കുന്ന قلوبهم അവരുടെ ഹൃദയങ്ങൾ فهم അങ്ങിനെ(അതിനാൽ) അവർ في ريبهم അവരുടെ സന്ദേഹ(സംശയ) ത്തിൽ يترددون അവർ ചഞ്ചലിച്ചു (അസ്ഥിരപ്പെട്ടു-അങ്ങുമിങ്ങുമായി)കൊണ്ടിരിക്കുന്നു.

സത്യവിശ്വാസികളായ ആളുകൾ എന്തെങ്കിലും കാരണം പറഞ്ഞു ഒഴിവാകുവാൻ ശ്രമം നടത്തുകയില്ല. അല്ലാ ഹുവിന്റെ മാർഗ്ഗത്തിൽ കഴിയുന്നത്ര പങ്കു വഹിക്കുകയായിരിക്കും അവർ ചെയ്യുക. യഥാർത്ഥ വിശ്വാസമില്ലാ തെ മുസ്ലിംവേഷമണിഞ്ഞു അങ്ങോട്ടുമിങ്ങോട്ടും ആടിക്കളിച്ചുകൊണ്ടിരിക്കുന്ന കപടൻമാരേ വല്ല ഉപായങ്ങളും പറ ഞ്ഞു ഒഴിവാകുവാൻ സമ്മതം തേടുകയുള്ളു എന്നു സാരം.

46. അവർ പുറപ്പെടുവാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, അ വർ അതിനു വല്ല ഒരുക്കവും ഒരുക്കുകതന്നെ ചെയ്തിരു ന്നു. എങ്കിലും, അവരുടെ എഴുന്നേൽപിനെ [പുറപ്പാടി നെ] അല്ലാഹു വെറുത്ത് അവരെ അവൻ തടഞ്ഞുവെച്ചിരി ക്കയാണു. '(മുടങ്ങി) ഇരിക്കുന്നവരോടൊപ്പം (മുടങ്ങി) ഇ രുന്നുകൊള്ളുവിൻ' എന്നു (അവരോടു) പറയപ്പെടുകയും ചെയ്തു.

٤٦-وَلَوْ أَرَادُوا الْخُرُوجَ لَأَعَدُّوا لَهُ عُدَّةً وَلَٰكِنْ كَرِهَ اللَّهُ انْبِعَاثَهُمْ فَثَبَّطَهُمْ وَقِيلَ اقْعُدُوا مَعَ الْقَاعِدِينَ ○

---

46. ولو أرادو അവർ ഉദ്ദേശിച്ചിരുന്നെങ്കിൽ الخروج പുറപ്പാടു, പുറപ്പെടുന്നതിനു لاعدوا അവർ ഒരുങ്ങുക (ഒരുക്കുക) തന്നെ ചെയ്യുമായിരുന്നു له അതിനുവേണ്ടി عدة വല്ല ഒരുക്കവും ولكن كره എ ങ്കിലും വെറുത്തു, അനിഷ്ടമായിരിക്കുന്നു الله അല്ലാഹു, അല്ലാഹുവിനു انبعاثهم അവരുടെ എഴു ന്നേൽപ്പു, പുറപ്പാടു فثبطهم എന്നിട്ടു (അതിനാൽ-അങ്ങനെ) അവരെ അവൻ തടഞ്ഞു (മുടക്കി-പി ന്തിച്ചു)വെച്ചു وقيل പറയപ്പെടുകയും ചെയ്തു اقعدوا ഇരുന്നുകൊള്ളുവിൻ مع القاعدين ഇരിക്കുന്നവരു ടെ കൂടെ, ഇരിപ്പായവരോടൊപ്പം

സാരം: നബി (സ)യും സൈന്യവും പോകുമ്പോൾ ഒന്നിച്ചു പോകണമെന്നുള്ള വിചാരമോ ആഗ്രഹമോ ത ന്നെ അവർക്കില്ല. ഉണ്ടെങ്കിൽ അതിനുള്ള എന്തെങ്കിലും ഒരുക്കം അവരിൽ കാണേണ്ടതായിരുന്നു. അതില്ലാത്ത സ്ഥി തിക്കു അവർ നിങ്ങളുടെ ഒന്നിച്ചു പോരുന്നതു തന്നെ അല്ലാഹുവിനു ഇഷ്ടമില്ലാത്തതാകുന്നു. അങ്ങനെ, സ്ത്രീ കൾ, കുട്ടികൾ മുതലായവരെപ്പോലെ സമരത്തിനു പോകാതെ അടഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിൽ അവരും ഇരിക്കട്ടെ എന്നു വെച്ചിരിക്കുകയാണു അല്ലാഹു. ഇതിനുള്ള കാരണവും അല്ലാഹു ചൂണ്ടിക്കാട്ടുന്നു:—

47. നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നാൽ, അവർ നിങ്ങൾക്കു അസ്വാസ്ഥ്യമല്ലാതെ വർദ്ധിപ്പിക്കുന്നതല്ല; നിങ്ങൾക്കു കുഴപ്പം(ഉണ്ടാകുവാൻ) ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കം പായുകയും തന്നെ ചെയ്യും. അവർക്കു ചെവി കൊടുക്കുന്ന (കുറേ) ആളുകൾ നിങ്ങളിൽ ഉണ്ടു താനും.

അല്ലാഹു അക്രമികളെപ്പററി അറിയുന്നവനുമാണ്.

٤٧-لَوْ خَرَجُوا فِيكُمْ مَا زَادُوكُمْ إِلَّا خَبَالًا وَلَأَوْضَعُوا خِلَالَكُمْ يَبْغُونَكُمُ الْفِتْنَةَ ۖ وَفِيكُمْ سَمَّاعُونَ لَهُمْ ۗ وَاللَّهُ عَلِيمٌ بِالظَّالِمِينَ ○

---

47. لو خرجوا അവർ പുറപ്പെട്ടിരുന്നാൽ فيكم നിങ്ങളുടെ കൂട്ടത്തിൽ ما زادوكم നിങ്ങൾക്കവർ വർദ്ധിപ്പിക്കുക (അധികമാക്കുക)യില്ല إلا خبالا കുഴപ്പം (അസ്വാസ്ഥ്യം-കിറുക്ക-ആപത്തു) അല്ലാതെ ولاوضعوا അവർ ഓടി നടക്കുക(പരക്കം പായുക)യും തന്നെ ചെയ്യും (കിണഞ്ഞു ശ്രമിക്കും) خلالكم നിങ്ങൾക്കിടയിലൂടെ يبغونكم നിങ്ങൾക്കു തേടി (അന്വേഷിച്ചു-ആഗ്രഹിച്ചു) കൊണ്ടു الفتنة കുഴപ്പം وفيكم നിങ്ങളിലുണ്ടുതാനും سماعون കേട്ടുകൊണ്ടിരിക്കുന്ന(ചെവികൊടുക്കുന്ന)വർ لهم അവക്കു അവരിലേക്കു والله അല്ലാഹുവാകട്ടെ عليم അറിയുന്നവനാണു بالظالمين അക്രമികളെപ്പററി.

അവർ നിങ്ങളൊന്നിച്ചു പോന്നിരുന്നാൽ തന്നെയും യാതൊരു ഉപകാരവും അവരെക്കൊണ്ടു നിങ്ങൾക്കുണ്ടാവാൻ പോകുന്നില്ല. കുഴപ്പം, വഞ്ചന, ഏഷണി മുതലായവ വഴി നിങ്ങൾക്കു ആപത്തു വർദ്ധിപ്പിക്കുവാനുള്ള ശ്രമവും പരക്കം പാച്ചലും മാത്രമേ അവരിൽനിന്നുണ്ടാകുവാനുള്ളു. അതോടുകൂടി, അവരുടെ വാക്കുകൾ കേൾക്കുകയും, അതിൽ വഞ്ചിതരാവുകയും ചെയ്യുന്ന കുറേ ആളുകൾ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടുതാനും. അവരും ഇവരും കൂടി ചേരുമ്പോൾ കുഴപ്പം കൂടുതലാകുകയും ചെയ്യും. ഇതെല്ലാം കാരണമായിട്ടാണു അവർ നിങ്ങളൊന്നിച്ചു പോരുന്നതു അല്ലാഹു ഇഷ്ടപ്പെടാതിരിക്കുന്നതും, അവർക്കതിനു പ്രേരണ നൽകാതെ അവരെ തടഞ്ഞുവെച്ചതും എന്നു താൽപര്യം. 'അവർക്കു ചെവികൊടുക്കുന്ന ആളുകൾ നിങ്ങളിലുണ്ടു' എന്നു പറഞ്ഞതു വിശ്വാസം ദൃഢപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത ദുർബ്ബല വിശ്വാസികൾ, ദീർഘദൃഷ്ടിയും സൂക്ഷ്മ ബുദ്ധിയുമില്ലാത്ത സാത്വികന്മാരായ ആളുകൾ എന്നിവരെയൊക്കെ ഉദ്ദേശിച്ചാകുന്നു.

48. (നബിയെ) മുമ്പു (തന്നെ) അവർ കുഴപ്പത്തിനു ആഗ്രഹിക്കുകയും, നിനക്കു കാര്യങ്ങളെ (അവതാളത്തിലാക്കുവാൻ) തിരിച്ചു മറിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. അങ്ങനെ, (അവസാനം) യഥാർത്ഥം വരുകയും, അല്ലാഹുവിൻെറ കാര്യം (വിജയിച്ച്) പ്രത്യക്ഷപ്പെടുകയും ചെയ്തു, അവർ വെറുക്കുന്നവരായിരിക്കെ.

٤٨-لَقَدِ ابْتَغَوُا الْفِتْنَةَ مِنْ قَبْلُ وَقَلَّبُوا لَكَ الْأُمُورَ حَتَّىٰ جَاءَ الْحَقُّ وَظَهَرَ أَمْرُ اللَّهِ وَهُمْ كَارِهُونَ ○

---

48. لقد ابتغوا അവർ തേടുക (ആഗ്രഹിക്കുക) യുണ്ടായിട്ടുണ്ടു الفتنة കുഴപ്പത്തെ من قبل മുമ്പേ, മുമ്പു (തന്നെ) وقلبوا അവർ മറിച്ചിടുക (തിരിച്ചു മറിക്കുക-അവതാളത്തിലാക്കുക-സൂത്രപ്രയോഗം നടത്തുക)യും لك നിനക്കു, നിന്നോടു الامور കാര്യങ്ങളെ حتى جاء അങ്ങനെ വന്നു, വരുന്നതുവരെ الحق യഥാർത്ഥം وظهر പ്രത്യക്ഷപ്പെടുക (വിജയിക്കുക) യും ചെയ്തു أمر الله അല്ലാഹുവിൻെറ കാര്യം وهم അവരാകട്ടെ, അവർ ആയിരിക്കെ كارهون വെറുക്കുന്നവരുമാണു (അത്യപ്തർ)

കപടവിശ്വാസികളുടെ ഈ സ്വഭാവം പുതിയതൊന്നുമല്ല. മുമ്പുതന്നെ പലപ്പോഴും വിശിഷ്യാ—ഹിജ്രയുടെ ആദ്യകാലങ്ങളിലും, ഉഹ്ദു യുദ്ധം മുതലായ സന്ദർഭങ്ങളിലും—കുഴപ്പങ്ങളുണ്ടാക്കുവാൻ ശ്രമം നടത്തലും ഗൂഢ പരിപാടികൾ വഴി കാര്യങ്ങൾ അവതാളത്തിലാക്കലും അവരുടെ പതിവാണല്ലോ. എന്നാലും അവസാനം, അവരുടെ ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായി അല്ലാഹുവിന്റെ സഹായം നിങ്ങൾക്കു യഥാർത്ഥമായിത്തീരുകയും, അവന്റെ മതത്തിനു വിജയം കൈവരുകയും തന്നെ ചെയ്തു.

٤٩-وَمِنْهُمْ مَّنْ يَّقُوْلُ ائْذَنْ لِّيْ وَ لَا تَفْتِنِّيْ ؕ اَلَا فِي الْفِتْنَةِ سَقَطُوْا ؕ وَاِنَّ جَهَنَّمَ لَمُحِيْطَةٌۢ بِالْكٰفِرِيْنَ ○

49. അവരിലുണ്ടു: 'എനിക്കു സമ്മതം നൽകണം— എന്നെ കുഴപ്പത്തിലാക്കരുതേ!' എന്നു പറയുന്ന ചിലർ.

അല്ലാ (അറിഞ്ഞേക്കുക) ! കുഴപ്പത്തിൽ തന്നെയാണവർ വീണിരിക്കുന്നത്. നിശ്ചയമായും, 'ജഹന്നം' [നരകം] അവിശ്വാസികളെ വലയം ചെയ്തുകൊണ്ടിരിക്കുന്നതു തന്നെയാകുന്നു.

---

49. ومنهم അവരിലുണ്ടു, അവരിൽ പെട്ടവരാണ് من يقول പറയുന്ന ചിലർ ائذن لى എനിക്കു സമ്മതം നൽകണം ولا تفتنى എന്നെ കുഴപ്പത്തിലാക്കുകയും അരുതു الا അല്ലാ—അറിയുക فى الفتنة കുഴപ്പത്തിൽ (തന്നെ) سقطوا അവർ വീണിരിക്കുന്നു, പതിച്ചു وان جهنم നിശ്ചയമായും ജഹന്നമാകട്ടെ لمحيطة വലയം ചെയ്യുന്നതു (ചുഴ്ന്നു നിൽക്കുന്നതു) തന്നെ بالكفرين അവിശ്വാസികളെ.

കപടവിശ്വാസികളിൽപെട്ട ചിലരെപ്പററിത്തന്നെയാണു ഈ പ്രസ്താവനയെന്നു പറയേണ്ടതില്ല. കപടവിശ്വാസികളുടെ തനിനിറം തുറന്നു കാട്ടുന്ന വേറെയും പല പ്രസ്താവനകൾ ഇതുപോലെ താഴെ ഇനിയും കാണാവുന്നതാണ്. എനിക്കു ഈ യുദ്ധ യാത്രയിൽനിന്നു ഒഴിവു നൽകാതിരുന്നാൽ ഞാൻ കുഴപ്പത്തിലാകും. അതുകൊണ്ടു എനിക്കു ഒഴിവനുവദിക്കണേ എന്നു അവർ നബി (സ) യോടു അപേക്ഷിക്കുന്നു. യുദ്ധത്തിൽ പങ്കെടുക്കുവാൻ ആഗ്രഹമില്ലായ്കയല്ല, കുഴപ്പം ഭയന്നു പോരാതിരിക്കുവാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുകയാണ്. അങ്ങുന്ന് എനിക്കു സമ്മതം നൽകാതിരുന്നാൽ ഞാൻ കൽപന ലംഘിച്ചവനായിത്തീരുമല്ലോ-അതിനിടയാക്കരുതേ—എന്നുള്ള അർത്ഥത്തിലും, എനിക്കു ഒഴിവു നൽകാത്തപക്ഷം എന്റെ കുടുംബവും സ്വത്തും നോക്കുവാൻ ആളില്ലാതെ വിഷമത്തിലാകും—അതിനു ഇടയാക്കരുതേ-എന്നുള്ള അർത്ഥത്തിലും അവരുടെ ഈ വാക്കിനു വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്.

എങ്കിലും, താഴെ കാണുന്ന രിവായത്തിലും മററും കാണുന്നതുപോലെ, ഒരു പ്രത്യേക സംഭവമാണു ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു എന്നു മനസ്സിലാകുന്നു. ഇബ്നുൽ മുൻദിർ, ത്വബ്റാനീ (റ) മുതലായവർ ഇബ്നു അബ്ബാസ് (റ) ൽ നിന്നു ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: തബൂക്കിലേക്കു പടയെടുപ്പിനുദ്ദേശിച്ചപ്പോൾ, (ബനൂസലമ ഗോത്രക്കാരനായ) ജദ്ദുബ്നു ഖൈസിനോടു ചോദിക്കുകയുണ്ടായി: 'മഞ്ഞ വർഗ്ഗക്കാരോടു (*) സമരം ചെയ്യുന്നതിനെക്കുറിച്ച് താൻ എന്തു പറയുന്നു?' അവർ പറഞ്ഞു: 'ഞാൻ പല ഭാര്യമാരുള്ള ഒരു പുരുഷനാണു. ഞാൻ മഞ്ഞ വർഗ്ഗക്കാരുടെ സ്ത്രീകളെ കാണുന്ന മാത്രയിൽ കുഴപ്പത്തിലകപ്പെട്ടേക്കും. (**) അതുകൊണ്ടു എനിക്കു (ഒഴിവാകുവാൻ) സമ്മതം നൽകണം. എന്നെ കുഴപ്പത്തിലാക്കരുത്, ഇതു സംബന്ധിച്ചു ഈ (49–ാം) വചനം അവതരിച്ചു. ഇതുപോലെ, ആയിശാ, ജാബിർ (റ) എന്നിവരിൽ നിന്നും രിവായത്തുകൾ വന്നിരിക്കുന്നു.

ഏതായാലും ഉദ്ദേശ്യശുദ്ധിയോടുകൂടിയല്ല അവർ നബി (സ) യോടു സമ്മതം ചോദിച്ചതെന്നും, അവർ ആ യാത്രയിൽ പങ്കെടുക്കുവാൻ തീരെ ഉദ്ദേശിക്കാത്തവരാണെന്നും വ്യക്തം തന്നെ. 'കുഴപ്പം' (فتنة) കൊണ്ടു അവർ

(*) യൂറോപ്യൻമാരെപ്പററി നാം 'വെള്ളക്കാർ' എന്നു പറയാറുള്ളതുപോലെ അറബികൾ അവരെപ്പററി മഞ്ഞ വർഗ്ഗക്കാർ (بنو الاصفر) എന്നു പറഞ്ഞിരുന്നു. യൂറോപ്യൻ രാജ്യമായ റോമക്കാരുടെ കീഴിലായിരുന്നു അന്നു ശാം രാജ്യങ്ങൾ. അതുകൊണ്ടാണു സമരം മഞ്ഞവർഗ്ഗക്കാരോടെന്നു പറഞ്ഞതു.

(**) വെള്ളക്കാരുടെ സ്ത്രീകളെ കാണുമ്പോൾ എന്റെ മനസ്സു ഇടറിപ്പോകുമെന്നർത്ഥം.

ഉദ്ദേശിച്ചതു മേൽ കണ്ട ഏതു കാര്യമായിരുന്നാലും ശരി, അതിനെക്കാൾ വമ്പിച്ച കുഴപ്പത്തിലാണു അവർ ചാടിയിരിക്കുന്നതെന്നു അല്ലാഹു അറിയിക്കുന്നു. അതായതു, അവിശ്വാസവും കാപട്യവുമാകുന്ന കുഴപ്പത്തിലാണവർ അകപ്പെട്ടിരിക്കുന്നത്. അതിൻെറ ഫലമാകട്ടെ അതികഠിനവും ശാശ്വതവുമായ നരകവും!

٥٠-إِنْ تُصِبْكَ حَسَنَةٌ تَسُؤْهُمْ وَإِنْ تُصِبْكَ مُصِيبَةٌ يَقُولُوا قَدْ أَخَذْنَا أَمْرَنَا مِنْ قَبْلُ وَيَتَوَلَّوا وَهُمْ فَرِحُونَ ○

50. (നബിയേ) നിനക്കു വല്ല നൻമയും ബാധിക്കുന്ന പക്ഷം അതവർക്കു അസുഖമുണ്ടാക്കും; നിനക്കു വല്ല വിപത്തും ബാധിക്കുന്ന പക്ഷം, അവർ പറയുകയും ചെയ്യും; 'ഞങ്ങളുടെ കാര്യം [മുൻകരുതൽ] ഞങ്ങൾ മുമ്പേ എടുത്തിട്ടുണ്ട്' എന്നു; ആഹ്ളാദിക്കുന്നവരായും കൊണ്ട് അവർ തിരിഞ്ഞു പോകുകയും ചെയ്യും.

---

50. ان تصبك നിന്നെ (നിനക്കു) ബാധിക്കുന്ന പക്ഷം حسنة വല്ല നൻമയും, നല്ല കാര്യവും تسؤهم അതവരെ വെറുപ്പിക്കും, അസുഖമുണ്ടാക്കും, മോശപ്പെടുത്തും وإن تصك നിനക്കു ബാധിക്കുന്ന (എത്തുന്ന) പക്ഷം مصيبة വല്ല ബാധയും, വിപത്തും يقولوا അവർ പറയും قد أخذنا ഞങ്ങൾ എടുത്തി(സ്വീകരിച്ചി)ട്ടുണ്ട്. أمرنا ഞങ്ങളുടെ കാര്യം من قبل മുമ്പേ ويتولوا അവർ തിരിഞ്ഞു പോകയും ചെയ്യും وهم അവരായിക്കൊണ്ടു فرحون ആഹ്ലാദിക്കുന്നവർ, സന്തോഷം (പുളകം) കൊള്ളുന്നവർ

വിജയം, ഗനീമത്തു മുതലായ വല്ല ഗുണങ്ങളും നബി (സ) ക്കും സത്യവിശ്വാസികൾക്കും യുദ്ധത്തിൽ ലഭിക്കുന്നതു അവർക്കു വെറുപ്പാണ്. നേരെ മറിച്ചു അവർക്കു വല്ല അനിഷ്ടങ്ങളും സംഭവിച്ചാൽ, അതിൽ അവർ സന്തോഷം കൊള്ളുകയും, ഞങ്ങൾ നേരത്തെത്തന്നെ മുൻകരുതലെടുത്തു—അതുകൊണ്ടു ഞങ്ങൾക്കതു ബാധിക്കാതെ കഴിഞ്ഞു—എന്നു അഹങ്കരിക്കുകയും ചെയ്യും എന്നു സാരം. അവർ വളരെ ദീർഘദൃഷ്ടിയും, അകലക്കാഴ്ചയുമുള്ളവരാണു, നബി (സ) ക്കും സഹാബികൾക്കും വിവേകവും മുൻകരുതലുമില്ലാത്തതുകൊണ്ടാണു ആപത്തു പിണയുന്നതു എന്നൊക്കെയാണല്ലോ അവരുടെ വാക്കിലെ സൂചന. ഇതിനു ഇങ്ങിനെ മറുപടി നൽകുവാൻ നബി (സ)യോടു അല്ലാഹു കൽപിക്കുന്നു:—

٥١-قُلْ لَنْ يُصِيبَنَا إِلَّا مَا كَتَبَ اللَّهُ لَنَا هُوَ مَوْلَانَا وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ ○

51. പറയുക: 'ഞങ്ങൾക്കു അല്ലാഹു (നിശ്ചയിച്ച്) രേഖപ്പെടുത്തിയതല്ലാതെ (ഒന്നും) ഞങ്ങളെ ബാധിക്കുകയില്ല തന്നെ. അവൻ ഞങ്ങളുടെ യജമാനനാകുന്നു.

അല്ലാഹുവിൻെറ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ-സത്യവിശ്വാസികൾ.'

---

51. قل പറയുക لن يصيبنا ഞങ്ങളെ ബാധിക്കുകയേ ഇല്ല إلا ما യാതൊന്നല്ലാതെ كتب الله അല്ലാഹു രേഖപ്പെടുത്തിയ لنا ഞങ്ങൾക്കു هو അവൻ مولانا ഞങ്ങളുടെ യജമാനനാണു وعلى الله അല്ലാഹുവിൻെറ മേൽ فليتوكل ഭരമേൽപിച്ചു കൊള്ളട്ടെ المؤمنون സത്യവിശ്വാസികൾ

അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം ഒന്നും സംഭവിക്കുവാൻ പോകുന്നില്ല. മുൻകരുതലുകൾകൊണ്ടൊന്നും അതില്ലാതാക്കുവാൻ സാധ്യമല്ല. ഞങ്ങളുടെ യജമാനൻ അവനായതുകൊണ്ടു അവൻെറ കൽപനയനുസരിക്കുകയേ ഞങ്ങൾക്കു നിവൃത്തിയുള്ളൂ. എല്ലാ കാര്യവും അവനിൽ അർപ്പിക്കുകയാണു സത്യവിശ്വാസികൾ ചെയ്യേണ്ടത്. അതാണു ഞങ്ങൾ ചെയ്യുന്നതും. എന്നു സാരം. ഈ പൊതു തത്വം ഓർമ്മിപ്പിച്ചശേഷം, അവരോടു വീണ്ടും പറയുവാൻ കൽപിക്കുന്നു:—

52. പറയുക: 'ഏററം നല്ലതായ രണ്ടു കാര്യങ്ങളിലൊന്നല്ലാതെ, ഞങ്ങളെ സംബന്ധിച്ചു നിങ്ങൾ പ്രതീക്ഷിക്കുന്നുവോ?! ഞങ്ങളാകട്ടെ, അല്ലാഹുവിൻെറ പക്കൽ നിന്ന്–അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ–നിങ്ങൾക്കു വല്ല ശിക്ഷയെയും അവൻ ബാധിപ്പിക്കുമെന്നു നിങ്ങളെ സംബന്ധിച്ചു ഞങ്ങളും പ്രതീക്ഷിക്കുന്നു. അതിനാൽ, നിങ്ങൾ പ്രതീക്ഷിച്ചുകൊള്ളുവിൻ; ഞങ്ങൾ നിങ്ങളോടൊപ്പം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാകുന്നു.

٥٢-قُلْ هَلْ تَرَبَّصُونَ بِنَآ إِلَّآ إِحْدَى
الْحُسْنَيَيْنِ ۖ وَنَحْنُ نَتَرَبَّصُ بِكُمْ
أَن يُصِيبَكُمُ اللَّهُ بِعَذَابٍ مِّنْ عِندِهِۦٓ
أَوْ بِأَيْدِينَا ۖ فَتَرَبَّصُوٓا
إِنَّا مَعَكُم مُّتَرَبِّصُونَ ○

---

52. قل പറയുക هل تربصون നിങ്ങൾ പ്രതീക്ഷിക്കുന്നുവോ, കാത്തിരിക്കുന്നുവോ بنا ഞങ്ങളിൽ, ഞങ്ങളെ സംബന്ധിച്ചു إلا إحدى ഒരു കാര്യമല്ലാതെ الحسنين ഏററം നല്ല രണ്ടു നന്മകളിൽ ونحن ഞങ്ങളാകട്ടെ, ഞങ്ങളും (തന്നെ) نتربص പ്രതീക്ഷിച്ചു (കാത്തു) കൊണ്ടിരിക്കുന്നു بكم നിങ്ങളെപ്പററി أن يصيبكم നിങ്ങൾക്കു ബാധിപ്പിക്കുന്നതിനെ الله അല്ലാഹു بعذاب വല്ല ശിക്ഷയെയും من عنده അവൻെറ പക്കൽനിന്നുള്ള أو بايدينا അല്ലെങ്കിൽ ഞങ്ങളുടെ കൈകളാൽ, കൈക്ക് فتربصوا അതിനാൽ (എന്നാൽ) നിങ്ങൾ പ്രതീക്ഷിക്കുവിൻ انا معكم നിശ്ചയമായും ഞങ്ങൾ നിങ്ങളോടൊപ്പം متربصون പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരാണു (കാത്തിരിക്കുന്നു)

സാരം: യുദ്ധം മുഖേന ഞങ്ങൾക്കു സംഭവിക്കാനുള്ളതു രണ്ടിലൊരു കാര്യമാണ്. ഒന്നുകിൽ വിജയം. അല്ലെങ്കിൽ വീരമരണം അഥവാ രക്തസാക്ഷിത്വം. രണ്ടായാലും അതു ഞങ്ങൾക്കു വമ്പിച്ച നൻമ തന്നെ. ഇതിലപ്പുറം ഞങ്ങളെക്കുറിച്ചു നിങ്ങൾക്കു പ്രതീക്ഷിക്കുവാനില്ല. അതേ സമയം ഞങ്ങൾക്കു നിങ്ങളെക്കുറിച്ചു പ്രതീക്ഷിക്കുവാനുള്ളതു ഏററവും മോശപ്പെട്ട രണ്ടു കാര്യങ്ങളാണ്. ഒന്നുകിൽ, അല്ലാഹു നിങ്ങൾക്കു എന്തെങ്കിലും വമ്പിച്ച ശിക്ഷ നൽകി നിങ്ങളെ നശിപ്പിക്കുക. അല്ലെങ്കിൽ, നിങ്ങളുടെ രഹസ്യം വെളിക്കു വരുത്തി ഞങ്ങളുടെ കൈകളാൽ നിങ്ങളെ നശിപ്പിക്കുക. നിങ്ങളുടെ ഈ ദുസ്ഥിതി നിങ്ങൾ മാററാത്തപക്ഷം, രണ്ടിലൊന്നു നിങ്ങൾക്കു സംഭവിക്കുക തന്നെ ചെയ്യും. അതുകൊണ്ടു ഇരുകൂട്ടരും കാത്തിരിക്കുക: സംഭവിക്കുന്നതെന്താണെന്നു നമുക്കു കാണാമല്ലോ.

53. പറയുക: 'നിങ്ങൾ അനുസരണപൂർവ്വം, അല്ലെങ്കിൽ വെറുപ്പായിക്കൊണ്ടു [തൃപ്തിപ്പെട്ടുകൊണ്ടോ തൃപ്തികൂടാതെയോ] ചിലവഴിച്ചു കൊള്ളുക, (രണ്ടായാലും) നിങ്ങളിൽ നിന്ന് അതു സ്വീകരിക്കപ്പെടുന്നതേയല്ല.

(കാരണം) നിശ്ചയമായും നിങ്ങൾ, തോന്നിയവാസികളായ ഒരു ജനതയായിരിക്കുന്നു'.

٥٣-قُلْ أَنفِقُوا طَوْعًا أَوْ كَرْهًا
لَّن يُتَقَبَّلَ مِنكُمْ ۖ
إِنَّكُمْ كُنتُمْ قَوْمًا فَٰسِقِينَ ○

---

53. قل പറയുക أنفقوا ചിലവഴിച്ചുകൊള്ളുവിൻ طوعا അനുസരണപൂർവ്വം, സ്വമേധയാ (തൃപ്തിയോടെ) أو كرها അല്ലെങ്കിൽ വെറുത്തു കൊണ്ടു (അതൃപ്തിയോടെ) ان يتقبل സ്വീകരിക്കപ്പെടുകയേ ഇല്ല (ഇല്ല തന്നെ) منكم നിങ്ങളിൽ നിന്നു انكم നിശ്ചയമായും നിങ്ങൾ كنتم നിങ്ങളായിരിക്കുന്നു, ആകുന്നു قوما ഒരു ജനത فاسقين തോന്നിയവാസി (തെമ്മാടി)കളായ

കപടവിശ്വാസികൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതു നിർബ്ബന്ധം കൂടാതെ സ്വേഷ്ടപ്രകാരമായാലും, ഇഷ്ടമില്ലാതെ നിർബ്ബന്ധത്തിനോ മറെറാ വഴങ്ങിക്കൊണ്ടായാലും അല്ലാഹുവിങ്കൽ അതു സ്വീകാ

ര്യമല്ലെന്നു അല്ലാഹു വ്യക്തമാക്കുന്നു. അവർക്കതിൽ ആത്മാർത്ഥതയുണ്ടാകയില്ലല്ലോ. ഇതിനു കാരണമായി അല്ലാഹു പറഞ്ഞതു അവർ തോന്നിയവാസികളാണെന്നുള്ളതാണ്. അതിനൊരു വിശദീകരണമത്രെ അടുത്ത വചനം:—

٥٤-وَمَا مَنَعَهُمْ أَنْ تُقْبَلَ مِنْهُمْ نَفَقٰتُهُمْ إِلَّا أَنَّهُمْ كَفَرُوا بِاللّٰهِ وَبِرَسُوْلِهٖ وَلَا يَأْتُوْنَ الصَّلٰوةَ إِلَّا وَهُمْ كُسَالٰى وَلَا يُنْفِقُوْنَ إِلَّا وَهُمْ كٰرِهُوْنَ ○

54. അവരിൽ നിന്ന് അവരുടെ (വക) ചിലവുകൾ സ്വീകരിക്കപ്പെടുന്നതിന് അവരെ തടസ്സം ചെയ്തിട്ടില്ല, അവർ, അല്ലാഹുവിലും അവന്റെ റസൂലിലും അവിശ്വസിച്ചിരിക്കുന്നുവെന്നതല്ലാതെ; മടിയാൻമാരായും കൊണ്ടല്ലാതെ, അവർ നമസ്കാരത്തിനു ചെല്ലുകയുമില്ല; വെറുത്തവരായും കൊണ്ടല്ലാതെ, അവർ ചിലവഴിക്കുകയുമില്ല. [ഇതൊക്കെയാണതിനു തടസ്സം.]

---

54. وما منعهم അവരെ മുടക്കി (അവർക്കു തടസ്സം വരുത്തി)യിട്ടില്ല أن تقبل സ്വീകരിക്കപ്പെടുന്നതിനു منهم അവരിൽ നിന്നു نفقاتهم അവരുടെ ചിലവുകൾ الا أنهم അവർ (ആകുന്നു) എന്നതല്ലാതെ كفروا അവർ അവിശ്വസിച്ചു (വെന്നതു) بالله അല്ലാഹുവിൽ وبرسوله അവന്റെ റസൂലിലും ولا يأتون അവർ ചെല്ലുക (വരുക)യുമില്ല (എന്നതും) الصلوة നമസ്കാരത്തിനു, നമസ്കാരത്തിങ്കൽ الا وهم അവരായും കൊണ്ടല്ലാതെ كسالى മടിയൻമാർ ولا ينفقون അവർ ചിലവഴിക്കുകയുമില്ല الا وهم അവരായും കൊണ്ടല്ലാതെ كارهون വെറുത്തവർ, ഇഷ്ടമില്ലാത്തവർ

നിഷ്കളങ്കമായ സത്യവിശ്വാസം സ്വീകരിച്ചുകൊണ്ടു സൻമനസ്സോടുകൂടി ചെയ്യുന്ന സൽകർമ്മങ്ങളും ദാനധർമ്മങ്ങളും മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളുവെന്നു അല്ലാഹു പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. انما يتقبل الله من المتقين (സൂക്ഷമത പാലിക്കുന്നവരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളു.)

٥٥-فَلَا تُعْجِبْكَ أَمْوَالُهُمْ وَلَا أَوْلَادُهُمْ إِنَّمَا يُرِيْدُ اللّٰهُ لِيُعَذِّبَهُمْ بِهَا فِي الْحَيٰوةِ الدُّنْيَا وَتَزْهَقَ أَنْفُسُهُمْ وَهُمْ كٰفِرُوْنَ ○

55. എന്നിരിക്കെ, അവരുടെ സ്വത്തുക്കളാകട്ടെ, മക്കളാകട്ടെ, നിന്നെ ആശ്ചര്യപ്പെടുത്തരുത്.

നിശ്ചയമായും, അല്ലാഹു ഉദ്ദേശിക്കുന്നതു, അവമൂലം ഇഹലോക ജീവിതത്തിൽ അവരെ ശിക്ഷിക്കുവാനും അവർ അവിശ്വാസികളായുംകൊണ്ട് അവരുടെ ജീവൻ പോകുവാനും തന്നെയാകുന്നു.

---

55. فلا تعجبك അതിനാൽ (എന്നിരിക്കെ) നിന്നെ ആശ്ചര്യ (അൽഭുത)പ്പെടുത്തരുത് أموالهم അവരുടെ സ്വത്തുക്കൾ ولا أولادهم അവരുടെ മക്കളും (സന്താനങ്ങളും) അരുതു انما يريد നിശ്ചയമായും (മാത്രം-തന്നെ) ഉദ്ദേശിക്കുന്നു الله അല്ലാഹു ليعذبهم അവരെ ശിക്ഷിക്കുവാൻ (തന്നെ–മാത്രം) بها അവകൊണ്ടു (മൂലം) فى الحيوة الدنيا ഇഹലോക ജീവിതത്തിൽ وتزهق (നശിച്ചു) പോകുവാനും أنفسهم അവരുടെ ആത്മാക്കൾ (ജീവൻ) وهم كافرون അവർ അവിശ്വാസികളായിക്കൊണ്ടു

അവർക്കു കുറേ സ്വത്തുക്കളും മക്കളും ഉണ്ടെന്നു കണ്ട് അത്ഭുതപ്പെടുവാനൊന്നുമില്ല. അവരോടുള്ള സ്നേഹം കൊണ്ടോ, അവരുടെ ഗുണത്തിനും നൻമക്കും വേണ്ടിയോ അല്ലാഹു നൽകിയതാണു അതൊക്കെയെന്നു കരുതേണ്ട. അവരുടെ നിലപാട് മാററാത്തിടത്തോളം അവർക്കു അതൊക്കെ ഇഹത്തിൽ ഒരു ശിക്ഷയായിരിക്കുന്നതാണ്. അവസാനം നരകാവകാശികളായ അവിശ്വാസികളായിക്കൊണ്ടു അവരുടെ ആയുഷ്ക്കാലം കഴിഞ്ഞുപോകു

കയും ചെയ്യും. അതാണു അല്ലാഹു ഉദ്ദേശിക്കുന്നത്. പ്രവാചകൻമാരുടെ മാർഗ്ഗത്തിൽ നിന്നു ഭിന്നിച്ചുപോയവരെപ്പററി അല്ലാഹു പറയുന്നു. أيحسبون انما نمدهم من مال وبنين.... (സാരം: അവർക്കു സ്വത്തും മക്കളും നൽകിനാം അയച്ചുകൊടുക്കുന്നതു അവർക്കു നൻമകളിൽ നാം വേഗതകൂട്ടുകയാണെന്നു അവർ കണക്കാക്കുന്നുവോ? പക്ഷേ, അവർക്കു ബോധം വരുന്നില്ല. (23: 55, 56.) ഒരു ജനത അവരുടെ സ്ഥിതിഗതികൾ മാററാതെ അല്ലാഹു അവരുടെ സ്ഥിതി മാററുകയില്ല. (ان الله لا يغير ما بقوم حتى يغيروا ما بأنفسهم — الرعد - ١١)

സ്വത്തുക്കളും മക്കളും ഇഹത്തിൽ അവർക്കു ശിക്ഷയായിരിക്കുമെന്നു പറഞ്ഞതിൻെറ താൽപര്യം: അവയുടെ സമ്പാദനം, നിലനിൽപ്, അഭിവൃദ്ധി ആദിയായവക്കുവേണ്ടി വിശ്രമവും മനസ്സമാധാനവുമില്ലാതെ കഷ്ടപ്പെടേണ്ടി വരുക, അവമൂലം നാശനഷ്ടങ്ങളും ആപത്തുകളും അനുഭവിക്കേണ്ടി വരുക മുതലായവയാകുന്നു. സ്വത്തുക്കളും മക്കളും ഉണ്ടായതു നിമിത്തം കഷ്ടനഷ്ടങ്ങളും മനഃക്ലേശങ്ങളും അനുഭവിക്കേണ്ടി വരുന്നതിനേക്കാൾ നല്ലതു അവ ഇല്ലാതിരിക്കലാണെന്നു പറയേണ്ടതില്ലല്ലോ. അതോടുകൂടി, പരലോകത്തു അവ നിമിത്തം ശിക്ഷ അനുഭവിക്കേണ്ടി വരുകയും ചെയ്തുവെങ്കിലോ? ആലോചിച്ചു നോക്കുക!

٥٦-وَيَحْلِفُونَ بِاللَّهِ إِنَّهُمْ لَمِنْكُمْ وَمَا هُمْ مِنْكُمْ وَلَٰكِنَّهُمْ قَوْمٌ يَفْرَقُونَ ○

56. അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യും: നിശ്ചയമായും അവർ നിങ്ങളിൽ പെട്ടവർ തന്നെയാണ് എന്ന്. (വാസ്തവത്തിൽ) അവർ നിങ്ങളിൽ പെട്ടവരല്ല താനും. പക്ഷേ അവർ, പേടിച്ചു കഴിയുന്ന ഒരു ജനതയാകുന്നു

٥٧-لَوْ يَجِدُونَ مَلْجَأً أَوْ مَغَارَاتٍ أَوْ مُدَّخَلًا لَوَلَّوْا إِلَيْهِ وَهُمْ يَجْمَحُونَ ○

57. വല്ല രക്ഷാസ്ഥാനമോ, അല്ലെങ്കിൽ വല്ല ഗുഹകളോ, അല്ലെങ്കിൽ (ഒളിഞ്ഞ്) കടന്നുകൂടാവുന്നവല്ല സ്ഥലമോ അവർ കണ്ടെത്തിയിരുന്നുവെങ്കിൽ, കുറുമ്പുകാട്ടി (തിക്കിത്തിരക്കി) ക്കൊണ്ടു അവർ അതിലേക്കു തിരിയുക തന്നെ ചെയ്യുമായിരുന്നു.

---

56. ويحلفون അവർ ആണയിടുന്നു സത്യം ചെയ്യും, ശപഥം ചെയ്യും بالله അല്ലാഹുവിനെക്കൊണ്ടു انهم നിശ്ചയമായും അവർ لمنكم നിങ്ങളിൽപെട്ട (വർ) തന്നെ എന്നു وما هم അവരല്ല താനും منكم നിങ്ങളിൽ പെട്ട (വർ) ولكنهم പക്ഷേ അവർ قوم ഒരു ജനതയാണു يفرقون പേടിച്ചു നടുങ്ങിക്കൊണ്ടിരിക്കുന്ന 57. لو يجدون അവർക്കു കിട്ടി(അവർ കണ്ടെത്തി)യിരുന്നെങ്കിൽ ملجأ വല്ല (ഒരു) രക്ഷാ (അഭയ) സ്ഥാനം أو مغارات അല്ലെങ്കിൽ വല്ല ഗുഹകൾ أو مدخلا അല്ലെങ്കിൽ ഒരു കടന്നു കൂടാവുന്ന സ്ഥാനം لولوا അവർ തിരിയുക തന്നെ ചെയ്തിരുന്നു إليه അതിലേക്കു, അതിൻെറ നേരെ وهم അവരായിക്കൊണ്ടു يجمحون അവർ കുറുമ്പുകാട്ടി (തിക്കിതിരക്കി)കൊണ്ടു

ഞങ്ങൾ സത്യവിശ്വാസികളാണു, മുസ്ലിംകളാണു എന്നിങ്ങിനെ ഇടക്കിടെ കപടവിശ്വാസികൾ അല്ലാഹുവിൽ ആണയിട്ടു പറഞ്ഞുകൊണ്ടിരിക്കുന്നതു അവരുടെ പേടികൊണ്ടുമാത്രമാണ്. ആത്മാർത്ഥത അവരെ തൊട്ടീണ്ടിയിട്ടേയില്ല. നിങ്ങളുമായി വേറിട്ടു നിൽക്കുന്നപക്ഷം, അവരെ നിങ്ങൾ ശത്രുക്കളായി ഗണിച്ചു അവരോടു സമരം നടത്തിയെങ്കിലോ എന്നും മററുമുള്ള ഭയം നിമിത്തമാണു അങ്ങിനെ ചെയ്യുന്നത്. നിങ്ങളിൽ നിന്നു അകന്നു നിന്നു രക്ഷപ്പെടുവാനുള്ള എന്തെങ്കിലും ഒരു പഴുതോ പോംവഴിയോ അവർക്കു വേറെ ഉണ്ടായിരുന്നെങ്കിൽ വളരെ ബുദ്ധിമുട്ടിയെങ്കിലും അതവർ ഉപയോഗപ്പെടുത്തുമായിരുന്നു. ഒന്നും കാണാത്തതു കൊണ്ടുമാത്രം ഈ കള്ളസത്യത്തിൻെറ മറവുപിടിച്ചു രക്ഷപ്പെടുവാൻ നോക്കുകയാണവർ എന്നു താൽപര്യം.

58. അവരിലുണ്ടു, ദാനധർമ്മങ്ങളുടെ (വിനിയോഗ) കാര്യത്തിൽ നിന്നെ (ആക്ഷേപിച്ചു) കുറവാക്കുന്ന ചിലർ. എന്നാൽ, അതിൽ നിന്നു അവർക്കു കൊടുക്കപ്പെടുന്ന പക്ഷം, അവർ തൃപ്തിപ്പെടും; അവർക്കതിൽ നിന്നു കൊടുക്കപ്പെട്ടില്ലെങ്കിലോ, അപ്പോൾ (അതാ) അവർ ക്രോധിക്കുന്നു!

٥٨-وَمِنْهُمْ مَّنْ يَّلْمِزُكَ فِي الصَّدَقٰتِ ۚ فَاِنْ اُعْطُوْا مِنْهَا رَضُوْا وَاِنْ لَّمْ يُعْطَوْا مِنْهَآ اِذَا هُمْ يَسْخَطُوْنَ ○

59. അല്ലാഹുവും, അവന്റെ റസൂലും അവർക്കു നൽകിയതു അവർ തൃപ്തിപ്പെടുകയും, അവർ (ഇങ്ങിനെ) പറയുകയും ചെയ്തിരുന്നെങ്കിൽ! 'ഞങ്ങൾക്കു അല്ലാഹു മതി; അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നു അവനും അവന്റെ റസൂലും (വഴിയെ) ഞങ്ങൾക്കു നൽകിക്കൊള്ളും; നിശ്ചയമായും ഞങ്ങൾ, അല്ലാഹുവിങ്കലേക്കു ആഗ്രഹം സമർപ്പിക്കുന്നവരാകുന്നു.' [എന്നാൽ അതവർക്കു വളരെ നന്നായിരുന്നേനെ!]

٥٩-وَلَوْ اَنَّهُمْ رَضُوْا مَآ اٰتٰىهُمُ اللّٰهُ وَرَسُوْلُهٗ ۙ وَقَالُوْا حَسْبُنَا اللّٰهُ سَيُؤْتِيْنَا اللّٰهُ مِنْ فَضْلِهٖ وَرَسُوْلُهٗٓ ۙ اِنَّآ اِلَى اللّٰهِ رٰغِبُوْنَ ○ ع

---

58. ومنهم അവരിലുണ്ടു, അവരിൽപെട്ടതാണു من ചിലർ, യാതൊരുവർ يلمزك നിന്നെ ആക്ഷേപിക്കുന്ന, കുറവാക്കുന്ന, അപഹസിക്കുന്ന في الصدقات ധർമ്മങ്ങളിൽ (ദാനധർമ്മങ്ങളുടെ കാര്യത്തിൽ) فان اعطوا എന്നാൽ അവർക്കു കൊടുക്കപ്പെടുന്ന പക്ഷം منها അതിൽ (അവയിൽ) നിന്നു رضوا അവർ തൃപ്തിപ്പെട്ടു (തൃപ്തിപ്പെടും) وان لم يعطوا അവർക്കു കൊടുക്കപ്പെട്ടില്ലെങ്കിലാകട്ടെ منها അതിൽനിന്നു اذا هم അപ്പോൾ (അതാ) അവർ يسخطون ക്രോധിക്കുന്നു, കോപിക്കുന്നു 59. ولو أنهم അവരായിരുന്നെങ്കിൽ رضوا തൃപ്തിപ്പെട്ടു (എന്നിരുന്നെങ്കിൽ) ما آتاهم അവർക്കു നൽകിയതിനെ الله ورسوله അല്ലാഹുവും അവന്റെ റസൂലും وقالوا അവർ പറയുകയും ചെയ്തു (വെങ്കിൽ) حسبنا ഞങ്ങൾക്കു മതി الله അല്ലാഹു سيؤتينا വഴിയെ ഞങ്ങൾക്കു തരും, നൽകിക്കൊള്ളും الله അല്ലാഹു من فضله അവന്റെ അനുഗ്രഹത്തിൽനിന്നു, ദയവിനാൽ ورسوله അവന്റെ റസൂലും انا നിശ്ചയമായും ഞങ്ങൾ الى الله അല്ലാഹുവിങ്കലേക്കു راغبون ആഗ്രഹം സമർപ്പിക്കുന്ന (ആഗ്രഹിച്ചു ചെല്ലുന്ന)വരാണു

സകാത്തുപോലെയുള്ള പൊതു സ്വത്തുക്കൾ അവകാശികൾക്ക് വിഹിതിച്ചു കൊടുക്കുമ്പോൾ തങ്ങൾക്കു പ്രതീക്ഷിച്ചത്ര ലഭിക്കാതിരിക്കുന്നപക്ഷം, ഈ വിഹിതിക്കൽ നീതിപൂർവ്വകമല്ലെന്നും, പക്ഷഭേദം കാണിച്ചുകൊണ്ടാണെന്നുമൊക്കെ പറഞ്ഞു നബി (സ) യെ കുററപ്പെടുത്തുകയും, കുറവാക്കുകയും ചെയ്യുന്ന ചില ആളുകളും കപടവിശ്വാസികളിലുണ്ട്. അവർ ഉദ്ദേശിക്കുന്നമാതിരി അവർക്കു കിട്ടിയാൽ ഈ ആക്ഷേപം ഉണ്ടാകുകയുമില്ല. അത്ര കിട്ടാത്തപ്പോഴാണു ഈ കോപവും ആക്ഷേപവുമൊക്കെ. തൽക്കാലം, ലഭിച്ചതിൽ തൃപ്തിപ്പെട്ടുകൊണ്ടു മേലിൽ തങ്ങൾക്കു കൂടുതൽ ലഭിച്ചുകൊള്ളുമെന്ന് സമാധാനിച്ചുകൊണ്ടിരിക്കുകയും, അതിനായി അല്ലാഹുവിനോടു അപേക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ അതായിരുന്നു അവർക്കു വളരെ ഗുണകരം എന്നു സാരം. പൊതു സ്വത്തുക്കൾ വിതരണം ചെയ്യുമ്പോൾ ഉദ്ദേശിച്ചത്ര ലഭിക്കാത്തതിന്റെ പേരിൽ, നബി (സ) യോടു ചിലർ മുറുമുറുക്കുകയും, ആക്ഷേപിക്കുകയും ചെയ്ത ഒന്നിലധികം സംഭവങ്ങൾ ഹദീസു ഗ്രന്ഥങ്ങളിൽ കാണാവുന്നതാകുന്നു. ഉദാഹരണമായി:—

ഇബ്നു മസ്ഊദു (റ)പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ഹുനൈനിലെ ഗനീമത്തു ഭാഗിച്ചുകൊടുത്തപ്പോൾ ഒരാൾ ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടു: 'ഇതു അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ടുള്ള ഭാഗിക്കലല്ല.' ഞാനിതു നബി (സ) തിരുമേനിയെ അറിയിച്ചു. തിരുമേനി പറഞ്ഞു: 'മൂസാ(അ)ക്കു അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാവട്ടെ! അദ്ദേഹം ഇതിനേക്കാൾ ദ്രോഹിക്കപ്പെടുകയുണ്ടായി. എന്നിട്ടദ്ദേഹം ക്ഷമിക്കുകയാണു ചെയ്തതു.' അബൂസഈദിൽഖുദ്രീ (റ) പറഞ്ഞതായി ബുഖാരിയും, മുസ്ലിമും (റ) ഉദ്ധരിച്ച ഒരു സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: നബി (സ) സ്വത്തുക്കൾ ഭാഗിക്കുമ്പോൾ ഞങ്ങൾ അവിടെയുണ്ടായിരുന്നു. ബനൂതമീം ഗോത്രത്തിൽനിന്നു ഒരാൾ വന്നു പറയുകയുണ്ടായി: 'അല്ലാഹുവിന്റെ റസൂലേ,

നീതി പാലിക്കണം.' തിരുമേനി പറഞ്ഞു: 'ഞാൻ നീതി പാലിച്ചില്ലെങ്കിൽ ആർ നീതി പാലിക്കും?!' ഒരു രിവായത്തിൽ ഇങ്ങിനെയും ഉണ്ടു: അപ്പോൾ ഉമർ (റ) പറഞ്ഞു: 'ഇവൻെറ കഴുത്തുവെട്ടുവാൻ എനിക്കു സമ്മതം തരുക-നബിയേ!' അപ്പോൾ നബി (സ) പറഞ്ഞു: അവനെ വിട്ടേക്കൂ. അവനു ചില ആൾക്കാരുണ്ട്. അവരുടെ നമസ്കാരവും നോമ്പും അപേക്ഷിച്ചു നിങ്ങളുടെ നമസ്കാരവും നോമ്പും ഒരാൾക്കു നിസ്സാരമായിത്തോന്നും. അവർ ഖുർആൻ ഓതും, അതവരുടെ തൊണ്ടക്കുഴി വിട്ടുകടക്കുകയില്ല. അമ്പെയ്യപ്പെട്ട ഉരുവിലൂടെ അമ്പു പുറത്തു കടന്നു പോകുന്നതുപോലെ അവർ മതത്തിൽ നിന്നു പുറത്തു കടന്നു പോകുന്നതാണ്.'

ആ കപട വിശ്വാസികൾക്കു അവരുടെ ഇഷ്ടംപോലെ സ്വത്തു വിഹിതം ലഭിക്കാത്തതു നബി (സ) യുടെ കുററമോ കുറവോകൊണ്ടല്ല; ധർമ്മസ്വത്തുക്കൾ വിഹിതിക്കുന്നതിനു ചില വ്യവസ്ഥകളൊക്കെയുണ്ടു; എന്നു സൂചിപ്പിച്ചുകൊണ്ടു ആരെല്ലാമാണു അതിൻെറ അവകാശികൾ എന്നു അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നു:—

വിഭാഗം-8

٦٠- إِنَّمَا الصَّدَقَٰتُ لِلْفُقَرَآءِ وَالْمَسَٰكِينِ وَالْعَٰمِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِى الرِّقَابِ وَالْغَٰرِمِينَ وَفِى سَبِيلِ اللَّهِ وَابْنِ السَّبِيلِ ۖ فَرِيضَةً مِّنَ اللَّهِ ۗ وَاللَّهُ عَلِيمٌ حَكِيمٌ ○

60. നിശ്ചയമായും ധർമ്മങ്ങൾ, ദരിദ്രൻമാർക്കും, പാവപ്പെട്ടവർ, (അഥവാ സാധുക്കൾ)ക്കും, അവക്കുവേണ്ടി പ്രവൃത്തിക്കുന്നവർക്കും, ഹൃദയങ്ങൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ വിഷയത്തിലും, കടപ്പെട്ടവർക്കും അല്ലാഹുവിൻെറ മാർഗ്ഗത്തിലും, വഴി (യാത്ര) ക്കാരനും തന്നെയാകുന്നു;

(അതെ) അല്ലാഹുവിൽ നിന്നുള്ള ഒരു (നിശ്ചിത) നിർബ്ബന്ധ നിയമം!

അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

---

60. انما നിശ്ചയമായും തന്നെ (മാത്രം) الصدقات ധർമ്മങ്ങൾ, ദാനധർമ്മങ്ങൾ للفقراء ദരിദ്രന്മാർക്കു (തന്നെ മാത്രം) ആകുന്നു والمساكين സാധുക്കൾക്കും, പാവപ്പെട്ടവർക്കും والعاملين പ്രവർത്തിക്കുന്നവർക്കും, പ്രവൃത്തിക്കാർക്കും عليها അവയുടെ പേരിൽ (അവക്കുവേണ്ടി) والمؤلفة ഇണക്കപ്പെട്ട (ഇണങ്ങിയ)വർക്കും قلوبهم തങ്ങളുടെ ഹൃദയങ്ങൾ وفى الرقاب അടിമകളിലും (അടിമകളുടെ വിഷയത്തിലും) والغارمين കടക്കാരായവർ (കടപ്പെട്ടവർ)ക്കും وفى سبيل മാർഗ്ഗത്തിലും الله അല്ലാഹുവിൻെറ وابن السبيل വഴിയുടെ ആൾക്കും, വഴിപോക്കനും (വഴിയാത്രക്കാരനും) فريضة നിശ്ചിത നിയമം (നിർബ്ബന്ധ നിശ്ചയം) ആയിക്കൊണ്ടു من الله അല്ലാഹുവിൽ നിന്നുള്ള والله അല്ലാഹുവാകട്ടെ عليم അറിയുന്നവനാണ് حكيم യുക്തിമാനാണു, അഗാധജ്ഞനാണു.

ധർമ്മങ്ങൾ (الصدقات) എന്ന വാക്കിൽ എല്ലാവിധ ദാനധർമ്മങ്ങളും ഉൾപ്പെടുമെങ്കിലും നിർബ്ബന്ധ ധർമ്മമായ സകാത്താണു ഇവിടെ പ്രധാനമായും ഉദ്ദേശ്യം. പൊതുവെ ദാനധർമ്മങ്ങളെല്ലാം നൽകപ്പെടുവാൻ അർഹത ഈ വചനത്തിൽ പറയപ്പെട്ട കൂട്ടർക്കു തന്നെ. എങ്കിലും അവരിൽ ഉൾപ്പെടാത്തവർക്കും നൽകുന്നതിനു വിരോധമില്ല. അല്ലാഹു പറയുന്നു: .... ان تبدوا الصدقات فنعما هى (നിങ്ങൾ ദാനധർമ്മങ്ങളെ വെളിവാക്കിക്കൊടുത്താലും അതു വളരെ നല്ലതാണ്. നിങ്ങളവയെ മറച്ചുവെക്കുകയും ദരിദ്രൻമാർക്കു കൊടുക്കുകയും ചെയ്യുന്ന പക്ഷം അതു നിങ്ങൾക്കു കൂടുതൽ നല്ലതായിരിക്കും. (2: 271.) അപ്പോൾ, അവ ധനികൻമാർക്കു കൊടുക്കുന്നതിനും വിരോധമില്ലെന്നു ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു. നേരെമറിച്ചു സകാത്തിനെപ്പററി صدقة تؤخذ من أغنيائهم فترد على فقرائهم (ധനികൻമാരിൽ നിന്നു വാങ്ങി ദരിദ്രർക്കു കൊടുക്കപ്പെടുന്ന ധർമ്മം) എന്നു നബി (സ) പ്രസ്താവിച്ചിട്ടുണ്ട്. (ബു: മു.) ചുരുക്കത്തിൽ, സകാത്തിനെ സംബന്ധിച്ചിടത്തോളം ഈ എട്ടു കൂട്ടരിൽ ഉൾപ്പെടാത്തവർക്കു അതു കൊടുക്കുവാൻ പാടില്ലാത്തതാകുന്നു. എട്ടുകൂട്ടർ നിലവിലില്ലെങ്കിൽ ഉള്ളവർക്കു നൽകേണ്ടതാണ്. എല്ലാകൂട്ടർക്കും

സമമായി വിഹിതിക്കണമെന്നത്രെ ഇമാം ശാഫിഈ(റ)യുടെയും ഒരു വിഭാഗം പണ്ഡിതൻമാരുടെയും അഭിപ്രായം. ഭരണാധികാരിയുടെ–അല്ലെങ്കിൽ സ്വത്തുടമസ്ഥന്റെ– അഭിപ്രായമനുസരിച്ചു ചിലർക്കു പ്രത്യേകത നൽകുന്നതിൽ വിരോധമില്ലെന്നാണു മാലികു, അബൂഹനീഫ (റ) എന്നിവരുടെയും, മുൻഗാമികളും പിൻഗാമികളുമായ പലരുടെയും അഭിപ്രായം. ഇതു പണ്ഡിതൻമാരുടെ പൊതുവിലുള്ള അഭിപ്രായമായി ഇബ്നു ജരീർ (റ) പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പ്രസ്താവിച്ച എട്ടു കൂട്ടർ–അഥവാ വകുപ്പുകൾ–ഇവരാകുന്നു:—

1. الفقراء (ഫഖീറുകൾ–ദരിദ്രൻമാർ). 2. المساكين (മിസ്കീനുകൾ – പാവങ്ങൾ അഥവാ സാധുക്കൾ) ഈ രണ്ടു കൂട്ടരുടെയും നിർവ്വചനത്തിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായങ്ങളും കാണാം. രണ്ടു വാക്കുകളും വ്യത്യസ്തമായ ഉദ്ദേശ്യാർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടാറുള്ളതാണു ഇതിനു കാരണം. ജീവിതാവശ്യങ്ങൾക്കു യാതൊരു മാർഗ്ഗവുമില്ലാതെ അന്യരെ ആശ്രയിക്കേണ്ടി വരുന്നവൻ എന്നു 'ഫക്കീറി'നും, അൽപമൊക്കെ വഴിയുണ്ടെങ്കിലും അതുകൊണ്ടു തികയാതെ വരുന്നവൻ എന്നു 'മിസ്കീനി'നും ഒറ്റുകൂട്ടർ അർത്ഥമാക്കുന്നു. വേറൊരു കൂട്ടർ നേരെ മറിച്ചും അഭിപ്രായപ്പെടുന്നു. ഒന്നാമത്തെ അഭിപ്രായപ്രകാരം കൂടുതൽ ബുദ്ധിമുട്ടുകാരൻ ഫഖീറും, രണ്ടാമത്തെ അഭിപ്രായപ്രകാരം കൂടുതൽ ഞെരുക്കക്കാരൻ മിസ്കീനുമായിരിക്കും. പ്രസ്തുത രണ്ടു വാക്കുകളും അത്യാവശ്യങ്ങൾക്കു മുഴുവനായോ ഭാഗികമായോ വഴിയില്ലാത്തവർ എന്ന അർത്ഥത്തിൽ ഒരേ കൂട്ടരെ സംബന്ധിച്ച വിശേഷണങ്ങളാണെന്നും രണ്ടും വെവ്വേറെ കൂട്ടരെ ഉദ്ദേശിച്ചല്ലെന്നും മൂന്നാമതൊരഭിപ്രായമുണ്ട്. എല്ലാററിനും ചില ന്യായങ്ങളും തെളിവുകളും വിമർശനങ്ങളും ഉദ്ധരിക്കുവാനുണ്ടുതാനും. നാലാമത്തെ അഭിപ്രായം ഇതാണ്: ദാരിദ്ര്യത്തിലും കഴിവില്ലായ്മയിലും ഫഖീറും, മിസ്കീനും ഒരുപോലെത്തന്നെ. പക്ഷേ, ഫഖീറിന്റെ ദരിദ്രാവസ്ഥ പുറമെയുള്ളവർക്കു കണ്ടറിയുവാൻ കഴിയും. അവനതു മൂടിവെക്കുകയില്ല. മിസ്കീനാവട്ടെ, തന്റെ സ്ഥിതി പുറമെയുള്ളവരെ അറിയിക്കാത്ത വിധം മൂടിവെച്ചുകൊണ്ടു മാനവും മാന്യതയും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കും. ഈ കാര്യത്തിലാണു രണ്ടാളും വേർതിരിയുന്നത്. ഈ അഭിപ്രായമാണു കൂടുതൽ ന്യായമായി കാണുന്നത്. താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള ഹദീസുകളിൽ നിന്നു മനസ്സിലാകുന്നതും അതാണ്. വാസ്തവം അല്ലാഹുവിനറിയാം.

റസൂൽ (സ) പറഞ്ഞതായി ഇബ്നു ഉമർ (റ) ഉദ്ധരിക്കുന്നു: 'ധനികനാകട്ടെ, ശരിയായ ശരീരശേഷി (അദ്ധ്വാനിക്കുവാനുള്ള കഴിവു) ഉള്ളവനാകട്ടെ, ഈ ധർമ്മം അനുവദനീയമാകുകയില്ല'. (അ; ദാ; തി.) അബൂഹുറൈറ (റ)യും, ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. (അ; ന; ജ.) ഉബൈദില്ലാഹിബ്നു അദിയ്യു (റ) പറയുകയാണ്: രണ്ടാളുകൾ എന്നോടു ഇങ്ങിനെ പറഞ്ഞു: അവർ രണ്ടുപേരും ധർമ്മത്തിൽ നിന്നു വല്ലതും ചോദിച്ചുകൊണ്ടു നബി (സ) യുടെ അടുക്കൽ ചെന്നു. അപ്പോൾ, തിരുമേനി അവരെ തിരിച്ചും മറിച്ചും നോക്കി. രണ്ടാളും ശരീരബലമുള്ളവരായി അവിടുന്നു കണ്ടു. എന്നിട്ടു പറഞ്ഞു: 'നിങ്ങൾക്കു വേണമെങ്കിൽ ഞാൻ നൽകാം. ധനികനാകട്ടെ, ജോലിയെടുക്കുവാൻ കഴിവുള്ളവനാകട്ടെ ഇതിൽ ഓഹരിയില്ല'. (അ; ദാ.) അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു: നബി (സ) പറഞ്ഞു: 'മിസ്കീൻ' എന്നാൽ, ജനങ്ങളുടെ ഇടയിലൂടെ ചുററി നടക്കുന്നവരും, ഒരു പിടിയും രണ്ടു പിടിയും, ഒരു കാരക്കയും രണ്ടു കാരക്കയും (കൊടുത്തു) മടക്കി അയക്കാറുള്ളവരുമായ ഈ സഞ്ചാരികളല്ല'. സഹാബികൾ ചോദിച്ചു: 'എന്നാൽ 'മിസ്കീൻ' ഏതാണു-അല്ലാഹുവിന്റെ റസൂലേ?' തിരുമേനി പറഞ്ഞു: 'ധനമാക്കുന്ന–അഥവാ ആവശ്യത്തിനു മതിയാകുന്ന–ധനം ലഭിക്കാതിരിക്കുകയും, സ്ഥിതിഗതികൾ മനസ്സിലാക്കി ധർമ്മം നൽകപ്പെടാതിരിക്കുകയും, ജനങ്ങളോടു യാതൊന്നും ചോദിക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു'. (ബു; മു.)

3. العاملون عليها (അതിനുവേണ്ടി പ്രവർത്തിക്കുന്നവർ). സകാത്തിന്റെ ശേഖരണ വിതരണാധി വിഷയങ്ങൾക്കു വേണ്ടി അദ്ധ്വാനിക്കുകയും, ജോലി ചെയ്യുകയും ചെയ്യുന്നവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇവർ അത്യാവശ്യത്തിനു വകയുള്ളവരായാലും അവരുടെ അദ്ധ്വാന ഫലമെന്ന നിലക്ക് ഒരോഹരി ഇവർക്കും നൽകേണ്ടതാണ്. ഇബ്നുസ്സഅ്ദിൽ മാലികീ (റ) പ്രസ്താവിക്കുന്നു: ഉമർ (റ) എന്നെ സദഖയുടെ കാര്യത്തിൽ പ്രവർത്തിക്കുവാൻ നിയമിച്ചു. പ്രവൃത്തി കഴിഞ്ഞു അതെല്ലാം ഞാൻ അദ്ദേഹത്തിന്റെ വശം ഏൽപിച്ചു കൊടുത്തു. അപ്പോൾ, അദ്ദേഹം എനിക്കു ഒരു പ്രതിഫലം നൽകുവാൻ കൽപിച്ചു. ഞാൻ പറഞ്ഞു: 'ഞാൻ അല്ലാഹുവിനുവേണ്ടി മാത്രം പ്രവർത്തിച്ചതാണ്'. അപ്പോൾ അദ്ദേഹം പറഞ്ഞു: 'തനിക്കു നൽകപ്പെട്ടതു താൻ സ്വീകരിച്ചുകൊള്ളുക. റസൂൽ (സ) തിരുമേനിയുടെ കാലത്തു അവിടുന്നു എന്നെ ഒരു പ്രവർത്തകനാക്കുകയുണ്ടായി. എന്നിട്ടു എനിക്കു പ്രവർത്തനത്തിനു പ്രതിഫലം തന്നു. താൻ പറഞ്ഞതുപോലെ ഞാനും പറഞ്ഞു.' അപ്പോൾ, തിരുമേനി പറഞ്ഞു: 'താൻ ചോദിച്ചു ാവശ്യപ്പെടാതെ തനിക്കു വല്ലതും നൽകപ്പെട്ടാൽ, അതു തിന്നുക (ഉപയോഗിക്കുക) യും, ധർമ്മം കൊടുക്കുകയും ചെയ്തുകൊള്ളുക' (അ; ബു; മു.)

4. المؤلفة قلوبهم (ഹൃദയം ഇണക്കപ്പെട്ടവർ). ഈ വകുപ്പിൽ ഒന്നിലധികം തരക്കാർ ഉൾപ്പെടുന്നു. ഒരു തരക്കാർ; ഇസ്ലാമിനെ അംഗീകരിച്ചിട്ടില്ലെങ്കിലും അംഗീകരിച്ചേക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നവരാകുന്നു.

ഹുനൈനിലെ ഗനീമത്തു സ്വത്തുക്കളിൽ നിന്നു സ്വഫ്‌വാനുബ്നു ഉമയ്യ (റ)ക്ക് നബി (സ) ഒരു വൻ തുക നൽകുകയുണ്ടായതു ഇതിനൊരു ഉദാഹരണമാണ്. മക്കാ വിജയത്തെത്തുടർന്നു അനേകം ആളുകൾ വന്ന് ഇസ്‌ലാമിൽ പ്രവേശിച്ചപ്പോൾ, തൻെറ കാര്യത്തിൽ ആലോചിക്കുവാൻ അൽപകാലം ഒഴിവു നൽകണമെന്നു നബി (സ)യോടു പറഞ്ഞ് ഒഴിവായ ഒരു ഖുറൈശീ പ്രമാണിയായിരുന്നു അദ്ദേഹം. മുശ്‌രിക്കായിക്കൊണ്ടായിരുന്നു അദ്ദേഹം മുസ്‌ലിംകളോടൊപ്പം ഹുനൈനിൽ സംബന്ധിച്ചിരുന്നതും. അദ്ദേഹം തന്നെ പറയുകയാണു: 'ഹുനൈനിൻെറ ദിവസം എനിക്കു റസൂൽ (സ) തരുവാൻ തുടങ്ങുമ്പോൾ അവിടുന്നു എനിക്കു ജനങ്ങളിൽ വെച്ച് ഏററവും വെറുപ്പുള്ള ആളായിരുന്നു. അങ്ങിനെ, തന്നുതന്ന് മനുഷ്യരിൽ വെച്ചു എനിക്കു ഏററവും ഇഷ്ടപ്പെട്ട ആളായിത്തീർന്നു അവിടുന്ന്". (അ; മു; തി.) അദ്ദേഹം പിന്നീടു ഇസ്‌ലാമിനെ അംഗീകരിച്ച് നല്ല നിലയിലായിത്തീരുകയും ചെയ്തു. മററൊരു തരക്കാർ: ഇസ്‌ലാമിനെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും വിശ്വാസം അടിയുറച്ചു കഴിഞ്ഞിട്ടില്ലാത്തവരാണ്. ഇവർക്കു വിശ്വാസത്തിൽ ദൃഢതയും സ്ഥിരതയും ലഭിക്കുവാൻ ഇതു സഹായകമായിരിക്കും. മക്കാ വിജയത്തിൽ പുതുതായി വിശ്വസിച്ച പലർക്കും ഹുനൈനിൽവെച്ചു വലിയ തുകകൾ നബി (സ) നൽകുകയുണ്ടായി. ഇങ്ങിനെയുള്ളവരെ ഇസ്‌ലാമുമായി ഇണക്കുവാൻ വേണ്ടിയാണതെന്നു നബി (സ) വ്യക്തമാക്കുകയും ചെയ്തിരുന്നു. മൂന്നാമതൊരു തരക്കാർ: മററു ചിലരെ ഇസ്‌ലാമിലേക്കു ആകർഷിക്കുവാൻ കാരണമായിത്തീരുമെന്നോ, അല്ലെങ്കിൽ, മുസ്‌ലിംകൾക്കെതിരെ വല്ലവരിൽ നിന്നും ഉണ്ടാകാവുന്ന ആക്രമണങ്ങളെ തടയുവാൻ ഉപകരിക്കുമെന്നോ കാണപ്പെടുന്നവർ. ഇവരും ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു. പക്ഷെ, ഇസ്ലാമിനു വിജയം കൈവന്നു കഴിഞ്ഞതിനു ശേഷം, മേൽ വിവരിച്ച എല്ലാ തരക്കാർക്കും സകാത്തിൽ നിന്നു നൽകപ്പെടാമോ എന്നതിൽ വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങൾ പണ്ഡിതൻമാർക്കിടയിലുണ്ട്. കാലത്തിനും സന്ദർഭത്തിനും അനുസരിച്ചു പ്രവർത്തിക്കുവാൻ അധികാരസ്ഥൻമാർക്കു സ്വാതന്ത്ര്യമുണ്ടു എന്ന അഭിപ്രായമാണു കൂടുതൽ ശരിയായ അഭിപ്രായം.

5. في الرقاب (അടിമകളുടെ വിഷയത്തിൽ). അതായതു: യജമാനൻമാർക്കു നിശ്ചിത സംഖ്യകൊടുത്ത് അടിമത്തത്തിൽനിന്നു മോചിതരാകുവാൻ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളവർക്കു ('മുകാതബു' കൾക്കു). അവരുടെ സംഖ്യകൊടുത്തു തീർക്കുവാനും, അടിമകളെ വിലക്കുവാങ്ങി സ്വതന്ത്രരാക്കി വിടുവാനും ഈ വകുപ്പിൻെറ വിഹിതം ഉപയോഗിക്കാം. അടിമകളെ മോചിപ്പിച്ചു സ്വതന്ത്രരാക്കുന്നതിൽ ഇസ്‌ലാമിനുള്ള അതീവ താൽപര്യവും, അതിനു ഖുർആനും നബി വചനങ്ങളും നിയമ രൂപത്തിലും ഉപദേശ രൂപത്തിലും നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളും പ്രസിദ്ധമാണ്.

6. الغارمون (കടപ്പെട്ടവർ). വ്യക്തിപരമോ, സാമൂഹ്യമോ ആയ കാര്യങ്ങൾക്കുവേണ്ടി കടം വാങ്ങിയോ, അന്യർക്കുവേണ്ടി ജാമ്യം ഏററതുകൊണ്ടോ കടഭാരം താങ്ങേണ്ടി വരുന്ന എല്ലാവരും ഇതിൽ ഉൾപെടുന്നു. പക്ഷേ, തോന്നിയവാസങ്ങൾക്കും, ദുർന്നടപ്പുകൾക്കും വേണ്ടിയാണു കടപ്പെട്ടിരിക്കുന്നതെങ്കിൽ, അതിൽനിന്നു പശ്ചാത്തപിച്ചു മടങ്ങിയവർക്കേ നൽകാവൂ. അല്ലാത്തപക്ഷം, അതു ഇസ്‌ലാമിനെതിരെ സക്കാത്തിൻെറ ധനം ഉപയോഗിക്കലായിരിക്കുമല്ലോ.

ഖബീസത്തുബ്നു മുഖാരിഖ് (قبيصة بن مخارق - رض) പറയുകയാണു: ഞാൻ ഒരു (കട) ഭാരം ഏറെറടുക്കുകയുണ്ടായി. ആ വിഷയത്തിൽ (സഹായം) ചോദിച്ചുകൊണ്ടു ഞാൻ റസൂൽ (സ) തിരുമേനിയുടെ അടുക്കൽ ചെന്നു. അപ്പോൾ, തിരുമേനി പറഞ്ഞു: 'ക്ഷമിക്കൂ. നമുക്കു സദഖകൾ (ധർമ്മത്തിനുള്ള സ്വത്തുക്കൾ)വരട്ടെ, അപ്പോൾ നാം അതിൽനിന്നു നിനക്ക് കൽപിക്കാം.' പിന്നീടു തിരുമേനി പറഞ്ഞു: 'ഖബീസാ, മൂന്നിലൊരു കൂട്ടർക്കല്ലാതെ ചോദിച്ചു വാങ്ങൽ അനുവദനീയമല്ല. അതായതു: വല്ല ഭാരവും ഏറെറടുത്ത മനുഷ്യൻ. അവനു അതു ലഭിക്കുന്നതുവരെ ചോദിക്കൽ അനുവദനീയമാണു. പിന്നീടവൻ നിറുത്തണം. വല്ല അത്യാപത്തും വന്ന് ധനം നഷ്ടപ്പെട്ടു പോയവനും. ജീവിതത്തിൽ ഒരു നിൽക്കപ്പൊറുതി ലഭിക്കുന്നതു വരെ അവനു ചോദ്യം അനുവദനീയമാകുന്നു. സ്വന്തക്കാരായ ആളുകളിൽനിന്നു ബുദ്ധിമാൻമാരായ ഒരു മൂന്നാളുകൾ എഴുന്നേററ് പറയത്തക്ക (ശരിവെക്കത്തക്ക)വിധം ഇല്ലായ്മ (ദാരിദ്ര്യം) ബാധിച്ച മനുഷ്യനും. ജീവിതത്തിൽ ഒരു നിൽക്കപ്പൊറുതി ലഭിക്കുന്നതുവരെ അവനും ചോദിക്കാം. ഇതല്ലാതെയുള്ള ചോദ്യം—ഖബീസാ—നിഷിദ്ധമാകുന്നു. അതു ചെയ്യുന്നവൻ അതു (ചോദിച്ചു വാങ്ങുന്നതു) നിഷിദ്ധമായിക്കൊണ്ടു തിന്നുകയായിരിക്കും'. (മു; അ; ന; ദാ.)

7. في سبيل الله (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ). ഇസ്‌ലാമിനു വേണ്ടിയുള്ള ധർമ്മ സമരസംബന്ധമായ കാര്യങ്ങളാണു ഈ വകുപ്പിൽ മുന്നിട്ടു നിൽക്കുന്നതു. ഇമാം റാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇസ്‌ലാമികമായ പൊതു ആവശ്യങ്ങളെല്ലാം മൊത്തത്തിൽ ഇതിൽ ഉൾപ്പെടും. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഗുണകരമായിരിക്കുന്ന എല്ലാ പൊതു നൻമകളും അല്ലാഹുവിൻെറ മാർഗ്ഗം തന്നെ. ഇസ്‌ലാമിക ഭരണ സംവിധാനമില്ലാത്തതുകൊണ്ടു ശത്രുക്കളുമായുള്ള സമരവകുപ്പു നിലവിലില്ലാതിരിക്കുമ്പോൾ ഈ വകുപ്പിൻെറ ഓഹരി പൊതുനൻമകളിൽ വിശേഷി

ച്ചും ഉപയോഗപ്പെടുത്തേണ്ടതാണ്. ഇമാം റാസി (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഈ കാര്യം പ്രത്യേകം എടുത്തു പറഞ്ഞു കാണാം. (ج ٦ ص ٦٨١ നോക്കുക). വിശദാംശങ്ങളിൽ ഭിന്നാഭിപ്രായമുണ്ടാവാമെങ്കിലും തത്വത്തിൽ ആർക്കും ഇതിൽ ഭിന്നാഭിപ്രായമുണ്ടാകുവാൻ ന്യായമില്ല. 8. ابن السبيل (വഴിപോക്കർ). സ്വന്തം നാട്ടിൽനിന്നു വല്ല ആവശ്യാർത്ഥവും വിദേശത്തു വരുകയും, നിത്യവൃത്തിക്കും അത്യാവശ്യങ്ങൾക്കും വേണ്ടുന്ന വക കൈവശമില്ലാതിരിക്കുകയും ചെയ്യുന്ന എല്ലാവരും—അവരുടെ സ്വന്തം നാട്ടിൽ അവർക്കു കഴിവുണ്ടെങ്കിൽപോലും-ഇതിൽ ഉൾപെടുന്നു. ന്യായമായ വല്ല ആവശ്യത്തിനും വേണ്ടി യാത്രപോകേണ്ടി വരുകയും, ചിലവിനുള്ള വക ഇല്ലാതിരിക്കുകയും ചെയ്യുന്നവരും അതുപോലെ തന്നെ.

ഈ എട്ടു വകുപ്പുകളിലായിരിക്കണം സകാത്തിന്റെ സ്വത്തുക്കൾ വിതരണം ചെയ്യുന്നതെന്നുള്ളതു കേവലം തത്വപരമായ ഒരു ഉപദേശം മാത്രമല്ല, നിർബ്ബന്ധമായ ഒരു നിയമം തന്നെയാണെന്നു فريضة من الله (അല്ലാഹുവിൽ നിന്നുള്ള നിശ്ചിത നിയമം) എന്ന വാക്കു മുഖേന അല്ലാഹു വ്യക്തമാക്കുന്നു. അവസാനം ജനങ്ങളുടെ സ്ഥിതിഗതികളും, ആവശ്യവും, പൊതു നൻമയുമെല്ലാം ശരിക്കും അറിഞ്ഞുകൊണ്ടും, അതിനു തികച്ചും പരിഹാരം നൽകുന്ന യുക്തമായ നടപടിയായിക്കൊണ്ടുമാണു ഈ വിതരണ പദ്ധതി നിയമിച്ചിരിക്കുന്നതെന്നും, ഇതല്ലാത്ത മററു പദ്ധതികളൊന്നും സമുദായത്തിന്റെ പൊതു നൻമക്കു പ്രയോഗികമായിരിക്കയില്ലെന്നും കൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു: والله عليم حكيم അതെ, അല്ലാഹു എല്ലാം അറിയുന്ന സർവ്വജ്ഞനാണു: എല്ലാം യുക്തിപൂർവ്വം പ്രവർത്തിക്കുന്ന അഗാധജ്ഞനാണ്.

٦١- وَمِنْهُمُ الَّذِيْنَ يُؤْذُوْنَ النَّبِيَّ وَيَقُوْلُوْنَ هُوَ اُذُنٌ ۚ قُلْ اُذُنُ خَيْرٍ لَّكُمْ يُؤْمِنُ بِاللّٰهِ وَيُؤْمِنُ لِلْمُؤْمِنِيْنَ وَرَحْمَةٌ لِّلَّذِيْنَ اٰمَنُوْا مِنْكُمْ ۚ وَالَّذِيْنَ يُؤْذُوْنَ رَسُوْلَ اللّٰهِ لَهُمْ عَذَابٌ اَلِيْمٌ ○

61. നബിയെ ദ്രോഹിക്കുകയും, 'അദ്ദേഹം (എല്ലാവർക്കും) ഒരു ചെവിയാണ്' എന്ന് പറയുകയും ചെയ്യുന്നവരും അവരിൽ [കപടവിശ്വാസികളിൽ] ഉണ്ട്. പറയുക: 'അദ്ദേഹം നിങ്ങൾക്കു ഗുണത്തിന്റെ ചെവിയാകുന്നു; അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു; സത്യവിശ്വാസികളെ വിശ്വസിക്കുകയും ചെയ്യുന്നു;

നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്കു ഒരു കാരുണ്യവുമാണ് (അദ്ദേഹം)'. അല്ലാഹുവിന്റെ റസൂലിനെ ദ്രോഹിക്കുന്നവരാകട്ടെ, അവർക്കു വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

---

61. ومنهم അവരിലുണ്ട്, അവരിൽപെട്ടതാണു الذين يؤذون ദ്രോഹിക്കുന്നവർ, സൈ്വരം കെടുത്തുന്നവർ النبي പ്രവാചകനെ ويقولون പറയുകയും, അവർ പറയുകയും ചെയ്യും هو أذن അവൻ (അദ്ദേഹം) ഒരു ചെവിയാണു (കേൾക്കുന്ന ആളാണു) قل പറയുക أذن خير നൻമയുടെ (ഗുണത്തിന്റെ) ചെവിയാണു لكم നിങ്ങൾക്കു يؤمن അദ്ദേഹം വിശ്വസിക്കുന്നു بالله അല്ലാഹുവിൽ ويؤمن അദ്ദേഹം വിശ്വസിക്കുകയും ചെയ്യുന്നു للمؤمنين സത്യവിശ്വാസികളെ ورحمة കാരുണ്യ (അനുഗ്രഹ)വുമാണ് للذين آمنوا വിശ്വസിച്ചവർക്ക് منكم നിങ്ങളിൽനിന്ന് والذين يؤذون ദ്രോഹിക്കുന്നവരാകട്ടെ رسول الله അല്ലാഹുവിന്റെ റസൂലിനെ لهم അവർക്കുണ്ടു, ഉണ്ടായിരിക്കും عذاب أليم വേദനയേറിയ ശിക്ഷ

കപടവിശ്വാസികളുടെ സ്വഭാവങ്ങളും ഉള്ളിലിരിപ്പുകളും സംബന്ധിച്ചു സംസാരിച്ചു വരുന്ന മദ്ധ്യേ–കഴിഞ്ഞ വചനത്തിൽ സന്ദർഭവശാൽ—നിർബ്ബന്ധ ധർമ്മങ്ങളുടെ വിതരണ മാർഗ്ഗങ്ങൾ വിവരിച്ചശേഷം വീണ്ടും പ്രസ്തുത വിഷയത്തിലേക്കു തന്നെ സംസാരം തിരിഞ്ഞിരിക്കുകയാണ്, കപടവിശ്വാസികളുടെ കാപട്യം പ്രകടമാക്കുന്ന ഒരു ദുസ്വഭാവമാണു അല്ലാഹു ഇതിൽ വെളിപ്പെടുത്തുന്നത്. മര്യാദകെട്ട ചില വാക്കുകൾ ഉപയോഗിച്ച് അവർ നബി(സ)യെ ഉപദ്രവിക്കാറുണ്ട്. അതിനൊരു ഉദാഹരണമാണു 'അദ്ദേഹം ഒരു ചെവിയാണു' (هو اذن) എന്ന വാക്ക്. അതായതു, ആരെന്തു പറഞ്ഞാലും അതൊക്കെ അദ്ദേഹം ചെവിക്കൊള്ളുകയും വിശ്വസിക്കുകയും ചെയ്യും, ഞങ്ങളെപ്പററി വല്ലവരും കുററം പറഞ്ഞാൽ അതു കേൾക്കും, ഞങ്ങൾ വല്ലതും ഉറപ്പിച്ചു പറഞ്ഞാൽ അതും കേൾക്കും എന്നൊ

ക്കെയാണവർ ഇതുമൂലം ഉദ്ദേശിക്കുന്നത്. നബി (സ) ഒരു ദോഷനാണു, മനസ്സാക്ഷിയും സത്യനിഷ്ഠയുമില്ലാത്ത ആളാണു, വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത ആളാണ എന്നൊക്കെയാണല്ലോ ഇതിൻെറ അർത്ഥം. معاذ الله മുസ്ലിംകളോടെന്നപോലെ അവരോടും നബി (സ) പെരുമാറി വരുന്നതിൽനിന്ന്-ഒരു പക്ഷേ—തങ്ങളുടെ കാപട്യങ്ങളും, ഗൂഢതന്ത്രങ്ങളും വേണ്ടത്ര നബി (സ)ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ആ വിഡ്ഢികൾ ധരിച്ചിരിക്കാം. അല്ലാഹുവിനറിയാം.

ഇതിനു അല്ലാഹു നൽകുന്ന—നൽകുവാൻ നബി (സ)യോടു കൽപിക്കുന്ന- മറുപടിയുടെ സാരം: ശരിയാണു. അദ്ദേഹം ഒരു 'ചെവി' തന്നെ. പക്ഷേ, ഗുണത്തിൻെറ ചെവിയാണെന്നു മാത്രം. അഥവാ അദ്ദേഹം സത്യാസത്യ വിവേചനമുള്ള ആളാണ്. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്ന ആളുമാണു. ആ വിശ്വാസത്തിനു നിരക്കാത്തതൊന്നും അദ്ദേഹം ചെവിക്കൊള്ളുകയില്ല. അദ്ദേഹം സത്യവിശ്വാസികളെ വിശ്വസിക്കുന്നവനുമാണ്, കപടന്മാരും, അവിശ്വാസികളും പറയുന്നതൊക്കെ അദ്ദേഹത്തിനു വിശ്വാസമില്ല. എന്നല്ലാതെ—നിങ്ങൾ ജൽപിക്കുന്നതുപോലെ—അദ്ദേഹം എല്ലാം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ആളല്ല. നിങ്ങൾ പുറമെ കാണിക്കുന്ന ഈ വിശ്വാസം യഥാർത്ഥമാണെങ്കിൽ അദ്ദേഹം നിങ്ങൾക്കും കാരുണ്യം തന്നെയായിരിക്കും. ഇങ്ങിനെ അദ്ദേഹത്തെ ദ്രോഹിക്കുകയാണു നിങ്ങൾ ചെയ്യുന്നതെങ്കിൽ, നിങ്ങൾ കടുത്ത ശിക്ഷ അനുഭവിക്കുകയും വേണ്ടിവരും.

നബി (സ) തിരുമേനിയോടു മാന്യതയും മര്യാദയുമില്ലാതെ പെരുമാറുന്നതിനെ ആക്ഷേപിച്ചും, ആദരവോടും, അച്ചടക്കത്തോടും പെരുമാറണമെന്നു കൽപിച്ചും കൊണ്ടുമുള്ള പല സൂക്തങ്ങളും സൂറത്തുന്നൂറിലും ഹുജുറാത്തിലും കാണാവുന്നതാണ്.

٦٢ يَحْلِفُونَ بِاللّٰهِ لَكُمْ لِيُرْضُوكُمْ ۚ وَاللّٰهُ وَرَسُولُهُ أَحَقُّ أَنْ يُرْضُوهُ إِنْ كَانُوا مُؤْمِنِينَ ۝

62. നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി നിങ്ങളോട് അവർ അല്ലാഹുവിനെക്കൊണ്ടു ശപഥം ചെയ്യുന്നു. അല്ലാഹുവും, അവൻെറ റസൂലുമത്രെ അവർ തൃപ്തിപ്പെടുത്തുവാൻ ഏററവും അർഹരായവർ, അവർ സത്യവിശ്വാസികളാണെങ്കിൽ.

٦٣- أَلَمْ يَعْلَمُوا أَنَّهُ مَنْ يُحَادِدِ اللّٰهَ وَرَسُولَهُ فَأَنَّ لَهُ نَارَ جَهَنَّمَ خَالِدًا فِيهَا ۚ ذٰلِكَ الْخِزْيُ الْعَظِيمُ ۝

63. അവർക്കറിഞ്ഞുകൂടേ, അല്ലാഹുവിനോടും അവൻെറ റസൂലിനോടും ആരെങ്കിലും മത്സരിക്കുന്ന പക്ഷം, അവനു 'ജഹന്നമി' (നരകത്തി)ൻെറ അഗ്നിയുണ്ടായിരിക്കും അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ടു—എന്നു?!

അതത്രെ വമ്പിച്ചതായ അപമാനം.

---

62. يحلفون അവർ സത്യം (ശപഥം) ചെയ്യുന്നു بالله അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ടു لكم നിങ്ങളോടു ليرضوكم നിങ്ങളെ അവർ തൃപ്തിപ്പെടുത്തുവാൻ വേണ്ടി والله അല്ലാഹുവാകട്ടെ, അല്ലാഹുവത്രെ ورسوله അവൻെറ റസൂലും أحق അധികം അവകാശപ്പെട്ടവർ, അർഹരത്രെ أن يرضوه അവർ തൃപ്തിപ്പെടുത്തുവാൻ ان كانوا അവരാകുന്നുവെങ്കിൽ مؤمنين സത്യവിശ്വാസികൾ 63. ألم يعلموا അവർക്കറിഞ്ഞുകൂടെ, അറിഞ്ഞിട്ടില്ലേ أنه അതു (കാര്യം ആകുന്നു) എന്ന من يحادد ആരെങ്കിലും മത്സരിക്കുന്ന പക്ഷം الله അല്ലാഹുവിനോടു ورسوله അവൻെറ റസൂലിനോടും فان له എന്നാലവനുണ്ടെന്നു نار جهنم ജഹന്നമിൻെറ അഗ്നി خالدا നിത്യ (സ്ഥിര)വാസിയായിക്കൊണ്ടു فيها അതിൽ ذلك അതു, അതത്രെ الخزى അപമാനമത്രെ, നിന്ദ്യത العظيم വമ്പിച്ചതായ (വലിയ)

അനാവശ്യങ്ങളും തോന്നിയവാസങ്ങളും പറയുകയും, പ്രവർത്തിക്കുകയും ചെയ്തശേഷം, നിരപരാധിത്വം സ്ഥാപിക്കുവാൻവേണ്ടി കള്ള സത്യം ചെയ്യലും കപടവിശ്വാസികളുടെ ഒരു പതിവായിരുന്നു. അതിനെക്കുറിച്ചാണു

ഈ വചനങ്ങളിൽ പറയുന്നത്. ഈ സ്വഭാവം എല്ലാ കാലത്തും പലരിലും കാണാവുന്നതത്രെ. കപടവിശ്വാസികൾക്കു നൽകിയ എല്ലാ താക്കീതുകളും അങ്ങനെയുള്ളവരെയും ബാധിക്കുന്നതുമത്രെ. ഖത്താദഃ (റ) പ്രസ്താവിച്ചതായി ഇബ്നുൽ മുൻദിർ (റ) ഉദ്ധരിക്കുന്നു: തബൂക്കു യുദ്ധത്തിനു പോകാതിരുന്നതിനെപ്പററി ഖുർആനിൽ ആക്ഷേപങ്ങൾ അവതരിച്ചതു സംബന്ധിച്ചു ഒരു കപടവിശ്വാസിപറഞ്ഞു: 'നിശ്ചയമായും അവർ (ആക്ഷേപവിധേയരായ ആളുകൾ) നമ്മുടെ കൂട്ടത്തിലുള്ള ഉത്തമൻമാരും, യോഗ്യൻമാരുമാകുന്നു. മുഹമ്മദു പറയുന്നതു യഥാർത്ഥമാണെങ്കിൽ, അവർ കഴുതകളേക്കാൾ മോശപ്പെട്ടവരായിരിക്കുമല്ലോ!' ഇതു ഒരു മുസ്ലിം കേട്ടു. അദ്ദേഹം പറഞ്ഞു: 'മുഹമ്മദ് പറയുന്നതു യഥാർത്ഥം തന്നെയാണ്. താൻ കഴുതയേക്കാൾ മോശക്കാരനുമാകുന്നു'. ഈ വിവരം അദ്ദേഹം നബി (സ) യെ അറിയിച്ചു. നബി (സ) ആ മനുഷ്യനെ വിളിപ്പിച്ചു എന്താണങ്ങിനെ പറയുവാൻ കാരണമെന്ന് ചോദിച്ചു. അപ്പോൾ, അയാൾ തന്നെത്തന്നെ ശപിക്കുകയും, താനങ്ങിനെ പറഞ്ഞിട്ടില്ലെന്നു സത്യം ചെയ്യുകയുമായി. ആ മുസ്ലിം ഇങ്ങനെ പറഞ്ഞു: 'അല്ലാഹുവേ! സത്യം പറഞ്ഞവനെ നീ ശരിവെക്കുകയും, വ്യാജം പറഞ്ഞവനെ നീ തള്ളിപ്പറയുകയും ചെയ്യേണമേ!' അങ്ങനെ, ഈ വചനം അല്ലാഹു അവതരിപ്പിച്ചു.

٦٤- يَحْذَرُ الْمُنٰفِقُوْنَ اَنْ تُنَزَّلَ عَلَيْهِمْ سُوْرَةٌ تُنَبِّئُهُمْ بِمَا فِيْ قُلُوْبِهِمْ ؕ قُلِ اسْتَهْزِءُوْا ۚ اِنَّ اللّٰهَ مُخْرِجٌ مَّا تَحْذَرُوْنَ ○

64. കപടവിശ്വാസികൾ ഭയപ്പെട്ടു കൊണ്ടിരിക്കുന്നു. തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അവരെ വിവരമറിയിക്കുന്ന വല്ല 'സൂറത്തും' (അദ്ധ്യായവും) അവരിൽ അവതരിക്കപ്പെടുന്നതിനെ.

പറയുക: 'നിങ്ങൾ പരിഹസിച്ചുകൊള്ളുവിൻ; നിശ്ചയമായും അല്ലാഹു, നിങ്ങൾ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതിനെ വെളിക്കുവരുത്തുന്നവനാണു.'

---

64. يحذر ജാഗ്രത കാണിക്കുന്നു, ഭയപ്പെടുന്നു المنافقون കപട വിശ്വാസികൾ أن تنزل അവതരിക്കപ്പെടുന്നതിനെ عليهم അവരിൽ, അവർക്കെതിരെ سورة വല്ല സൂറത്തും, അദ്ധ്യായവും تنبئهم അവർക്കു വിവരം നൽകുന്ന, അതവരെ ബോധപ്പെടുത്തും بما യാതൊന്നിനെപ്പററി في قلوبهم അവരുടെ ഹൃദയങ്ങളിലുള്ള قل പറയുക استهزءوا നിങ്ങൾ പരിഹസിച്ചുകൊള്ളുവിൻ ان الله നിശ്ചയമായും അല്ലാഹു مخرج പുറത്തു (വെളിക്കു) വരുത്തുന്നവനാണു ما تحذرون നിങ്ങൾ ജാഗ്രത കാണിച്ചു (ഭയപ്പെട്ടു) കൊണ്ടിരിക്കുന്നതു

തങ്ങളുടെ മനസ്സിലിരിപ്പിൻെറ ഉള്ളുകള്ളികൾ പരസ്യമാക്കി തുറന്നുകാട്ടുന്ന ഏതാനും ഖുർആൻ വചനങ്ങൾ അവതരിച്ചു തങ്ങൾ വഷളായിപ്പോകുമോ എന്നു കപട വിശ്വാസികൾ വളരെ ഭയപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർ കണ്ടപോലെ അവർ പരിഹസിച്ചുകൊള്ളട്ടെ. അവരുടെ രഹസ്യങ്ങളെല്ലാം അല്ലാഹു വെളിക്കുവരുത്തുകയും, അവർ വഷളാവുകയും തന്നെ ചെയ്യും.

٦٥- وَلَئِنْ سَاَلْتَهُمْ لَيَقُوْلُنَّ اِنَّمَا كُنَّا نَخُوْضُ وَنَلْعَبُ ؕ قُلْ اَبِاللّٰهِ وَاٰيٰتِهٖ وَرَسُوْلِهٖ كُنْتُمْ تَسْتَهْزِءُوْنَ ○

65. നീ അവരോടു ചോദി(ച്ചന്വേഷിച്ചു) വെങ്കിലോ, നിശ്ചയമായും, അവർ പറയും: 'ഞങ്ങൾ (വർത്തമാനത്തിൽ) മുഴുകിക്കൊണ്ടിരിക്കുകയും, കളി (യായി സംസാരി)ച്ചു കൊണ്ടിരിക്കുകയും മാത്രമായിരുന്നു.'

പറയുക: 'അല്ലാഹുവിനെയും, അവൻെറ 'ആയത്തു' [ലക്ഷ്യം]കളെയും, അവൻെറ റസൂലിനെയും കുറിച്ചാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?!'

٦٦- لَا تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ ۚ إِن نَّعْفُ عَن طَائِفَةٍ مِّنكُمْ نُعَذِّبْ طَائِفَةً ۙ بِأَنَّهُمْ كَانُوا مُجْرِمِينَ ۝

66. (ഹേ, കപട വിശ്വാസികളേ) നിങ്ങൾ ഒഴികഴിവു പറയേണ്ട–നിങ്ങളുടെ വിശ്വാസത്തിനുശേഷം, നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു.

നിങ്ങളിൽ നിന്നുള്ള ഒരു വിഭാഗത്തിനു നാം മാപ്പു നൽകുന്നുവെങ്കിൽ(തന്നെ), ഒരു വിഭാഗത്തെ നാം ശിക്ഷിക്കുന്നതാണു; അവർ കുററവാളികളായിരുന്നതുകൊണ്ട്.

---

65. ولئن سألتهم അവരോടു നീ ചോദിച്ചെങ്കിൽ തന്നെയും, നീ ചോദിച്ചാലോ ليقولن നിശ്ചയമായും അവർ പറയും انما كنا ഞങ്ങളായിരിക്കുക മാത്രമായിരുന്നു نخوض ഞങ്ങൾ മുഴുകികൊണ്ടിരിക്കുക ونلعب ഞങ്ങൾ (കാര്യമാക്കാതെ) കളിക്കുകയും قل പറയുക, ചോദിക്കുക أبالله അല്ലാഹുവിനെക്കൊണ്ടോ, അല്ലാഹുവിനെപ്പററിയോ وآياته അവൻെറ ആയത്തുകളെയും ورسوله അവൻെറ റസൂലിനെയും كنتم നിങ്ങളായിരുന്നു, ആകുന്നു تستهزءون നിങ്ങൾ പരിഹസിക്കും. 66. لا تعتذروا നിങ്ങൾ ഒഴികഴിവു പറയേണ്ട (പറയരുത്) قد كفرتم നിങ്ങൾ അവിശ്വസിച്ചിട്ടുണ്ട്, അവിശ്വസിച്ചു കഴിഞ്ഞു بعد ايمانكم നിങ്ങളുടെ വിശ്വാസത്തിനുശേഷം ان نعف നാം മാപ്പു ചെയ്യുന്നപക്ഷം عن طائفة ഒരു വിഭാഗത്തിനു, കൂട്ടർക്കു منكم നിങ്ങളിൽ നിന്നു نعذب നാം ശിക്ഷിക്കുന്നതാണു طائفة ഒരു വിഭാഗത്തെ بانهم അവർ എന്നുള്ളതുകൊണ്ടു كانوا അവരായിരിക്കുന്നു, ആയിരുന്നു (എന്നുള്ളതു) مجرمين കുററവാളികൾ.

കപട വിശ്വാസികൾ പലപ്പോഴും പല പരിഹാസങ്ങളും പുറപ്പെടുവിച്ചുകൊണ്ടിരിക്കും. വല്ലപ്പോഴും അതിനെപ്പററി നബി (സ) അന്വേഷിച്ചാൽ, അതൊന്നും തങ്ങൾ മനപൂർവ്വം പറഞ്ഞതല്ല–അന്യോന്യം സംസാരത്തിൽ മുഴുകി കളിയും തമാശയും പറഞ്ഞുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ വെറുതെ പറഞ്ഞു പോയതാണു – എന്നിങ്ങിനെ ഒഴികഴിവു പറഞ്ഞു രക്ഷപ്പെടുകയും ചെയ്യും. ഇവർക്കു കനത്ത മറുപടി നൽകുവാൻ അല്ലാഹു നബി (സ) യോടു കൽപിക്കുന്നു. മറുപടിയുടെ സാരം: (1) അല്ലാഹുവിനെയും, അവൻെറ വചനങ്ങളെയും, അവൻെറ റസൂലിനെയുമാണു നിങ്ങൾ പരിഹസിക്കുന്നത്. കളിയായിട്ടായാലും കാര്യമായിട്ടായാലും അതിനു നീതീകരണമില്ല. അതു ക്ഷന്തവ്യവുമല്ല. വളരെ ഗൗരവപ്പെട്ടതാണത്. (2) നിങ്ങൾ മുമ്പ് സത്യവിശ്വാസം പ്രകടിപ്പിച്ചതു ശരിതന്നെ. എന്നാൽ, പിന്നീടു അവിശ്വാസമാണു നിങ്ങളിൽ നിന്നു പ്രകടമായിക്കൊണ്ടിരിക്കുന്നത്. അതിനാൽ, കളിയും തമാശയും പറഞ്ഞതാണു ഞങ്ങളെന്നും മററുമുള്ള ഈ ഒഴികഴിവുകളിൽ പിടിച്ചു തൂങ്ങുവാൻ നോക്കേണ്ട. (3) നിങ്ങളിൽ ചിലർ, ഒരു പക്ഷേ തങ്ങളുടെ പക്കൽ വന്നു പോയതിനെപ്പററി ഖേദിച്ചു മടങ്ങുകയും, അല്ലാഹുവിൻെറ മാപ്പിനു പാത്രമാകുകയുംചെയ്തെന്ന് വരാം. എന്നാലും മടക്കം വരാത്ത മറെറാരു തരക്കാർ നിങ്ങളിലുണ്ട്. ആ കുററവാളികളെ ശിക്ഷിക്കാതെ അല്ലാഹു വെറുതെ വിടുകയില്ല, പരിഹാസം ഏതു വിധത്തിലായാലും ക്ഷന്തവ്യമല്ലെന്നും, അല്ലാഹുവിനെയും ഖുർആനെയും റസൂലിനെയും സംബന്ധിക്കുന്ന പരിഹാസങ്ങളെല്ലാം 'കുഫ്ർ' (അവിശ്വാസം) ആണെന്നും ഈമറുപടിയിൽ നിന്നു മനസ്സിലാക്കാം.

തബൂക്കിലേക്കുള്ള പടനീക്കവേളയിൽ 'ശാമിലെ കോട്ടകളും, കൊത്തളങ്ങളുമൊക്കെ ജയിച്ചടക്കുമെന്നാണോ ഈ മനുഷ്യൻപറയുന്നത്? വിദൂരം! വിദൂരം!! എന്നും മററും ചില കപടവിശ്വാസികൾ പറഞ്ഞതായും, വിവരമറിഞ്ഞു നബി (സ) അവരെ വിളിച്ചു ചോദിച്ചപ്പോൾ, അവർ انما كنا نخوض ونلعب (ഞങ്ങൾ വർത്തമാനത്തിൽ മുഴുകുകയും കളി പറയുകയുമായിരുന്നു) എന്നു ഒഴികഴിവു പറഞ്ഞതായും ഒന്നിലധികം രിവായത്തുകളിൽ വന്നിരിക്കുന്നു. അതുപോലെ, ഖുർആൻ പാരായണക്കാരെന്നു അറിയപ്പെട്ടിരുന്ന സഹാബികളെപ്പററി പരിഹാസപൂർവ്വം ചിലർ: ഇവർ അവരുടെ വയററിൽ പിഴപ്പിനുവേണ്ടി മോഹിക്കുന്നവരും, കളവു പായുന്നവരുമാണെന്നും, ശത്രുക്കളുടെ മുമ്പിൽ ഭീരുക്കളാണെന്നുമൊക്കെ പറഞ്ഞതായും, നബി (സ) അവരെ ചോദ്യം ചെയ്തപ്പോൾ അവരും അപ്രകാരം മറുപടി പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്.